Date of publication: 9 സെപ്തംബർ 2017
വോള്യം 13 / ലക്കം 3 / വില 20₹
ISSN 2319 – 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത

## ഭക്ഷണം



# ബക്രീദ്, ഓണം ആശംസകൾ

# സംഘടിത

സംഘടിത | സെപ്തംബർ 2017 | വോള്യം 13 | ലക്കം 3



രാധേ അതിമനോഹരമായിരിക്കുന്നു 7
ആയിഷ മെഹമൂദ്

12 വെള്ളം ചൂടാക്കാൻ അറിയാമോ?– അടുക്കളയിൽ നിന്ന് തീൻമേശയിലെത്തുന്ന ലിംഗനീതിരാഷ്ട്രീയം
ജിന ഡിക്രൂസ്

തൂശനില മുറിച്ചു വെച്ച് തുമ്പപ്പൂ ചോറ് വിളമ്പിയുള്ള പരസ്യ ചിത്രങ്ങൾ 20
ഹേമ

22 രുചിയോർമ്മകൾ
ഗാർഗ്ഗി ഹരിതകം

"എത്രയും പ്രിയപ്പെട്ട മേനകാകാന്തിപ്പെണ്ണുങ്ങളെ..." 25
ആയിഷ മെഹമൂദ്

28 അകന്നുപോയ ഗന്ധങ്ങൾ
ഫെമിന

ഒറ്റമുറിവിന്റെ ഭക്ഷണം! 40
ഇഞ്ചിപെണ്ണ്



കവർ ചിത്രം കടപ്പാട്:
ജെന്നി മാർക്വി എന്ന ശരീരചിത്രകാരി 'യെസ്' എന്ന സംഗീത ആൽബത്തിന് വേണ്ടി ചെയ്തത്

42 ഒരു കാലിപ്പോഴും അടുക്കളയിൽ കുടുങ്ങിക്കിടപ്പാണ്
മായാലീല

സ്വാതന്ത്ര്യങ്ങളിലെ നിയന്ത്രണങ്ങൾ 46
അനഘ

45 പെൺരുചിയുടെ സീൽക്കാരങ്ങൾ
ജി.ഉഷാകുമാരി

നിഷിദ്ധാഹാരങ്ങൾ 58
അനുപമ ആനമങ്ങാട്



ഫോട്ടോ ഫീച്ചർ : സ്ത്രീ, ഭക്ഷണം, ചരിത്രം

18 കവിത
അനു പാപ്പച്ചൻ

57 കവിത
ഹണി ഭാസ്ക്കരൻ

64 കവിത
ബെന്ന ഫാത്തിമ

45 ചെറുകഥ
ജഗതി

19 വാസ്തവം
ഡോ.ജാൻസി ജോസ്

62 വഴിത്താരകൾ
ജാനകി

11 പെൺപക്ഷം
കെ. അജിത

64 ശാസ്ത്രം
സീമ ശ്രീലയം

**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി.എഡിറ്റർ**:ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ** :ആയിഷ മെഹമൂദ് **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഗാർഗി ഹരിതകം, അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, അമീറ വി.യു, ഡോ.ഷർമ്മിള.ആർ, സോണിയ ജോർജ്, മിനിസു കുമാർ **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

# മുഖപ്രസംഗം



**ഷീബ കെ.എം.**

കേരളത്തിലെ പെൺചേലാകർമ്മത്തെക്കുറിച്ചുള്ള ഞെട്ടിക്കുന്ന വാർത്തകളുടേതായിരുന്നു കഴിഞ്ഞ കുറേ ദിവസങ്ങൾ.ഏറെ കഠിനമായ പ്രതിബന്ധങ്ങളെ അതിജീവിച്ച് ആയിഷ മെഹ്മൂദും ആരിഫ ജോഹ്റിയും നടത്തിയ പഠനം ഈ വിസ്ഫോടനകരമായ വെളിപ്പെടുത്തലിന് വഴിതെളിച്ചു. ആഫ്രിക്കൻ രാജ്യങ്ങളിൽ ഇസ്ലാംമത വിശ്വാസികൾക്കിടയിൽ പതിവായിരുന്ന ഈ ആചാരം ഏറെ പ്രക്ഷോഭങ്ങൾക്കൊടുവിലാണ് നിർത്തലാക്കപ്പെട്ടത്. കാലാകാലങ്ങളായി നാനാമത അധികാരങ്ങളും പുരുഷാധിപത്യത്തോട് ചേർന്നു നിന്ന് സ്ത്രീയുടെ ശരീരത്തിനും ലൈംഗികതയ്ക്കും മേൽ അക്രമസ്വഭാവത്തോടെ കൈയേറ്റം നടത്തിയിട്ടുണ്ട്. ഇത് വിശ്വാസത്തിന്റെയോ ആത്മീയതയുടേയോ പ്രശ്നമല്ല തന്നെ. അലംഘനീയമെന്ന് തീർപ്പ് കല്പിക്കപ്പെടുന്ന മതാചാരങ്ങളുടെ  കൂട്ടുപിടിച്ച് സ്ത്രീകളുടെ മേലുള്ള നഗ്നമായ അധികാരപ്രയോഗങ്ങൾക്കും നിയന്ത്രണങ്ങൾക്കും വേദിയൊരുക്കപ്പെടുകയാണുണ്ടായത്. കെട്ട ആചാരങ്ങളേക്കാൾ മനുഷ്യത്വവും സ്വാതന്ത്ര്യവും വിലമതിക്കപ്പെടണം എന്ന് പ്രതിരോധങ്ങളിലൂടെ ഇനിയും സ്ഥാപിക്കപ്പെടേണ്ടതുണ്ട്.

ഹദിയ എന്ന പെൺകുട്ടി സ്വേച്ഛാപ്രകാരം മതംമാറി പ്രണയിച്ച പുരുഷനെ വിവാഹം കഴിച്ചതിന് അനുഭവിക്കേണ്ടി വരുന്ന വീട്ട്തടവ് അമർഷമുണ്ടാക്കുന്ന മനുഷ്യാവകാശധ്വംസനമാണ്. വ്യക്തിജീവിതത്തിലെ തീരുമാനങ്ങൾക്കുമേൽ ഭരണകൂടവും നീതിന്യായ വ്യവസ്ഥയും മതക്കൂട്ടായ്മകളും ഒരുപോലെ പിടിമുറുക്കി ശ്വാസം മുട്ടിക്കുന്ന കാഴ്ചയാണിവിടെ കാണാൻ കഴിയുന്നത്. മിഠായിയും മറ്റുമായി ഐക്യദാർഢ്യത്തിന്റെ സ്നേഹസന്ദർശനം നടത്തിയ സ്ത്രീകൾക്കും തിരിച്ചടികൾ നേരിടേണ്ടി വന്നു എന്നത് അത്യന്തം ഖേദകരം തന്നെ. അവിടെ അവർ കേട്ട 'തന്നെ രക്ഷിക്കണ'മെന്ന അഭ്യർത്ഥനയോടെയുള്ള ഹദിയയുടെ കരച്ചിൽ നമ്മുടെ ഉറക്കം കെടുത്താൻ പോന്നതാണ്. ഇടത് വലത് സർക്കാർ നയങ്ങൾ ഇക്കാര്യത്തിൽ ഐക്യപ്പെടുന്നത് തികച്ചും അപലപനീയമാണ്.

ഓണക്കാലം മലയാളിയുടെ സ്വത്വബോധത്തിന് വീണ്ടും വെല്ലുവിളികൾ ഉയർത്തുകയാണ് .'തല കുനിച്ചു കൊടുത്താൽ ചവിട്ടിത്താഴ്ത്തും' എന്ന പാഠമാണ് പാർശ്വവൽക്കരിക്കപ്പെട്ടവർ ഓണാനുഭവത്തിൽ നിന്നും ഉൾക്കൊള്ളുന്നത് എന്ന ശക്തമായൊരു അഭിപ്രായം വായിക്കാനിടയായി. കസവുമുണ്ട് നിരോധിക്കണമെന്ന ആവശ്യവും ഉയർന്നു കേട്ടു. സദ്യയുടെ വരേണ്യതയെക്കുറിച്ചുള്ള ചർച്ചകളും ചൂടുപിടിച്ച് മുന്നേറുന്നു. മുഖ്യധാരാ മലയാളിത്തത്തെ നിർണ്ണയിക്കുന്നതിൽ ജാതിയും പ്രദേശവും നിറവും ലൈംഗികമാനകങ്ങളുമെല്ലാം അധികാരനിർവ്വഹണങ്ങൾ നടത്തുന്നുണ്ട് നിരന്തരം. നാനാത്വങ്ങളേയും അവയുടെ ജൈവസാധ്യതകളേയും ഇല്ലാതാക്കുന്ന മട്ടിൽ മലയാളിയുടെ ഓണം ഒരു വാർപ്പുമാതൃകാവിഷ്ക്കാരത്തിൽ ഒതുങ്ങിപ്പോകുന്നില്ലേ എന്ന സംശയം ബലപ്പെടുന്നു.

ഭക്ഷണം ഏറ്റവും പ്രാഥമികമായ ആവശ്യം ആയിരിക്കുമ്പോൾത്തന്നെ അത് ഏറെ സങ്കീർണ്ണതകളുള്ള രാഷ്ട്രീയപ്രശ്നം കൂടിയായി നിലകൊള്ളുന്നു. പലവിധമായ അധികാരങ്ങളെ ഒറ്റയടിക്ക് നടപ്പാക്കാനുള്ള ശേഷി ഭക്ഷണത്തെക്കുറിച്ചുള്ള തീരുമാനങ്ങളിലും, പാകം ചെയ്യലിലും ഭക്ഷിക്കലിലുമുണ്ട് എന്നു വേണം മനസ്സിലാക്കാൻ. സസ്യ, സസ്യേതര വിഭജനങ്ങളിൽപ്പെട്ടവരെക്കുറിച്ചുള്ള സാംസ്ക്കാരികനിർമ്മിതികൾ മാത്രമല്ല, ഉച്ഛിഷ്ടം എന്ന വാക്കും പ്രയോഗവും ഒക്കെ കഠിനമായ ഉച്ചനീചത്വങ്ങളെ സൂചിപ്പിക്കുന്നതാകുന്നു. 'ഈ പ്ലേറ്റ് ഇന്ത്യനല്ലേ?'(Is this Plate Indian?)എന്ന പേരിൽ പൂനെ സർവ്വകലാശാലയിലെ സ്ത്രീപഠന വിഭാഗം പ്രസിദ്ധീകരിച്ച പുസ്തകം കീഴാള ഭക്ഷണക്കൂട്ടുകളുടെ വൈവിധ്യങ്ങളെ പൊതു ശ്രദ്ധയിൽ ശക്തമായി സ്ഥാപിക്കുന്നുണ്ട്.ലിംഗഭേദത്തിന്റെ തലത്തിൽ സ്ത്രീകളും ഭക്ഷണവും തമ്മിലുള്ള ബന്ധം ഏറെ പ്രശ്നവൽക്കരിക്കപ്പെട്ടതാണ്. തന്റെ ചെറുപ്പകാലത്ത് മീൻ കഷണം ആൺകുട്ടികൾ കഴിച്ച് തനിക്ക് മീൻ തല മാത്രമേ കിട്ടിയിരുന്നുള്ളു എന്ന് പറഞ്ഞ് പൊട്ടിക്കരഞ്ഞ അമ്പത്തഞ്ചുകാരിയെ ഓർക്കുന്നു. കിട്ടാതെ പോയ മീൻ കഷണം പ്രതിനിധീകരിച്ച തീവ്ര വിവേചനത്തിന്റെ ഓർമ്മയിലായിരുന്നു  ആ വേദന. ഈ നീറ്റലുകൾക്കിടയിലും മികവിന്റെയും ആത്മാവിഷ്ക്കാരത്തിന്റെയും പരസ്പരം പങ്കുവെയ്ക്കലിന്റെയും ഇടങ്ങൾ സ്ത്രീകൾ അടുക്കളയിടങ്ങളിൽ നേടുന്നുണ്ട് എന്നതാണ് യാഥാർത്ഥ്യം. ഭക്ഷണാനുഭവങ്ങൾ ചർച്ച ചെയ്യുന്ന ആയിഷ മെഹ്മൂദ് അതിഥി പത്രാധിപയായ സെപ്തംബർ ലക്കം സംഘടിത വേറിട്ട ഓണാനുഭവ ആശംസകളോടെ സമർപ്പിക്കുന്നു.

# അതിഥിപത്രാധിപക്കുറിപ്പ്



ആയിഷ മെഹമൂദ്

ഭക്ഷണവുമായുള്ള എന്റെ ബന്ധം വളരെ ആഴമേറിയതാണ്. ഞാൻ വളരെയധികം ആസ്വദിക്കുകയും അറിയാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു മേഖലയാണിത്. മലബാറിലെ ഒരു നിറഞ്ഞ കുടുംബത്തിൽ നിന്നും വരുന്നത് കൊണ്ടാണെന്ന് തോന്നുന്നു എന്റെ മിക്ക സന്തോഷാവസരങ്ങളുടെയും ഓർമ്മകൾ ഭക്ഷണത്തിന്റേതാണ്. ഭക്ഷണം എന്നത് ഒരു അതിമനോഹരമായ സങ്കൽപ്പമാണ് – ജീവശാസ്ത്രപരമായും കേന്ദ്രസ്ഥാനത്ത് നിൽക്കുന്ന ഒന്ന്. ആഹരിക്കുക എന്ന പ്രവർത്തി നമ്മുടെ സാമൂഹിക ജീവിതത്തിന്റെ ഒരു നെടുംതൂണാകുന്നു. കുടുംബബന്ധങ്ങളും സുഹൃദ്ബന്ധങ്ങളും ഭക്ഷണം, രുചി, കാഴ്ചപ്പാടുകൾ എന്നിവ കൈമാറുന്നതിലൂടെ പരിപോഷിപ്പിക്കാൻ മനുഷ്യന് സാധിക്കുന്നു. അത് കൊണ്ട് തന്നെയാണ് ആഘോഷങ്ങളുടേയും, ദുഖങ്ങളുടേയും, മതാചാരങ്ങളുടേയും കാതലായി ഭക്ഷണം സ്ഥാനമെടുക്കുന്നത്.

ഭക്ഷണം ജീവൻ നിലനിർത്താൻ അത്യന്താപേക്ഷിതവും, ദൈനംദിന ജീവിതത്തിലെ ആവശ്യവസ്തുവുമാണ്. Famine- Social Crisis and Historical Change എന്ന തന്റെ 1988ൽ രചിച്ച പുസ്തകത്തിൽ ഡേവിഡ് അർണോൾഡ് പറയുന്നു ‘ആഹാരം എന്നത് ഏറ്റവും ലളിതമായും, പ്രകടമായും, അനിവാര്യമായും അധികാരത്തിന്റെ രൂപമാണ്, അതങ്ങനെ തന്നെ ആയിരിക്കുകയും ചെയ്യും.’ വിശപ്പ് എന്നതിനേക്കാൾ വലിയ ഒരു തോൽവി മനുഷ്യനില്ല. തന്റെ ഏറ്റവും അടിസ്ഥാനപരമായ ആവശ്യം നിറവേറ്റാനാവാത്തവൻ ജീവിതത്തിൽ തോറ്റവനാണ്. ഭക്ഷണത്തിന്റേയും വെള്ളത്തിന്റേയും അധികാരത്തിനു വേണ്ടിയുള്ള യുദ്ധങ്ങളും തന്ത്രങ്ങളും ഇതിന്റെ ഒരു നേർക്കാഴ്ചയാണ്. ഭക്ഷ്യക്ഷാമവും വരൾച്ചയും ഗവണ്മെന്റുകളെ അട്ടിമറിക്കാനും, പ്രതിഷേധങ്ങൾ പൊട്ടിപ്പുറപ്പെടുവിക്കാനും കാരണമാകാം.

വർഗ്ഗ, വർണ്ണ, ജാതി, മത, ലിംഗ വിവേചനങ്ങൾ നിലനിർത്തിപ്പോരുന്നതിലും ഭക്ഷണത്തിന്റെ രാഷ്ട്രീയം ശക്തമാണ്. സമൂഹ വ്യവസ്ഥിതിയിൽ ഒരുവന്റെ സ്ഥാനം അവൻ എത്ര, എങ്ങനെ, ആരുടെ കൂടെ, എന്ത് ഭക്ഷിക്കുന്നു എന്നതിനെ ആശ്രയിച്ച് അളക്കപ്പെടും. താഴ്ന്ന ജാതിയിൽ പെട്ട ഒരു കുടുംബത്തിന്റെ കൂടെ ഉയർന്ന ജാതിയിലെ ഒരു നേതാവ് ഇരുന്നു ഭക്ഷണം കഴിക്കുമ്പോൾ അത് വാർത്തയാവുന്നതും വോട്ട് ആവുന്നതും ഇതിന്റെ ദൃഷ്ടാന്തങ്ങളാണ്. ബീഫും, വെജിറ്റേറിയനും, നോൺ വെജിറ്റേറിയനും ഒക്കെ ഇതിന്റെ രാഷ്ട്രീയത്തിൽത്തന്നെ പെട്ട് വലിച്ചിഴക്കപ്പെടുന്നവയാണ്.

ഭക്ഷണത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ പൊതുവായി അതിൽ ആദ്യാവസാനം നിറഞ്ഞു നിൽക്കുന്ന സാന്നിധ്യം സ്ത്രീ എന്ന വ്യക്തിയുടെ തന്നെയാണ്. ആഹാരത്തിന്റെ വിവിധ ഘട്ടങ്ങളെ നിയന്ത്രിച്ച് ഓരോ നേരവും വിളമ്പേണ്ട ഭക്ഷണം തീരുമാനിക്കൽ, അതുണ്ടാക്കാനുള്ള അസംസ്കൃതപദാർത്ഥങ്ങൾ വാങ്ങുകയോ ശേഖരിക്കുകയോ ചെയ്യൽ, ഇതിനുള്ള കാശ് കൈപ്പറ്റൽ, വിലകുറഞ്ഞതും

ഗുണമേന്മയുള്ളതുമായ വസ്തുക്കൾ കണ്ടുപിടിക്കുകയും വാങ്ങുകയും ചെയ്യൽ, കുഞ്ഞുങ്ങളുടേയും കുടുംബത്തിന്റേയും ഇഷ്ടാനിഷ്ടങ്ങളും ആരോഗ്യത്തെ ബാധിക്കുന്നതുമായ ആഹാരപദാർത്ഥങ്ങൾ മനസ്സിലാക്കുകയും അതിനനുസരിച്ച് വാങ്ങുകയും പാകം ചെയ്യുകയും ചെയ്യൽ, അടുക്കള സംബന്ധമായ മറ്റു ഒരുക്കങ്ങളും, അടുക്കലും വൃത്തിയാക്കലും എന്നിങ്ങനെ മാനസികതലത്തിലും ശാരീരികതലത്തിലും വിരാമമില്ലാത്ത ആത്മബന്ധമാണ് പതിച്ചു നൽകിയിരിക്കുന്നത്. ഇതിൽ അധികപക്ഷവും പുരുഷന്റെ പങ്കാളിത്തം ചുരുങ്ങിയതോ ഹാജരില്ലാത്തതോ ആണ്. പരിണിതഫലം, സ്ത്രീകളുടെ തിരഞ്ഞെടുപ്പുകൾ സസൂക്ഷ്മം വിസ്തരിക്കപ്പെടുകയും വിമർശിക്കപ്പെടുകയും ചെയ്യുന്ന ഒരു സാമൂഹിക നിലപാടാണ്. ഭക്ഷണ കാര്യങ്ങളിൽ തോൽക്കുന്ന സ്ത്രീകൾ , സ്ത്രീ എന്ന് വിളിക്കപ്പെടാൻ അവകാശം ഇല്ലാത്തവളായി മാറ്റുന്ന സമൂഹം. പുരുഷൻ, ഭക്ഷണത്തിനായി എന്ത് വാങ്ങണം, എത്ര വാങ്ങണം, എപ്പോൾ വാങ്ങണം എന്നുള്ള തീരുമാനങ്ങൾ എടുക്കുകയും അവയുടെ അന്തിമ ഉത്പന്നം നന്നായോ ഇല്ലയോ എന്ന് തീരുമാനിക്കാനുമുള്ള അധികാരം ഉള്ള വ്യക്തിയാണ്. ഭക്ഷണം നന്നായില്ല എന്ന കാരണത്താൽ ഗാർഹികപീഡനം ന്യായീകരിക്കപ്പെടുന്നു. ഭക്ഷണം വേണമെന്നും വേണ്ട എന്നും പുരുഷൻ പറഞ്ഞാലും അതിൽ സ്ത്രീയെ ശിക്ഷിക്കാനുള്ള മരുന്നുണ്ട്. ഇറച്ചി പാകം ചെയ്യുമ്പോൾ അതിലെ ഏറ്റവും നല്ല കഷ്ണങ്ങൾ ആദ്യം പുരുഷനും, പിന്നെ കുഞ്ഞുങ്ങൾക്കും അതിനു ശേഷം സ്ത്രീക്കും അവകാശപ്പെട്ടതാകുന്നു.

സ്ത്രീക്കാവട്ടെ അടുക്കള അടച്ചിടൽ ഒരു സമര മുറയാണ്. തനിക്കിഷ്ടമുള്ള ഭക്ഷണം പാചകം ചെയ്യലും ആദ്യം കഴിക്കലും നിർബന്ധപൂർവ്വം ഭർത്താവിനെ കഴിപ്പിക്കലും അവളുടെ സമരങ്ങളാണ്. ഭർത്താവിന്റെ ആയുസ്സിനു വേണ്ടി ഭക്ഷണം ത്യജിക്കാൻ മതങ്ങൾ പഠിപ്പിക്കുന്നത് സ്ത്രീകളെയാണ്. പട്ടിണി കിടക്കൽ അവളുടെ ഒരു സമര മുറയും കൂടിയാണ് – ശിക്ഷയും.

ഒന്നോ രണ്ടോ തലമുറകൾക്കിപ്പുറം, സ്ത്രീകളും ഭക്ഷണവും തമ്മിലുള്ള ബന്ധം ഒരു പാട് മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. എന്നിരുന്നാലും ആഹാരവും സ്ത്രീകളും തമ്മിൽ വളരെ അടുത്ത ഒരു ബന്ധം നിലനിൽക്കുന്നു എന്ന വസ്തുത തള്ളി ക്കളയാനാവില്ല. സാമൂഹികമായ കാഴ്ചപ്പാടിലും സാംസ്കാരിക നിർമ്മിതിയിലും ഇവ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു എന്ന് വേണം പറയാൻ. സ്ത്രീകൾ ഭക്ഷണവുമായി ബന്ധപ്പെട്ട സമ്മർദ്ദങ്ങളും ആനന്ദങ്ങളും വ്യക്തികൾ എന്ന നിലയിൽ അഭിമുഖീകരിക്കുന്നുണ്ടെങ്കിലും ; അവയുമായി ബന്ധപ്പെട്ടു സമൂഹം അവരെ ഏല്പിച്ച 'സ്ത്രീത്വം' തൃപ്തികരമായി നിർവ്വഹിക്കാൻ അവർ ബാധ്യസ്ഥരാണ്. പരിപോഷണവും പരിപാലനവും ഉറപ്പാക്കുന്ന അമ്മ, പാചകറാണി, കാശ് ലാഭിക്കുന്ന, വിശുദ്ധയായ കുടുംബിനി, ആരോഗ്യവതിയും, വയററിഞ്ഞു കഴിക്കുന്നവളും കഴിപ്പിക്കുന്നവളും എന്നിങ്ങനെയുള്ള റോളുകൾ.

ഒരു പക്ഷേ ഭക്ഷണവും അടുക്കളയും മാർക്കറ്റും എന്റെ സംസാരത്തിലും എഴുത്തിലും എപ്പോഴും കടന്നു വരുന്നത് കൊണ്ടാവാം ഈയൊരു വിഷയം കൈകാര്യം ചെയ്യുമ്പോൾ എന്റെ പേര് അതിഥി പത്രാധിപയായി നിർദ്ദേശിക്കപ്പെട്ടത്. അത് കണ്ടപ്പോൾ മുന്നും പിന്നും നോക്കാതെ ചാടി വീണതും എന്നിലെ ഉദരസ്നേഹി മുന്നിട്ട് നിന്നത് കൊണ്ട് ആയിരിക്കണം.
എഴുതാനിരുന്നപ്പോൾ വന്നു വീണ ഒരു തിരിച്ചറിവുണ്ടായിരുന്നു- എന്റെ എല്ലാ ഭക്ഷണവീക്ഷണങ്ങളിലും, ഓർമ്മകളിലും നിറഞ്ഞു നിൽക്കുന്നത് സ്ത്രീകളാണ്. പുരുഷന്മാർ അതിന്റെ അങ്ങേ തലക്കൽ പ്ളേറ്റും കൊണ്ട് കാത്തിരിക്കുന്ന ഒരു മുഖം മാത്രമാണ്.

*ഫംഗ്ഷണൽ ഇംഗ്ലീഷിൽ ബിരുദവും സൈക്യാട്രിക് സോഷ്യൽ വർക്കിൽ ബിരുദാനന്ത ബിരുദവും. ക്ളിനിക്കൽ സൈക്കോളജിസ്റ്റായി മംഗലാപുരത്തും, ക്രിമിനൽ സൈക്കോളജിസ്റ്റായി കോഴിക്കോടും വിയ്യൂരും ജയിലുകളിലും , തുടർന്ന് ആക്ഷൻ കോ ഓർഡിനേറ്റർ ആയി ഗ്രീൻപീസ് സന്നദ്ധ സംഘടനയിലും പ്രവർത്തന ചരിത്രം.*



ആയിഷ മെഹമൂദ്

# രാധേ അതിമനോഹരമായിരിക്കുന്നു

സർവ്വവ്യാപിയായ പരസ്യങ്ങൾ ഉത്പന്നങ്ങൾ മാത്രമല്ല വിൽക്കുന്നത് – ജീവിത ശൈലികളെക്കുറിച്ചും കുടുംബത്തെക്കുറിച്ചും വിജയപരാജയങ്ങളെക്കുറിച്ചും സംസ്കാരങ്ങളെ ക്കുറിച്ചുമുള്ള ആശയങ്ങളും ധാരണകളും സങ്കല്പങ്ങളുമാണ് മിനുട്ടുകൾ മാത്രമുള്ള ഇവ സമൂഹമനസ്സാക്ഷികൾക്ക് വിൽക്കുന്നത്. നാം എന്താണെന്നും അതെന്തുകൊണ്ട് അങ്ങനെയായിരിക്കരുത് എന്നും എങ്ങിനെയായാൽ നമ്മൾ സമൂഹത്തിൽ സ്റ്റാറ്റസ്സും സ്വീകാര്യതയും ഉള്ളവരാകും എന്നുമുള്ള സൂചിക നിശ്ചയിക്കുന്നത് ഇന്ന് പരസ്യങ്ങളാണ്. ഇതിൽ വളരെ നിർണ്ണായകമായ ഒരു റോളിലാണ് സ്ത്രീകളെ കാസ്റ്റ് ചെയ്തിരിക്കുന്നത്. പരസ്യചിത്രങ്ങളിൽ സ്ത്രീകളെ ശ്രദ്ധിച്ചാൽ ഒരു സമൂഹം സ്ത്രീകളെ എങ്ങനെ കാണാൻ ആഗ്രഹിക്കുന്നു എന്നത് വളരെ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. ഇതിൽ തന്നെ ബോഡി ഷെയിമിങ്ങ് ഒരു വിശാലമായ വിഷയം തന്നെയാണ്– ഇന്ത്യൻ പരസ്യങ്ങൾ പൊതുവെ സ്ത്രീകളുടെ നഗ്നത പാശ്ചാത്യ രാജ്യങ്ങളിലെ പരസ്യങ്ങളിലെപ്പോലെ ഉപയോഗിച്ച് തുടങ്ങിയിട്ടില്ലാത്തതിനാൽ അതിനെ ക്കുറിച്ച് തൽക്കാലം സംസാരിക്കുന്നില്ല.

ആഹാരസാധനങ്ങളുടെയും വീട്ടുപകരണങ്ങളുടെയും പരസ്യങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ള സ്ത്രീകളെ ഉദാഹരണമായി എടുക്കാം. ഇവയിലെല്ലാം പൊതുവായി കാണുന്ന ചില ഘടകങ്ങൾ:

1. പുരുഷന്മാർ സജീവ പങ്കാളികൾ ആയിരിക്കില്ല. അവർ ബാക്ക്ഗ്രൗണ്ടിൽ സപ്പോർട്ടിങ് റോൾ മാത്രമായി ഒതുങ്ങും. വീട്ടിലെ പ്രധാന കഥാപാത്രം സ്ത്രീയാണ് – പുരുഷൻ സോഫയിലോ തീന്മേശയിലോ , ജോലി കഴിഞ്ഞു ക്ഷീണിച്ച് ടൈ വലിച്ചൂരി വരുന്നവനോ, അല്ലെങ്കിൽ




**പരസ്യചിത്രങ്ങളിൽ സ്ത്രീകളെ ശ്രദ്ധിച്ചാൽ ഒരു സമൂഹം സ്ത്രീകളെ എങ്ങനെ കാണാൻ ആഗ്രഹിക്കുന്നു എന്നത് വളരെ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും.**

ജോലി സ്ഥലത്തോ ആയിരിക്കും.

2. സ്ത്രീ മിക്കതിലും അതിരാവിലെ എഴുന്നേൽക്കുന്ന, നനഞ്ഞ തോർത്ത് ചുറ്റിയ, സാരിയുടുത്ത് ചന്ദനക്കുറി തൊട്ട് വീട്ടിലുള്ളവരുടെ ആരോഗ്യത്തെക്കുറിച്ചും സന്തോഷത്തെക്കുറിച്ചും ബാക്ടീരിയയെക്കുറിച്ചും വേവലാതിപ്പെടുന്നവൾ ആയിരിക്കും.

3. കാശു കൈകാര്യം ചെയ്യുന്നത് പുരുഷനാണ്. സ്ത്രീയുടെ കടമ കാശു ലാഭിക്കൽ ആണ്. ഒരു കുപ്പി ടൊമാറ്റോ സോസിനു ഇപ്പോൾ 5 രൂപ കിഴിവ് , വൗ! അമ്മക്ക് ഇനി പുതിയ സാരി വാങ്ങാലോ!

4. വളരെ അടുത്ത കാലത്തായിട്ടാണ് ജോലി ചെയ്യുന്ന സ്ത്രീകൾ പരസ്യങ്ങളിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയത്. എന്നിരുന്നാലും അവർ സൂപ്പർ വുമൻ ആവുന്നത് ജോലിയും വീട്ടുജോലിയും കുട്ടികളുടെയും ഭർത്താവിന്റെയും എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുമ്പോൾ മാത്രമാണ്.

5. ഭർത്താക്കന്മാർ, കുട്ടികൾ, ഭർതൃവീട്ടുകാർ എന്നിവർ സ്ത്രീയുടെ പരിപൂർണ്ണ



ഉത്തരവാദിത്വമാണ്.

6. പിന്നെയുള്ള സ്ത്രീകൾ മിക്കപ്പോഴും ലൈംഗികതയെ ഉത്തേജിപ്പിക്കാൻ വേണ്ടി കാസ്റ്റ് ചെയ്യപ്പെട്ടവരാണ്. അവർ ആണുങ്ങളുടെ പെർഫ്യൂം, വണ്ടി, ജീൻസ് എന്നിവ കണ്ട് എല്ലാ കണ്ട്രോളും നഷ്ടപെടുന്നവൾ ആണ്.

Critical Studies in Mass Communication എന്ന വാരികയിൽ റോബർട്ട് ഗോൾഡ്മാൻ, സെബോറാ ഹീത്ത്, ഷാരോൺ സ്മിത്ത് എന്നിവർ എഴുതിയ ഒരു പഠനത്തിൽ "Commodity Feminism" എന്ന ഒരു വാക്ക് ഉപയോഗിക്കുന്നുണ്ട്. അതായത് ക്രയ സ്ത്രീത്വം . സ്ത്രീത്വത്തെ ചില ഉത്പന്നങ്ങളുടെയും ബ്രാൻഡുകളുടെയും ആവശ്യങ്ങൾക്കനുസരിച്ച് തർജ്ജമ ചെയ്യുന്ന പ്രക്രിയയാണിത്. ഭക്ഷണം കഴിക്കുക എന്ന വളരെ സാധാരണമായ ഒരു കാര്യം പുരുഷകേന്ദ്രീകൃതമോ സ്ത്രീകേന്ദ്രീകൃതമോ ആയ ഒരു പ്രവൃത്തിയല്ല. പക്ഷെ പരസ്യങ്ങളിൽ മിക്കപ്പോഴും സ്ത്രീകൾക്ക് മാത്രമായി റോളുകൾ രൂപപ്പെടുത്തുന്നു;

ഭക്ഷണത്തെ ലൈംഗികതൃഷ്ണയോടെ സമീപിച്ച് ആഹരിക്കുന്ന സ്ത്രീകൾ. കത്രീന കൈഫ് നായികയായ മാസാ എന്ന പാനീയത്തിന്റെ പരസ്യവാചകം തന്നെ ആംസൂത്ര എന്നായിരുന്നു. അതിലെ പരസ്യരംഗങ്ങൾ ഫോർപ്ലേയെ അനുസ്മരിപ്പിക്കുന്ന രീതിയിൽ ചിട്ട പ്പെടുത്തിയതായിരുന്നു. ഇതേ രീതിയിലുള്ള ചോക്ലേറ്റ്, ബിസ്കറ്റ്, ഐസ്ക്രീം പരസ്യങ്ങളും വിപണിയിലുണ്ട്. സ്ത്രീകളെ വസ്തുവൽക്കരിക്കുന്നതിന്റെ ഉത്തമോദാഹരണങ്ങളാണ് ഇത്തരം പരസ്യങ്ങൾ. ലൈംഗികതയും വിശപ്പ് അടക്കാനുമുള്ള വസ്തു

**പുരുഷന്മാർ സജീവ പങ്കാളികൾ ആയിരിക്കില്ല. അവർ ബാക്ഗ്രൗണ്ടിൽ സപ്പോർട്ടിങ് റോൾ മാത്രമായി ഒതുങ്ങും. വീട്ടിലെ പ്രധാന കഥാപാത്രം സ്ത്രീയാണ് – പുരുഷൻ സോഫയിലോ തീന്മേശയിലോ , ജോലി കഴിഞ്ഞു ക്ഷീണിച്ച് ടൈ വലിച്ചൂരി വരുന്നവനോ, അതോ ജോലി സ്ഥലത്തോ ആയിരിക്കും.**

എന്ന ഒരു സ്മൂത്ത് ആയ വ്യാഖ്യാനം ഇത്തരം പരസ്യങ്ങളിലൂടെ സ്വീകരണമുറിയിലേക്ക് വിളമ്പിക്കൊടുക്കുന്നു. സ്ത്രീ എന്നത് വായിൽ വെള്ളം ഊറ്റുന്ന, സുലഭമായ, എളുപ്പത്തിൽ ഭക്ഷിക്കാവുന്ന ഒരു വസ്തുവിനോട് ഉപമിക്കപെടുന്നു. കൺസ്യൂമറാവട്ടെ പുരുഷനുമാണ്.

ഉത്തമ ഭാരതീയ ഭാവശുദ്ധിക്ക് നാരീരത്നം സർട്ടിഫിക്കറ്റ് ലഭിച്ച സ്ത്രീകൾ. 'രാധേ അതിമനോഹരമായിരിക്കുന്നു' അത് നിന്നെയല്ല നിന്റെ പാചകത്തെ മാത്രം ഉദ്ദേശിച്ച് പറഞ്ഞതാണെന്ന് പറയുന്ന ഭർത്താവിനെ ചിരിച്ചു കൊണ്ട് ആശ്ലേഷിക്കുന്ന ഭാര്യമാർ. അതാണ് നമുക്ക് വേണ്ടത്. ഒരു പ്രമുഖ ബ്രാൻഡിന്റെ ദോശമാവ് പരസ്യത്തിൽ ദോശ ചുടുന്ന അയ്യങ്കാർ സ്ത്രീ പറയുന്നു 'ഭർത്താവിന് പൊടി ദോശ, മാമാവുക്ക് മസാല ദോശ, മാമിക്ക് നെയ് റോസ്റ്റ്




**ശരീര വടിവൊത്ത സ്ത്രീകൾ പിസ്സയും ബർഗ്ഗറും ചോക്ലേറ്റും ഐസ്ക്രീമും പായസക്കൂട്ടുകളും പാനീയങ്ങളും വിൽക്കുമ്പോൾ അതിന്റെ കൂടെ വിറ്റു പോകുന്ന ഒരു അപകടകരമായ ഐഡിയ ഉണ്ട്. ഇത്തരം ഭക്ഷണങ്ങൾ കാരണം ഉള്ള ആരോഗ്യ പ്രശ്നങ്ങളും പൊണ്ണത്തടിയും സുന്ദരിയും ആരോഗ്യവതിയും സൈസ് സീറോയുമായ ഒരു മോഡലിന്റെ പിറകിൽ ഒളിച്ചു വെക്കുന്നു.**

കിട്ടുണ്ണിക്ക് ഉള്ളി ദോശ, കുട്ടീസിന് തട്ടിൽ കൂട്ടി ദോശ.. ഈ ദോശമാവുണ്ടെങ്കിൽ പൈ ദോശ കടയിലെ പോലെ 133 തരം ദോശ ഞാനും ഉണ്ടാക്കും.' ഇത് വളരെ പൊതുവായ ഒരു പരസ്യ ലൈൻ ആണ്. വീട്ടിലെ ഓരോരുത്തുരുടെയും രുചിയറിഞ്ഞു പത്ത് തരം ഭക്ഷണം ഉണ്ടാക്കി മുടിയൊക്കെ മുല്ലപ്പൂ വെച്ച് കെട്ടി, കഞ്ഞി മുക്കിയ സാരിയും ഉടുത്ത്, തിളങ്ങുന്ന ചട്ടുകവും പിടിച്ച് പുഞ്ചിരി പരത്തുന്ന ഭാര്യ! ദി ഉത്തമ ഭാര്യ ആൻഡ് മരുമകൾ.

മേൽപ്പറഞ്ഞ കാര്യങ്ങൾ ചെയ്യാൻ സാധിക്കാത്ത സ്ത്രീകൾ പൊതുവെ ദുഖിതരും ജീവിതത്തിൽ പരാജിതരുമായാണ് ചിത്രീകരിക്കപ്പെടുന്നത്. ഭർത്താവിനു ക്ഷീണമകറ്റുന്ന ഉന്മേഷദായകമായ ചായ കൊടുക്കാൻ പറ്റാത്തവർ, ഭർത്താവിന്റെ ജോലിയിലുള്ള ശ്രദ്ധക്കുറവും മടിയും കാരണം ദുഖിതയായ ഭാര്യ, അദ്ദേഹത്തെ എങ്ങനെ അരോഗദൃഢഗാത്രനായ ഒരുവനായി വാർത്തെടുക്കാം എന്ന സ്വകാര്യം (ചായപ്പൊടി, എണ്ണ, ആരോഗ്യപാനീയങ്ങൾ) ദുഖിതയായ കൂട്ടുകാരിയുമായി പങ്കു വെക്കുന്ന ഉത്തമയായ അയല്പക്കക്കാരി എന്നിങ്ങനെ.

ശരീരവടിവൊത്ത സ്ത്രീകൾ പിസ്സയും ബർഗ്ഗറും ചോക്ലേറ്റും ഐസ്ക്രീമും പായസക്കൂട്ടുകളും പാനീയങ്ങളും വിൽക്കുമ്പോൾ അതിന്റെ കൂടെ വിറ്റു പോകുന്ന ഒരു അപകടകരമായ ഐഡിയ ഉണ്ട്. ഇത്തരം ഭക്ഷണങ്ങൾ കാരണം ഉള്ള ആരോഗ്യ പ്രശ്നങ്ങളും പൊണ്ണത്തടിയും സുന്ദരിയും ആരോഗ്യവതിയും സൈസ് സീറോയുമായ ഒരു മോഡലിന്റെ പിറകിൽ ഒളിച്ചു വെക്കുന്നു. ഇത്തരം ഭക്ഷണങ്ങൾ ഒരു സ്റ്റാറ്റസ് സിംബൽ ആയിരിക്കെ അതൊഴിവാക്കാനോ, എന്നാൽ തടിക്കാനോ പാടില്ല. ശരാശരി തടിയുള്ള സ്ത്രീകൾ ഇത്തരം പ്രൊഡക്ടുകൾ വിൽക്കുന്നത് കാണാറേയില്ല. ബോഡി ഷെയ്മിങ്ങിന്റെ ഇങ്ങേ അറ്റം ഒരു പക്ഷെ മലയാളത്തിൽ മാത്രം ഉള്ള മരുത്വ പഞ്ചജീരക ഗുഡം ആണ് – 'വിവാഹ സ്വപ്നങ്ങൾ പൂവണിയുന്ന നിമിഷത്തിൽ ഏറ്റവും സുന്ദരിയായിരിക്കുക എന്നതാണ് ഏതു പെണ്ണിന്റെയും സ്വപ്നം., പക്ഷെ 'മെലിഞ്ഞുണങ്ങി ബോഡി ഷെയ്പ്പ് ഇല്ലാതിരുന്നാൽ എങ്ങനെ സാരി നന്നായി ഉടുക്കും' എന്ന ചോദ്യത്തോട് കൂടി, പെണ്ണിന്റെ അരയും നിതംബവും ഒക്കെ സ്കാൻ ചെയ്തു വരുന്ന കാമറ ഗുഡം റെക്കമെന്റ് ചെയ്തു പറയുന്നു 'മെലിഞ്ഞുണങ്ങിയ ശരീരപ്രകൃതക്കാർക്ക് പൂത്തുലയുന്ന ശരീരകാന്തി സ്വന്തമാക്കാൻ'.

മെലിഞ്ഞുണങ്ങാനുള്ള ഉൽപ്പന്നങ്ങൾ പിന്നെ കൊട്ടക്കണക്കിനാ– വിവാഹിതയാവാൻ, ശ്രദ്ധിക്കപ്പെടാൻ, കോൺഫിഡൻസ് വളരാൻ ഈ ചായ, ഈ ബെൽറ്റ്, ഈ കോൺഫ്ളേക്സ്, ഈ എണ്ണ, ഈ ഡ്രിങ്ക്. വീണ്ടും കറങ്ങി തിരിഞ്ഞു ഉത്തമയായ സ്ത്രീയുടെ രൂപഭാവത്തിലേക്ക് വന്നെത്തുന്നു. ശരീരവടിവ് എന്നാൽ സൗന്ദര്യവും സൽഗുണവും ആയി താനേ നിർവചിക്കപ്പെട്ടു. രണ്ടാഴ്ച ഒരു പ്രമുഖ ബ്രാൻഡിന്റെ കോൺഫ്ളേക്സ് മാത്രം മൂന്നു നേരം കഴിച്ചു തടി കുറച്ചത് കാരണം ഭാര്യയെ ക്രിക്കറ്റിൽ നിന്നും ശ്രദ്ധ തിരിച്ചു ശ്രദ്ധിക്കുന്ന ഭർത്താവ്.

ഭൂരിഭാഗം പരസ്യങ്ങളിലും സ്ത്രീകൾ പ്രത്യക്ഷപ്പെടുന്നത് വീട് എന്ന ലൊക്കേഷനിൽ

ആണ്. സ്ത്രീകളുടെ സ്ഥാനം വീടാണെന്നുള്ള പൊതുവായ വിശ്വാസം. വീട്ടിലിരിക്കൂ ഈ ഉത്പന്നം വാങ്ങൂ/ ഉപയോഗിക്കൂ വീട്ടുകാരെ സേവിക്കൂ എന്നതാണ് ഒരു വലിയ വിഭാഗം പരസ്യങ്ങൾ സ്ത്രീകൾക്ക് വിൽക്കുന്ന ആദർശം. അടുത്തിടെ ഇറങ്ങിയ ഒരു വിമാന സർവ്വീസിന്റെ പരസ്യത്തിൽ രാത്രി വൈകുവോളം ഉറക്കമിളച്ചും അടുക്കളയിൽ കിടന്നുറങ്ങിയും, വൈകി വരുന്ന ഭർത്താവിന് ഭക്ഷണം ഉണ്ടാക്കി വിളമ്പുന്ന ഭാര്യയെ കാണിക്കുന്നു. കാരണം ഭർത്താവ് വിമാനത്തിൽ ലഭിക്കുന്ന ഭക്ഷണം കഴിക്കില്ല. ഇത്തരം പരസ്യങ്ങൾ സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാരെയാണ് കൂടുതൽ സ്വാധീനിക്കുന്നത്. സ്ത്രീ എന്നാൽ എങ്ങനെയായിരിക്കണം എന്നുള്ളത് അവർക്ക് നിരന്തരം പറഞ്ഞു കൊടുത്തു കൊണ്ടിരിക്കുന്നു.

ഭിന്നലിംഗക്കാർ സമൂഹത്തിൽ തുല്യനീതിക്ക് വേണ്ടി പൊരുതുന്ന ഈ കാലഘട്ടത്തിലും അവരെ പാടെ തഴഞ്ഞാണ് പരസ്യങ്ങൾ ഇറങ്ങുന്നത്. പുരുഷന്മാർ, സ്ത്രീകൾക്ക് എന്ന് സമൂഹം നിശ്ചയിക്കുന്ന ഉത്പന്നങ്ങൾ ഉപയോഗിക്കുന്നത് ഒരു കുറച്ചിലായോ പരിഹാസരൂപത്തിലോ ആണ് അവതരിപ്പിക്കാറുള്ളത്. കാപ്പി കൂട്ടാൻ അറിയാത്ത ഭർത്താവിനോട് ഇങ്ങോട്ട് മാറി നിൽക്കൂ എന്ന് പറഞ്ഞു ഉഗ്രൻ കാപ്പി ഉണ്ടാക്കുന്ന ഭാര്യയാണ് താരം. ഐശ്വര്യറായിയെ പോലെ ശക്തയായ ഒരു സ്ത്രീ പ്രത്യക്ഷപ്പെടുന്ന പരസ്യത്തിൽ ഭർത്താവ് പന്തയത്തിൽ തോറ്റത് അടുക്കളയിൽ ജോലി ചെയ്യാൻ കാരണമായി കാണിക്കുന്നു. പുരുഷന് അതൊരു ശിക്ഷയാണ്. സ്ത്രീയാവട്ടെ അടുക്കളയിലെ രാജ്ഞിയും. അത് തന്റെ സാമ്രാജ്യവും സുന്ദര 'പാത്രം വരുമ്പോൾ കൊട്ടാരവും' ഒക്കെ ആവുന്നു. നടുവ് വേദന കാരണം അടുക്കളയിൽ കയറാനാവാതെ ബുദ്ധിമുട്ടുന്ന ഭാര്യ. ചപ്പാത്തിചുടുന്നതൊക്കെ കരിഞ്ഞും താഴെ പോയും പട്ടി നക്കിയും 'കഷ്ടപ്പെടുന്ന' ഭർത്താവിനെ കണ്ട് നടുവ് വേദനയും കടിച്ചമർത്തി എഴുന്നേൽക്കുന്ന ഭാര്യയെ സ്നേഹത്തോടെ പിടിച്ചിരുത്തി വേദനസംഹാരി പുരട്ടി കൊടുത്ത് ചപ്പാത്തി ചുടാൻ വിടുന്ന സ്നേഹസാഗരത്തിൽ കടഞ്ഞെടുത്ത് ഉരുട്ടി ഉണ്ടാക്കിയ ഭർത്താവ്. ശുഭം!

കുട്ടികളുടെ എനർജി ഡ്രിങ്ക് പരസ്യങ്ങൾ ശ്രദ്ധിക്കൂ. പെൺകുഞ്ഞുങ്ങളെവിടെ? കോംപ്ലാനിലെ, ഐ ആം എ കോംപ്ലാൻ ഗേൾ എന്ന് പറയുന്ന കുഞ്ഞല്ലാതെ വളരെ വിരളമായേ പെൺകുഞ്ഞുങ്ങൾ ഈ പരസ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നുള്ളൂ. കായിക മേഖലയിലും, പഠനത്തിലും, ഉയരം വെക്കാനും ആൺ കുഞ്ഞുങ്ങൾക്ക് പൊടി കലക്കി കൊടുക്കാതെ അവർ നന്നാവില്ലേ? പെൺകുഞ്ഞുങ്ങൾ ഇതൊന്നുമില്ലാതെയും സൂപ്പറാണെന്നാണോ, അതോ അതൊന്നും അവർക്ക് ആവശ്യമില്ല എന്നാണോ? ഇവയൊക്കെ നൽകുന്ന കൃത്യമായ സന്ദേശങ്ങളുണ്ട്. ഈയൊരു കാഴ്ച്ചപ്പാട് പൂർണ്ണമായും മാറി മറിയാൻ സമയം എടുക്കുമെങ്കിലും ചില്ലറ മാറ്റങ്ങൾ കണ്ട് തുടങ്ങിയിട്ടുണ്ട് എന്നത് ആശ്വാസകരമാണ്. ഇതിനെക്കുറിച്ച് ബോധവാന്മാരാക്കുക എന്നതാണ് ആദ്യപടി. അബോധമനസ്സിലേക്ക് ഇത്തരം ചിത്രങ്ങൾ പ്രതിഷ്ഠിച്ച് പോകുന്നത് ഒരു പരിധി വരെ കുറയും. ജീൻ കിൽബോൺ എന്ന സാമൂഹിക ഗവേഷകയും സിനിമ നിർമ്മാതാവും




വർഷങ്ങളായി പരസ്യങ്ങളിൽ ഉപയോഗിക്കപ്പെടുന്ന സ്ത്രീസ്വത്വത്തെക്കുറിച്ച് സംസാരിക്കുന്നു. അവർ പറയുന്നു ' അപ്രാപ്യമായ സൗന്ദര്യ സങ്കൽപ്പങ്ങൾക്ക് പിന്നാലെ ഉപഭോക്താക്കളെ ഓടിച്ച് , സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾക്ക് കാരണമാകുന്ന ഇത്തരം പരസ്യങ്ങൾ പൊതുജനാരോഗ്യത്തെ തന്നെ ബാധിക്കുന്നതാണ് എന്നതിൽ ഒരു സംശയവും വേണ്ട. ആറു മാസം പ്രായമുള്ള കുഞ്ഞുങ്ങളെ വരെ പരസ്യങ്ങൾ സ്വാധീനിക്കുന്നുണ്ടെന്ന് പഠനങ്ങൾ പറയുന്നു. ഒരു വ്യക്തി ഒരു ദിവസം 5000ത്തിലധികം പരസ്യങ്ങൾ ബോധപൂർവവും അല്ലാതെയും കാണുന്നുണ്ട് എന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇതിൽ സിംഹഭാഗവും സ്ത്രീകളെ ടൈപ്കാസ്റ്റ് ചെയ്തിരിക്കുന്നത് കാമാതുരരായ, വിധേയ സ്വഭാവമുള്ള, സർവ്വപ്രസാദിയായ വീട്ടിന്റെ വിളക്കുകളായാണ്. സാമൂഹികവും, സാമ്പത്തികവും, ബൗദ്ധികവുമായ ഉയർച്ചകൾ നേടിയ സ്ത്രീകൾ ഇന്ന് അപൂർവ്വമല്ല, പരസ്യങ്ങൾ ആണ് താനും.

പെൺപക്ഷം

# സ്ത്രീ അനുകൂല നിയമങ്ങൾ അട്ടിമറിയ്ക്കപ്പെടുന്നു



അജിത കെ.

ഇന്ത്യയിലെ സ്ത്രീപ്രസ്ഥാനങ്ങൾ പ്രത്യേകിച്ചും സ്ത്രീവിമോചനപ്രസ്ഥാനങ്ങൾ അവയുടെ ഉത്ഭവകാലത്ത് അതായത് 1980-കളിൽ ഏറ്റവും ശക്തമായി ഉന്നയിക്കുകയും മുഖ്യധാരാ രാഷ്ട്രീയത്തിൽ ഏറെ ചലനങ്ങളുണ്ടാക്കുകയും ചെയ്ത പ്രധാന പ്രശ്നങ്ങളായിരുന്നു നിയമസംവിധാനം ബലാൽസംഗക്കേസുകൾ കൈകാര്യം ചെയ്തരീതി. മറ്റേതൊരു ക്രിമിനൽ കേസു പോലെയുമല്ല ബലാൽസംഗക്കേസുകളിൽ വാദിയാക്കപ്പെട്ട അല്ലെങ്കിൽ, ഇരയാക്കപ്പെട്ട സ്ത്രീയുടെ പദവി. മറ്റു കേസുകളിൽ താൻ നിരപരാധിയാണെന്ന് തെളിയിക്കേണ്ട ഉത്തരവാദിത്വം പ്രതിയ്ക്കാണെങ്കിൽ ബാൽസംഗക്കേസുകളിൽ വാദിയ്ക്കാണ് താൻ യഥാർത്ഥത്തിൽ തന്റെ ഇഷ്ടത്തിനെതിരായി ആക്രമിക്കപ്പെട്ടതാണ് എന്ന് തെളിയിക്കേണ്ട ബാദ്ധ്യത. പല ഘട്ടങ്ങളിലായി സ്ത്രീപ്രസ്ഥാനങ്ങളുടെ അതിൽ പ്രധാനമായും സ്ത്രീവിമോചന പ്രസ്ഥാനങ്ങളുടെ പലതരത്തിലുള്ള ശക്തമായ ഇടപെടലുകൾ മൂലം ഈ നിയമവും പലതവണ ഭേദഗതി ചെയ്യപ്പെട്ടു. 'നിർഭയ' യുടെ കേസുമായി ബന്ധപ്പെട്ടാണ് വർമ്മാ കമ്മീഷൻ റിപ്പോർട്ടും ക്രിമിനൽ അമെന്റ്മെന്റ് ആക്ടും നിലവിൽ വന്നത്.

498 (A)എന്നത് സ്ത്രീധന കൊലപാതകങ്ങളെയും ആത്മഹത്യകളെയും തടയാനും അല്ലാതെ തന്നെ കുടുംബങ്ങൾ തകർത്ത് സ്ത്രീധനത്തിന്റെ പേരിൽ നിരന്തരം അടിച്ചമർത്തപ്പെടുന്ന സ്ത്രീകൾക്ക് നീതി ലഭിക്കാനും അത്തരം അക്രമങ്ങൾക്ക് തടയിടാനുമായിരുന്നു നിലവിൽ വന്നത്. അത്തരം അക്രമങ്ങൾ ഇന്നും നിർബാധം തുടരുന്നുവെന്ന് മാത്രമല്ല, മുമ്പത്തേക്കാൾ വർദ്ധിച്ചു വരികയാണെന്ന് പറയുന്ന സാഹചര്യത്തിലാണ് ഈ നിയമം ഇപ്പോൾ അതിന്റെ ഫലപ്രദമായ പല്ലും നഖവും എടുത്തുകളഞ്ഞ് വെറും കടലാസുപുലിയാക്കിയിരിക്കുന്നത്. പോലീസും കോടതിയുമൊക്കെ തീരുമാനിക്കുന്നതിനുമുമ്പ് ഇനിയിപ്പോൾ വളരെ അയഞ്ഞ രീതിയിൽ രൂപീകരിക്കപ്പെടാൻ പോകുന്ന കുടുംബക്ഷേമസമിതികളാണ് കേസെടുക്കണോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത്. മാത്രമല്ല, പ്രതികൾക്ക് ജാമ്യം ഉടൻ തന്നെ കൊടുക്കണമെന്നും സുപ്രീകോടതിയിൽ പറയുന്നു. അങ്ങേയറ്റം സ്ത്രീവിരുദ്ധമായ വിധിയാണിതെന്നു മാത്രമല്ല, സ്ത്രീപ്രസ്ഥാനങ്ങൾക്ക് ദൂരവ്യാപകമായ ഒരു തിരിച്ചടിയാണിത്. അടുത്ത് വരാൻ പോകുന്നത് ഗാർഹികപീഡനനിരോധനനിയമ (PWDV Act)ത്തിന് വെള്ളം ചേർക്കാനുള്ള നടപടികളാണ്. മോഡി സർക്കാർ വന്ന ശേഷം സ്ത്രീസംവരണ ബിൽ പൂർണ്ണമായും ഇരുളിലേക്ക് തള്ളപ്പെട്ടിരിക്കുകയാണല്ലോ. ഇത്തരത്തിലുള്ള വിധികൾ പൊതു സ്ത്രീസമൂഹത്തെ എത്രമാത്രം അരക്ഷിതരും, നിരാലംബരുമാക്കുമെന്ന് വിധികർത്താക്കളോ, ഈ വിധിക്ക് വഴിവെച്ച മോഡി സർക്കാറിന്റെ നിയമവിദഗ്ദ്ധരോ കണക്കിലെടുക്കുന്നേയില്ല. അവരെ സംബന്ധിച്ച് സ്ത്രീകൾ എല്ലായ്പ്പോഴും മനു പറഞ്ഞതു പോലെ പുരുഷന് കീഴ്പ്പെട്ടവരായിരിക്കണം, അടിമകളായിരിക്കണം. നമുക്കിന്ന് പോരാടി മരിക്കുകയല്ലാതെ മറ്റുവഴികളില്ലാത്ത, ജനാധിപത്യം പൂർണ്ണമായും നിഷേധിക്കപ്പെട്ട ഒരു ഭീകരകാലമാണ് വന്നുകൊണ്ടിരിക്കുന്നത്. ദശകങ്ങളോളം നമ്മൾ ചെയ്തത് വീണ്ടും അതേ ശക്തിയോടെ തുടരുക തന്നെ. മറ്റു മാർഗ്ഗങ്ങളില്ല, സഹോദരിമാരെ...



## സംഘടിത കൂട്ടായ്മയിൽ കണ്ണി ചേരാൻ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകൾക്കെഴുതാനും വായിക്കാനും പ്രസിദ്ധീകരിക്കാനുമുള്ള വേദിയായ സംഘടിതയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, ഓർമ്മക്കുറിപ്പുകൾ, നർമ്മശകലങ്ങൾ, നിരീക്ഷണങ്ങൾ, അമ്മയനുഭവങ്ങൾ, നവമാദ്ധ്യമ അവലോകനങ്ങൾ, പഴയ കുടുംബഫോട്ടോകൾ, സ്ത്രീകളെ സംബന്ധിക്കുന്ന പഴയ പത്രവാർത്തകൾ - പ്രസിദ്ധീകരിക്കാൻ തോന്നുന്ന എന്തും - ക്ഷണിക്കുന്നു. താൽപര്യമുള്ളവർ **sheebakm@gmail.com** എന്ന വിലാസത്തിലേക്ക് സ്വന്തം ഫോട്ടോയും മേൽവിലാസവും ഫോൺ നമ്പറും ഉൾപ്പെടുത്തി അയക്കുമല്ലോ.



ജിന ഡിക്രൂസ്

# വെള്ളം ചൂടാക്കാൻ അറിയാമോ?– അടുക്കളയിൽ നിന്ന് തീൻമേശയിലെത്തുന്ന ലിംഗനീതിരാഷ്ട്രീയം

**ഒരു നിത്യ ഗവേഷകയും ഡാറ്റ വിശകലന തല്പരയുമാണ് ജിന ഡിക്രൂസ്. സാങ്കേതിക വിദ്യ ഉപയോഗിച്ച് എങ്ങനെ പൊതുജനാരോഗ്യസംരക്ഷണം മെച്ചപ്പെടുത്താം എന്ന് കണ്ടുപിടിക്കുന്നതാണ് ദൈനംദിന ഉദ്യോഗം. ലോകത്തിന്റെ സ്പന്ദനം അടുക്കളകളിൽ തുടങ്ങുകയും അവസാനിക്കുകയും ചെയ്യുന്നു എന്നുറച്ചു വിശ്വസിക്കുന്ന ഒരു ഭക്ഷണ ആരാധിക.**



പണ്ട് പണ്ടൊരു രാജാവ് ഒരു സദ്യ നടത്താൻ തീരുമാനിച്ചു. സ്ത്രീകളും പുരുഷന്മാരും ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കണം എന്നും രാജവംശത്തിൽ പെട്ടവർക്ക് മാത്രം ഭക്ഷിക്കാൻ അനുവാദമുണ്ടായിരുന്ന വിഭവങ്ങൾ ജാതി ഭേദമെന്യേ ആർക്കു വേണമെങ്കിലും ഈ സദ്യയിൽ കഴിക്കാമെന്നുമായിരുന്നു തീരുമാനം. 1819 ൽ Imtalanl രണ്ടാമൻ എന്ന ഈ രാജാവ് ആദ്യമായി അന്ന് നിലനിന്നിരുന്ന സാമൂഹിക മതപരമായ ഭ്രഷ്ട് ലംഘിച്ച് ജനങ്ങളുടെ കൂടെ ഇരുന്നു ആഹാരം കഴിച്ചു. ഹവായിയിലെ പ്രശസ്തമായ പരമ്പരാഗത ഭക്ഷണ ആഘോഷമായ ലുവാവു (luau) ഉണ്ടായതിനു പിന്നിലെ കഥ ആണിത്. തീന്മേശയിലും അടുക്കളയിലും ഇന്നും ആണിടങ്ങളും പെണ്ണിടങ്ങളും വെവ്വേറെ ഉള്ളപ്പോൾ ഇതൊരു കഥ മാത്രമായി ചിരിച്ചു

തള്ളാൻ കഴിയില്ല. ആഹാരം ജീവൻ നില നിർത്താൻ അത്യാവശ്യമായ പോഷക വസ്തു—പക്ഷെ ഇതിലുപരി മനുഷ്യ അനുഭവങ്ങളുടെ മൂലക്കല്ല് എന്ന് തന്നെ ആഹാരത്തെ നമുക്ക് വിശേഷിപ്പിക്കാം- നമ്മുടെ സംസ്കാരത്തിന്റേയും സാമൂഹിക സ്വത്വത്തിന്റേയും ആവിഷ്കാരവും മാധ്യമവും ആണ് നമ്മുടെ ഭക്ഷണവും ഭക്ഷണശീലങ്ങളും. ആഹാരം തീന്മേശയിൽ എത്തുന്നത് വരെയുള്ള നാൾവഴികളും സ്വകാര്യ രുചി ഭേദങ്ങൾക്കിടയിലെ രാഷ്ട്രീയവും എന്തായിരിക്കും?

"You are what you eat" എന്ന പൊതു ഉദ്ധരണി നമ്മുടെ പൊതു സമൂഹത്തിനെക്കുറിച്ചും ചേർത്ത് വായിക്കാവുന്ന ഒന്ന് തന്നെ. അതായത് ഒരു പ്രദേശത്തിലെ ഭക്ഷണ രീതികൾ അവിടുത്തെ ലിംഗഭേദത്തിന്റേയും, ലിംഗ മാതൃകകളുടെയും സാമൂഹിക ജാതി വർഗ

**തീൻമേശയും, അടുക്കളയും, ആഹാര സ്വാതന്ത്ര്യവും–- ഇതൊന്നും സ്ത്രീസ്വാതന്ത്ര്യവും ലിംഗനീതി രാഷ്ട്രീയവും ഒഴിവാക്കി ചർച്ച ചെയ്യാവുന്ന വിഷയങ്ങൾ അല്ല. എന്ത് എങ്ങനെ എവിടെ ഉണ്ടാക്കണം, എന്ത് എങ്ങനെ കഴിക്കണം എന്നിങ്ങനെയുള്ള തിട്ടൂരങ്ങൾ ദിവസേന സ്ത്രീകൾക്ക് പല കോണുകളിൽ നിന്നും കിട്ടുന്നു.**



അധികാരരാഷ്ട്രീയത്തിന്റേയും ശ്രേണികളുടെ തനി പരിച്ഛേദം ആവും. തീൻമേശയും, അടുക്കളയും, ആഹാര സ്വാതന്ത്ര്യവും— ഇതൊന്നും സ്ത്രീസ്വാതന്ത്ര്യവും ലിംഗനീതി രാഷ്ട്രീയവും ഒഴിവാക്കി ചർച്ച ചെയ്യാവുന്ന വിഷയങ്ങൾ അല്ല. എന്ത് എങ്ങനെ എവിടെ ഉണ്ടാക്കണം, എന്ത് എങ്ങനെ കഴിക്കണം എന്നിങ്ങനെയുള്ള തിട്ടൂരങ്ങൾ ദിവസേന സ്ത്രീകൾക്ക് പല കോണുകളിൽ നിന്നും കിട്ടുന്നു. ഗാർഹികതയുടെ മേമ്പൊടി ചേർത്ത അലിഖിത നിയമങ്ങളും, സ്റ്റീരിയോടൈപ്പിക്കൽ ആയ പെരുമാറ്റ ചട്ടങ്ങളും സ്ത്രീകളുടെ ഭക്ഷണവും ആയുള്ള ബന്ധത്തെ ആഴത്തിൽ സ്വാധീനിക്കുന്നു. സ്ത്രീകൾക്കുള്ള ഭക്ഷണ പ്രാപ്യതയും (access) ലഭ്യതയും (availability) യും ഉയർത്തുന്ന നൈതിക പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതു തന്നെയാണ്. രുചിയിൽ നിന്നും രാഷ്ട്രീയത്തിലേക്കുള്ള ദൂരം അത്ര വലുതല്ല. ഭക്ഷണനിർമാണം (production), ഒരുക്കം (preparation), ഉപഭോഗം (consumption), വിപണനം (marketing), ഓഹരി നൽകൽ (sharing) എന്നിങ്ങനെയുള്ള പ്രധാന ഘട്ടങ്ങളിൽ ലിംഗനീതി നടപ്പിലാക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

കുടുംബ പരിചരണം പോലെ ഭക്ഷണവുമായി ബന്ധപ്പെട്ട ഒട്ടു മിക്ക വ്യവഹാരങ്ങളും സ്വഭാവ ശീലങ്ങളും വളരെ വ്യക്തിപരവും സ്വകാര്യവുമായ മണ്ഡലമാണ്. സ്ഥായിയായ അത്തരം പെരുമാറ്റ സൂചികകൾ ഗ്രാമീണ നാഗരിക, പാശ്ചാത്യ പൗരസ്ത്യ വ്യത്യാസങ്ങളില്ലാതെ ലോകത്തിലെമ്പാടും ഉണ്ട്, അതിൽ ഭൂരിഭാഗവും നിയന്ത്രിക്കുന്നത് സ്ത്രീകളുടെ പങ്കാളിത്തം തന്നെ. ലോകത്തിലെ ഒട്ടു മിക്ക സ്ഥലങ്ങളിലും സ്ത്രീകൾക്ക് പുരുഷന്മാരെക്കാളും കൂടുതൽ ശരാശരി ആയുസ്സുണ്ടായിരിക്കും. എന്നാൽ ജീവിത നിലവാരത്തിലും പോഷകപരിപാലനത്തിലും സ്ത്രീകളുടെ നില ഒട്ടു മിക്ക ഇടങ്ങളിലും പരിതാപകരമാണ്. ലോകത്തിലെ പകുതിയിലധികം ഭക്ഷ്യോത്പാദനത്തിന്റെ ചുമതല സ്ത്രീകൾക്കാണ്. ഒട്ടു മിക്ക വികസ്വര രാജ്യങ്ങളിലേയും 60 – 80 % ഭക്ഷ്യ ഉത്പാദകർ സ്ത്രീകൾ ആണ്. എന്നിട്ടും ഇവ ഉണ്ടാക്കേണ്ട ഭൂസ്വത്തോ, ഉപയോഗിക്കേണ്ട സാങ്കേതിക വിദ്യയോ, നിക്ഷേപമോ ആദായമോ ആയി വരുന്ന ധനമോ ഇവരുടെ പേരിൽ അല്ല. ഐക്യരാഷ്ട്ര സഭയിലെ FAO യുടെ റിപ്പോർട്ട് പ്രകാരം പുരുഷന്മാർക്കുള്ളത് പോലെയുള്ള ഉത്പാദക വിഭവങ്ങൾ സ്ത്രീകൾക്ക് ലഭ്യമാവുകയാണെങ്കിൽ അവരുടെ കാർഷിക ലാഭം ഇപ്പോഴുള്ളതിനേക്കാളും 20–30 % വരെ വർദ്ധിക്കും. ഒരു വികസ്വര രാജ്യത്തിന്റെ മുഴുവൻ കാർഷിക ഉൽപാദനം 2.5 – 4 % വരെ ഉയർത്താൻ ഇത്തരം വർദ്ധനക്ക് കഴിയും. ഇങ്ങനെ ലോകത്തിലെ മുഴുവൻ വിശന്നിരിക്കുന്നവരുടെ അനുപാതവും 12–17 % വരെ കുറയ്ക്കാൻ കഴിയുമത്രേ. അതായത് സ്ത്രീ ഭക്ഷ്യ പരമാധികാരവും സമത്വവും അവരിൽ മാത്രം ഒതുങ്ങേണ്ട വിഷയമേ അല്ല എന്ന്. പകർച്ചവ്യാധികൾ അല്ലാത്ത രോഗങ്ങളുടെ ക്രമാതീതമായ അനന്തര ഫലങ്ങൾ

**ഭർത്താവിനും മകനും വേണ്ടി ഉറക്കം ഒഴിച്ച് ആഹാരം കഴിക്കാതെ കാത്തു നിൽക്കുന്ന സ്ത്രീകൾ ഇപ്പോഴും പൂമുഖപ്പടിയിലെ സ്നേഹം വിടർത്തുന്ന സ്ത്രീപ്രതിബിംബമാണ്. കാനഡയിലെ മാനിട്ടോബ യൂണിവേഴ്സിറ്റിയിലെ ലുക്ക് സു നടത്തിയ പരീക്ഷണങ്ങൾ ഭക്ഷണ ശൈലികളിലും താല്പര്യങ്ങളിലും ഉള്ള ലിംഗ വ്യതിയാനങ്ങളെ തുറന്നു കാട്ടി.**

അനുഭവിക്കുന്നത് സ്ത്രീകൾ ആണ്. 2030 ആവുമ്പോഴേക്കും 72% മരണങ്ങളും ഇത്തരത്തിലുള്ള രോഗങ്ങൾ മൂലമാവും. ഇങ്ങനെയുള്ള ആരോഗ്യ അസമത്വവും ആഹാര അരക്ഷിതാവസ്ഥയിൽ നിന്നു സ്ത്രീകൾ നേരിടുന്നു. വേതന വിവേചനം കാരണം കുറവ് പ്രതിഫലം കിട്ടുന്ന സ്ത്രീകൾ പുരുഷൻ മാരേക്കാളും കൂടുതൽ വിശന്നിരിക്കുന്നു എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. എന്നാൽ ഒരു വിരോധാഭാസം എന്ന പോലെ ഭക്ഷണ ഉപഭോഗത്തിന്റെ മറുപുറവും സ്ത്രീകൾക്ക് അനുകൂലമല്ലാത്ത സ്ഥിതിയാണ്. ബുലീമിയ, അനോറെക്സിയ നെർവോസ മുതലായ ഭക്ഷണ സംബന്ധമായ മാനസിക ശാരീരിക രോഗങ്ങൾ കൂടുതലായി കണ്ടു വരുന്നതും സ്ത്രീകളിൽ എന്നത് ഈ വൈരുദ്ധ്യത്തിന്റെ ഉത്തമ ഉദാഹരണം ആണ്. പ്രബലമായ സൗന്ദര്യ സങ്കൽപ്പങ്ങൾ ബലപ്പെടുത്തുന്നത് വഴി പ്രചരിക്കുന്ന Body Fascism സ്ത്രീകൾ എന്ത് കഴിക്കണം എന്ന് തീരുമാനിക്കണം എന്ന് ബലം പിടിക്കുന്ന സമൂഹത്തിന്റെ ഗറില്ലാ ആക്രമണ രീതി മാത്രം. ശരീരഭാരത്തെയോ ആകാരത്തെയോ കുറിച്ച് ആകുലപ്പെടാതെ സ്വന്തം ആഹാര ഇഷ്ടാനിഷ്ടങ്ങൾ നിർണയിക്കുന്ന സ്ത്രീകളുടെ എണ്ണം താരതമ്യേന കുറവ് തന്നെ.

ലിംഗ പെരുമാറ്റച്ചട്ടങ്ങൾ ആഹാര താല്പര്യങ്ങളെ നിയന്ത്രിക്കുന്നത് പതിവ് കാഴ്ചകളിൽ ഒന്ന് മാത്രം. ചില ഭക്ഷണ ഇനങ്ങൾ പൗരുഷ പ്രതീകങ്ങളും മറ്റു ചിലതു സ്ത്രൈണ സൂചകങ്ങളുമായി മാറുമ്പോൾ അത് വെറും യാദൃശ്ചികത മാത്രമല്ല. ആഹാരവുമായി ബന്ധപ്പെട്ട ലിംഗ വ്യത്യാസങ്ങൾ ചരിത്രത്തിൽ ഉടനീളം കാണാം. കാട്ടിൽ വേട്ട ചെയ്തു ഭക്ഷണം കൊണ്ടു വരുന്ന പുരുഷ സങ്കല്പവും ഭക്ഷണ സമാഹരണവും പാചകവും ചെയ്തു കുടുംബത്തെ പോഷിപ്പിക്കുന്ന സ്ത്രീ സങ്കല്പവും അന്നും ഇന്നും വലിയ മാറ്റങ്ങളൊന്നും കൂടാതെ നില നിൽക്കുന്നു. പല സാമൂഹിക ശാസ്ത്ര പഠനങ്ങളും ഇത്തരത്തിലുള്ള ലിംഗ അടിസ്ഥാനത്തിലെ മുൻവിധികൾ നമ്മുടെ ആഹാര ശീലങ്ങളുടെ കൂടെ ഉണ്ടെന്നു സാക്ഷ്യപ്പെടുത്തുന്നു. ഉദാഹരണത്തിന്, കൂടുതൽ ഭക്ഷണം പങ്കു പറ്റുന്നതു സ്ത്രീത്വ ലക്ഷണം അല്ലെന്നു പല സമൂഹങ്ങളിലും വിധി എഴുതപ്പെടുന്നു. എന്നാൽ പുരുഷന് അങ്ങനെയുള്ള നിബന്ധനകൾ ഒട്ടു മിക്കവാറും ബാധകം അല്ല താനും. ഭർത്താവിനും മകനും വേണ്ടി ഉറക്കം ഒഴിച്ച് ആഹാരം കഴിക്കാതെ കാത്തു നിൽക്കുന്ന സ്ത്രീകൾ ഇപ്പോഴും പൂമുഖപ്പടിയിലെ സ്നേഹം വിടർത്തുന്ന സ്ത്രീ പ്രതിബിംബമാണ്. കാനഡയിലെ മാനിട്ടോബ യൂണിവേഴ്സിറ്റിയിലെ ലുക്ക് സു നടത്തിയ പരീക്ഷണങ്ങൾ ഭക്ഷണ

ശൈലികളിലും താല്പര്യങ്ങളിലും ഉള്ള ലിംഗ വ്യതിയാനങ്ങളെ തുറന്നു കാട്ടി. ബേക് ചെയ്തോ ചുട്ടോ എടുത്ത ഭക്ഷണ സാധനങ്ങൾ സ്ത്രീകൾക്കുള്ളതും എണ്ണയിൽ വറുത്തു എടുത്തതിനെ പുരുഷന്മാർക്ക് താല്പര്യമുള്ളവയായും പങ്കെടുത്തവർ വിലയിരുത്തി. ആഹാരവുമായി ബന്ധപ്പെട്ടുള്ള മിക്ക മുൻവിധികളും ഇത്തരത്തിൽ ലിംഗവ്യത്യാസങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ബൂസ്റ്റ് വിൽക്കാൻ പുരുഷ കായികതാരങ്ങളും കാഡ്ബറി ചോക്ലേറ്റിന്റെ പരസ്യത്തിൽ സുന്ദരിയായ പെൺകുട്ടിയും വരുന്നത് ഇത്തരം സാമൂഹിക പൊതു സങ്കല്പങ്ങളുടെ പ്രതിഫലനം ആയി മാത്രമാണ്. “വൈകീട്ടെന്താ പരിപാടി” എന്ന ചോദ്യവുമായി വന്ന പുരുഷ സൂപ്പർസ്റ്റാറിനു മുൻവിധികൾ പേടിക്കാതെ ചായപ്പൊടിയുടെ പരസ്യവുമായി നമ്മുടെ TV സ്ക്രീനിൽ എത്താനും സ്ത്രീകൾക്ക് എന്ത് തരം ഉത്പന്നം ആയാലും സാമ്പ്രദായികമായ പെരുമാറ്റച്ചട്ടങ്ങൾ പാലിക്കുന്ന പ്രതിച്ഛായ മാത്രം സ്ക്രീനിൽ പകർത്താനും കഴിയുന്നത് ലിംഗഭേദങ്ങളും ഭക്ഷണവും ആയി ബന്ധപ്പെട്ടുള്ള അലിഖിത നിയമങ്ങൾ കൊണ്ട് തന്നെയാണ്. ഇങ്ങനെ പുരുഷ സ്ത്രീ വക ഭേദങ്ങളായി ഭക്ഷണ പാനീയങ്ങളെ തരം തിരിക്കുന്ന Bro Cuisine പ്രവണതക്കെതിരെ പ്രശസ്തനായ ഷെഫും യാത്രാപരിപാടി അവതാരകനും ആയ ആന്തണി ബൗർഡായിൻ ശക്തമായി താക്കീതു ചെയ്യുന്നു. പരസ്യനിർമാതാക്കൾ സ്ത്രീയുടേയും പുരുഷന്റേയും ഭക്ഷണ സങ്കൽപ്പങ്ങൾ വളരെ വ്യത്യസ്തം ആണെന്ന് വിലയിരുത്തുന്നു. ഭക്ഷണത്തെ സംബന്ധിച്ചുള്ള കാഴ്ചപ്പാടുകളും ഭക്ഷണ സംബന്ധമായ ഭാഷ പോലും അങ്ങനെ ഇരു കൂട്ടരിലും വ്യത്യസ്തം ആയി ഇവർ വിലയിരുത്തുന്നു. ഇത്തരം സ്റ്റീരിയോടൈപ്പുകളെ പ്രോത്സാഹിപ്പിക്കുന്നത് അത് ആവർത്തിക്കപ്പെടാൻ ഉള്ള സാധ്യത കൂട്ടുന്നതിനൊപ്പം ശാരീരിക മാനസിക സങ്കല്പങ്ങളിലും സ്വാധീനം ചെലുത്തുന്നു. വിർജീനിയ വൂൾഫിന്റെ പ്രശസ്തമായ A Room of One's Ownന്റെ പ്രധാന പ്രമേയം തന്നെ ഓക്സ്ഫോർഡിലെ മെൻസ് ഹോസ്റ്റലിൽ സ്വാദിഷ്ടമായ ഭക്ഷണവും വിമൻസ് ഹോസ്റ്റലിലെ ഗുണ നിലവാരം കുറഞ്ഞ ഭക്ഷണവും തമ്മിലുള്ള വ്യത്യാസങ്ങളെക്കുറിച്ചും അത് വ്യക്തിയുടെ മാനസികാവസ്ഥയെ എങ്ങനെ സ്വാധീനിക്കുന്നു എന്നതിനെക്കുറിച്ചും ആണ്. ഏറ്റവും നല്ല ഭക്ഷണം പുരുഷനുള്ളതാണെന്നും സ്ത്രീകൾക്ക് ഭക്ഷണ ഉച്ഛിഷ്ടം ആണെങ്കിലും സാരമില്ല എന്നുമുള്ള സങ്കൽപ്പങ്ങൾ ഇത്തരം ബിംബങ്ങളിലൂടെ നിരന്തരം കടന്നു വരുന്നു. Social Attitudes Research for India (SARI) 2011 ൽ

**കുടുംബത്തിനോടുള്ള കരുതലും ശ്രദ്ധയും കാണിക്കേണ്ടത് സ്വന്തം പോഷകാഹാര ആവശ്യങ്ങൾ മാറ്റി വെച്ച് മറ്റുള്ളവർക്ക് മുൻഗണന കൊടുക്കുമ്പോളാണെന്ന പൊതുബോധം. മകന് വേണ്ടി 'അമ്മ ബാക്കി വെക്കുന്ന അയല പൊരിച്ചതും, പുത്യാപ്ലക്ക് മാത്രം ഉള്ള പലഹാരങ്ങളും, ആയിരം ജോലികൾക്കിടെയും നല്ല ഭാര്യ രാവിലത്തെ പത്രത്തോടൊപ്പം കെട്ട്യോന് ഉണ്ടാക്കി കൊടുക്കുന്ന ചൂട് ചായയും ഒക്കെ ഈ കൃത്രിമ ബോധത്തിന്റെ നിർമിതികളാണ്. കുടുംബത്തിലെ എല്ലാവരുടെയും ആരോഗ്യത്തിന്റെയും പരിപാലനത്തിന്റെയും ഭാരിച്ച ഉത്തരവാദിത്തം മിക്കപ്പോഴും സ്ത്രീകളുടെ മാത്രമാവുന്നു.**

നടത്തിയ പഠനം പ്രകാരം ഇന്ത്യയിൽ ഉടനീളം 40–70% വരെ സ്ത്രീകൾ വീട്ടിലെ പുരുഷന്മാർ ഭക്ഷണം കഴിച്ചതിനു ശേഷം ബാക്കി ഉള്ളതാണ് കഴിക്കുന്നത്. പലപ്പോഴും ഇങ്ങനെ കുടുംബത്തിലെ എച്ചിൽ കഴിക്കേണ്ടി വരുന്ന സ്ത്രീകൾക്ക് കുറഞ്ഞ ഭക്ഷണ അളവിൽ ഉപരി പോഷകം കുറഞ്ഞ ആഹാരം കഴിക്കേണ്ടി വരുന്നു.ലോകമെമ്പാടും ഉള്ള ഒരു പ്രവണത ആണെങ്കിൽ കൂടി ഇങ്ങനെ ലിംഗഭേദ അടിസ്ഥാനത്തിൽ ഭക്ഷണ വിവേചനം നടത്തുന്നത് ആരോഗ്യവും സമത്വവും ലക്ഷ്യം വെക്കുന്ന ഒരു സമൂഹത്തിനു ഒട്ടും ഭൂഷണമല്ല.

ആഹാരം ദിവസേന ഒട്ടും ഗൗരവമില്ലാതെ ഉണ്ടാക്കുന്ന ഒരു ഉത്പന്നമോ (product) പ്രക്രിയയോ (process ) അല്ല. ആഹാരത്തിനു വ്യക്തികൾ കല്പിച്ചു കൊടുക്കുന്ന അർഥങ്ങൾ നമ്മുടെ സാംസ്കാരിക ആശയങ്ങളും പ്രത്യയ ശാസ്ത്രങ്ങളും ആയി ഇടപിണഞ്ഞു കിടക്കുന്നുവെന്നതിൽ തർക്കമില്ല. ഭക്ഷണവും ഭക്ഷണ ശീലങ്ങളും നമ്മുടെ സമൂഹത്തിൽ പ്രത്യക്ഷമായും പരോക്ഷമായും മറ്റു പലതിനെയും പ്രതിനിധാനം ചെയ്യുന്നു. പങ്കു വെക്കലിന്റെയും സ്നേഹത്തിന്റെയും പ്രകടമായ സാക്ഷ്യം ആണ് പലപ്പോഴും നമ്മുടെ തീൻമേശയിലെ വിഭവങ്ങൾ.

**വീട്ടു അടുക്കളകളിൽ പാചകം ചെയ്യുന്ന പുരുഷന്മാരുടെ എണ്ണം വർധിച്ചിട്ടുണ്ട് എന്നതിൽ സംശയം ഇല്ല. എങ്കിലും സ്ത്രീകൾ ഇപ്പോഴും പുരുഷന്മാരേക്കാൾ സ്വകാര്യ വീടിടങ്ങളിൽ  രണ്ടിരട്ടിയെങ്കിലും സമയം ഭക്ഷ്യ പാനീയ ഉത്പാദനത്തിനും ഒരുക്കങ്ങൾക്കും മാറ്റി വെക്കുന്നു. പുരുഷൻ വീട്ടു അടുക്കളയിൽ കയറുന്നതു ഇപ്പോഴും ഒരു കൗതുക വാർത്തയാണ്. നേരെ മറിച്ചു പ്രൊഫഷണൽ ഷെഫുകൾക്കിടയിൽ ഒരു സ്ത്രീ അതിശയം ആവുകയും ചെയ്യുന്നു. അടുക്കള പ്രധാനമായും ഒരു സ്ത്രീ ഇടം ആണെങ്കിൽ പോലും പ്രൊഫഷണൽ ആയ പാചക ഇടങ്ങൾ പുരുഷന്റെ കുത്തക ആണ്.**

ഒന്നേന്നു  അരച്ചും പിഴിഞ്ഞും (from scratch ) ഉണ്ടാക്കുന്നതിനു സ്നേഹക്കൂടുതലും പാക്കറ്റിൽ കിട്ടുന്നതിന് സൗകര്യത്തിന്റെ മേമ്പൊടിയും നമ്മൾ ചാർത്തി കൊടുക്കുന്നു. സമയമെടുത്ത് ഉണ്ടാക്കുന്ന പരമ്പരാഗതമായ രുചി കൂട്ടുകളും ഒരുക്കങ്ങളും പാചകവിധികളും സ്നേഹത്തിന്റെ തുലാസിൽ ഒരിത്തിരി തൂക്കം കൂടുതൽ തന്നെയാണ് ഈ പുത്തൻ കാലത്തിലും. കുടുംബത്തിനോടുള്ള കരുതലും ശ്രദ്ധയും കാണിക്കേണ്ടത് സ്വന്തം പോഷക ആഹാര  ആവശ്യങ്ങൾ മാറ്റി വെച്ച് മറ്റുള്ളവർക്ക് മുൻഗണന കൊടുക്കുമ്പോളാണെന്ന പൊതുബോധം. മകന് വേണ്ടി 'അമ്മ ബാക്കി വെക്കുന്ന അയല  പൊരിച്ചതും, പുത്യാപ്ലക്ക് മാത്രം ഉള്ള പലഹാരങ്ങളും, ആയിരം ജോലികൾക്കിടെയും നല്ല ഭാര്യ  രാവിലത്തെ പത്രത്തോടൊപ്പം കെട്ട്യോന് ഉണ്ടാക്കി കൊടുക്കുന്ന ചൂട് ചായയും  ഒക്കെ ഈ കൃത്രിമ ബോധത്തിന്റെ നിർമിതികളാണ്.  കുടുംബത്തിലെ എല്ലാവരുടെയും ആരോഗ്യത്തിന്റെയും പരിപാലനത്തിന്റെയും ഭാരിച്ച ഉത്തരവാദിത്തം മിക്കപ്പോഴും സ്ത്രീകളുടെ മാത്രമാവുന്നു. പാചക രീതികളിലും സമ്പ്രദായങ്ങളിലും കാലം മാറുന്നതോടൊപ്പമുള്ള മാറ്റങ്ങൾ പ്രകടം ആവാറുണ്ടെങ്കിലും സ്ത്രീയുടെ അടുക്കളയിലെ പാത്രധർമം (role expectation) വലിയ മാറ്റങ്ങൾ ഒന്നും കൂടാതെ തുടരുന്നു. എങ്കിലും വ്യാവസായികവും സാമൂഹികവുമായ പുരോഗമനം ഇത്തരത്തിലുള്ള നിർമിതികൾ തച്ചുടച്ചു പുതു മാതൃകകൾ മുന്നോട്ടു വെയ്ക്കുന്നു. ഉദാഹരണത്തിന് അമേരിക്കയിൽ രണ്ടാം ലോക മഹായുദ്ധത്തോടൊപ്പം ഭക്ഷണ അഭിരുചികൾ മാറി മറിഞ്ഞു. വീട്ടമ്മമാരെ ഉന്നം വെച്ച് കേക്ക് മിക്സുകളും റെഡി ടു  ഈറ്റ് മീലുകളും പുറത്തിറക്കാൻ ഭക്ഷണ കമ്പനികൾ മത്സരിച്ചു. എറിക്ക എഡറിജോനസിന്റെ 'Cooking for a Family in the 1950' ൽ ഇങ്ങനെ വന്ന convenience ഭക്ഷ്യ സാധനങ്ങൾ സ്ത്രീകളുടെ വ്യക്തി വികസനത്തിനുള്ള അവസരങ്ങൾ കൂടുതൽ ഉണ്ടാക്കി എന്ന് പറയുന്നു. Cooking from scratch ൽ  നിന്ന് പതിയെ സ്ത്രീകൾ മാറുകയും പാചക സമയം കുറയുകയും ചെയ്തപ്പോൾ മറ്റു വ്യക്തി താൽപര്യങ്ങൾക്കു അനുസരിച്ച പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കാൻ ഉള്ള സ്വാതന്ത്ര്യം അവർക്കുണ്ടായി. ഭക്ഷണം എങ്ങനെ ഉണ്ടാകണം എങ്ങനെ വിതരണം ചെയ്യണം ആരുമായി പങ്കു വെക്കണം എന്നി ങ്ങനെയുള്ള തീരുമാനങ്ങൾ പരോക്ഷമായി അധികാരം സ്ത്രീകളിലേക്കു പകരുന്നുണ്ട്. 1991 ൽ ദേവാൾട് എഴുതിയ 'Feeding the Family' ഇങ്ങനെ സ്ത്രീയുടെ പ്രധാന ഉത്തരവാദിത്തം തന്നെ അവരുടെ സ്വത്വം നിശ്ചയിക്കുന്ന അളവ് കോൽ ആവുന്നതിനെക്കുറിച്ച് പരാമർശിക്കുന്നു.



പാചകം ഒരു തരത്തിൽ നോക്കിയാൽ യോഗ്യത (virtue) എന്നതിനോപ്പം ഒരു നാണയ വ്യവസ്ഥ (currency) കൂടി ആണ്. ഒരു സ്ത്രീയുടെ മൂല്യം പലപ്പോഴും അവരുടെ പാചക നൈപുണ്യത്തിനോട് ബന്ധപ്പെടുത്തി അളക്കാൻ ശ്രമിക്കുന്നത് ആ

വ്യവഹാര വ്യവസ്ഥിതിയിലാണ്. "അവൾക്കു നന്നായി പാചകം ചെയ്യാൻ അറിയാം" എന്നത് (വിവാഹ കമ്പോളത്തിൽ പ്രത്യേകിച്ചും) കൊള്ളാവുന്ന എന്തോ യോഗ്യതയും, "വെള്ളം ചൂടാക്കാൻ പോലും അറിയില്ല" എന്ന് തമാശയെങ്കിലും ആക്ഷേപമായി പറയുന്നതും ഭക്ഷണം ഉണ്ടാക്കാൻ അറിയുക എന്നത് സ്ത്രീയുടെ മാത്രം സഹജമായ മൂലധനമായി കരുതുന്നത് കൊണ്ട് തന്നെയാണ്. പാചകം

സ്ത്രീകൾക്ക് അവരുടെ ഏജൻസി പ്രകാശിപ്പിക്കാനുമുള്ള അവസരങ്ങൾ കൂട്ടാനും ഈ വിപരീത വ്യവസ്ഥയിൽ പറ്റുന്നു. അങ്ങനെ ആഹാരം, ആഹാര താല്പര്യങ്ങൾ, ആഹാര ഉപയോഗം എന്നത് ലിംഗ സമവാക്യങ്ങളിൽ വല്ലാത്ത ഒരു സമസ്യ ആണ് സൃഷ്ടിക്കുന്നത്. ഒരു സ്ത്രീയുടെ സ്വാതന്ത്ര്യം മറ്റൊരുവളുടെ അടിച്ചമർത്തൽ ആയിമാറുന്നു. ഇത് തലമുറ, ദേശ കാല, സമയ വ്യത്യാസങ്ങൾ മൂലം ഉണ്ടാവാം. ആന്തണി ബൗർഡായിന്റെ 'Parts Unknown" എന്ന പരിപാടിയിലെ ഇറാനിൽ നിന്നുള്ള എപ്പിസോഡിൽ വിവിധ തലമുറകളിലെ സ്ത്രീകൾ തമ്മിലുള്ള ഇത്തരം ആഹാര സ്വാതന്ത്ര്യ വ്യത്യാസങ്ങൾ ചർച്ച ചെയ്യപ്പെടുന്നുണ്ട്. പുതു തലമുറയിലെ ഇറാനിയൻ സ്ത്രീ സൗകര്യത്തിനായി ഒരു ഡിന്നർ പാർട്ടിക്ക് ഒരു പ്രാഥമിക വിഭവം (appetizer), പ്രധാന ആഹാരം (entree ), മധുര പലഹാരം (dessert) ആയി ചുരുക്കുമ്പോൾ അവരുടെ അമ്മയുടേയോ അമ്മമ്മയുടെയോ തലമുറയ്ക്ക് ആതിഥേയ മേശ അങ്ങനെ പിശുക്കി ഒരുക്കുന്നത്



പൊതുവെ അദൃശ്യമായി ഒതുങ്ങി നിൽക്കുന്ന പ്രക്രിയ ആണെങ്കിൽ കൂടി അതിനു പൊതുവെ ലഭിക്കുന്ന പ്രാതിനിധ്യവും പ്രാധാന്യവും അതിന്റെ മൂല്യം ഉയർത്തുന്നു. കുടുംബ സാമൂഹിക ഇടപെടലുകളിൽ ഒരു ക്രയവിക്രയ (negotiation) ഉപാധിയായി സ്വന്തം പാചക നിപുണതയെ ഉപയോഗിക്കാൻ കഴിയുന്ന സ്ത്രീകൾ അവരുടെ സ്വത്വ അധികാരം കൂട്ടാനുള്ള വിനിമയ നാണ്യം ആയി അതിനെ രൂപാന്തരപ്പെടുത്തുന്നു. 'ആഹാരം ഉണ്ടാക്കാൻ അറിയുക' എന്നത് പാചകം ചെയ്യുന്നത് വെറുക്കുന്നെങ്കിൽ പോലും ഈ ചട്ടക്കൂടിൽ തളച്ചിടപ്പെടാനും, അതിഷ്ടപ്പെടുന്ന

**"ആഹാരം ഉണ്ടാക്കാൻ അറിയുക' എന്നത് പാചകം ചെയ്യുന്നത് വെറുക്കുന്നെങ്കിൽ പോലും ഈ ചട്ടക്കൂടിൽ തളച്ചിടപ്പെടാനും, അതിഷ്ടപ്പെടുന്ന സ്ത്രീകൾക്ക് അവരുടെ ഏജൻസി പ്രകാശിപ്പിക്കാനുമുള്ള അവസരങ്ങൾ കൂട്ടാനും ഈ വിപരീത വ്യവസ്ഥയിൽ പറ്റുന്നു.**

ചിന്തിക്കാൻ പോലും കഴിയുന്നില്ല. തീൻമേശ നിറഞ്ഞു കവിഞ്ഞു വിഭവങ്ങൾ ഒരുക്കുന്നതാണ് അവരുടെ ശീലം. ഈ വിനിമയ വ്യവസ്ഥ മറ്റൊരു രീതിയിൽ പുരുഷന്മാരെയും സ്വാധീനിക്കുന്നുണ്ട്. വീട്ടു അടുക്കളകളിൽ പാചകം ചെയ്യുന്ന പുരുഷന്മാരുടെ എണ്ണം വർധിച്ചിട്ടുണ്ട് എന്നതിൽ സംശയം ഇല്ല. എങ്കിലും സ്ത്രീകൾ ഇപ്പോഴും പുരുഷന്മാരേക്കാൾ സ്വകാര്യ വീടിടങ്ങളിൽ രണ്ടിരട്ടിയെങ്കിലും സമയം ഭക്ഷ്യ പാനീയ ഉത്പാദനത്തിനും ഒരുക്കങ്ങൾക്കും മാറ്റി വെക്കുന്നു. പുരുഷൻ വീട്ടു അടുക്കളയിൽ കയറുന്നതു ഇപ്പോഴും ഒരു കൗതുക വാർത്തയാണ്. നേരെ മറിച്ചു പ്രൊഫഷണൽ ഷെഫുകൾക്കിടയിൽ ഒരു സ്ത്രീ അതിശയം ആവുകയും ചെയ്യുന്നു. അടുക്കള പ്രധാനമായും ഒരു സ്ത്രീ ഇടം ആണെങ്കിൽ പോലും പ്രൊഫഷണൽ ആയ പാചക ഇടങ്ങൾ പുരുഷന്റെ കുത്തക ആണ്. പുരുഷൻ യാഥാസ്ഥികമല്ലാത്ത രുചി ഭേദങ്ങൾ പരീക്ഷിക്കുമ്പോൾ പ്രശസ്തിയും സ്തുതിയും നേടുന്നു. എന്നാൽ സ്ത്രീകൾ അവരുടെ അമ്മമാരോ അമൂമ്മമാരോ പാകം ചെയ്യുന്ന രീതിയിൽ നിഷ്ഠാധിസ്ഥിതം ആയി പാകം ചെയ്യുമ്പോഴാണ് ശ്ലാഘിക്കപ്പെടുന്നത് എന്ന് പല പഠനങ്ങളും ചൂണ്ടിക്കാട്ടുന്നു. പ്രൊഫഷണൽ ഇടങ്ങളിൽ പ്രത്യേകിച്ചും സ്ത്രീകൾക്ക് അവരുടെ മിടുക്കു തെളിയിക്കാൻ പുരുഷൻമാരേക്കാൾ പതിന്മടങ്ങു പരിശ്രമിക്കേണ്ടി വരുന്നു. അത്തരം ജോലി മേഖലയിലെ പ്രത്യേകതകൾ, ജോലി-കുടുംബം തുലനം ചെയ്തു പോകേണ്ട ഉത്തരവാദിത്തം, ലിംഗവിവേചനം, വേതന അസമത്വം ഇതൊക്കെ തന്നെ സ്ത്രീകൾക്ക് ഈ തൊഴിൽ മേഖലയിൽ അസാമാന്യമായ പ്രതിബന്ധങ്ങൾ പടുത്തുയർത്തിയിരിക്കുന്നു. മിഷെലിൻ സ്റ്റാറിന് അർഹർ ആയ എത്ര സ്ത്രീ ഷെഫുകൾ ഉണ്ടെന്ന ചോദ്യത്തിനുള്ള സ്പഷ്ടമായ ഉത്തരം ഈ വ്യവസ്ഥാവിവേചനത്തിന്റെ തെളിവാണ്.

സംഗീതത്തെ പോലെ ആഹാരവും ഒരു അസാധാരണമായ ഒരു connector ആണ്. എല്ലാവർക്കും മനസ്സിലാവുന്ന ഭാഷയാണ് രുചി രസങ്ങളുടേത്. നിശ്ശബ്ദരാക്കപ്പെട്ടവർക്കു ശബ്ദം കൊടുക്കാൻ ഭക്ഷണത്തിനു കഴിയും. സങ്കീർണമായ പ്രശ്നങ്ങൾ ലളിതവത്ക്കരിക്കുന്നതായി തോന്നാമെങ്കിലും വർത്തമാനത്തിലെയും ഭാവിയിലെയും ലിംഗനീതി സമവാക്യങ്ങളിൽ ആഹാരസ്വാതന്ത്ര്യത്തിനും ശീലങ്ങൾക്കും ഉള്ള പങ്കു ഒട്ടും ചെറുതല്ല. ആവശ്യത്തിന് ഭക്ഷണം (food), ഇന്ധനം (fuel), ലിംഗസമത്വം (gender equality) ഇവ മൂന്നും ആണ് പല സാമൂഹിക സാമ്പത്തിക ശാസ്ത്രജ്ഞന്മാരും ലോക പുരോഗതിക്കും സമാധാനത്തിനും അത്യാവശ്യം എന്ന് ആവർത്തിക്കുന്ന തുലന സമവാക്യം. ആഹാരശീലങ്ങളുടെ വീക്ഷണ കോണിൽ നമ്മൾ കാണുന്ന, കാണേണ്ടുന്ന ലോകം വളരെ വ്യത്യസ്തം ആയിരിക്കും. ഒരു പക്ഷെ ഒരു സുലൈമാനി ചായക്കോ മധുര പലഹാരത്തിനോ കൂട്ടി യോജിപ്പിക്കാനാവുന്ന വിടവുകൾ മാത്രം ഉള്ള ലോകം.

---

**കവിത**

# 'മറ്റവൾ'

**അനു പാപ്പച്ചൻ**

ഭൂതകാലത്തിന്റെ
പാതിമ്പുറത്തിരുന്ന്
ചുമച്ച് ചുമച്ച് ഊതുമ്പോൾ
ഒരു കാറ്റ് വരും.

മരവിച്ച പുലർച്ചകളിലങ്ങനെ
തീ കാഞ്ഞിരിക്കും

ചുരുണ്ട ഓർമകളുടെ
കെട്ടഴിച്ച്
ഇഴകൾ കോതി വിടർത്തിയിടും.

ഇരുട്ടിന്റെ
ഇരു പൊളികളിൽ നിന്ന്
ചിരകിയിടുന്ന
വെളുത്ത സ്വപ്നങ്ങൾ
ഇമകളുടെ പുകച്ചുമരുകളിൽ തട്ടി
വരാന്തയിലേക്കോടുന്നതു കാണും.

രാത്രി മുഴുവനും
കൊത്തിക്കീറിയ
ഉടലിനെയോർത്ത്
ആകാശ നെറ്റിയിൽ
ചുകപ്പു സൂര്യൻ
ഊർന്നൊലിക്കും.

എപ്പോഴും അടച്ചിടേണ്ട
ചുണ്ടുകളുടെ വാതിലിനപ്പുറത്തേക്ക്
വാക്കുകളുടെ
തുന്നാരൻ കുരുവികൾ
ഒളിച്ചു പോകുന്ന
കളി കണ്ടിരിക്കെ...

'എടീ, മറ്റവളേ!'
തിളച്ചുപൊന്തുന്ന ഒച്ച

മറ്റവൾക്ക് ഏതോ
മറ്റവനെ സങ്കല്പിച്ച്
വിളിക്കുകയാണ്

അവൾക്ക്
അവൾ തന്നെ
മതിയെന്ന്
അവനറിയില്ല.





ഡോ.ജാൻസി ജോസ്

# വാസ്തവം

ആൾദൈവങ്ങൾ
കൊലപാതകങ്ങൾ
ബലാത്സംഗങ്ങൾ
അട്ടിമറികൾ
രാഷ്ട്രീയ പകപോക്കലുകൾ
ഓകസിജൻ രഹിത മരണങ്ങൾ - ഇതെല്ലാം കൊണ്ട് നമ്മുടെ ഇന്ത്യാ മഹാരാജ്യം സമ്പന്നമായിരിക്കുകയാണ്. ഒന്നിനും ഒരു വ്യവസ്ഥയുമില്ല. വിലക്കയറ്റവും പട്ടിണി മരണങ്ങളും ആരുമറിയാതെ പോവുന്നു. ഹിന്ദു രാഷ്ട്രമായാൽ എല്ലാം ശരിയാകുമെന്നു പറയുന്നവർ ഹിന്ദുക്കളെ പോലും വെറുതെ വിടുന്നില്ല.

സന്യാസം  കാമകേളികൾക്കുള്ള എളുപ്പമാർഗ്ഗമായി കണ്ടെത്തുന്നവരെ പ്രോൽസാഹിപ്പിക്കുമ്പോഴാണ് രാജ്യത്ത് സാംസ്കാരിക അധ: പതനം പൂർണ്ണമാവുന്നത്. ഗുർമീതിനെ പോലുള്ള ആൾ ദൈവങ്ങൾ ആണിന്റെയും പെണ്ണിന്റെയും രൂപത്തിൽ ഇങ്ങു കേരളത്തിലും എണ്ണമറ്റുണ്ട്. ആൾദൈവങ്ങൾക്കുനേരെ ഉയരുന്ന ശബ്ദങ്ങൾ നിശ്ചലമാക്കുകയാണ് സാധാരണ പതിവ്.രാഷ്ട്രീയ പാർട്ടികളുടെ അത്യാഗ്രഹമാണ് ഇവരെ വളർത്തുന്നത്. ആൾദൈവങ്ങൾ രാഷ്ട്രീയക്കാരുടെ പണം സൂക്ഷിപ്പുകാരുീ കൂടെയാണ് എന്ന് എല്ലാവർക്കുമറിയാം. ജനങ്ങൾക്ക് ആശ്രയിക്കാൻ നല്ല നേതാക്കന്മാരുടെ അഭാവവും ആൾദൈവങ്ങളെ വളർത്താൻ കാരണമായിട്ടുണ്ട്. നല്ല നേതാക്കളും ജന സേവകരും ഉണ്ടായി വരേണ്ടിയിരിക്കുന്നു.

ആർക്കും എന്തും പറയാവുന്ന, കേറി നിരങ്ങാവുന്ന ഒരിടമായി സ്ത്രീകളെ / സ്ത്രീ വിഷയങ്ങളെ കാണുവാനാണ് എല്ലാവർക്കും താത്പര്യം.ഒരേ ബോധം വളർത്തിയെടുത്ത് സ്ത്രീകളും അടിമത്തം ആഗ്രഹിക്കുന്നു എന്നു പറഞ്ഞ് ഞെളിയുന്നവരാണ് യഥാർഥത്തിൽ സ്ത്രീ വിരുദ്ധർ - അതുകൊണ്ടാണ് ആക്രമിക്കപ്പെട്ട നടിയുടെ കൂടെ നിൽക്കാതെ എതിർ പക്ഷത്ത് നെഞ്ചു വിരിച്ചു നിൽക്കാൻ ചിലർക്കൊക്കെകഴിയുന്നത്.

ഭരണ കർത്താക്കൾക്ക് നിഷ്ക്രിയരായി നോക്കി നിൽക്കേണ്ടി വന്ന കേസുകളിൽ നീതി നിർവഹിക്കാൻ കറ കളഞ്ഞ ന്യായാധിപന്മാരുടെ വരവ് ഒട്ടൊക്കെ പ്രതീക്ഷ നല്കുന്നുണ്ട്. എത്ര പ്രബലരായാലും നീതിക്ക് മുന്നിൽ മുട്ടുകുത്തുന്ന കാഴ്ചയാണ് ഇന്ന് ചില കേസുകളിൽ കാണാൻ കഴിയുന്നത്.ഗുർമീത്, ദിലീപ്, തലാഖ്, സ്വകാര്യത - എന്നീ വിഷയങ്ങളിൽ പ്രതീക്ഷ നല്കുന്ന വിധിയുണ്ടായി എങ്കിലും 498 അ പോലുള്ള സ്ത്രീ സുരക്ഷാ നിയമങ്ങളിൽ വെള്ളം ചേർത്ത് ലഘൂകരിച്ചു കാണുന്ന പ്രവണതയിൽ ആശങ്കയുമുണ്ട്. ഗാർഹിക്കാതിക്രമങ്ങളെ തടയുന്നതിനായുള്ള വകുപ്പ് 498 അ സ്ത്രീകൾ ദുരുപയോഗം ചെയ്യുന്നു എന്ന പറഞ്ഞ് ഭേദഗതിക്ക് തുനിയുന്നത് ലജ്ജാവഹം തന്നെയാണ്. ഒരു സ്ത്രീ തന്റെ ഭർത്താവിനെതിരെ കേസു കൊടുക്കാൻ തുനിയുന്നത് അവസാനക്കൈക്കായിരിക്കും. ഇതു മനസിലാക്കാതെ അക്രമികൾക്ക് കൂട്ടുനിൽക്കുന്ന മനോഭാവത്തോട് അനുകൂലിക്കാൻ കഴിയില്ല തന്നെ



ഹേമ




# തൂശനില മുറിച്ചു വെച്ച് തുമ്പപ്പൂ ചോറ് വിളമ്പിയുള്ള പരസ്യ ചിത്രങ്ങൾ

**ജർമനിയിൽ ഗവേഷക, ബയോഫിസിക്സിൽ പിഎച്ഡി, ആനുകാലികങ്ങളിൽ എഴുതുന്നു, യാത്ര ഫോട്ടോഗ്രഫി,പാചകം എന്നിവയിൽ താല്പര്യം**

'നിങ്ങളുടെ ഭർത്താവിന് തീൻ മേശയിൽ ബോറടിക്കുന്നോ എങ്കിൽ ഞങ്ങളുടെ സൂപ്പ് ട്രൈ ചെയ്യൂ' എന്ന് ഹൈൻസ് കമ്പനി പടിഞ്ഞാറൻ സ്ത്രീകളോട് പറഞ്ഞത് 1940 കളിൽ ആണ്. അതുപോലെ ആ കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ള മറ്റു പല പടിഞ്ഞാറൻ പരസ്യങ്ങളും പുരുഷനെ സംതൃപ്തനാക്കാൻ സ്ത്രീ എന്ത് അവനെ കഴിപ്പിക്കണം എന്നതിനെക്കുറിച്ചായിരുന്നു. അതെ സമയം, എഴുപതു വർഷങ്ങൾക്കു മുൻപ്, നമ്മുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതിയും മറിച്ചായിരുന്നില്ല. കാലം മാറി വരുന്നു, വിദേശങ്ങളിൽ, പരസ്യചിത്രങ്ങളിലെ സ്ത്രീ പുരുഷന്മാരും മാറിക്കൊണ്ടിരിക്കുന്നു.

ഭർത്താവിനെ സംതൃപ്തനാക്കേണ്ടതിൽ നിന്ന്, പരസ്പരമുള്ള സംതൃപ്തിയിലേക്കു വിഷയം മാറുന്നു. എങ്കിൽ കൂടി, അത്തരം രാജ്യങ്ങളിൽ, പുരുഷന്മാർ ആവി പറക്കുന്ന മാംസം ഇഷ്ടപ്പെടുന്നവരെന്നും സ്ത്രീകൾ കലോറി കുറഞ്ഞ, രുചികരമായ യോഗർട്ട് പോലുള്ള ഭക്ഷണങ്ങൾ ഇഷ്ടപ്പെടുന്നവരെന്നും പരസ്യ കമ്പനികൾ ഒരു 'ധാരണ' യിൽ എത്തിയിട്ടുണ്ട്. ലിംഗഭേദങ്ങളില്ലാത്തൊരു സമൂഹത്തിലേക്ക് നമ്മൾ എത്തിച്ചേരാൻ ശ്രമിക്കുന്ന കാലത്തും 'തൂശനില മുറിച്ചു വച്ച് തുമ്പപ്പൂ ചോറ് വിളമ്പിയുള്ള' സ്ത്രീകളുടെ കാത്തിരിപ്പിനെക്കുറിച്ചാണ് പരസ്യചിത്രങ്ങൾ നമ്മോട്

**ഭർത്താവിനെ സംതൃപ്തനാക്കേണ്ടതിൽ നിന്ന്, പരസ്പരമുള്ള സംതൃപ്തിയിലേക്കു വിഷയം മാറുന്നു. എങ്കിൽ കൂടി, അത്തരം രാജ്യങ്ങളിൽ, പുരുഷന്മാർ ആവി പറക്കുന്ന മാംസം ഇഷ്ടപ്പെടുന്നവരെന്നും സ്ത്രീകൾ കലോറി കുറഞ്ഞ, രുചികരമായ യോഗർട്ട് പോലുള്ള ഭക്ഷണങ്ങൾ ഇഷ്ടപ്പെടുന്നവരെന്നും പരസ്യ കമ്പനികൾ ഒരു 'ധാരണ' യിൽ എത്തിയിട്ടുണ്ട്.**




പറയുന്നത്. അങ്ങിനെയുള്ളൊരു കാത്തിരിപ്പിന്റെ നൊസ്റ്റാൾജിയകളുടെ പലതരം വരികൾ അവർ വേവിച്ചുകൊണ്ടേയിരിക്കുന്നു . സാമ്പാറിന്റെ സാങ്കേതികത ഉണ്ണുനീലിയമ്മയ്ക്ക് അറിയുന്ന പോലെ വേറാർക്കും അറിയില്ല, അതുകൊണ്ടു തന്നെ ഉണ്ണുനീലിയമ്മ പറയണം, ദാ ഇദ്ദാണ് സാമ്പാർപൊടി എന്ന്. പത്തിരി ചറപറാന്നു ഉണ്ടാക്കാനും ബിരിയാണി മണം ദേശം മുഴുവൻ പരത്താനും തലശ്ശേരിയിലെ ആയിസുമ്മയും ആ പ്രത്യേക ബിരിയാണി മസാലയും കൂടിയാലേ കഴിയൂ. നല്ല തറവാടി ഫിഷ് മോളി വേണമെങ്കിലോ, തറവാട്ടിലെ കത്രീനാമ്മ തന്നെ വേണം, ആ പ്രത്യേക മാന്ത്രികപൊടിയുടെ കൂടെ.

എന്തിനു പറയുന്നു, കുഞ്ഞിനുള്ള പൊടിപ്പാൽ മുതൽ കുട്ടികളെ ലക്ഷ്യമാക്കിയുള്ള ന്യൂഡിൽസ്, ബിസ്കറ്റ്സ്, ജ്യൂസ്,കേക്ക്, പിസ എന്നിങ്ങനെ എന്തിനും ഉടുത്തൊരുങ്ങിയൊരു അമ്മ തന്നെ വേണം അതിനെ മാർക്കറ്റിൽ എത്തിക്കാൻ. വീട്ടിലെ പ്രായമായവർ, അവരുടെ ഭക്ഷണത്തിലും ശ്രദ്ധ വേണം, അതും ശ്രദ്ധാപൂർവ്വം ചെയ്യേണ്ടത് വീട്ടിലുള്ള വീട്ടുകാരി തന്നെ. അടുക്കളയിലോ, വീട്ടിലോ സ്ത്രീകൾ ഒതുങ്ങി നിൽക്കുന്നു എന്ന് ധരിക്കാൻ വരട്ടെ. അവരുടെ 'കൈപ്പുണ്യം' പുകഴ്ത്തിക്കൊണ്ട് ലഞ്ച് ബോക്സ് തുറക്കുന്ന ഒരു ഭർത്താവായിരിക്കും അടുത്ത പരസ്യത്തിലെ നായകൻ. സവിശേഷമായ ആ 'ചായപ്പൊടി' ഇട്ടു തിളപ്പിച്ച് ഉണ്ടാക്കിയ ചായയുമായി ഭർത്താവിനെ ഉണർത്തുന്നതു മുതൽ തുടങ്ങുന്ന വീട്ടമ്മയായ സുന്ദരിയുടെ ഒരു ദിവസം അവസാനിക്കുന്നത്, നല്ല ഉറക്കത്തിനോ ആരോഗ്യത്തിനോ ആ പ്രത്യേക മരുന്ന് അല്ലെങ്കിൽ പൊടി പാലിൽ കലക്കി ബെഡ് റൂമിൽ അയാൾക്ക് കൊണ്ട് കൊടുക്കുമ്പോൾ ആണ്.

അങ്ങിനെ സർവം സഹയായി, പ്രോട്ടീൻ-വൈറ്റാമിൻ- ആരോഗ്യപ്രശ്നങ്ങളെപ്പറ്റി ഇത്രയേറെ അവബോധമുള്ള അനേകം വീട്ടമ്മമാർ നിങ്ങളുടെ ടെലിവിഷനിൽ വന്നു നിങ്ങളോട് വീണ്ടും വീണ്ടും പറഞ്ഞു കൊണ്ടേയിരിക്കയാണ്. അറിഞ്ഞോ അറിയാതെയോ വീണ്ടും വീണ്ടും കാണിക്കുന്നതിലൂടെ ഓരോ പരസ്യവും സമൂഹത്തിൽ അടിച്ചേൽപ്പിക്കുന്നത് ഓരോ തീമുകൾ ആണ്, അനുകരിക്കേണ്ട ഓരോ മോഡലുകൾ ആണ്. അങ്ങിനെ ആവണം എന്ന് ആവർത്തിച്ച് പറയുന്നുണ്ട് ഇത്തരം പരസ്യങ്ങൾ. ഞങ്ങളുടേതാണ് നല്ലതു എന്ന് ഓരോ പരസ്യമോഡലിനെ ഉപയോഗിച്ചും പറയിക്കുമ്പോൾ അതിന്റെ ബാക്ക് ഗ്രൗണ്ടിൽ സെറ്റ് ചെയ്തിടുന്നത് നമ്മൾ അനുകരിക്കേണ്ട, അല്ലെങ്കിൽ നമ്മുടെ കണ്ണിനു ഇമ്പമുള്ള നൊസ്റ്റാൾജിയ സീനുകൾ ആണ്. അനുകരിക്കാൻ തോന്നുന്നവ. സ്ത്രീകളെ ഉപയോഗിച്ചുള്ള ഇത്തരം പരസ്യ ചിത്രങ്ങൾ പറയാതെ പറയുന്നത്, സ്ത്രീകൾ ഇങ്ങനെയാണ് ഇങ്ങനെ തന്നെയാണ് ആവേണ്ടത് എന്നു തന്നെ ആയിരിക്കണം.

സാമൂഹ്യവ്യവസ്ഥിതികൾ മാറി, ഭൂരിഭാഗം സ്ത്രീകളും സ്വന്തമായി ജോലി ചെയ്തു വരുമാനം കണ്ടെത്തുകയോ കുടുംബം പോറ്റുകയോ ചെയ്യുന്നു. എങ്കിൽ കൂടി അവർ ഭക്ഷണ




കാര്യങ്ങളിൽ എല്ലാവർക്കും അമ്മ ചമയേണ്ടവളും ആകുന്നു. കണ്ടു മടുത്ത 'നൊസ്റ്റാൾജിയകൾ' മാർക്കറ്റ് ചെയ്യാതെ ഒന്ന് മാറ്റി ചിന്തിക്കാൻ പരസ്യകമ്പനികൾക്ക് തോന്നിയാൽ ഒരു പക്ഷെ സ്ത്രീ ഉന്നമനത്തിനോ, അതിലൂടെയുണ്ടാ യേക്കാവുന്ന സമത്വത്തിലേക്കോ ഒരു വഴിതെളിക്കൽ ആകുമെന്നതിൽ സംശയം ഇല്ല. ഇതിലൂടെ, സ്ഥിരമായി ചായ ഇടുന്ന ഒരു പുരുഷന് 'ഞാനും വീട്ടിൽ ഇടക്കൊക്കെ ചായ ഇടാറുണ്ട്',എന്നതിൽ നിന്ന് 'ഞാനാണ് എന്റെ വീട്ടിൽ ചായ ഇടുന്നതു' എന്നു സമൂഹത്തോട് പറയാനുള്ള 'ധൈര്യവും' കിട്ടിയേക്കാം.



ഗാർഗ്ഗി ഹരിതകം

# രുചിയോർമ്മകൾ



യു എസ്സിൽ പ്രൊവിഡൻസ് എന്ന് പേരുള്ള നഗരത്തിൽ, അവസാനത്തേത് എന്ന് തന്നെ തോന്നുന്നുണ്ടായിരുന്ന ഒരു മഞ്ഞച്ച സന്ധ്യയിൽ തയാർ സ്ട്രീറ്റിലെ തെളിഞ്ഞു വരുന്ന രാത്രിയിലേക്ക് ഒരു പറ്റം കൂട്ടുകാരുടെ കൂടെ ഇനിയൊരിക്കലും പോകാൻ സാധ്യതയില്ലാത്ത ഒരു റെസ്റ്റോറന്റിൽ കഥകൾ പറഞ്ഞിരിക്കുകയായിരുന്നു. കൂട്ടത്തിലെ ചിലർ അവർ പല രാജ്യങ്ങളിലും നിന്ന് കഴിച്ച പാൽക്കട്ടികളെ കുറിച്ച് പറഞ്ഞു തുടങ്ങി. എന്റെ പ്രിയപ്പെട്ടവനായിരുന്ന ഒരു ക്ലാസ്മേറ്റിന്റെ പെങ്ങൾ എന്തെല്ലാമോ ഓർത്ത് അന്തം വിട്ടിരുന്ന എന്നോട് 'നിങ്ങളുടെ നാട്ടിൽ എത്ര തരം പാൽക്കട്ടിയാണ് ഉപയോഗിക്കാറുള്ളത്' എന്ന് ചോദിച്ചു.

'ഞങ്ങളുടെ നാട്ടിൽ അങ്ങിനെയൊരു സാധനമേയില്ല' എന്ന് കേട്ടപ്പോൾ അവൾക്കുണ്ടായ ഒരു ഞെട്ടൽ; 'അതെന്തൊരു ബോറൻ നാടായിരിക്കും.' ആ കുട്ടി പറഞ്ഞത് തലയാട്ടി ഞാൻ സമ്മതിക്കുമായിരുന്ന കാലം ആ നാട്ടിൽ വച്ച് തന്നെ കഴിഞ്ഞു പോയതിനാൽ, ഞാൻ എന്തൊക്കെയോ പറയാൻ നോക്കി. അവൾ സമ്മതിച്ചില്ല. പെട്ടെന്നെനിക്ക് എന്റെ ചില അമ്മായിമാരെ ഓർമ്മ വന്നു; 'വെളിച്ചെണ്ണയിലുണ്ടാക്കാത്തതൊക്കെ തിന്നാമ്പറ്റുവോ?' എന്നൊക്കെ ചോദിക്കുന്ന അവരോട് രുചികൾ പലതരം ഉണ്ടെന്നും എല്ലാ മനുഷ്യരും എല്ലാ നാട്ടിലും ആ നാട്ടിലെ ഭൂപ്രകൃതി പ്രകാരമുള്ള നല്ല ഭക്ഷണം തന്നെയാണ് കഴിക്കുന്നതെന്നുമൊക്കെ പല തവണ പറഞ്ഞു മടുത്തത് ഓർമ്മ വന്നു. അവർ സമ്മതിച്ചു തരില്ല; പിന്നെയാണോ ഇവൾ? വെളുത്തവർ കൊന്നു കൊലവിളിച്ച് സ്വന്തമാക്കിയ നാട്ടിൽ മറ്റാരെയും കാണാതെ ജനിച്ചു വളർന്ന ഒരുവൾ?അതെ നഗരത്തിലെ മറ്റൊരു സന്ധ്യയിൽ, കുറച്ച് നാളുകൾക്ക് മുന്നേ, അപ്പിച്ചപ്പോംഗ് എന്ന സംവിധായകന്റെ 'മിസ്റ്റീരിയസ് ഒബ്ജക്റ്റ് അറ്റ് നൂൺ' എന്ന സിനിമ കണ്ട കുറച്ച് നാളുകൾക്ക് ശേഷം. അയ്യോ, ആദ്യം ആ സിനിമയിലെ രുചിയെ

കുറിച്ച് – ഫിഷ് സോസ് വിൽക്കുന്ന ഒരു വണ്ടിയിൽ തായ്‌ലൻഡിലെ കടലോര തെരുവുകളിലൂടെ ആ ക്യാമറ കുറെ നേരം പോകുന്നുണ്ട്. ഫിഷ് സോസിനെ പറ്റിയോർത്താൽ ഈ മഴ തോർന്ന മധുരമുള്ള രാത്രിയിലും വെള്ളമൂറും– സിനിമയെ ക്കുറിച്ച് എന്റെ ക്ലാസിലെ ചൈനക്കാരനോട് പറയുകയായിരുന്നു. പെട്ടെന്ന് എനിക്ക് ബോധമുണ്ടായി; 'എടാ, നിന്റെ നാട്ടിൽ നിനക്കേറ്റവും ഇഷ്ടമുള്ള ഭക്ഷണമേതാണ്?'

'ചൈന?' അവൻ ചോദിച്ചു.

അവിടുന്ന് ഓടി രക്ഷപ്പെടേണ്ടി വന്നവന്റെ ഭാവമാണ് അവന്റെ സ്ഥായി. പക്ഷെ ഞാൻ പിന്നെയും പിന്നെയും ചോദിച്ചു. പതുക്കെ, മടിച്ച്,



അവനെന്റെ കൂടെ ചൈനയിൽ തിരിച്ചെത്തി.

'പാമ്പ്?'

' മീനുകൾ?'

'വണ്ടുകൾ?'

'ഇഴജീവികൾ?'

അങ്ങിനെ ഓരോന്നിന്റെയും കഥകൾ ഞാൻ ആകാംക്ഷയോടെ കേട്ടു.

'എന്നാൽ എനിക്കിഷ്ടം ഇതൊന്നുമല്ല' അവൻ പറഞ്ഞു

'പിന്നെ?'

'പന്നിയുടെയും മുളനാമ്പുകളുടെയും സൂപ്പാണ്! പറയാം... അത് ഏപ്രിൽ മാസത്തെ ആദ്യ മഴയിൽ മുളക്കുന്ന മുളനാമ്പുകൾ എടുക്കരുത് പക്ഷെ...'

ഞാൻ പെട്ടെന്നിടപെട്ടു; 'എനിക്ക് റെസിപ്പി കേൾക്കാൻ കൊതിയായി. ഏറ്റവും നല്ല മുളനാമ്പുകളും ഏറ്റവും നല്ല പന്നിയിറച്ചിയും നമുക്ക് കിട്ടി കഴിഞ്ഞു എന്ന് കരുതുക...'

'ശരി... അപ്പോൾ എന്റെ വീട്ടിൽ ഒരു വിറകടുപ്പുണ്ട്. ഒരു പാട് നേരം കത്തി നിൽക്കുന്നത്. അതിൽ വച്ച പാത്രത്തിൽ ഇത് രണ്ടും കൂടെ ഒരു ദിവസം വേവിക്കും.'

'ഒരു ദിവസമോ? (എന്റെ മനസ്സിൽ 'ഞമ്മളെ ബിരിയാണി പോലും കൂടി വന്നാൽ നാല് മണിക്കൂർ') എന്നിട്ട് രാത്രി കഴിക്കുമോ?'

'ഇല്ല. അന്ന് കഴിക്കില്ല'

'പിറ്റേന്നായിരിക്കും'

'അല്ല. പിറ്റേന്ന് ആ പാത്രം അവിടെ

തന്നെയുണ്ടാകും. അതിന്റെ അടുത്ത ദിവസം രാവിലെ അടുപ്പ് വീണ്ടും കത്തിക്കും. അന്ന് വൈകുന്നേരമാണ്, തണുപ്പിച്ച് മറ്റു ചേരുവകളും ചേർത്ത് വീണ്ടും വേവിച്ച്...'

എന്നെങ്കിലും ചൈനയിൽ പോകുമെങ്കിൽ, രാജാക്കന്മാരുടെ പട്ടുതുണികൾ ഉണ്ടാക്കുമായിരുന്ന അതി വിദഗ്ദരായ തുന്നൽക്കാരുടെ നഗരം എന്ന് പേര് കേട്ട അവന്റെ നാട്ടിൽ ചെന്ന്; അമ്മയുടെ കയ്യും കാലും പിടിച്ച് ഈ സൂപ്പൊന്നു കുടിക്കാൻ അവസരങ്ങളുണ്ടാക്കിത്തരണം എന്ന് അഭ്യർത്ഥിച്ചാണ് അവിടെ നിന്ന് പോന്നത്. മുളനാമ്പുകളും പന്നിയിറച്ചിയുമൊന്നും ഉണ്ടാവില്ല; അതിൽ രുചികൾ മാത്രം- ഹോ!

പന്നിയിറച്ചിയെ കുറിച്ച് പറഞ്ഞു തുടങ്ങിയാൽ പ്രേമത്തെ കുറിച്ച് പറയണം. വി എന്ന വിയറ്റ്നാംകാരി. ആ കോളേജിൽ പഠിച്ചു തുടങ്ങിയ കാലം ; ഇവളെ കാണാനേ ഇല്ലായിരുന്നു. എല്ലാവരും കാത്തിരിക്കും , ക്ളാസുകൾ തുടങ്ങാനും മറ്റും. ഇവൾ വന്നു കയറി, വർത്താനം പറഞ്ഞു തുടങ്ങിയാൽ എല്ലാവരും ചിരിച്ചു കൊണ്ടേ തിരിച്ചു പോകൂ. അത് കൊണ്ട് തന്നെ ഓടിക്കയറുന്ന ഇവളുടെ കൂടെ ചിലപ്പോൾ കാമുകിയുണ്ടാവും. 'ഓ ഈ പെണ്ണ് കാരണം വിയെ നമുക്ക് കിട്ടാനേയില്ലാലോ!' എന്നൊക്കെ നമ്മൾ പരസ്പരം പറയും. അങ്ങിനെ ഒരു നാൾ വിയും കാമുകിയും പിരിഞ്ഞു. പിന്നെ അതിന്റെ ദുഃഖം കാരണം വിയെ ഒട്ടും കാണാതെയായി. പതിയെ പതിയെ കണ്ടു തുടങ്ങി. സംസാരിച്ച് സംസാരിച്ച് നമ്മൾക്ക് രണ്ടു പേർക്കും കലശലായ പ്രേമത്തിന്റെ ബുദ്ധിമുട്ടുകൾ തുടങ്ങി. അത്തരമൊരു സന്ധ്യയിലാണ് ഞങ്ങളൊരുമിച്ച് ഒരു കട്ടിലിൽ ചേർന്ന് കിടന്ന് 'മിസ്റ്റീരിയസ് ഒബ്ജക്റ്റ് അറ്റ് നൂൺ' കണ്ടതെന്ന് പറയാതെ തന്നെ നിങ്ങൾക്കൂഹിക്കാം.

ന്യൂയോർക്ക് നഗരത്തിലേക്ക് ഒരുമിച്ച് ഞങ്ങൾ യാത്ര ചെയ്തു; അവിടുത്തെ കൊറിയൻ ടൗണിൽ പോയി ഭക്ഷണം കഴിക്കാൻ. 'കൊറിയൻ ഗേൾ' എന്ന് പേരുള്ള ഒരു അതിമനോഹര റെസ്റ്റോറന്റിൽ കയറി. ഓർഡർ കൊണ്ട് വരുന്നതിനു മുൻപ് തന്നെ അവിടെ മേശപ്പുറത്തിരുന്ന ചിലതുണ്ട് – കടൽപ്പായലിന്റെ സാലഡ് എള്ള് കൊണ്ടലങ്കരിച്ചത്, പേര് പോലുമറിയാത്ത പച്ചക്കറികളുടെ മധുരമുള്ള ഉണക്കലുകളും അച്ചാറുകളും മറ്റും. പിന്നെ ഒരാൾ വന്നു നമ്മുടെ മേശപ്പുറത്ത് തന്നെയുള്ള ബാർബിക്യൂ അടുപ്പിൽ വെച്ച് നമ്മൾക്കിഷ്ടമുള്ള പോലെ പലതും വേവിച്ച് തരും.

കൂട്ടുകാരി വിയുടെ എഴുത്തിനെക്കുറിച്ച് പറയാം. ശരീരത്തിലെ ഇന്ദ്രിയാനുഭവങ്ങളെ, രുചികളെയും സംഗീതത്തെയും കാമത്തെയും കുറിച്ച് ഇത്ര മനോഹരമായി ; നോവുന്നവണ്ണം, എഴുതാനറിയുന്ന അധികം പേരെ ഞാൻ വായിച്ചിട്ടില്ല. അവളുടെ പ്രേമമവും

**കൂട്ടുകാരി വിയുടെ എഴുത്തിനെക്കുറിച്ച് പറയാം. ശരീരത്തിലെ ഇന്ദ്രിയാനുഭവങ്ങളെ, രുചികളെയും സംഗീതത്തെയും കാമത്തെയും കുറിച്ച് ഇത്ര മനോഹരമായി ; നോവുന്നവണ്ണം, എഴുതാനറിയുന്ന അധികം പേരെ ഞാൻ വായിച്ചിട്ടില്ല.**

അതിസാഹസികവും തെളിഞ്ഞതുമായിരുന്നു. നാട്ടിൽ ചിലർ കാത്ത് നിൽക്കുന്നെന്നും തിരിച്ചു ചെന്നേ മതിയാകൂ എന്നും ഞാൻ എന്നോട് തന്നെ പലവട്ടം പറഞ്ഞു. ഇറാനിയൻ കവിതകൾ ചേർന്നിരുന്നു വായിച്ചു.

അങ്ങിനെ അവർ ആ ബാർബിക്യൂവിനകത്ത് വേവിക്കുന്ന മധുരമുള്ള പന്നിയിറച്ചി പോലെ രുചിയുള്ള ഒരു പ്രേമവും ഞാൻ അനുഭവിച്ചിട്ടില്ല. കൈകളിൽ പറ്റിയ രുചി വിശേഷങ്ങൾ നക്കി തുടങ്ങിയാൽ വിരലുകൾ പോലും തിന്നു പോകുന്ന വിധം.

പ്രൊവിഡൻസിൽ; കോളേജിൽ നിന്നും ദൂരെ ഒരു വീട്ടിൽ ഒരുമിച്ച് താമസിച്ചിരുന്ന രണ്ടു പേരുണ്ടായിരുന്നു. അതിലെ ആൺകൂട്ടുകാരനോടാണ് കൂടുതൽ സംസാരിക്കാൻ ആദ്യമാദ്യം എനിക്ക് അവസരം ലഭിച്ചിരുന്നത്. ഭാര്യ ഒരു സെറാമിക് ആർട്ടിസ്റ്റ് ആണെന്ന് പറഞ്ഞു അവരുണ്ടാക്കിയ ഭരണികൾ ഒരിക്കൽ അയാൾ കാണിച്ച് തന്നു. കാബേജ് വിനാഗിരിയിൽ സൂക്ഷിച്ച് വെക്കാനാണ് ഈ ഭരണികൾ അവരുപയോഗിച്ചിരുന്നത്. രുചി നോക്കിയപ്പോൾ ഉപ്പിലിട്ട മാങ്ങ പോലൊരു സാധനം. ഞാൻ അയാളോടത് പറഞ്ഞു. അയാൾക്ക് ഞാൻ പറയുന്നതെന്തെന്ന് സങ്കല്പിക്കാൻ പോലും കഴിയുന്നുണ്ടായിരുന്നില്ല.

'മാങ്ങക്ക് മധുരമല്ലേ?' അയാൾ ചോദിച്ചു.

തലേന്നാൾ ക്ലാസിലെ ഒരു കുട്ടി അതിസന്തോഷത്തോടെ കൊണ്ടു വന്ന, വെള്ളം നിറച്ച് വെച്ച പോലത്തെ, എന്നാൽ കുറച്ച് മധുരമുള്ള, ആ രുചിയില്ലാത്ത മാങ്ങ ഞാനോർത്തു.

'അത് പോട്ടെ, നിങ്ങൾ അൽഫോൻസാ മാങ്ങ കഴിച്ചിട്ടുണ്ടോ?' ഞാൻ ചോദിച്ചു

'മാങ്ങ പലതരമുണ്ടോ?' എന്നയാളും

കുറച്ച് നാൾ കഴിഞ്ഞപ്പോൾ എന്റെ നാവിൽ വന്നു പോയി കൊണ്ടിരിക്കുന്ന ഉഷ്ണമേഖലാ രുചികളെ തിരിച്ചു പിടിക്കാൻ ഞാൻ വീണ്ടും പെട്ടിയടുക്കി.

ആയിഷ മെഹമൂദ്

# "എത്രയും പ്രിയപ്പെട്ട മേനകാകാന്തിപ്പെണ്ണുങ്ങളെ..."

പണ്ട് പണ്ട് വൺസ് അപ്പോൺ എ ടൈമിൽ അതായത് പുണ്യ പുരാതന ശിലായുഗത്തിൽ ഡി.ഡി വൺ എന്നൊരു ചാനലാണ് എല്ലാ വിനോദങ്ങളുടെയും ഒരു ആശ്രയം. ലോകത്ത് ആകെ മൊത്തം ഈ ഒരു ചാനലെ ഉള്ളൂ എന്നും അമേരിക്കൻ പ്രധാനമന്ത്രിയും ദുബായിലെ രാജാവും ജാക്കി ചാനും കാണുന്നത് ഈ ഒരു ചാനലാണ് എന്നും ഉറച്ച വിശ്വാസത്തിൽ ഞാൻ ജീവിച്ചു. അന്നൊക്കെ പച്ച ബനിയനും ചൊമന്ന പാന്റും ഇട്ട "ആരാനു സംസാരിക്കുന്നത്?" എന്ന വിഭാഗം ഇല്ലായിരുന്നു. അതു കൊണ്ട് തന്നെ "കാനാൻ മരക്കല്ലെ അടുത്ത തേർസ്ടേ, റ്റിൽ തെൻ ബൈ ബൈ" എന്നു പറയാനും ആരുമില്ല. നമ്മള് തന്നെ ഓർത്തു വെച്ച് കാത്തിരുന്നു കണ്ടോളണം. സഹായതാ കെ ലിയേ കോയി നഹീ. എന്നാലും മാതാപിതാഗുരുർ സദസ്സിന്റെ അനുഗ്രഹത്തോടെ മറക്കാതെ കാണുന്ന ചുരുക്കം ചില പരിപാടികൾ ഉണ്ടായിരുന്നു- സുരഭി, ടെർണിങ് പോയിന്റ്, ഇന്ത്യാ ഏക് ഖോജ്, ഹെഡ്സ് & റ്റെയിൽസ് എന്നിവ. ഇതിൽ ഞമ്മളെ മേനകാ കാന്തിയുടെ സൊന്തം സ്പോൺസേർഡ് പരിവാടിയായിരുന്ന ഹെഡ്സ് ആൻഡ് റ്റെയിൽസ് കണ്ട് കണ്ട് പക്ഷി മൃഗങ്ങളോട് എനിക്ക് അടങ്ങാത്ത ഒരു മൊഹബ്ബത്തും തൊടങ്ങീനും.




അന്നത്തെ ഒരു വ്യാഴാഴ്ച്ച പ്രധാന വിഷയം ആന പീഡനമായിരുന്നു. ഹൊ! എന്റെ പൊടി മനസ്സു കലങ്ങിപ്പോയി. ഇത്രയും ബെലിയ ആനക്ക് അയിലും ബെലിയ പരീസണം ഞാൻ ഓർത്തോർത്ത് നെടുവീർപ്പിട്ടു- എന്റെ സങ്കടം എങ്ങനെയെങ്കിലും മേനക ഗാന്ധിനെ

**"ആരാനു സംസാരിക്കുന്നത്?" എന്ന വിഭാഗം ഇല്ലായിരുന്നു. അതു കൊണ്ട് തന്നെ "കാനാൻ മരക്കല്ലെ അടുത്ത തേർസ്ടേ, റ്റിൽ തെൻ ബൈ ബൈ" എന്നു പറയാനും ആരുമില്ല. നമ്മള് തന്നെ ഓർത്തു വെച്ച് കാത്തിരുന്നു കണ്ടോളണം. സഹായതാ കെ ലിയേ കോയി നഹീ.**

അറിയിക്കണം. പരിപാടിയിലേക്ക് അയക്കുന്ന കത്തുകളിൽ നിന്നും തിരഞ്ഞെടുക്കുന്ന കത്തിന് ഒരു വലിയ ചിത്രങ്ങളൊക്കെയുള്ള പുസ്തകം അന്നു സമ്മാനമായി ലഭിക്കുമായിരുന്നു. അത് കണ്ടിട്ട് ചെറുതായി കണ്ണൊന്ന് മഞ്ഞളിച്ചിരുന്നു... അങ്ങനെ ആനയോടുള്ള പിരിസം മൂത്ത് ഉടനെ എഴുതി ഞമ്മളും ഒരു കത്ത്പാട്ട് .

'എത്രയും പ്രിയപ്പെട്ട
മേനകാകാന്തിപെണ്ണുങ്ങളെ....
കണ്ണീരു കൊണ്ട് എനിക്കൊന്നും കാണുന്നില്ലാ...
ആനകളൊക്കെ മുങ്ങി പോകുമോ...
നമുക്ക് ആനകളെയൊക്കെ രക്ഷിക്കണം...'

എന്നൊക്കെ ഹൃദയത്തിൽ നിന്നും ഊറ്റി ഊറ്റി എടുത്ത വാക്കുകൾ കൊണ്ട് ഞാൻ ഒരു കത്ത് കാച്ചി. രണ്ടു ദിവസം സ്റ്റാമ്പിന് വേണ്ടി ഉപ്പാനെ ചൊറിഞ്ഞെങ്കിലും 'അനാവശ്യത്തിനു എന്റെ കയ്യിൽ പൈസല്ല' എന്ന് ഉപ്പ തീർത്തു പറഞ്ഞു. ഉമ്മ കനിഞ്ഞു, കത്തയച്ചു.

## എല്ലാ ആഴ്ചയും ഉമ്മനെയും ഉപ്പനെയും ചട്ടം കെട്ടി, "ഇത വെരുന്നേ നമ്മള കത്തും..." എന്നും പറഞ്ഞ് കണ്ണും മിഴിച്ച് തൊള്ളേം കാട്ടി ടിവിന്റെ മുന്നിൽ ഇരിക്കും. ഒരു വിവരോം ഇല്ല. നാ കോയി ചിട്ടി നാ സന്ദേശ് . ഉപ്പന്റെയും ഇക്കാക്കാന്റെയും ബാക്കി ഉള്ളോരെയും പുച്ഛം വേറെ. "മേനക കാന്തി അത് ചെലപ്പം ഫ്രേം ചെയ്തു പൊരേല് തൂക്കിട്ടുണ്ടാവും"

എല്ലാ ആഴ്ചയും ഉമ്മനെയും ഉപ്പനെയും ചട്ടം കെട്ടി, "ഇത വെരുന്നേ നമ്മള കത്തും.." എന്നും പറഞ്ഞ് കണ്ണും മിഴിച്ച് തൊള്ളേം കാട്ടി ടിവിന്റെ മുന്നിൽ ഇരിക്കും. ഒരു വിവരോം ഇല്ല. നാ കോയി ചിട്ടി നാ സന്ദേശ് . ഉപ്പന്റെയും ഇക്കാക്കാന്റെയും ബാക്കി ഉള്ളോരെയും പുച്ഛം വേറെ. 'മേനക കാന്തി അത് ചെലപ്പം ഫ്രേം ചെയ്തു പൊരേല് തൂക്കിട്ടുണ്ടാവും.'

'നീ പോസ്റ്റ് ബോക്സിൽ തന്നെയല്ലേ ഇട്ടത്? അപ്പറത്തെ കരുണാകരൻ ഡോക്ടറെ വീട്ടിലെ ലെറ്റർ ബോക്സിൽ അല്ലാലോ? ഡോക്ടർ വിചാരിക്കുന്നുണ്ടാവും ഇതെന്താ ഈ ആന പുരാണം എന്ന്!'

ഒരു മാസം അങ്ങനെ കഴിഞ്ഞു. കത്ത് കരുണാകരൻ ഡോക്ടർ വായിച്ചിട്ടുണ്ടാവും എന്ന് ഞാൻ ഏകദേശം ഉറപ്പിച്ച്. ആഹ് ഇനിയിപ്പം മൂപ്പര് രണ്ടോ മൂന്നോ ആനകളെ രക്ഷിക്കട്ടെ! അതല്ലേ ഹീറോയിസം! ഏതായാലും മാറ്റാനും മറിക്കാനും പത്തിരുന്നൂറു ചാനൽ ഇല്ലാത്തത് കൊണ്ട് , അവസാനം വന്നു തൊള്ള പൊളിച്ച് പിന്നേം ഇരിക്കല് ഇതിന്റെ മുന്നിൽ തന്നെയാണ്. അങ്ങനെ ഒരു വ്യാഴായ്ച്ച എപ്പിസോഡിൽ മേനക കാന്തി ഫുൾ പച്ചക്കറി വർത്താനം! നിങ്ങൾ പച്ചക്കറി തിന്നൂ.. പച്ചക്കറിയാണ് തിന്നേണ്ടത്... അത് തിന്നാൽ ആനയാണ്, കുതിരയാണ് എന്നൊക്കെ പറഞ്ഞ് ഞമ്മളെ പോലുള്ള നിഷ്കളങ്കരായ മാംസഭുക്കുകളെ കുരിശിൽ തറച്ച്, പുച്ഛത്തോടെ കൈകാര്യം ചെയ്യുകയാണ്. മേനക കാന്തിക്കറിയോ കോയിക്കോടൻ കോയി ബിരിയാന്റെ മസ്ത്? നല്ല ബീഫ് കുരുമൊളും ചെറിയുള്ളീം ഒക്കെ ഇട്ട് വരട്ടിയെടുത്തത്... മത്തി നെല്ലിക്കയിട്ട് പൊള്ളിച്ചെത്... കൺട്രി പച്ചക്കറീസ്! ഹ ഹ ഹ! അല്ലെങ്കിലും ഈ പച്ചക്കറി പരിപ്പ് വളി ടീംസിന്റെയൊക്കെ ഒരു വിചാരമുണ്ട്, നമ്മളെയൊക്കെ പച്ചക്കറി തീറ്റിച്ച് അങ്ങോട്ട് നന്നാക്കാമെന്ന്! പള്ളീ പറഞ്ഞാ മതി! പരിപാടി അവസാനിക്കാനായപ്പോൾ ഒരു അറിയിപ്പ്, ഈ എപ്പിസോഡ് മെ വിജയ്താ കി നാം ഐഷ മഹ്മൂദ്, കലീക്കട്ട് സേ ഞാൻ അന്നിമിഷം സസ്യഭുക്കായി ഇപ്പം തന്നെ എനിക്ക് പച്ചക്കറി തരൂ, പരിപ്പെവിടെ, ചീരയെവിടെ, കാരറ്റ് മുറിക്കൂ... മേനക കാന്തി കീ ജയ്. പച്ചക്കറി കീ ജയ്

കോയിയും ബീഫും തിന്നുന്നതിന്റെ ദൂഷ്യഫലങ്ങളും പാവം മൂരിയുടെയും കോഴിയുടേയും ദയനീയ അവസ്ഥയും ഞാൻ അടുക്കള തിണ്ണമ്മലു കയറി നിന്ന് ഘോരഘോരം പ്രസംഗിച്ചു. കണ്ട്രി പീപ്പിൾസിനു മനസ്സിലാകേണ്ടേ? ഇറച്ചി തിന്നു തിന്നു പിത്തം കൂടി കിടക്കുമ്പോൾ വെള്ളോം ചോദിച്ചു ഇങ്ങോട്ട് വാ.. ഒരു തുള്ളി തരൂല! അവസാനം എല്ലാരേയും ഞെട്ടിച്ച് കൊണ്ട് ഞാൻ പ്രഖ്യാപിച്ചു, "ഇന്നു മുതൽ ഞാൻ പച്ചക്കറി മാത്രമേ തിന്നുകയുള്ളൂ!" ഉമ്മാമ്മയുടെ കണ്ണിൽ നിന്നും വെള്ളം കുടുകുടാ ചാടി. ഉമ്മ അപ്പോഴും ചിരിച്ചു കഴിഞ്ഞിട്ടില്ല; 'രാവിലെ ചായന്റെ കൂടെ ചെമ്മീൻ അച്ചാർ തൊട്ടു നക്കുന്ന നീയോ പച്ചക്കറിയാകാൻ പോകുന്നത്?"

'എന്റെ ഭൂമിയെയും അതിലെ ഭംഗിയുള്ള പശുനെയും കോഴിയേയും ആടിനെയും രക്ഷിക്കാൻ ഞാനും മേനകാ കാന്തിയും ആരൊക്കെ എതിർത്താലും പൊരുതും വന്ദേമാതരം' ഞാൻ നെഞ്ചത്തടിച്ചു!

അങ്ങനെ മുക്രീന്റകം തറവാട്ടിലെ ആദ്യത്തെ വെജിറ്റേറിയൻ സന്തതി ജനിച്ചു– കൊട്ടും കുരവയുമില്ലാതെ.

അന്നു രാത്രി. കഥാനായിക (ഞാൻ) ആദ്യത്തെ പച്ചക്കറി ഡിന്നറിനു പ്രത്യക്ഷപ്പെട്ടു.

ഉപ്പാപ്പയുടെയും ഉപ്പയുടെയും ഇക്കാക്കന്റെയും എളാപ്പയുടെയും ആക്കി ചിരി കണ്ടില്ലെന്ന് നടിച്ച് ഞാൻ അടുക്കളയിലേക്ക് കയറി. രണ്ട് ഉണക്ക ചപ്പാത്തീസ് ആന്റ്... ചട്ടി തുറന്നു നോക്കിയപ്പോൾ നല്ല മസാലയിട്ട ഞണ്ട്! എന്റെ കാലും കയ്യും തളർന്നു പോയി! കൊടും ക്രൂരത! കണ്ണിൽ ചോരയില്ലാത്ത വർഗ്ഗം! ഒരുത്തിയെ മനസ്സമാധാനത്തോടെ പച്ചക്കറിസ്റ്റ് ആകാൻ വിടില്ല എന്ന്! എന്റെ കണ്ണ് നിറഞ്ഞു, മനസ്സിലൂടെ ഒരു സംശയം പാഞ്ഞു.."ഈ ഞണ്ട് പീഡിപ്പിക്കപ്പെടുന്ന മുഗമല്ലാലോ..തിന്നാമോ?"

"ചാറ് കൂട്ടുന്നതിനു പ്രശ്നമില്ല" എന്നു കേൾക്കുന്നോര് കേൾക്കാൻ  പ്രഖ്യാപിച്ച് ഞാൻ അതിലില്ലാത്ത ചാറ് ഉണ്ടാക്കി കോരിയെടുത്തു. ഹൌ അതു വായിലിട്ടതും എന്റെ നാവിന്റെ തുമ്പത്ത് ഒരായിരം കതിന പൊട്ടി. ചെറിയ വെടി രണ്ടു, വലിയ വെടി മൂവായിരം. അതായത്.. ഈ ഞണ്ട് ഒരു മൺച്ചട്ടിയിലിട്ട് മഞ്ഞളും ഉപ്പും കുരുമുളകും ഇട്ട് വറ്റിക്കുന്നു. എന്നിട്ട് എണ്ണ ചൂടാക്കി ഇഞ്ചി വെളുത്തുള്ളി പച്ചമൊളക് കീറിയത് ഉള്ളി എന്നിവ ഇട്ട് വഴറ്റുന്നു. ഇതിലേക്ക് ഈ ഞണ്ടും തക്കാളിയും ഒരു ലേശം വെള്ളവും ചേർത്ത് അങ്ങോട്ട് വറ്റിച്ചെടുക്കുന്നു

എന്റുമ്മാാാ! അതാണ് ആ ചട്ടിയിൽ മയങ്ങി കിടക്കുന്നത് അന്നു രാത്രി നിയന്ത്രണത്തിന്റെ കൊടുമുടിയിൽ കൊടിനാട്ടി ക്ഷീണിച്ച് തളർന്നു ഞാൻ ഉറങ്ങി. സ്വപ്നം കംപ്ലീറ്റ് ഞണ്ടും പരിപ്പും.

പിറ്റേന്ന് രാവിലെ ചായ കുടിക്കാൻ വന്ന ഞാൻ കണ്ടത് പുട്ടും പഴവും രക്ഷപെട്ടു, രണ്ടും സസ്യബുക്ക് ഐറ്റംസ്.  സ്കൂളിലൊക്കെ ആവശ്യത്തിനു പബ്ലിസിറ്റി ഞാൻ തന്നെ കൊടുത്തു. വെജിറ്റേറിയൻ ജീവിതശൈലിയുടെ ഗുണഗണങ്ങൾ- ആയിശയുടെ മൊഴി മുത്തുകൾ; വാരി വാരി വിതറി. ഉച്ചക്ക് ടിഫിനിൽ ബീഫ് പൊരിച്ച് അടിക്കുന്ന അഷിതയെ ഒക്കെ ഒരു ചെറിയ പുച്ഛം. സത്യം! പുച്ഛം തന്നെ.. അമ്മയാണെ സത്യം പ്യുവർ പുച്ഛം ഒൺലി, നോ കൊതി! ഞാൻ വീണ്ടും പുട്ടും പഴോം. ഇക്കാക്കയും മറ്റുള്ളോരും പുട്ടും ചെമ്മീനും അടിക്കുന്നുണ്ടാകും- പ്രകൃതി സ്നേഹം തൊട്ടു തീണ്ടിയിട്ടില്ലാത്ത പാപികൾ!

എങ്ങനെയൊക്കെയോ രാത്രിയായി, വീണ്ടും പരീക്ഷണം അടുക്കളയിന്നും മനുഷ്യജന്മങ്ങളുടെ സഹനശക്തിയെ വടം കെട്ടി ആയിരം ആനയുടെ ശക്തിക്ക് വലിക്കുന്ന നല്ല കോഴി കൂട്ടാന്റെ മണം. യാ ഹുദാ, മാലിക്കെ, കോഴിന്റെയും ഞണ്ടിന്റെയും പുരാനെ എന്തിനാണ് നീ ഇമ്മായിരി ടേസ്റ്റ് ഉള്ള ഓരോ ജീവിയെ ഇണ്ടാക്കി ഇങ്ങനെ അഴിച്ചു വിടുന്നത്?  ഈ ഇളം പ്രായത്തിൽ എന്തു പരീക്ഷണമാ റബ്ബേ ഇത്?

ഞാൻ യാന്ത്രികമായി അടുക്കളയിലേക്ക് നടന്നു.  ചപ്പാത്തി എടുത്ത് ചാറു കൂട്ടാം എന്നു തറവാട്ടിലെ തൂണിനോട് പ്രഖ്യാപിച്ച് ഞാൻ ചാറ് എടുത്തു. പിന്നെയാണ് ഓർമ്മ വന്നത് ഉരുളക്കിഴങ്ങ് വെജിറ്റേറിയൻ ഫാമിലി ആണല്ലൊ? കോഴിച്ചാറിലെ ഉരുളക്കിഴങ്ങും അങ്ങനെ എന്റെ ബസിയിൽ അന്നത്തെ അത്താഴം തീർന്നപ്പോഴേക്കും ഞാൻ വീണ്ടും പഴയ മുക്രീന്റകത്ത് ആയിശ ആയി മാറി പഹയൻ കോയി ബിടണ്ടേ? അതുമല്ല, എനിക്കായിട്ട് രാത്രി വേറേ കൂട്ടാനൊക്കെ വലിയ പണിയല്ലേ?!

മേനക കാന്തി ആണെങ്കിൽ.. വെളവത്തി സമ്മാന പുസ്തകം അയച്ചു തന്നുമില്ല ഹൌ കടിച്ച കോയിയുമില്ല പിടിച്ച സമ്മാനവുമില്ല എന്ന് ആകുമായിരുന്നു.



പ്രഭാ സക്കറിയാസ്





ഫെമിന

# അകന്നുപോയ ഗന്ധങ്ങൾ

എഴുത്തുകാരി , ഫാഷൻ ഡിസൈനർ. തൃശൂരിൽ സ്ഥിരതാമസം.

അന്ന് ചാവക്കാട് "മിനിഗൾഫ്" ആയിരുന്നു. ഓർമ്മകളിൽ പാർപ്പിടങ്ങളിലും, അവയുടെ അകത്തളച്ചമയങ്ങളിലും, വസ്ത്രധാരണത്തിലും, ജീവിതരീതികളിലും എല്ലാം പേർഷ്യക്കാരുടേതായ പത്രാസും, പകിട്ടും, പരിഷ്കാരങ്ങളും ചാവക്കാട്ടുകാർക്ക് അല്പം കൂടുതലും ആയിരുന്നു. എന്നാൽ ഇതിനൊക്കെ വിപരീതമായി അടുക്കളപ്പുറങ്ങൾ വളരെ ലളിതം ആയിരുന്നു. ഏറ്റവും കുറവ് ചേരുവകളും ആയി പരിമിതമായ എണ്ണം തനത് വിഭവങ്ങളെ എന്റെ ഓർമ്മയിൽ ഞങ്ങളുടെ നാടിനുള്ളു. എന്നാലോ "ലെസ്സ് ഈസ് മോർ" എന്നതിനെ ശരിവയ്ക്കുന്നതായിരുന്നു അവയുടെ രുചികൾ.



നേരം പുലരുന്നതേ തോളിൽ കാവുമായി വരുന്ന മീങ്കാരുടെ കൂവലിലേയ്ക്കാണ്. രാവിലത്തെ ചായപ്പണിയെല്ലാം കഴിഞ്ഞ് ഇടവഴിയിലോ, വേലിത്തലക്കലോ രണ്ട് പെണ്ണുങ്ങൾ കണ്ടുമുട്ടിയാൽ ആദ്യം ചോദിക്കുന്ന വർത്താനം പോലും "മീനെന്താ കിട്ട്യേ?" ന്ന് ആണ്. ഓരോ പ്രദേശത്തിനും ഓരോ "കുറ്റിമീങ്കാരൻ" ഉണ്ടാകും.സുബ്ഹിക്കേ മൂപ്പർ ഹാജരായിട്ടും ഉണ്ടാകും. ഒരു ദിവസം മൂപ്പരു വന്നില്ലെങ്കി ആകെ പരക്കം പാച്ചലാണ്. കെട്ട്യോമ്മാരേം, ആങ്കുട്ട്യേളേം മീനുണ്ടോന്ന് നോക്കാൻ അങ്ങാടിയിലേക്ക് ഓടിക്കണം. ഉച്ചക്കൽക്ക് മീഞ്ചാറില്ലെങ്കി പിന്നെ പരിപ്പ് കുത്തിയതും, തക്കാളിക്കൂട്ടാനും,

മോരുകാച്ചിയതും, മത്തങ്ങയും പയറും , ഉണക്കമീനും, ചമ്മന്തിയും ഒക്കെ ആയി പതിനാറുകൂട്ടം വച്ചുണ്ടാക്കിയാലും ഒരു “ഇതില്ലായ്ക” ആണ്. എനിക്കാണെങ്കിൽ ഈ ദിവസം ആണു ആഘോഷവും. മീനില്ലാത്ത ദിവസമേ ഉച്ചയ്ക്ക് തേങ്ങാചമ്മന്തി അരയ്ക്കൂ, അപ്പോഴേ ആ അമ്മിയിൽ ചൂടുള്ള ചോറിട്ട് ഉരുട്ടിയ ഉരുള കിട്ടു.

ഈ കിട്ടിയ മീൻ നന്നാക്കലും, ഇത് വെച്ചുണ്ടാക്കലും, അരിവച്ച് വാർക്കലും ആണ് ഒരു ദിവസത്തെ പ്രധാന പരിപാടി. ഇവരൊക്കെ ജനിച്ചതും, ജീവിക്കുന്നതും പോലും ഈ ചോറും മീങ്കൂട്ടാനും ഉണ്ടാക്കാൻ വേണ്ടി മാത്രം ആണെന്നു തോന്നിപ്പോകും. മിക്സി ഒക്കെ വല്ല തേങ്ങാപ്പാൽ പിഴിയലോ, ഓട്ടയപ്പത്തിനുള്ള മാവു കലക്കലോ പോലത്തെ നിസ്സാരപണികൾക്കുള്ളതാണ്. മീങ്കൂട്ടാനും, മീൻ പൊരിക്കാനും ഉള്ള കൂട്ടൊക്കെ



അമ്മിയിൽ അരച്ച് ഉരുട്ടി എടുക്കണം. ചുവന്നുള്ളി, വെള്ളുള്ളി, ഇഞ്ചി, പച്ചമുളക്, വേപ്പില, മുളക്, മഞ്ഞൾ, പൊടികൾ, ഉപ്പ് എന്നിവ അരച്ചുണ്ടാക്കുന്ന

കുഴമ്പാണ് മീൻപൊരിക്കാൻ. മൂന്നു നാലു ആഴ്ചയ്ക്കുള്ളത് ഒന്നിച്ചു അരച്ച് ചില്ലുകുപ്പിയിൽ ആക്കി വയ്ക്കും. പച്ചനിറത്തിൽ വേപ്പിലപ്പൊട്ടുകൾ ഉള്ള നല്ല ചുവന്ന മസാല. കറി വയ്ക്കാൻ ഉള്ള അരപ്പിന് ആദ്യം ഒരു കുഞ്ഞിത്തുണ്ടം മഞ്ഞൾ ചതച്ച് നല്ലോണം ഒതുക്കും. അതിലേക്ക് തേങ്ങയും മസാലയും ചേർത്ത് നീട്ടിയരച്ച് വെണ്ണപോലാക്കും. ഒടുക്കം ചുവന്നുള്ളി ചേർത്ത് ഒന്നു ഒതുക്കും. ചുവന്നുള്ളി നല്ലോണം അരഞ്ഞു ചേരാൻ പാടില്ല.

മീൻ അനുസരിച്ച് തേങ്ങാക്കൂട്ടിനും വ്യത്യാസം ഉണ്ട്. വലിയ ചാള, മാന്തൾ, ഇടത്തരം അയല, മാലാൻ, ഐലച്ചൂര എന്നിവയ്ക്ക് തേങ്ങയും, മുളകുപൊടിയും മാത്രം. വലിയ അയല, ചെറിയ ആവോലി, ഏട്ട തുടങ്ങിയവയ്ക്ക് ആദ്യം ചീനച്ചട്ടി അടുപ്പിൽ വച്ചു ചൂടാക്കി അതിലേക്ക് ഒരു നുള്ള് പെരുഞ്ചീരകവും, വേപ്പിലയും ഇടും. ചട്ടി തീയിൽ നിന്നുമാറ്റി ആ ചൂടുള്ള ചട്ടിയിലേക്ക്

**ഈ കിട്ടിയ മീൻ നന്നാക്കലും, ഇത് വെച്ചുണ്ടാക്കലും, അരിവച്ച് വാർക്കലും ആണ് ഒരു ദിവസത്തെ പ്രധാന പരിപാടി. ഇവരൊക്കെ ജനിച്ചതും, ജീവിക്കുന്നതും പോലും ഈ ചോറും മീങ്കൂട്ടാനും ഉണ്ടാക്കാൻ വേണ്ടി മാത്രം ആണെന്നു തോന്നിപ്പോകും. മിക്സി ഒക്കെ വല്ല തേങ്ങാപ്പാൽ പിഴിയലോ, ഓട്ടയപ്പത്തിനുള്ള മാവു കലക്കലോ പോലത്തെ നിസ്സാരപണികൾക്കുള്ളതാണ്.**

മല്ലിപ്പൊടിയും, മുളകുപൊടിയും ഇടും. ഇതും പച്ചത്തേങ്ങയും കൂട്ടി അരയ്ക്കും. വല്യ ആവോലി, അയക്കൂറ, ചെമ്മീൻ, നല്ലോണം മൂത്ത ബ്രാൽ(വരാൽ) എന്നിവർ വന്നാപ്പിന്നെ നല്ലോണം ചുവന്നുള്ളിയും, പച്ചമുളകും വെളിച്ചെണ്ണയിൽ ഇട്ട് വഴറ്റിയതിലേക്ക് നാളികേരം ഇട്ട് പുളിയുറുമ്പിന്റെ നിറം വരുന്ന വരെ വറുത്ത്, പിന്നെ അതിലേക്ക് മസാലകൾ ചേർത്ത് മൂപ്പിച്ച് ആകെ ലഹള.

അരപ്പിന്റെ കൂട്ടിനേ വ്യത്യാസം ഉള്ളു. വെയ്ക്കുന്നതെല്ലാം ഒരേ മാതിരി ആണ്. നമുക്ക് ഇഷ്ടം, മോളീം, മപ്പാസും ഒന്നൂല്ല. ചട്ടിയിലേക്ക് അരപ്പിട്ട് ആവശ്യത്തിനു വെള്ളം ഒഴിച്ച്

അയവാക്കും. ഇതിലേക്ക് നുറുക്കിയ തക്കാളി, വേപ്പില, കീറിയ പച്ചമുളക്, ഉപ്പ്, സീസൺ അനുസരിച്ച് കുടമ്പുളി, ഇരുമ്പൻ പുളി, ചൂടുവെള്ളത്തിൽ വാട്ടിയ കോൽപ്പുളി, മാങ്ങ ഇതിലേതെങ്കിലും ഒക്കെ ചേർത്ത് കലക്കി അരിവെന്ത് ഇറക്കിയ, നിറയേ കനലുമായി കിടക്കുന്ന അടുപ്പിലേയ്ക്ക് വയ്ക്കും. കറി തിളയ്ക്കാൻ നേരം മണം കൊണ്ട് അറിയാം ഉപ്പോ പുളിയോ കുറവാണോ എന്ന്. ഉപ്പു കുറഞ്ഞതിന്, പുളി കുറയുമ്പോ, ഉപ്പും, പുളിയും എല്ലാം കൃത്യം ആയതിനു ഒക്കെ വെവ്വേറെ മണങ്ങളാണ്. ഇനി നമ്മുടെ ശ്രദ്ധയിൽ പെട്ടിട്ടില്ലെങ്കിൽ അയലോക്കത്തൂന്ന് കമന്റ്റി വന്നോളും, "കൂട്ടാനീ ഉപ്പ്ടാൻ മറന്നാ നബീസോ?"ന്ന്. തിളവന്നാൽ മീനിടും, അല്പം കഴിഞ്ഞാൽ തൊലികളഞ്ഞ് ചതച്ച് അമുക്കി കഴുകിയ ഇഞ്ചി ഇടും. (നൂറ് കളയാൻ ആണുപോലും ഇഞ്ചി ചതച്ചുകഴിഞ്ഞ ശേഷം കഴുകുന്നത്.) ഈ സമയത്ത് അടുപ്പിൽ ബാക്കി ഉള്ള കനൽ പുറത്തെടുത്ത് കെടുത്തിക്കളയും. അടുപ്പിന്റെ ചൂടുകൊണ്ട് അരപ്പ് മീനിലേയ്ക്ക് ചേർന്ന് ചാറു പാകത്തിനു വറ്റിക്കോളും. കുളിയും ബാക്കി ബഹളങ്ങളും കഴിഞ്ഞ് വന്ന് ചോറു വിളമ്പാൻ നേരം ഉള്ളി അരിഞ്ഞതും, കറിവേപ്പിലയും വെളിച്ചെണ്ണയിൽ മൂപ്പിച്ചു ചേർത്ത് തൂമിക്കും, അരപ്പ് നല്ലോണം വറ്റി കൂട്ടാൻ വല്ലാണ്ട് കുറുകിപ്പോയിട്ടുണ്ടെങ്കിൽ ഇച്ചിരി ചുടുകഞ്ഞിവെള്ളം ഒഴിച്ച് ചട്ടി ഒന്ന് ചുഴറ്റും.

ഇറച്ചി വയ്ക്കുന്നതും ഏതാണ്ടിതേപോലെ ആണ്. മുളകുപൊടിയും, മഞ്ഞപ്പൊടിയും, മല്ലിപ്പൊടിയും, ഗരം മസാലയും കൂടി വെള്ളമൊഴിച്ച് കുതിർത്ത് വച്ച് ഉപ്പും കൂട്ടി അരയ്ക്കും. പിന്നെ ധാരാളം ചുവന്നുള്ളി, വെളുത്തുള്ളി, ഇഞ്ചി, പച്ചമുളക്, വേപ്പില ഒക്കെ അരിഞ്ഞതും, ഈ മസാലയും കൂട്ടി ചെറുതായി നുറുക്കിയ കോഴിയോ, ആടോ, പോത്തോ ഒക്കെ പുരട്ടി വയ്ക്കും. കുറെകഴിഞ്ഞ് ഇറച്ചി വയ്ക്കുന്ന കലത്തിലേക്ക് ഇത് ഇട്ട് ചെറുതീയിൽ വേവിക്കും. വേവുന്ന ക്രമത്തിനു മുകളിലൂടെ ഇത്തിരീശ്ശേ വെളിച്ചെണ്ണ ഒഴിച്ചു കൊടുക്കും. സവാള, തക്കാളി ഒന്നും ഇല്ല. എന്നാൽ പുത്യാപ്ലമാരോ, പേർഷ്യേന്നു ലീവിനു നാട്ടിൽ വന്ന ആണുങ്ങളോ ഉണ്ടെങ്കിൽ കഥമാറും. അപ്പോ കൈപ്പത്തിരീന്റെ ചിക്കൻ വറുത്തരച്ചതോ മട്ടൺ പാൽക്കറിയോ ഒക്കെ ആകും.

കല്യാണങ്ങളോ, വയറുകാണലോ ഒക്കെ പോലത്തെ ചടങ്ങുകളും ആഘോഷങ്ങളും വന്നാൽ പെണ്ണുങ്ങൾക്ക് കനപ്പെട്ട പണികൾ ഇല്ല. പുറമേ നിന്ന് പാചകക്കാരായ ആണുങ്ങൾ വന്ന് ബിരിയാണിയും, പൊറോട്ടയും, ഉണ്ടാക്കുന്നതിനു ഒപ്പം തന്നെ ഐനാസും, സമൂസയും, വെട്ടപ്പവും, വെട്ടുകേക്കും ഒക്കെ ഉണ്ടാക്കും. പോത്തിറച്ചിയിൽ



**അടുപ്പിന്റെ ചൂടുകൊണ്ട് അരപ്പ് മീനിലേയ്ക്ക് ചേർന്ന് ചാറു പാകത്തിനു വറ്റിക്കോളും. കുളിയും ബാക്കി ബഹളങ്ങളും കഴിഞ്ഞ് വന്ന് ചോറു വിളമ്പാൻ നേരം ഉള്ളി അരിഞ്ഞതും, കറിവേപ്പിലയും വെളിച്ചെണ്ണയിൽ മൂപ്പിച്ചു ചേർത്ത് തൂമിക്കും, അരപ്പ് നല്ലോണം വറ്റി കൂട്ടാൻ വല്ലാണ്ട് കുറുകിപ്പോയിട്ടുണ്ടെങ്കിൽ ഇച്ചിരി ചുടുകഞ്ഞിവെള്ളം ഒഴിച്ച് ചട്ടി ഒന്ന് ചുഴറ്റും.**



ഉപ്പും, കുരുമുളകും, ഇഞ്ചി,വെള്ളുള്ളി, പച്ചമുളക് എന്നിവയും മാത്രം ചേർത്ത് വേവിച്ചാണു ജീവൻ പോണ എരിവും, നല്ല കറുത്ത നിറവും, അപാര രുചിയും ഉള്ള സമൂസപ്പണ്ടം ഉണ്ടാക്കുക. ബന്ധുവീടുകളിൽ നിന്നും, അയലോക്കങ്ങളിൽ നിന്നും കൂട്ടമായി പെണ്ണുങ്ങളെത്തും. ബിരിയാണിയ്ക്കുള്ള അരി കല്ലുമാറ്റി ചേറിപ്പെറുക്കാനും, വെളിച്ചെണ്ണ തടവി വെയിലത്തു വച്ച വെളുത്തുള്ളി തോലുകളയാനും ഒക്കെ ഉള്ള വരവാണ്.

പലയിനം മൺപാത്രങ്ങളായിരുന്നു അന്ന് താരങ്ങൾ. വെല്ലിപ്പയും, മാമാരും ഗൾഫിൽ നിന്നും കൊണ്ടുവന്ന ഭംഗിയുള്ള ക്രോക്കറികളേക്കാൾ പരിഗണനയും, വാത്സല്യവും ഈ ചട്ടികൾക്ക് കിട്ടിയിരുന്നതായി തോന്നിയിട്ടുണ്ട്. ഇറച്ചി പൊരിക്കാനും, പൂരം വറുത്തത് എന്നറിയപ്പെടുന്ന അവലോസ്പൊടി ഉണ്ടാക്കാനും, ലേഹ്യങ്ങൾ തയ്യാറാക്കാനും ഓടിന്റെ ഉരുളി. പെരുന്നാളിനും, ബറാഅത്തിനും അച്ചപ്പവും, നെയ്യപ്പവും, അരീരി അപ്പവും, ചേമ്പപ്പവും ഒക്കെ പൊരിക്കാൻ ഇരുമ്പിന്റെ വലിയ ചീനച്ചട്ടി, ഇരുമ്പിന്റെ തന്നെ ചെറിയ ചീനച്ചട്ടി മീൻ പൊരിക്കാൻ മാത്രം ആണ്. പപ്പടം വറുക്കാനും, മുട്ടപൊരിക്കാനും, കൂട്ടാൻ താളിക്കാനും ഉള്ള ചട്ടി മിക്കവാറും വെള്ളോടിലോ അലുമിനിയത്തിലോ ആകും. ബാക്കി എല്ലാം മൺപാത്രങ്ങൾ. പത്തിരിയ്ക്ക്, ഓട്ടയപ്പത്തിനു, മീനിനു, ഇറച്ചിക്ക്, ഇഞ്ചിമ്പുളിക്ക്, മോരുകാച്ചാൻ, പരിപ്പുകുത്താൻ, അരിപ്പൊടി വറുക്കാൻ, അവലു വറുക്കാൻ, കഷായത്തിനു, ബ്രാത്തുണ്ടാക്കാൻ ഒക്കെ പലയിനം വലിപ്പത്തിലും ആകൃതിയിലുമായി നിരവധി കലങ്ങൾ. ഇപ്പോ പെറ്റിട്ട കുഞ്ഞിനെ നോക്കുന്നപോലെ ആണു അവയെ എടുക്കുന്നതും, പെരുമാറുന്നതും, കഴുകുന്നതും ഒക്കെ. മുതിർന്ന് കോളേജിലൊക്കെ എത്തി എന്റെ ഉള്ളിൽ ഉറങ്ങിക്കിടന്നിരുന്ന ഇന്റീരിയർ ഡിസൈനർ ഉണർന്ന്, ഈ കലങ്ങൾ ഒക്കെ മൂടുതുളയ്ക്കപ്പെട്ട്, ചോന്ന ഇനാമൽ പെയിന്റിൽ കുളിച്ച്, പള്ളയിൽ മണ്ണുനിറച്ച് , അതിൽ കുത്തിനാട്ടിയ അലങ്കാരച്ചെടികളുമായി മുറ്റത്തും മുറികളിലും നിരന്നത് കണ്ട് “എന്ത് നല്ലോം മയങ്ങ്യ ചട്ടികളായിരുന്നു” എന്ന് ഉമ്മ നെലോളിച്ചപ്പോ തോന്നിയ പുച്ഛം ഈയിടെയാണു നീങ്ങിക്കിട്ടിയത്. നോൺ സ്റ്റിക്കുകളോട് വിടപറയുന്നതിന്റെ ഭാഗമായി ഇരുമ്പ് പാത്രങ്ങളിലേയ്ക്കും, മൺപാത്രങ്ങളിലേയ്ക്കും മെല്ലെ കൂടുമാറിയപ്പോൾ. ഈ മൺചട്ടികളെ “മയക്കി എടുക്കൽ” അത്ര എളുപ്പോന്നും അല്ല, ഉമി കരിച്ചും, കഞ്ഞിവെള്ളം നിറച്ചു വച്ചും, എണ്ണതൂത്തും ഒക്കെ വേണം മൂപ്പരെ മയക്കാൻ തുടങ്ങാൻ. എന്നാലും പത്തിരിച്ചട്ടിയും, ഓട്ടയപ്പ ചട്ടിയും അങ്ങനെ പെട്ടെന്നൊന്നും മയങ്ങിത്തരൂല്ല. അപ്പങ്ങൾ ചുട്ട് ചുട്ട് മയപ്പെട്ട് മെല്ലെ മെല്ലെ മയങ്ങിവരണെ വേണം!

**വീട്ടിലുള്ളവരുടെ കണ്ണ് വെട്ടിച്ച്, വായിൽ നോക്കാൻ ചെന്നിരിക്കുമായിരുന്ന അയലോക്കങ്ങളിൽ നിന്നും കിട്ടിയ വിലപ്പെട്ട അറിവാണ് , ഏത് രാജാത്തി ആയാലും മാറ്റാംകുടുമ്മത്തേയ്ക്ക് പോകും മുൻപ് വട്ടത്തിൽ കൈപ്പത്തിരി ഉണ്ടാക്കാനും, അരിയിടിയ്ക്കാനും, ഓല മെടയാനും, തേങ്ങാ വെട്ടുകത്തികൊണ്ട് പൊതിയ്ക്കാനും, നാളികേരം അമ്മിക്കല്ലിൽ മഷിപോലെ അരയ്ക്കാനും, മെയ്യ്വാരു അരുത്തിട്ട് പോകുന്ന കൊഴിയെ പപ്പും പൂടയും പറിച്ച് നുറുക്കി എടുക്കാനും പഠിച്ചിരിക്കണം എന്നത്.**

നോമ്പുകാലം അത്ര സമൃദ്ധമൊന്നും അല്ല. നോമ്പുതുറയ്ക്ക് കാരക്ക, നാരങ്ങാവെള്ളം, പഴം വാട്ടിയതോ നെയ്യിൽ പുഴുങ്ങിയതോ, തരിക്കഞ്ഞി, കൈമ അരിയും ചെറുപയർ പരിപ്പും കൂടി തേങ്ങാപ്പാലിൽ വേവിച്ച് നെയ്യും, പഞ്ചസാരയും തൂവിയ കിച്ചടി, ഏതാനും ഓറഞ്ച് അല്ലികളും, ആപ്പിൾ തുണ്ടുകളും, നെയ്യിട്ട കാപ്പിയും. ഇത്രയുമേ കാണു. വല്യത്താഴത്തിനു പത്തിരീം കൂട്ടാനും.

ചെറിയത്താഴത്തിനു ജീരകക്കഞ്ഞിയും, അതിനു മുകളിൽ ചെറുപഴവും, തേങ്ങയും, ഉള്ളിയും, ജീരകവും ചേർത്ത "ജ്യൂസ്". ഇത്രയുമാണ് പരമാവധി നോമ്പ് വിഭവങ്ങൾ.

മഴക്കാലത്താണ് അടുക്കള ഏറ്റവും സജീവമായി കണ്ടിട്ടുള്ളത്. പ്രസവങ്ങളിൽ നഷ്ടപ്പെട്ട ഊർജ്ജവും, മജ്ജയും പെണ്ണുങ്ങൾ തിരികെപിടിക്കുന്നത് ഇക്കാലത്താണ്. കർക്കിടകത്തിൽ ചെയ്യുന്ന ദേഹരക്ഷ ആണ്ടുമുഴുവൻ ദേഹത്തുകാണുമെന്നാണ്. മഴ കനക്കും മുൻപേ ഇല്ലംകെട്ടി എന്ന വേരും കൊണ്ട് നായാടികൾ വീടുകൾ തോറും വരും. അതുവാങ്ങി കഴുകി, രണ്ട് നാൾ വെള്ളത്തിലിട്ട് കുതിർത്ത് തൊലി വേർപെടുത്തി എടുത്ത് ഉണക്കി, പൊടിച്ചു വച്ചിട്ടുണ്ടാകും. ആ പൊടി വീണ്ടും കുതിർത്ത് മയത്തിൽ അരച്ചെടുത്ത് അതും കൂടെ കൂട്ടി ഉണ്ടാക്കുന്ന ജീരകക്കഞ്ഞി, ഉലുവ കുതിർത്തി വേവിച്ചത് തേങ്ങാപ്പാലും ശർക്കരയും കൂട്ടി പിഴിഞ്ഞെടുക്കുന്ന പാനീയം, ആടിന്റെ ബ്രാത്ത്, ആടിന്റെ കരളും, ഇളം എല്ലും കുരുമുളക് ചേർത്ത് വരട്ടിയത്, ഉലുവ ലേഹ്യം അങ്ങനെ. മുരിങ്ങയില, കൊള്ളിക്കിഴങ്ങ് (മരച്ചീനി) എന്നിവ കർക്കിടകത്തിൽ കഴിക്കാനും പാടില്ല. ആ കാലങ്ങളിൽ അവയ്ക്ക്"കട്ട്" കാണും എന്ന്.

അന്നൊക്കെ വലുതാകാനും, കെട്ടുപ്രായം തെകയാനും കാത്തിരുന്നത് ഉരലിൽ അരി ഇടിക്കാൻ പഠിക്കാനും കൂടി ആയിരുന്നു. ഞങ്ങളുടെ വീട്ടിൽ അതൊക്കെ പണിക്കാരുടെ ജോലികളാണ്. വളരെപ്പെട്ടെന്ന് നാടുമുഴുവൻ ഫ്ളവർ മില്ലുകൾ പടർന്നപ്പോൾ ആ വഴി ഒട്ടും മടി കൂടാതെ സ്വീകരിക്കുകയും ചെയ്തു. വീട്ടിലുള്ളവരുടെ കണ്ണ് വെട്ടിച്ച്, വായിൽ നോക്കാൻ ചെന്നിരിക്കുമായിരുന്ന അയലോക്കങ്ങളിൽ നിന്നും കിട്ടിയ വിലപ്പെട്ട അറിവാണ് , ഏത് രാജാത്തി ആയാലും മാറ്റാംകുടുമ്മത്തേയ്ക്ക് പോകും മുൻപ് വട്ടത്തിൽ കൈപ്പത്തിരി ഉണ്ടാക്കാനും, അരിയിടിയ്ക്കാനും, ഓല മെടയാനും, തേങ്ങാ വെട്ടുകത്തികൊണ്ട് പൊതിയ്ക്കാനും, നാളികേരം അമ്മിക്കല്ലിൽ മഷിപോലെ അരയ്ക്കാനും, മെയ്ല്യാരു അറുത്തിട്ട് പോകുന്ന കൊഴിയെ പപ്പും പൂടയും പറിച്ച് നുറുക്കി എടുക്കാനും പഠിച്ചിരിക്കണം എന്നത്. പത്തിരിയ്ക്കും, അവലോസ് പൊടിക്കും, മറ്റ് പലഹാരങ്ങൾക്കും ഉള്ള അരിപ്പൊടി ഉരലിലിടിച്ച് തയ്യാറാക്കുന്നത് ഒന്ന് കാണണ്ട കാഴ്ച ആണ്. രണ്ടോ മൂന്നോ പെണ്ണുങ്ങൾ ഒന്നിച്ചു ഉരലിനു ചുറ്റും കൂടി നിൽക്കും, മൂന്നു പേർ ഒന്നിക്കുന്നതൊക്കെ ഹൈലി സ്കിൽഡ് ആയിട്ടാണു കണക്കാക്കിയിരുന്നത്. ഉലയ്ക്കകൾ തമ്മിൽ കൂട്ടിമുട്ടാതെ, ഒറ്റത്തരി അരി പുറത്ത്

**മാറ്റമില്ലാതെ ചിട്ടയിൽ തുടരുന്നത് ആകെ അരിവപ്പാണ്. അതു ഈ അടുത്തകാലം വരെ അടുപ്പിൽ തന്നെ. വാർക്കുന്നത് ഈറ്റ കൊണ്ടുള്ള കൊട്ടക്കയിൽ കൊണ്ടും. അതുവച്ച് ചോറു കലത്തിൽ നിന്നും ഇത്തിരിശ്ശെ ആയി ഊറ്റിയെടുക്കും. നല്ല സമയവും, ക്ഷമയും വേണം. എനിക്ക് അടുക്കളപ്പണിയിൽ ഏറ്റവും മുഷിച്ചിൽ തോന്നിയിട്ടുള്ളത് ഈ രീതിയിലുള്ള ചോറുവാർക്കൽ ആണ്. മുട്ട പുഴുങ്ങലും ഈ ചോറുവയ്ക്കുന്നേനു ഒപ്പം ആണ്.**



പോകാതെ കൈകൾ മാറി മാറി താളത്തിൽ, ആയത്തിൽ,ചന്തത്തിൽ വീശി ആഹ! ആ ഗ്രൂപ്പ് ഡാൻസിൽ ചേരാനും, തെറ്റാണ്ട് സ്റ്റെപ്പിടാനും കുറച്ചൊന്നും ആയിരുന്നില്ല കൊതി. എന്തായാലും മുകളിൽ പറഞ്ഞ പണികളൊന്നും ഞാൻ ഒരു കാലത്തും പഠിച്ചില്ല. ആരും പഠിപ്പിക്കാനും വന്നില്ല. തേങ്ങാ അമ്മിയിൽ അരയ്ക്കൽ ശ്രമിച്ചിട്ടും ചീറ്റിപ്പോയി.

ഞാൻ കുട്ടിയായിരിക്കുമ്പോ തന്നെ കാലം നിന്ന നിൽപ്പിൽ അന്തം വിട്ട് നല്ലോണം ഒന്ന് വട്ടം കറങ്ങി, അടുക്കളകൾ മാറി. ആണുങ്ങൾടെ പിന്നാലെ അവർക്കു വച്ചു വെളമ്പാൻ കടലു കടന്ന പെണ്ണുങ്ങൾ ലീവിനു നാട്ടിൽ വരുമ്പോ പുത്തൻ യന്ത്രങ്ങൾക്കൊപ്പം പുതുരുചികളും എത്തിച്ചു.

**വേറൊന്ന് അയൽപക്കത്തു നിന്നും ഇരുപത്തിയേഴാം രാവിനു എത്തിയിരുന്ന അടുക്കുപത്തിരി. സാധാരണ അടുക്ക് പത്തിരിയിൽ നിന്നും വ്യത്യസ്തമായി ഇതിനു ഇളം പർപ്പിൾ നിറവും, ഒരു പ്രത്യേക ഫ്ളേവറുമാണ്. ആ നിറത്തിന്റെയും, മണത്തിന്റെയും ഗുട്ടൻസ് എനിക്കെന്നല്ല, ആ വീട്ടിലെ മറ്റാർക്കും അറില്ല. അതുണ്ടാക്കിരുന്ന ഉമ്മാമ ഇപ്പോ ഇല്ലാതാനും.**



പൊന്നാനിയിലേയും, തലശ്ശേരിയിലേയും, മാഹിയിലേയും, കോട്ടയത്തേയും ഒക്കെ ഡെലിക്കസികൾക്കൊപ്പം, അറബ്-ലെബനീസ്-തുർക്കി രുചിപ്പെരുമകളും വീടുകളിൽ സാധാരണമായി.

മാറ്റമില്ലാതെ ചിട്ടയിൽ തുടരുന്നത് ആകെ അരിവപ്പാണ്. അതു ഈ അടുത്തകാലം വരെ അടുപ്പിൽ തന്നെ. വാർക്കുന്നത് ഈറ്റ കൊണ്ടുള്ള കൊട്ടക്കയിൽ കൊണ്ടും. അതുവച്ച് ചോറു കലത്തിൽ നിന്നും ഇത്തിരീശ്ശെ ആയി ഊറ്റിയെടുക്കും. നല്ല സമയവും, ക്ഷമയും വേണം. എനിക്ക് അടുക്കളപ്പണിയിൽ ഏറ്റവും മുഷിച്ചിൽ തോന്നിയിട്ടുള്ളത് ഈ രീതിയിലുള്ള ചോറുവാർക്കൽ ആണ്. മുട്ട പുഴുങ്ങലും ഈ ചോറുവയ്ക്കുന്നേനു ഒപ്പം ആണ്. അരി പാതി വെന്താൽ കോഴിമുട്ടകൾ അതിലേയ്ക്കിടും, എന്നിട്ട് ഓരോരുത്തരുടെ പാകത്തിനു അനുസരിച്ച് എടുക്കും. വീട്ടിലെ ജിമ്മന്മാർക്കും, പുത്യാപ്ലാർക്കും, വെള്ളിയാഴ്ച തോറും വന്ന് യാസീൻ ഓതി ശെയ്താനെ ഓടിക്കുന്ന ഉസ്താദിനും ഉള്ള ഹാഫ് ബോയിൽഡ്, കുട്ടികൾക്കും, ഗർഭിണികൾക്കും, പെറ്റു കിടക്കുന്നവർക്കും ഉള്ള ഫുൾ ബോയിൽഡ് ഒക്കെ സമയാസമയം കൃത്യമായി ചോറുംകലത്തീന്ന് പുറത്ത് വരും. മഴയ്ക്കു മുൻപ് അതിരിലെ ഓലവേലിയും, തൊഴുത്തും, വിറകുപുരയും ഒക്കെ പുതുക്കിപ്പണിയും. ആ സമയത്ത് അടുപ്പ് പുറത്തേയ്ക്ക് മാറും. പഴയ ഓലയും, മുളയുടേയും, കവുങ്ങിന്റേയും വാരികളും കത്തിത്തീരുന്നത് വരെ അതവിടെ കാണും. വിറകുപുരയും, തൊഴുത്തും പുതുക്കിമേയുന്ന അന്നു മാത്രം കാണുന്ന വിഭവം ആണു നുറുക്കരിയും, ശർക്കരയും ചേർത്ത ചക്കരക്കഞ്ഞി. ശർക്കരപ്പൊങ്കൽ തന്നെ.

പഴയ രുചികളെയൊന്നും മിസ്സ് ചെയ്യുന്നില്ല, ആ

രുചികൾ തിരികെ വരാൻ പഴയ പാചകരീതികളോ, അടുക്കളപ്പുറങ്ങളോ തിരികെ വരണമെന്ന് ആഗ്രഹവും ഇല്ല. പുതു മാർഗ്ഗങ്ങളിലൂടെ തന്നെ മിക്ക രുചികളും ഞാൻ തിരിച്ചെടുത്തു കഴിഞ്ഞു. സ്ത്രീകളുടെ എന്തുമാത്രം അദ്ധ്വാനവും, സമയവും ആണ് ഒരു ക്രിയേറ്റിവിറ്റിയും ഇല്ലാതെ എരിഞ്ഞു പോയിരുന്നത്. കല്യാണമൊക്കെ കഴിഞ്ഞ് ഭർത്താവിന്റെ വീട്ടിൽ പോയി അയൽപക്കമൊക്കെ കണ്ണോടിക്കുമ്പോൾ ആണ് അരിവയ്പ്പിനു പിന്നിലെ വീട്ടമ്മമാരുടെ അദ്ധ്വാനം മനസ്സിലായത്. പറമ്പിലും പുറത്തും അകത്തുമായി ഓലമടലും, വിറകും കീറാനും, ഉണങ്ങിയ വിറക് അട്ടിയിടാനും, രാവിലെ തീപൂട്ടിക്കൊടുക്കാനും വരെ പണിക്കാർ ഉണ്ടായിരുന്നിടത്ത് എന്റെ വെല്ലിമ്മ ആഘോഷമായി, ജോലിയായി ചെയ്തിരുന്ന ആചാരമാണ് ഈ ചോറുണ്ടാക്കൽ. ഇടയ്ക്കിടക്ക് തീ കൂട്ടി, ഇടക്ക് അരുമയായി കത്തുന്ന കൊള്ളികൾ കുത്തിക്കെടുത്തി എടുത്തുമാറ്റി, ഇടയ്ക്ക് കലം തുറന്ന് അരി കടിച്ചുനോക്കി ഒക്കെ ഉമ്മുമ്മ അതു ചെയ്യുന്ന കണ്ടാൽ ആ അവകാശം കാലിൽ വീണു വാങ്ങിച്ചെടുക്കാൻ തോന്നും. കയ്യും കാലും പൊള്ളിക്കാനായി അടുപ്പിന്റെ അരികിലേയ്ക്ക് ചെല്ലാൻ അന്നൊന്നും അനുവാദം ഇല്ല. ആ വഴിയ്ക്ക് പോയാൽ കൊട്ടക്കിലിന്റെ പിടി കൊണ്ടുള്ള തല്ല് ഒറപ്പ്.

എന്നാൽ അത്യാവശ്യം സാമ്പത്തികശേഷിയും, സൗകര്യങ്ങളും, ആളും ഉള്ള വീട്ടിലെ വീട്ടമ്മമാർ പോലും, സ്വയം വിറക് കീറി, മഴയും, വെയിലും നോക്കി നോക്കി ഇരുന്ന് അതൊക്കെ ഉണക്കി, അടുക്കി, രാപ്പകൽ അടുപ്പൂതി ചോറുവയ്ക്കുന്ന കാഴ്ച കണ്ട് സങ്കടം തോന്നാറുണ്ട്. ഇവർ ജീവിതകാലം മുഴുവൻ ഈ ഒരൊറ്റ അരിവയ്പ്പിനു നീക്കിവച്ചതു പോലെ തോന്നും. എന്നാൽ ഈയടുത്ത് അഡ്വെർടൈസിംഗ് ഫീൽഡിൽ ജോലി ചെയ്യുന്ന ഒരു സുഹൃത്ത് പറഞ്ഞ ഒരുകാര്യം ഉണ്ട്. കേരളത്തിലെ മാർക്കറ്റിൽ ക്ലച്ച് പിടിക്കാതെ പോയ ഒരു ഉല്പന്നമാണുപോലും റൈസ് കുക്കർ. ചോറുവയ്ക്കുന്നത് ഭൂരിഭാഗം വീട്ടമ്മമാരും തങ്ങളുടെ അവകാശമായാണു കാണുന്നതെന്ന്. ഒരു യന്ത്രം വന്ന് ഒരു സ്വിച്ചിട്ട് ചോറുണ്ടാക്കുന്നത് തങ്ങളുടെ നിലനിൽപ്പിനെ ചോദ്യം ചെയ്യുമെന്ന് അവർ ഭയക്കുന്നുവെന്ന്. ഹൌ ന്റെ പഹച്ചികളേ!

മിസ്സ് ചെയ്യുന്നത് ചില മണങ്ങളെയാണ്. ഉയർന്ന് നിൽക്കുന്ന പുകക്കുഴലുകളിലൂടെയും, മരയഴികളിലൂടെയും പുറത്ത് വന്ന് പരന്നിരുന്ന ചില മണങ്ങളെ. ചക്കിലാട്ടിയ വെളിച്ചെണ്ണയിൽ പപ്പടം മൊരിയുന്നതിന്റെ, ഇരുമ്പ് ചട്ടിയിൽ ചുട്ട വെള്ളേപ്പം തേങ്ങാപ്പാൽ പുരട്ടി പഞ്ചസാര തൂവി അടച്ചുവച്ച പാത്രം തുറക്കുന്നതിന്റെ, മാസത്തിലൊരിക്കൽ വീട്ടിൽ വന്നിരുന്ന അംബ്രാൾ, തൂക്കുപാത്രത്തിൽ കൊണ്ടു വന്നിരുന്ന വെണ്ണ നമ്മുടെ അടുക്കളയിലിരുന്നു ചീനച്ചട്ടിയിൽ മൂപ്പിച്ച് നെയ്യാക്കിത്തരുമ്പോൾ ഉള്ള വാസന, ചെറിയ മുള്ളൻമീൻ മുളകിട്ടതിന്റെ മുകളിൽ പച്ചവെളിച്ചെണ്ണയും, വേപ്പിലയും കലരുന്നതിന്റെ,

**പൂഴിയിൽ വളരുന്ന കൊള്ളിയുടെ സ്വാദ് ഒന്നു വേറെ ആണ്. അതിന്റെ കൂടെ കനലിൽ മുളകും ചുവന്നുള്ളിയും ചുട്ട്, കലത്തിൽ സൂക്ഷിക്കുന്ന വെണ്ണക്കൊഴുപ്പുള്ള കറുത്ത വാളൻപുളിയും ഉപ്പും കൂട്ടി അരച്ച്, വെളിച്ചെണ്ണ തൂവി എടുക്കുന്ന ആ ചമ്മന്തി. എങ്ങനെ തലകുത്തി നിന്നിട്ടും അടുപ്പിലെ കനലും, അമ്മിയും പ്രയോഗിച്ചിട്ടും, അളവുകൾ കൃത്യമായി പാലിച്ചിട്ടും എനിക്കാ രുചി അതേപോലെ ഉണ്ടാക്കിയെടുക്കാൻ പറ്റുന്നില്ല.**



ചെറുകായയും, അച്ചിങ്ങയും, കൊള്ളിക്കിഴങ്ങും ഒക്കെ, ചതച്ചിട്ട മുളകും, ഉള്ളിയും, കടുകും, വേപ്പിലയും കൂടി മെഴുക്ക് പുരളുന്നതിന്റെ, ചാളയുടെ പനഞ്ഞിൽ പൊരിക്കുന്നതിന്റെ, വീട്ടിലെ കുട്ടികൾക്കു വേണ്ടി വാങ്ങുന്ന സ്പെഷൽ ആയ ഏട്ടമുട്ട എരുവു കുറച്ച് പുഴുങ്ങുന്നതിന്റെ, അയലക്കൂട്ടാന്റെ ചാറിൽ നാരങ്ങാ അച്ചാർ ചേർത്ത് ഞെരടിയതു കൂട്ടി ഉരുട്ടിത്തന്നിരുന്ന ഉരുളകളുടെ.



രുചികൾ തിരിച്ചു പിടിച്ചെങ്കിലും, പാകം ചെയ്യുമ്പോൾ അന്നത്തെ ആ കൊതിപ്പിക്കുന്ന മണം ഉയരുന്നില്ല, അതു മറ്റെവിടെ നിന്നും ഒഴുകി വരുന്നും ഇല്ല.

മിസ്സ് ചെയ്യുന്ന രുചികൾ ഇല്ലെന്നല്ല. കൊള്ളിക്കിഴങ്ങ് പുഴുങ്ങുമ്പോ സ്പെഷലായി ഉമ്മുമ്മ ഉണ്ടാക്കിയിരുന്ന ആ ചമ്മന്തി. പൂഴിയിൽ വളരുന്ന കൊള്ളിയുടെ സ്വാദ് ഒന്നു വേറെ ആണ്. അതിന്റെ കൂടെ കനലിൽ മുളകും ചുവന്നുള്ളിയും ചുട്ട്, കലത്തിൽ സൂക്ഷിക്കുന്ന വെണ്ണക്കൊഴുപ്പുള്ള കറുത്ത വാളൻപുളിയും ഉപ്പും കൂട്ടി അരച്ച്, വെളിച്ചെണ്ണ തൂവി എടുക്കുന്ന ആ ചമ്മന്തി. എങ്ങനെ തലകുത്തി നിന്നിട്ടും അടുപ്പിലെ കനലും, അമ്മിയും പ്രയോഗിച്ചിട്ടും, അളവുകൾ കൃത്യമായി പാലിച്ചിട്ടും എനിക്കാ രുചി അതേപോലെ ഉണ്ടാക്കിയെടുക്കാൻ പറ്റുന്നില്ല.



വേറൊന്ന് അയല്പക്കത്തു നിന്നും ഇരുപത്തിയേഴാം രാവിനു എത്തിയിരുന്ന അടുക്കുപത്തിരി. സാധാരണ അടുക്ക് പത്തിരിയിൽ നിന്നും വ്യത്യസ്തമായി ഇതിനു ഇളം പർപ്പിൾ നിറവും, ഒരു പ്രത്യേക ഫ്ളേവറുമാണ്. ആ നിറത്തിന്റെയും, മണത്തിന്റെയും ഗുട്ടൻസ് എനിക്കെന്നല്ല, ആ വീട്ടിലെ മറ്റാർക്കും അറീല്ല. അതുണ്ടാക്കീരുന്ന ഉമ്മാമ ഇപ്പോ ഇല്ലാതാനും.

ഇനിയൊന്ന് ആ പഴേ സദ്യ സാമ്പാർ ആണ്. ഇന്നും കല്യാണസദ്യകളിലും, ഹോട്ടലിലും, വീടുകളിലും ഞാൻ കരഞ്ഞു തിരഞ്ഞു നടപ്പാണ്, വറുത്ത മല്ലിയുടേയും, കായത്തിന്റേയും പ്രത്യേക മണം മുന്നിട്ട് നിൽക്കുന്ന, വെണ്ടക്കയിൽ, മുരിങ്ങാകോലിലും ഒക്കെ അരപ്പ് പറ്റിപ്പിടിച്ച ആ രസികൻ സാമ്പാറിനെ.

**കനലിൽ മുളകും ചുവന്നുള്ളിയും ചുട്ട്, കലത്തിൽ സൂക്ഷിക്കുന്ന വെണ്ണക്കൊഴുപ്പുള്ള കറുത്ത വാളൻപുളിയും ഉപ്പും കൂട്ടി അരച്ച്, വെളിച്ചെണ്ണ തൂവി എടുക്കുന്ന ആ ചമ്മന്തി. എങ്ങനെ തലകുത്തി നിന്നിട്ടും അടുപ്പിലെ കനലും, അമ്മിയും പ്രയോഗിച്ചിട്ടും, അളവുകൾ കൃത്യമായി പാലിച്ചിട്ടും എനിക്കാ രുചി അതേപോലെ ഉണ്ടാക്കിയെടുക്കാൻ പറ്റുന്നില്ല.**

ചർച്ചാവിഷയം

# ഒറ്റമുറിവിന്റെ ഭക്ഷണം!



ഇഞ്ചിപെണ്ണ്

സോഫ്റ്റ്‌വേർ ടെക്നോളജിയുടെ നവസങ്കേതങ്ങളിൽ സ്ട്രാറ്റജിക്ക് ഡയറക്ടറായി ജോലി നോക്കുന്നു. ഇടക്ക് വീണു കിട്ടുന്ന സമയങ്ങളിൽ അൾട്ടർനേറ്റ് മീഡിയ, ഡിജിട്ടൽ റൈറ്റ്സ് ഗ്ലോബൽ അഡ്വക്കസി തുടങ്ങിയവയിലും ലേഖികയാണ്.



*"തെങ്ങുകൃഷിയെപറ്റി ഇതുവരെ പറഞ്ഞ കാര്യങ്ങൾ ആകെക്കൂടി പ്രത്യവലോകനം ചെയ്യുകയാണെങ്കിൽ കാണാൻ കഴിയുന്ന കാര്യങ്ങൾ ഇവയാണ്. ഒന്ന് വ്യവസ്ഥാപിതമായ കൃഷി എന്ന രീതിയിൽ കേരളത്തിൽ തെങ്ങുകൃഷി തുടങ്ങുന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെയാണ്. രണ്ട് കേരളത്തിൽ ഇന്നു നിലവിലുള്ള തെങ്ങുകൃഷിയുടെ എഴുപത്തഞ്ചു ശതമാനവും ഈ ഇരുപതാം നൂറ്റാണ്ടിലുണ്ടായ വർദ്ധനയാണ്. മൂന്ന് പതിനാറാം നൂറ്റാണ്ടിനു മുൻപ് ഏറെയും മേൽജാതിക്കാരുടെ പുരയിടങ്ങളിൽ പ്ലാവിനെയും മാവിനെയും പോലെ വളർന്നു കായ്ക്കുന്ന ഒരു വീട്ടുവിഭവം എന്നതിൽക്കവിഞ്ഞ് തെങ്ങുകൃഷി കേരളത്തിൽ ഉണ്ടായിരുന്നില്ല. അങ്ങനെ പോർത്തുഗീസുകാരുടെ വരവിനുമുൻപേ കേരളം കണ്ടിട്ടേയില്ലാത്തതും ഇന്നു കേരളത്തിനു സർവ്വപ്രധാനവുമായ ഭക്ഷ്യവിളകളുടെ പരിസരത്തിലേക്ക് ഫലത്തിൽ തെങ്ങും സ്ഥാനം മാറിക്കഴിയുമ്പോൾ മുൻകാല കേരളസമൂഹത്തിലെ വ്യവസ്ഥാപിതമായ ഏക ഉത്പാദനകർമ്മം നെൽകൃഷിയാണെന്നു വന്നുകൂടുന്നു."*
**ജാതിവ്യവസ്ഥയും കേരളചരിത്രവും, പി.കെ ബാലകൃഷ്ണൻ, ഡി.സി ബുക്സ് ഒക്റ്റോബർ 2008.**

അതായത് കേരളത്തിലെ ഇന്നത്തെ വിഭവങ്ങളിൽ തേങ്ങാപ്പാലു പിഴിഞ്ഞതും തേങ്ങ ചിരവിയതും ഇറച്ചിക്കറികളിലെ തേങ്ങാക്കൊത്തും വന്നിട്ട് അധിക കാലമായില്ല എന്ന്. പാരമ്പര്യം അവകാശപ്പെടാവുന്നത് ആകെ രണ്ടോ മൂന്നോ തലമുറയെന്നിരിക്കേ കേരളത്തിന്റെ പാരമ്പര്യ ഭക്ഷണരീതി എന്ന് പറഞ്ഞുകൊണ്ട് നമ്മൾ കഴിക്കുന്നതും വിളമ്പുന്നതും ഓണം ആഘോഷിക്കുന്നതും എല്ലാം എത്ര വിചിത്രമാണ്.

ഭക്ഷണം പാചകം ചെയ്യാൻ ജീവിതത്തിലെ ചില കാലഘട്ടങ്ങളിൽ തീരുമാനമെടുക്കുമ്പോൾ ഈ പാരമ്പര്യം അന്വേഷിച്ചു ചെല്ലുന്നവരിൽ നമ്മളുമുണ്ട്. പാരമ്പര്യ വിഭവങ്ങൾ നഷ്ടപ്പെടുന്നു എന്നും അതിനാൽ അതിന്റെ 'നന്മ' നിലനിറുത്തണം എന്നും വാശിപിടിക്കുന്നവരുണ്ട്. ഇല്ലാത്ത പാരമ്പര്യത്തെക്കുറിച്ചാണ് നമ്മൾ പൊങ്ങച്ചം പറയുന്നത്, അതിന്റെ ചുവട്ടിലാണ്, 'ബ്രാഹ്മിൺസ്' എന്ന പേരിൽ തന്നെ അച്ചാറും, പപ്പടവും ഇടിയപ്പം പൊടികൾ തുടങ്ങിയവുമായി 'ശുദ്ധമായത്' എന്ന പേരിൽ ഒരു ബ്രാന്റ് വിപണി കീഴടക്കുന്നത്.

പഞ്ഞക്കാലങ്ങളിൽ വാഴയുടെ ഒരു ഭാഗവും കളയരുതെന്ന് നിഷ്കർഷിച്ചിരുന്ന, കർക്കിടകത്തിൽ ചേമ്പിൻ തണ്ട് കൊണ്ട് കറിവെച്ചിരുന്ന അമ്മമാരുമുള്ള നാട്ടിൽ, നമ്മൾ വ്യാജ പ്രൗഢിയിൽ അഭിരമിച്ചുകൊണ്ട് ഭക്ഷണത്തിന്റെ

രാഷ്ട്രീയത്തെ പാടെ മറന്നു കളയുകയാണ്. അതാകട്ടെ നവവിപണിയുടെ ബ്രാന്റും പാക്കേജിലും മാത്രം വരുന്ന പാരമ്പര്യങ്ങളോടാണ് ആകർഷണവും. വിരൽ കുത്തിവെച്ചാൽ പൊട്ടിമുളക്കുന്ന മണ്ണുള്ള നാട്ടിൽ, ഒരു ചീരത്തണ്ടോ, ഒരു വേപ്പിലക്കൊടിയോ കാണാവുന്ന വീടുകൾ എത്ര വിരളമായിരിക്കുന്നു. നിസ്സാരനായ കറിവേപ്പിലയും പാരമ്പര്യമാണോ? കെ.റ്റി ആച്ചായയുടെ (K.T. Achaya) 'The Illustrated Foods of India' എന്ന പുസ്തകത്തിൽ തമിഴ് സാഹിത്യത്തിലും കന്നടസാഹിത്യത്തിലും കറിവേപ്പിലയെക്കുറിച്ച് വളരെക്കാലം മുൻപേ എഴുതപ്പെട്ടതായി പറയുന്നു. അപ്പോഴും കേരളത്തിൽ നമ്മൾ പാരമ്പര്യമായി എന്ത് ഭക്ഷിച്ചിരുന്നു എന്ന ചോദ്യം നിലനിൽക്കുന്നു.

കേരളത്തിൽ നിന്ന് കയറ്റിയയക്കുന്ന കുരുമുളക് കേരളത്തിന്റേത് എന്ന് യൂറോപ്യൻ മാർക്കറ്റുകളിൽ ഉറപ്പിച്ച് പറയാൻ തുടങ്ങിയിട്ട് പത്തോ പതിനഞ്ചോ കൊല്ലമേ ആയിട്ടുള്ളൂ. അതിനു മുൻപ് അവ പ്രോസ്സസ് ചെയ്തിരുന്ന യൂറോപ്യൻ രാജ്യങ്ങളുടെ പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. വളരെ പ്രസിദ്ധമായ 'Earl Grey Tea' ലണ്ടനിലേതെന്നാണ് മിക്കവരും കരുതുന്നത്. ഇംഗ്ലണ്ടിലെവിടെയാണ് തേയിലത്തോട്ടങ്ങൾ? ഭക്ഷണം എവിടെ നിന്ന് ഉല്പാദിപ്പിക്കപ്പെടുന്നു എന്ന് വെള്ളക്കാരനു ഉണ്ടാവുന്ന വിവേചനം പോലെയാണ്, ദളിത് മുസ്ലീം ക്രിസ്ത്യൻ പാചകത്തോട് സവർണ്ണ ഇന്ത്യക്കുള്ളത്. എവിടെയാണ് ദളിത് എന്ന ബ്രാന്റിൽ ഒരു ഭക്ഷണം ലഭ്യമാവുക? എത്ര ലജ്ജയില്ലാതെയാണ് വെജിറ്റേറിയൻ ഹോട്ടലുകൾ എന്ന് ഇത്രമാത്രം മൽസ്യമാംസാഹരികളുള്ള നാട്ടിൽ നമ്മൾ പ്രസിദ്ധപ്പെടുത്തുന്നത്?

സ്കൂളുകളിൽ ദളിതർ പാകപ്പെടുത്തിയ ഭക്ഷണം കഴിക്കാൻ വിസ്സമതിക്കുന്ന കുട്ടികൾ വരെ ഉള്ള നാട്ടിലാണ് ആദ്യമായി 2016ൽ ചന്ദ്രഭാൻ പ്രസാദ്, സധൈര്യം ദളിത് ഭക്ഷണം എന്ന പേരിൽ തന്നെ, ഇന്റർനെറ്റിലൂടെ തന്റെ ഭക്ഷണം വിറ്റു തുടങ്ങിയത്. ഇതൊരു സാമൂഹിക പരീക്ഷണം കൂടിയാണെന്നും ചന്ദ്രഭാൻ പറയുന്നു. ദളിത് ഫുഡ്സ് (https://dalitfoods.com/) ന്റെ ടാഗ് ലൈൻ തന്നെ രസകരമാണ്. 'For Sure, Things Here, Pure.' ഉറപ്പായും, സംശുദ്ധമാണെന്ന് വെല്ലുവിളിച്ച് കൊണ്ടാണ് ഈ e-commerce സൈറ്റ് നിലനിൽക്കുന്നത്. ദളിതരുടേത് തന്നെ എന്ന് ഉറക്കെ സ്വത്വപ്രഖ്യാപനം നടത്തിക്കൊണ്ട് കൂടുതൽ സംരംഭങ്ങൾ ഇതിലേക്ക് വരേണ്ടതുണ്ട്. കൂടുതൽ തെളിച്ചത്തിലേക്ക് അവ ദൃശ്യമാക്കേണ്ടതുണ്ട്.

സമൂഹത്തിൽ അദൃശ്യമാക്കപ്പെട്ടവരുടെ ഭക്ഷണരീതികൾ അവർ തിരഞ്ഞെടുത്തതല്ല, അവരുടേമേൽ അടിച്ചേൽപ്പിക്കപ്പെട്ടതാണ്. അതിനു ശേഷം അവരെ അതിന്റെ പേരിൽ കരുണയില്ലാതെ ക്രൂശിക്കുകയും ചെയ്യുന്നു. ചൈനയിൽ പന്നിയുടെ കുളമ്പ് കഴിക്കുന്നത് പട്ടിണിക്കാലങ്ങളിൽ ഒരു ഭാഗവും കളയരുത് എന്നുള്ളതുകൊണ്ടാണ്, അതുകൊണ്ട് മറ്റുള്ളവരുടെ ഭക്ഷണക്രമങ്ങളോടുള്ള വെറുപ്പുകൾ ജാതിയിലും വംശീയതയിലും മാത്രം കുരുങ്ങിക്കിടക്കുകയാണ് എന്ന് ഓർമ്മിക്കുക. നാവിൻത്തുമ്പത്തെ രുചിയിലാണ് നമ്മളൊരു സംസ്കാരത്തെ പരിചയപ്പെടുക. അതുകൊണ്ട് തന്നെ അപരവൽക്കരണം ആദ്യമുണ്ടാവുന്നതും ഭക്ഷണത്തിലൂടെയാണ്. അധികാരവിതരണം കൃത്യമായി അവശവിഭാഗങ്ങളെ ഭക്ഷണക്രമങ്ങളിലും അതിരുവൽക്കരിച്ചിരുന്നു എന്ന് ഗോപാൽ ഗുരു 'Food As A Metaphor For Cultural Hierarchies'-യിൽ വിവരിക്കുന്നുണ്ട്.

എളുപ്പത്തിലൊരു വിപ്ലവം നടത്തണമെന്നുണ്ടെങ്കിൽ പാരമ്പര്യ ഭക്ഷണം ഒരു നേരത്തേക്ക് നിറുത്തലാക്കി ഇതുവരെ കഴിച്ചിട്ടില്ലാത്ത ഒരു ഭക്ഷണം കഴിച്ച് നോക്കൂ. അതിനു നല്ല ഒരു ഇന്ത്യൻ വിഭവമാണ് രക്തി (rakti). മാംസം പോലും ലഭ്യമാവാതെ ഇരുന്ന സാഹചര്യങ്ങളിൽ രക്തം കൊണ്ട് ഉണ്ടാക്കുന്ന സ്വാദിഷ്ടമായ ഭക്ഷണമാണ് രക്തി. മൃഗങ്ങളുടെ ആന്തരികാവയവങ്ങളും രക്തവും ചെറുചൂടിൽ തിളപ്പിച്ച് കുറുക്കി ഉണ്ടാക്കുന്ന, റൊട്ടിയോടൊപ്പം കഴിക്കാവുന്ന ഒരു ഭക്ഷണമാണ് രക്തി.

പക്ഷെ, അവിടെയും പാരമ്പര്യം അവകാശപ്പെടാൻ സാധിക്കില്ല. തായ്ലൻഡിലും, മെക്സിക്കോയിലും, സ്പെയിനിലും, സ്വീഡനിലും, ചൈനയിലും ഐർലണ്ടിലും വിയറ്റ്നാമിലും പോർച്ചുഗലിലും എല്ലാം മൃഗരക്തം കൊണ്ടുള്ള സ്വാദിഷ്ടമായ വിഭവങ്ങളുണ്ട്. മനുഷ്യരുടെ പട്ടിണി മാറുമ്പോൾ അവ മുന്തിയ ഹോട്ടലുകളിൽ അരണ്ട വെളിച്ചങ്ങളിൽ ചെറുതായി മൂളുന്ന ക്ലാസ്സിക്കൽ മ്യൂസിക്കിനോടൊപ്പം വലിയ ഷെഫുകൾ നിങ്ങൾക്ക് മുന്നിൽ വലിയ വിലയോടെ അത് വിളമ്പും. അപ്പോൾ എക്സോട്ടിക്ക് ഭക്ഷണരുചികളെക്കുറിച്ച് വാചാലരായി നമ്മൾ അവ മടികൂടാതെ ഭക്ഷിക്കുകയും ചെയ്യും. സാംസ്കാരിക കാപട്യങ്ങളും നാവിൻതുമ്പത്ത് തന്നെ.

നിറവും മൂക്കും രീതികളും ആചാരങ്ങളും എല്ലാം വിഭിന്നമാണെങ്കിലും മുറിയുമ്പോൾ മനുഷ്യകുലത്തിനെയെല്ലാം എക്കാലവും ബന്ധിപ്പിക്കുന്നതും എളുപ്പം കട്ടിപിടിക്കുന്ന വാർന്നൊലിച്ചാൽ മരണപ്പെടുന്ന ഈ ചുവപ്പല്ലേ? അതുകൊണ്ട് എല്ലാ പാരമ്പര്യങ്ങളേയും സംസ്കാരങ്ങളേയും ഒറ്റമുറിവിൽ ഒതുക്കാവുന്നതേയുള്ളൂ! തട്ടിമുറിവേൽക്കുന്ന പാരമ്പര്യങ്ങളും വ്രണപ്പെടുന്ന വിശ്വാസങ്ങളും ചുരുട്ടിക്കൂട്ടിക്കളഞ്ഞ് കൊണ്ട് പുതിയ പാചക സംസ്കാരങ്ങളിലേക്ക് കാലെടുത്തു വെക്കാം!



മായാലീല

# ഒരു കാലിപ്പോഴും അടുക്കളയിൽ കുടുങ്ങിക്കിടപ്പാണ്

അമേരിക്കയിൽ ഭാഷാശാസ്ത്രത്തിൽ ഡോക്ടറേറ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്




അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക് സ്ത്രീകൾ വന്നു എന്ന് നമ്മൾ അവകാശപ്പെടുന്നതിൽ ഒരു തമാശയുണ്ട്. വന്നു, ശരിയാണ് പക്ഷേ മറ്റാരും അടുക്കളയിലേയ്ക്ക് ഇതുവരെ കയറിയിട്ടില്ല എന്നതുകൊണ്ട് അരങ്ങത്ത് വന്ന സ്ത്രീ സമയാസമയങ്ങളിൽ തിരികെ അടുക്കളയിൽ തിരിച്ചെത്തുന്നുണ്ട്. പരത്തിപ്പറഞ്ഞാൽ പാചകവും അനുബന്ധ ക്രിയകളും സ്ത്രീയുടെ ജോലിയാണ്. ഭക്ഷണം വീട്ടിൽ നിന്ന് കിട്ടുന്നത് പുരുഷന്മാർക്ക് സൗജന്യമായല്ല, അയാളും കൂടെ ചേർന്ന് അധ്വാനിച്ചാണ് അതിനുള്ള വകയുണ്ടാക്കുന്നത്. പക്ഷേ പാചകം എന്ന അധ്വാനം സ്ത്രീയുടേതാണ്. നമ്മുടെ സമൂഹത്തിൽ ഏറ്റവും അടിയുറച്ചു നിൽക്കുന്ന ലിംഗാധിഷ്ഠിത വേഷങ്ങളിൽ ഒന്നാണത്. ലിംഗനീതി എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്ന പുരുഷന്റെ അടുക്കളയിൽ ഭാര്യയോ അമ്മയോ പാചകം ചെയ്യുന്ന തിരക്കിലാവും. വല്ലപ്പോഴും ഗതികെട്ടാൽ ചെയ്യുന്ന പാതകമാണ് പാചകം എന്ന

സാഹചര്യസവിശേഷത ഒഴിച്ചാൽ അതൊരു ആചാരമായി നിലനിൽക്കുന്നത് സ്ത്രീയുടെ ഉത്തരവാദിത്തം ആയാണ്. ലിംഗനീതിയുടെ ഒരു പ്രസംഗവും പ്രവർത്തിയും ഇതുവരെ ഈ വ്യവസ്ഥാധിഷ്ഠിത പുരുഷാധിപത്യ തിട്ടൂരമായ സ്ത്രീയുടെ കടമകളിലേയ്ക്ക് എത്തിയിട്ടില്ല. ഏറ്റവും സൗകര്യപൂർവ്വം എല്ലാവരും ഒഴിവാക്കുന്ന ഒന്നായത് നിലനിൽക്കുന്നു.

പാചകത്തിന്റെ മാത്രമല്ല, അടുക്കളയിൽ പെരുമാറുന്ന ഉപകരണങ്ങളുടെ പോലും ഭാവം സ്ത്രീത്വമാണ്. പരസ്യങ്ങളിൽ കണ്ടിട്ടില്ലേ, ഭർത്താവിനെയും മക്കളേയും സന്തോഷിപ്പിക്കാൻ അത്യാധുനിക ഉപകരണങ്ങൾ കൊണ്ട് മിടുക്കിയാവുന്ന സ്ത്രീ, അല്ലെങ്കിൽ പഴമയുടെ വെറ്റിലക്കറ കൊണ്ട് ഊറിച്ചിരിച്ച് കൂട്ടുകളും രഹസ്യങ്ങളും കൈമാറുന്ന സ്ത്രീ. അതെ, സ്ത്രീയുടെ നിക്ഷിപ്ത വേഷമാണ് പാചകക്കാരി എന്നത്.



എന്നാലോ, വാണിജ്യാടിസ്ഥാനത്തിൽ വേതനമുള്ള ഒരു തൊഴിലായി പാചകം കൂടുതലും നടത്തുന്നത് പുരുഷന്മാരാണ് എന്ന് ശ്രദ്ധിച്ചിട്ടുണ്ടോ? പഞ്ചനക്ഷത്ര ഹോട്ടലുകൾ മുതൽ തട്ടുകടകളിൽ വരെ വേതനമുള്ള പാചകം ചെയ്യുന്നത് പുരുഷനാണ്. വീടുകളിൽ നടക്കുന്ന പാചകം ഒരു തൊഴിലാണോ എന്ന് ചോദിച്ചാൽ അല്ല, പക്ഷേ കുറഞ്ഞത് രണ്ടുപേരുടെ എങ്കിലും ആവശ്യമായ ഭക്ഷണം പാകം ചെയ്യൽ അതിൽ ഒരാളുടെ മാത്രം അലിഖിത ഉത്തരവാദിത്തം ആകുന്നത് വേതനമില്ലാതെ ഒരു തൊഴിൽ അടിച്ചേൽപ്പിക്കുന്നതിന് തുല്യമാണ്. കാലാകാലങ്ങൾ ആയി സ്ത്രീ ഈ വേതനരഹിത തൊഴിൽ ഒരു ഉത്തരവാദിത്തമായി കൊണ്ടുനടന്ന് ചെയ്യുന്നു. ഒരു സമൂഹത്തിന് അതിലെ നല്ലൊരുഭാഗം അംഗങ്ങൾ പൊതുവായ ഉത്പാദനക്ഷമതയിലേക്ക് സംഭാവന ചെയ്യാതിരിക്കുകയും അവരുടെ അധ്വാനവും കഴിവും ജീവിതവും സൗജന്യമായി മുതലാക്കുകയും ചെയ്യുന്നത് ഒട്ടും ആശാസ്യമല്ല. ലിംഗാധിഷ്ഠിതമായ ഇത്തരം വേഷങ്ങൾ മനുഷ്യന്റെ സാമൂഹ്യ പരിണാമത്തിൽ കടന്നുകൂടിയത് സമ്പത്ത് കേന്ദ്രീകരിക്കലും കുടുംബ വ്യവസ്ഥയും മറ്റും തുടങ്ങിക്കഴിഞ്ഞാണ്. ഒരുതരത്തിൽ ചൂഷണവും മറ്റൊരു തരത്തിൽ അടിച്ചമർത്തലും ആണ് അടുക്കളയിൽ സ്ത്രീയ്ക്ക് മാത്രം സ്ഥാനമെന്ന അവസ്ഥ.

**ഒരു സമൂഹത്തിന് അതിലെ നല്ലൊരുഭാഗം അംഗങ്ങൾ പൊതുവായ ഉത്പാദനക്ഷമതയിലേക്ക് സംഭാവന ചെയ്യാതിരിക്കുകയും അവരുടെ അധ്വാനവും കഴിവും ജീവിതവും സൗജന്യമായി മുതലാക്കുകയും ചെയ്യുന്നത് ഒട്ടും ആശാസ്യമല്ല. ലിംഗാധിഷ്ഠിതമായ ഇത്തരം വേഷങ്ങൾ മനുഷ്യന്റെ സാമൂഹ്യ പരിണാമത്തിൽ കടന്നുകൂടിയത് സമ്പത്ത് കേന്ദ്രീകരിക്കലും കുടുംബ വ്യവസ്ഥയും മറ്റും തുടങ്ങിക്കഴിഞ്ഞാണ്. ഒരുതരത്തിൽ ചൂഷണവും മറ്റൊരു തരത്തിൽ അടിച്ചമർത്തലും ആണ് അടുക്കളയിൽ സ്ത്രീയ്ക്ക് മാത്രം സ്ഥാനമെന്ന അവസ്ഥ.**

വീട്ടുകാരി ഇല്ലാത്തത് കൊണ്ട് ഒരു കപ്പ് ചായ പോലും തരാൻ കഴിഞ്ഞില്ല എന്ന് ക്ഷമാപണം നടത്തുന്ന പുരുഷന്മാർ നമ്മുടെ സിനിമകളിലും കഥകളിലും മറ്റും സജീവമാണ്. മധ്യവർഗ്ഗത്തിന്റെ ഉയർന്ന ശ്രേണികളിൽ ഉള്ള കുടുംബങ്ങളിൽ, പ്രത്യേകിച്ചും അംഗങ്ങൾ രണ്ടുപേരും ഉദ്യോഗാർത്ഥികൾ ആയ അണുകുടുംബങ്ങളിൽ ഇതിന്റെ ഭാവം മാറി എന്ന് തോന്നിപ്പിക്കും വിധം ചില മാറ്റങ്ങൾ ഉണ്ട്. പുരുഷനും സ്ത്രീയോടൊപ്പം അത്ര സ്വാഭാവികമായി അല്ലെങ്കിൽ കൂടെയും പാചകത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുന്നുണ്ട്. അടിച്ചേല്പിക്കപ്പെട്ട വേഷപ്പകർച്ച മാത്രമാണിത്, സൗകര്യം കിട്ടിയാൽ പുരുഷൻ ഉമ്മറത്തും സ്ത്രീ അടുക്കളയിലും ആയി ഘർ വാപ്പസി നടത്തുന്ന ഒരു ക്രമീകരണം. യാതൊരു യുക്തിയും ഇല്ലാതെയാണ് സ്ത്രീയുടെ മുകളിൽ നിക്ഷിപ്തമായി രിക്കുന്നത് ഈ വേഷം. ജോലി കഴിഞ്ഞു വീട്ടിൽ വരുന്ന ഭർത്താവിന് / മകന് ചായകൊടുക്കാൻ ഒരു സ്ത്രീ കാണിക്കുന്ന അത്ര ശുഷ്കാന്തിയും സ്വാഭാവികതയും ജോലി കഴിഞ്ഞു വരുന്ന ഭാര്യയ്ക്ക് / മകൾക്ക് ഒരു ചായയിട്ടു കൊടുത്ത് പുരുഷന്മാർ കാണിക്കാറില്ല. അതെന്തുകൊണ്ടാണ്? സ്നേഹവും കരുതലും അങ്ങോട്ടും ഇങ്ങോട്ടും പ്രകടിപ്പിക്കേണ്ട ഒന്നല്ലേ? വിശപ്പ് ഒരു വീട്ടിലെ എല്ലാ അംഗങ്ങൾക്കും ഉണ്ട് എങ്കിൽ കൂടെയും 'അമ്മ' എന്ന സ്ത്രീ തന്നെ സ്ഥിരമായി പാചകം ചെയ്യണമെന്ന നിർബന്ധം അസംബന്ധം അല്ലാതെ മറ്റൊന്നുമല്ല. ഒരു തരം സൗകര്യം സൃഷ്ടിക്കലാണ്, പുരുഷാധിപത്യത്തിന്റെ സവിശേഷ ആനുകൂല്യങ്ങളിൽ ഒന്നാണ് പുരുഷന്മാർക്ക് മറ്റ് അല്ലലുകൾ ഒന്നുമില്ലാതെ സമയാസമയം മേശപ്പുറത്ത് ഭക്ഷണം എത്തുമെന്നത്. അതും ഒരുപടി കടന്ന് ഭാര്യയോ അമ്മയോ നിർബന്ധിച്ചു വിളിച്ചുകൊണ്ടിരുത്തി ഊട്ടിക്കുക കൂടി നടക്കുന്നുണ്ട്.




ഇത്രയും അർപ്പണമനോഭാവത്തോടെ സ്ത്രീകൾ കൊണ്ടുനടക്കുന്ന ഈ വേതനരഹിത തൊഴിൽ സ്ത്രീകളെ അളക്കാൻ വേണ്ടിയും ഉപയോഗിക്കുന്നുണ്ട്. പാചകത്തിൽ മികവില്ലാത്ത സ്ത്രീയെന്നാൽ അവളൊരു പൂർണ്ണ സ്ത്രീയല്ല, അവളുടെ ജൈവികതയിൽ തന്നെ എന്തോ കുറവുള്ളത് പോലെയാണ് സമൂഹം അതിന്മേൽ തമാശകളും നേരമ്പോക്കുകളും മെനഞ്ഞിരിക്കുന്നത്. അതുകൊണ്ട് തന്നെ വളരെ ചെറുപ്പത്തിലേ പാചകവും വീട്ടുജോലികളും പഠിപ്പിച്ച് സ്ത്രീയെ ഈ വേഷത്തിന് വേണ്ടി പരുവപ്പെടുത്തുന്നു സമൂഹം. വേതനമുള്ള പാചകം എന്ന തൊഴിൽ മേഖല സ്ത്രീയ്ക്ക് അന്യമാണ്, വേതനരഹിത പാചകം സ്ത്രീയുടെ ഉത്തരവാദിത്തവും സ്ത്രീത്വത്തിന്റെ ഭാഗവുമാണ് എന്ന് നിലനിൽക്കുന്ന ഈ രീതി മാറണം. പാചകം അറിയാത്ത അതിൽ താത്പര്യമില്ലാത്ത സ്ത്രീ, സ്ത്രീത്വം കുറഞ്ഞവളായി പരിഹസിക്കപ്പെടുന്നതും അവഹേളിക്കപ്പെടുന്നതും നിൽക്കണം. വളരെ അടുത്താണ് വടക്കേ ഇന്ത്യയിൽ ഒരു ഭർത്താവ് ഭാര്യ ഉണ്ടാക്കുന്ന ചപ്പാത്തിയുടെ വൃത്താകൃതി പോരാ എന്ന പരാതിയിന്മേൽ അവളെ കൊന്നുകളഞ്ഞത്. അടുക്കളയിൽ നിന്ന് അരങ്ങത്ത് എത്തിയ സ്ത്രീ, ഇനി ഞാൻ ഒറ്റയ്ക്ക് തിരിച്ചു കയറുകയില്ല എന്നൊരു തീരുമാനവും എടുത്ത് നടപ്പിലാക്കാൻ ബാക്കിയുണ്ട്.

ചെറുകഥ



# കോംപ്രമൈസ്

ജഗതി

**കി**ടപ്പുമുറിയുടെ കിളിവാതിൽ തുറന്നവൾ പുറത്തേയ്ക്കു നോക്കി. അന്തരീക്ഷത്തിന് ആകെയൊരു വിങ്ങൽ. ആകാശത്ത് കാർമേഘങ്ങൾ ഉരുണ്ടുകൂടി ഇരുണ്ടു നിന്നു. മഴ പെയ്തൊഴിയാതെ ഈ വിങ്ങൾ മാറില്ല.

അവർ. അവനും അവളും ഒരേ കിടക്കയിൽ പിണങ്ങാതെ പിണങ്ങിയുള്ള കിടപ്പു തുടങ്ങിയിട്ട് കാലം കുറച്ചായി. എന്തിനാണ് പിണങ്ങിയത്? സംഭവങ്ങൾക്കൊന്നും പ്രസക്തിയില്ല. ഓരോ സംഭവങ്ങളും നമ്മൾ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതാണ് കാര്യം. അവൾ ഇനി വെറുതേ കോംപ്രമൈസിനു പോകേണ്ടെന്നു തീരുമാനിച്ചു. കോംപ്രമൈസെന്നാൽ എപ്പോഴും തന്റെ മാത്രം കീഴടങ്ങലാണെവൾ മനസ്സിലാക്കി. ഇത്രനാളും കോംപ്രമൈസു ചെയ്തു ചെയ്തു തനിക്കു സ്വന്തമായിരുന്നതൊക്കെ നഷ്ടമായതും ഏറ്റവും ഒടുവിൽ സ്വാതന്ത്ര്യത്തിന്റെ പക്ഷിയുടെ അവസാനത്തെ തൂവലും കൂടി കൊഴിഞ്ഞതുമവൾ തിരിച്ചറിഞ്ഞു. കരഞ്ഞില്ല, കണ്ണുനീർ വറ്റിയിരുന്നു. ആജ്ഞാപിക്കലും അട്ടഹാസവും. കോപത്തിന്റെ ചൂടും പുകയും ഏറ്റ് അവൾ ഉരുകി ഒതുങ്ങി ഒരു ബോളിന്റെ രൂപം പ്രാപിച്ചിരുന്നു.



എവിടേയ്ക്കു വേണമെങ്കിലും ആർക്കുവേണമെങ്കിലും തട്ടാവുന്ന താഡനങ്ങൾ ഏറ്റുവാങ്ങുമ്പോഴും മറ്റുള്ളവരെ സന്തോഷിപ്പിക്കുന്ന ഒരു ബോൾ. എത്ര തട്ടുകിട്ടിയാലും അകലേക്കു തെറിച്ചുപോയി വീണ്ടും അവന്റെ കാൽ ചുവട്ടിലേക്കെത്തിച്ചേരുന്ന ഒരു ഫുട്ട്ബോൾ.

അവൾ തിരിഞ്ഞു കിടന്നു. ഉറങ്ങാതെ ഉറങ്ങാതെ കഴിഞ്ഞ രാത്രികളും ഒക്കെ കടന്ന്, ഉറങ്ങാനും ഉറക്കത്തിൽ സ്വപ്നവും ഒക്കെയായി അവൾ വീണ്ടും ജീവിതത്തിലേക്കു തിരിച്ചു വന്നു തുടങ്ങി. ഒരിഞ്ചു പോലും അകന്നു കിടക്കാൻ സാധിക്കാതിരുന്ന കാലം കടന്ന് ഇങ്ങനെയും ഉറങ്ങാമെന്നു കാണിച്ചു കൊടുത്തു അവൾ. വേനൽ കടന്ന് മഴക്കാലമായി, കോരിച്ചൊരിയുന്ന മഴയത്ത് ദുഃസ്വപ്നം കണ്ട് ഞെട്ടി ഉണർന്ന അവൾ കണ്ടത് തണുത്ത് കാൽ കോച്ചിവലിച്ചിട്ടും തന്നെ വിളിക്കാതെ കിടന്നു പുളയുന്ന അവനെയാണ്. പിന്നെ അവളുടെ സകലനിയന്ത്രണങ്ങളും വിട്ട് സഹതാപത്തിന്റെ ഒരു തിര വന്ന് അവളിലേക്ക് ഇരമ്പി കയറി. അവന്റെ കാൽ ഉഴിഞ്ഞ് ചൂടാക്കി പട്ടീസ് ചുറ്റി, അവന്റെ വേദന മാറ്റി ആശ്വാസത്തോടെ അവൾ ചെരിഞ്ഞു. അവനു പിന്നെ അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. അന്നാദ്യമായി അവൻ കോംപ്രമൈസ് ചെയ്തു. സകല കെട്ടുകളും പൊട്ടിച്ചെറിഞ്ഞ് അവൻ അവളിലേക്കു പറന്നിറങ്ങി. ആയിരം കുന്തമുനകളാൽ അവനായി തഴുതിട്ട ജലകവാടങ്ങൾ തുറന്നു. ശേഷം മഴയുടെ കുളിരിൽ അവർ വീണ്ടും കെട്ടിപ്പിടിച്ചുറങ്ങാൻ തുടങ്ങി.



അനഘ

# സ്വാതന്ത്ര്യങ്ങളിലെ നിയന്ത്രണങ്ങൾ

**പയ്യന്നൂർ കോളേജിലെ (കണ്ണൂർ ജില്ല) രണ്ടാം വർഷ ഇംഗ്ലീഷ് ബിരുദ വിദ്യാർത്ഥിനിയായ അനഘ എഴുത്തിനെയും സംഗീതത്തെയും ഒരുപോലെ സ്നേഹിക്കുന്നു. കാസറഗോഡ് ജില്ലയിലെ പിലിക്കോട് സ്വദേശിനിയാണ്. ആനുകാലികങ്ങളിൽ എഴുതാറുണ്ട്.**

പുരുഷനു സ്വാതന്ത്ര്യവും സ്ത്രീയ്ക്ക് നിയന്ത്രണവും പതിച്ചു കൊടുത്ത അടയാളവാക്യങ്ങളാണ്. പുരുഷന്റെ സ്വാതന്ത്ര്യങ്ങളിലേക്ക് കൈ കടത്താതെ തങ്ങളുടെ നിയന്ത്രണങ്ങൾക്കുള്ളിലെ സ്വാതന്ത്ര്യങ്ങൾക്ക് പോലും എത്തി നോക്കാൻ ധൈര്യപ്പെടാതെ ജീവിതം ഹോമിച്ച, ഹോമിക്കുന്ന ഭൂരിഭാഗം സ്ത്രീകളും പൂർവ്വകാലം മുതൽ തുടർന്ന് വരുന്ന വ്യവസ്ഥിതിയിലെ മാറ്റം സ്വകാര്യമായി ആഗ്രഹിക്കാതെ ആഗ്രഹിച്ച് ജീവിക്കുന്നവരാകാം. പുരുഷന്റെ നിഴലിൽ ഒതുങ്ങി സ്വന്തം സ്വത്വത്തെ തിരിച്ചറിയാതെ പോയ ജന്മങ്ങൾക്ക് സമൂഹം ഔദാര്യപൂർവ്വം നല്കിയ ' 2nd sex ' എന്ന പേര് വലിച്ചെറിയേണ്ടുന്ന സമയം അതിക്രമിച്ചിരിക്കുന്നു.

ദോശക്കല്ലിൽ നിന്നും ആവി പറക്കുന്ന മൊരിഞ്ഞ ദോശ പുരുഷന് നല്കി തണുത്ത വെള്ളമൂറിയ ദോശ കഴിക്കുന്ന സ്ത്രി ജീവ പ്രക്രിയയുടെ പ്രധാന ഘടകമായ ഭക്ഷണത്തെപ്പോലും സ്വതന്ത്രമായി ആസ്വദിക്കാൻ സാധിക്കുന്നില്ല എന്ന സത്യത്തെ വരച്ചുകാട്ടുന്നു. പ്രാകൃത ജീവിതത്തിൽ സ്ത്രീയും പുരുഷനും വേട്ടയാടൽ പോലുള്ള തൊഴിലുകളിൽ ഏർപ്പെട്ടിരുന്നെങ്കിലും പ്രസവിക്കുന്നവൾക്ക് സംരക്ഷണം എന്നുള്ള ചിന്ത 'അവളെ ' ഗൃഹഭരണത്തിലേക്കും 'അവനെ ' അധ്വാനത്തിലേക്കും തിരിച്ചുവിട്ടു. പുരുഷൻ സംരക്ഷകനായും സ്ത്രീ സംരക്ഷിക്കപ്പെടേണ്ടവളായും മാറിയത് അവൻ അധ്വാനത്തിലൂടെ ആർജ്ജിച്ച ശാരീരിക ക്ഷമതയിലൂടെയാകാം. കൂടുതൽ അധ്വാനിക്കുന്നവന് ഭക്ഷണത്തിലെ 'നല്ല പങ്ക് ' നൽകേണ്ടത് സ്വന്തം കടമയാണെന്ന് സ്ത്രീകൾ കരുതാൻ തുടങ്ങിയതും ഇത്തരം സാഹചര്യങ്ങളിലായിരിക്കണം. ഒരാണിന് ഒരു പെണ്ണ് എന്ന ചിന്ത കുടുംബം എന്ന ആശയത്തെ സമ്മാനിച്ചതിനു ശേഷമാണ് സ്ത്രീയുടെയും പുരുഷന്റെയും തൊഴിലുകളിൽ വിഭജനം ഉടലെടുക്കാൻ തുടങ്ങിയതും.



പഴയകാലങ്ങളിൽ എത്രത്തോളം ഭക്ഷ്യ വിഭവങ്ങൾ വീട്ടിലുണ്ടായിരുന്നാലും സ്ത്രീകൾക്ക് വിശപ്പിനെ ആഹരിച്ച് വയറു നിറക്കേണ്ടി വന്നിരുന്നു. സ്ത്രീയെ ശരീരമായും ഭോഗവസ്തുവായും മാത്രം വീക്ഷിച്ചിരുന്നതിനാൽ അവൾക്കും വികാരങ്ങളുണ്ടെന്ന് സമൂഹം മനസ്സിലാക്കിയിട്ടുണ്ടാവില്ല.

'ദരിദ്ര ഇല്ലത്തെ യവാഗു പോലെ
നീണ്ടിട്ടിരിയ്ക്കും നയന ദ്വയന്തി '

എന്ന മണിപ്രവാളകവി തോലന്റെ വരികൾ പ്രസക്തമാണ്. ദരിദ്രമായ ഇല്ലത്തുള്ള കഞ്ഞി വെള്ളം പോലെ നീണ്ടിട്ടിരിക്കുന്ന കണ്ണുള്ളവളേ എന്ന അഭിസംബോധന അദ്ദേഹം സ്ത്രീകൾക്കു നല്കുന്നത് ബാക്കി വരുന്ന കഞ്ഞി വെള്ളം കൊണ്ടു പോലും അവൾ തൃപ്തിപ്പെടുന്നതിനാലാണ്. പുരുഷൻമാരെല്ലാം വീടിനു പുറത്തു പോയ സന്ദർഭത്തിൽ വിശപ്പകറ്റാനായി ഒരു ഇല്ലത്തെ സ്ത്രീകൾ അല്പം നെല്ല് പുഴുങ്ങിയെന്നും, അപ്രതീക്ഷിതമായി ആ സമയത്ത് കയറി വന്ന കാരണവർ അന്വേഷിച്ചപ്പോൾ തങ്ങൾ വസ്ത്രമാണ് പുഴുങ്ങുന്നതെന്ന് സ്ത്രീകൾ പറയുകയും ചെയ്തു. സ്ത്രീകൾ കള്ളമാണ് പറയുന്നതെന്ന് മനസ്സിലാക്കിയ കാരണവർ വളരെ പെട്ടന്നു തന്നെ തന്റെ കൗപീനം അഴിച്ച് പാത്രത്തിലേക്കിട്ടു കൊണ്ട് അതും കൂടി പുഴുങ്ങുവാൻ ആവശ്യപ്പെട്ടത്രെ! വിശപ്പിന്റെ ഭീകരത താങ്ങാൻ പറ്റാത്ത അവസ്ഥയിലായിരിക്കാം സ്ത്രീകൾ കള്ളം പറയാൻ നിർബന്ധിതരായത്. വാമൊഴിയായി പറഞ്ഞു നടക്കുന്ന ഇത്തരം കഥകളാണ് ചില ജീവിതാവസ്ഥകളെ നമ്മളിലേക്ക് എത്തിക്കുന്നത്.

ഡൈനിങ് ടേബിൾ സംസ്കാരം വന്നതിനു ശേഷമാണ് കുടുംബത്തിലെ എല്ലാവരും ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുന്ന സമ്പ്രദായം ഒട്ടുമിക്ക വീടുകളിലും രൂപപ്പെട്ടത്. ഒരുമിച്ചു ഭക്ഷണം കഴിക്കുമ്പോഴും വിളമ്പിത്തിന്നുക എന്നത് ആണിന് കുറച്ചിലും പെണ്ണിനു കടമയും ആകുന്നു.

ഗർഭിണികൾ മാംസാഹാരം കഴിക്കരുതെന്നും സെക്സ് ചെയ്യരുതെന്നുമുള്ള ചില നിയമങ്ങളെ ‘അബല വിഭാഗ’ങ്ങളുടെ മേലെ അടിച്ചേല്പിക്കുന്ന ഫാസിസ്റ്റ് തന്ത്രങ്ങളായി കണക്കാക്കാം. ഹോർമോണുകളുടെ അളവിൽ സംഭവിക്കുന്ന വ്യതിയാനങ്ങൾ മൂലവും പുതുജീവൻ രൂപപ്പെടുന്നതിനാലും സ്ത്രീ ശരീരത്തിലും മനസ്സിലും ഒരു പാട് മാറ്റങ്ങൾ സംഭവിക്കുന്ന സമയമാണ് ഗർഭകാലം. ഗർഭകാലക്കൊതി പ്രധാനപ്പെട്ടതാണ്. ഗർഭിണിയായ ഭാര്യക്ക് കള്ളുഷാപ്പിലെ ഞണ്ടുകറിയിൽ ഭ്രമം കേറിയതിനാൽ അത് വാങ്ങാനായി അവിടെയെത്താറുള്ള ഭർത്താവ് അവസാനം കടുത്ത മദ്യപാനിയായി മാറിയ ഒരു തമാശക്കഥ പ്രചാരത്തിലുണ്ട്. പക്ഷേ, ഇന്ന് കല്പിച്ചിട്ടുള്ള നിയന്ത്രണങ്ങൾ സവർണ്ണമായ ഭക്ഷ്യബോധത്തെ ഉദ്ഘോഷിക്കുന്നു. താഴ്ന്ന ജാതിക്കാരും അസുരൻമാരും കഴിക്കുന്ന മാംസം പവിത്രമായിട്ടുള്ള മാതൃത്വത്തിലേക്ക് പ്രവേശിക്കുന്ന ഒരാൾ കഴിക്കാൻ പാടില്ല എന്ന ചില ഭ്രാന്തൻ ചിന്തകളാകാം ഇതിനു കാരണം. അതുപോലെ മാതൃത്വം എന്നത് ഒരു ജൈവ പ്രവർത്തനം മാത്രമായിട്ടും അച്ഛനേക്കാൾ കുഞ്ഞിനോട് ആത്മബന്ധം അമ്മയ്ക്കാണെന്ന ധാരണ സമൂഹം മെനഞ്ഞെടുക്കുന്നു. ബസ്സിലെ റിസർവ്വേഷൻ സീറ്റുകളിൽ ’ അമ്മയും കുഞ്ഞും ’ എന്നതിനു പകരം



**ഡൈനിങ് ടേബിൾ സംസ്കാരം വന്നതിനു ശേഷമാണ് കുടുംബത്തിലെ എല്ലാവരും ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുന്ന സമ്പ്രദായം ഒട്ടുമിക്ക വീടുകളിലും രൂപപ്പെട്ടത്. ഒരുമിച്ചു ഭക്ഷണം കഴിക്കുമ്പോഴും വിളമ്പിത്തിന്നുക എന്നത് ആണിന് കുറച്ചിലും പെണ്ണിനു കടമയും ആകുന്നു.**

'അചഛനും കുഞ്ഞും ' എന്ന് ഇതുവരെ എഴുതിക്കണ്ടിട്ടില്ല. സ്ത്രീ ഒതുങ്ങിക്കഴിഞ്ഞാൽ മാത്രം പോരാ തങ്ങളുടെ ഉത്തരവാദിത്തങ്ങളിലും ശ്രദ്ധാലുവായിരിക്കണമെന്നല്ലേ ഇത്തരം സന്ദർഭങ്ങൾ കാട്ടിത്തരുന്നത്.

ഭക്ഷണം വിളമ്പിവെച്ച രീതിയും അളവും ശ്രദ്ധിച്ചാൽ അത് പുരുഷനു വേണ്ടിയാണോ സ്ത്രീക്കു വേണ്ടിയാണോ എന്ന് മനസ്സിലാകും. പെണ്ണായി പിറന്നവൾ എന്നും കഴിക്കുന്ന 'waste box ' ആയിരിക്കണം എന്നുള്ള ധാരണ പഴയ കാലത്ത് ഉണ്ടായിരുന്നതിനാൽ ഭർത്താവിന്റെ ഇലയിൽ ഭാര്യ ഭക്ഷണം കഴിക്കുന്നത് അവളുടെ പാതിവ്രത്യത്തിന്റെ ശക്തി കൂടുകയേ ഉള്ളൂ എന്ന് വിശ്വസിക്കുവാൻ പഴമക്കാരെ സന്നദ്ധരാക്കി. ഭർത്താവിന്റെ എച്ചിൽ ഭുജിക്കുമ്പോഴല്ല മറിച്ച് ഒന്നിച്ചിരുന്ന് ഭക്ഷിക്കുമ്പോഴാണ് ബന്ധം കൂടുതൽ ശക്തിപ്പെടുന്നത് എന്ന് മനസ്സിലാക്കിയത് ഈ അടുത്ത കാലത്തായിരിക്കണം. എങ്കിലും പഴമയുടെ വ്യവസ്ഥിതിയെ പൂർണ്ണമായും തല്ലിക്കെടുത്താൻ നമുക്ക് സാധിച്ചിട്ടില്ല.

'നന്നായി' ഭക്ഷണം കഴിക്കുന്ന പുരുഷനെയും സ്ത്രീയേയും സമൂഹം രണ്ടു രീതിയിൽ നോക്കിക്കാണുന്നു. വേശ്യയ്ക്കും പതിവ്രതയ്ക്കും പര്യായങ്ങളുണ്ടാകാം, പക്ഷേ പുല്ലിംഗങ്ങളില്ല. കാരണങ്ങൾ പലതാകാം, എങ്കിലും ഇത്തരം ഉദാഹരണങ്ങളിൽ നിന്നെല്ലാം സ്ത്രീയ്ക്കു മുകളിൽ എപ്പോഴും നിലനില്ക്കുന്ന നിയന്ത്രണ വലയങ്ങളെ ദർശിക്കാം.

ഭക്ഷണ കാര്യങ്ങളിലെ പ്രധാന നിർമ്മാതാവ് സ്ത്രീ ആണെങ്കിലും എന്താണ് ഭക്ഷിക്കേണ്ടതെന്ന് തീരുമാനിക്കുക മിക്കപ്പോഴും പുരുഷനോ കുട്ടികളോ ആയിരിക്കും. അവർ മെനു തയ്യാറാക്കി കഴിഞ്ഞാൽ തലേ ദിവസം തന്നെ അവൾ ഭക്ഷണ പരിപാടികൾ തുടങ്ങേണ്ടതുണ്ട്. സ്വന്തം ഭാര്യയ്ക്ക് വൈറ്റ് കോളർ ജോബില്ലെങ്കിൽ, അവൾക്ക് ജോലിയൊന്നുമില്ല എന്ന് ലാഘവത്തോടെ ഒരു പുരുഷൻ പറയുന്നെങ്കിൽ, ഒരു നേരത്തെ ഭക്ഷണത്തിലെ ചേരുവകൾ കൂടിയാലോ കുറഞ്ഞാലോ ഉണ്ടായേക്കാവുന്ന അസ്വസ്ഥതയെപ്പറ്റി അവൻ ആലോചിക്കാത്തതു കൊണ്ടു മാത്രമാണ്. വീട്ടിലെ സകല ജോലികൾ ചെയ്തിട്ടും അവഗണനയുടെയും അധിക്ഷേപത്തിന്റെയും കരങ്ങൾ മാത്രമേ അവൾക്കു ചുറ്റിലും രൂപപ്പെടുന്നുള്ളൂ. മാധവിക്കുട്ടിയുടെ 'കോലാട് ' എന്ന കഥ സ്ത്രീ ജീവിതത്തിന്റെ ദൈന്യത വിളിച്ചോതുന്നു. മഞ്ഞപ്പിത്തം ബാധിച്ച് മരിക്കാൻ കിടക്കുമ്പോഴും ഇതിലെ സ്ത്രീയുടെ ' അയ്യോ പരിപ്പ് കരിയ്ണ്ട് തോന്ന്ണൂ' എന്ന നിഷ്കളങ്കമായ പരിഭവം കേട്ടിട്ട് ഇത്രയും കാലം അവളെ പുച്ഛിച്ച ഭർത്താവിന്റെ കണ്ണുകൾ പോലും നിറയുന്നു. അതുപോലെ എം.പി. നാരായണപിള്ളയുടെ 'കള്ളൻ' എന്ന കഥ പുരുഷന് ഭക്ഷണത്തോടുള്ള സമീപനം

**ബസ്സിലെ റിസർവ്വേഷൻ സീറ്റുകളിൽ ' അമ്മയും കുഞ്ഞും ' എന്നതിനു പകരം 'അചഛനും കുഞ്ഞും ' എന്ന് ഇതുവരെ എഴുതിക്കണ്ടിട്ടില്ല. സ്ത്രീ ഒതുങ്ങിക്കഴിഞ്ഞാൽ മാത്രം പോരാ തങ്ങളുടെ ഉത്തരവാദിത്തങ്ങളിലും ശ്രദ്ധാലുവായിരിക്കണമെന്നല്ലേ ഇത്തരം സന്ദർഭങ്ങൾ കാട്ടിത്തരുന്നത്.**



വരച്ചുകാട്ടുന്നു. പുരുഷന്റെയും സ്ത്രീയുടെയും സ്വഭാവങ്ങളിലെ അന്തരം വ്യക്തമാക്കിത്തരുന്ന ഒട്ടനവധി രചനകളും സിനിമകളും ('രാമന്റെ ഏദൻ തോട്ടം', ' How old are you' ) തുടങ്ങിയവ നമ്മൾക്കിടയിലൂടെ സഞ്ചരിക്കുന്നു.

ഫെമിനിസ്റ്റ് ചിന്തകൾ കൂടി വരുന്ന ഈ കാലഘട്ടത്തിൽ അടുക്കളയിൽ രൂപപ്പെടുന്ന ഭക്ഷണത്തിന്റെ സ്വാദിനല്ല പ്രാധാന്യം, മറിച്ച് അടുക്കളയിൽ രൂപപ്പെടേണ്ടുന്ന ലിംഗസമത്വത്തിനാണ്. അതിസാധാരണത്തെ അസാധാരണമാക്കാൻ കെൽപ്പുള്ള ടെക്നോളജിയുടെ ശൃംഗങ്ങളിൽ വിഹരിക്കുമ്പോഴും, പുരുഷനു തുല്യമായ സ്ഥാനങ്ങളിലോ അല്ലെങ്കിൽ അതിനും മുകളിലോ സ്ത്രീ സാന്നിധ്യം പിറക്കുമ്പോഴും ജീവന്റെ നിലനില്പിന്റെ അത്യാവശ്യ ഘടകമായ ഭക്ഷണ നിർമ്മിതി ഒരു വിഭാഗത്തിന്റെ മാത്രം ജോലിയായി കാണേണ്ടുന്ന കാര്യമില്ല. സംവരണം എന്ന ആശയത്തിനു പകരം സമത്വത്തിന്റെ വെളിച്ചം വീശുന്ന മനസ്സുകൾ നമ്മളിൽ രൂപപ്പെടട്ടെ.....



# പെൺരുചിയുടെ സീൽക്കാരങ്ങൾ

ജി.ഉഷാകുമാരി

രുചി കലർപ്പിലൂടെയാണുണ്ടാവുന്നത്, അടിസ്ഥാനപരമായി സംസ്കാരവുമതെ. ഭാഷയും രുചിയും ഒരേയിടത്ത്, നാവിൽ കലർന്നുണരുന്നു. എരിവിന്റെ കൊടുമുടികളും ഉപ്പിന്റെ സമതലങ്ങളും മധുരത്തിന്റെ താഴ്‌വാരങ്ങളും പുളിയുടെ ഇരുൾത്തുരങ്കങ്ങളും താണ്ടി നാം രുചിയുടെ കുതിരവണ്ടിയേറുന്നു. നമ്മെയും കൊണ്ടതു പറപറക്കുന്നു. അപ്രതീക്ഷിതമായ വളവുകളും തിരിവുകളും മുന്നോട്ടുള്ള വഴികളായി ചുരുൾനിവരുന്നു. ആഹ്ലാദത്തിന്റെയും അഭിരുചികളുടെയും പുതിയ പരവതാനികളിൽ നാം വട്ടമിട്ടിരിക്കുന്നു. പുന്നെല്ലു പുഴുങ്ങുന്നതിന്റെ ഉന്മത്തമായ മണത്തോടൊപ്പം കുടമ്പുളിയിട്ട കുരുമുളകുരസത്തിന്റെ, ഇടിച്ചുലർത്തിയ മെഴുക്കുപുരട്ടിയുടെ തീക്ഷ്ണഗന്ധം പടരുന്നു, മറ്റനേകം പടർച്ചകൾക്കു തുടക്കമിടുന്നു. നാം സ്വയം കൈവിട്ടുപോകുന്നു. രുചിക്കുമാത്രം പുറമ്പോക്കുകളില്ല. നാവിന്മേലത് അധിനിവേശത്തിന്റെയും കുടിയൊഴിക്കലിന്റെയും ഗാഥകൾ ഒന്നിച്ചു പാടുന്നു. അതിൽ നാം കേൾക്കാത്ത പാട്ടും പാടാത്ത പാട്ടുകളുമേറെ. അതിലേറെയും മറഞ്ഞുകിടന്ന, മറച്ചുവെയ്ക്കപ്പെട്ട പെൺനിലങ്ങൾ. ആഹാരത്തിനുമുന്നിൽ അവളും നഗ്നയെങ്കിലും നാമവളെ ഉടുത്തുകാണുന്നു, കിട്ടിയതുകൊണ്ട് ഉടുപ്പിച്ച് മറച്ചുനിർത്തുന്നു. ആഹാരം വെച്ചുവിളമ്പുകയും ഊട്ടുകയും ചെയ്യുന്നതിലെ വിവേചനത്തിനും ചൂഷണത്തിനുമപ്പുറം അതിലവൾ നടന്നുതീർത്ത കാമനയുടെ ദൂരങ്ങളെത്ര? അവളുടെ തരിച്ച രസമുകുളങ്ങൾ നമ്മോടു പറയുന്നതെന്തെല്ലാം?

ചില പരിധികൾക്കുള്ളിൽ നിന്നുകൊണ്ടെങ്കിലും സ്ത്രൈണമണ്ഡലമെന്നു വിളിക്കാവുന്ന പാചകത്തിൽ സ്ത്രീ അനുഭവിക്കുന്നതെന്തെല്ലാം? പാചകം, അതിനായുള്ള വസ്തുവഹകളും ഉപകരണങ്ങളും ശേഖരിക്കൽ, ഭക്ഷണം കഴിക്കൽ, വിളമ്പൽ, ഇങ്ങനെയുള്ള അനുബന്ധമണ്ഡലങ്ങൾ സ്ത്രീയുടെ കർതൃത്വത്തെ പുതുക്കിയെഴുതുന്നുണ്ടോ? ഇങ്ങനെ

ആലോചിക്കുമ്പോൾ സ്ത്രീവാദത്തെക്കുറിച്ചുള്ള മുൻവിധിയുടെ നെറ്റികൾ കൂടുതൽ ചുളിയുമെങ്കിലും സ്ത്രീവാദം സാധ്യതയുടെ പുരികക്കൊടികൾ ഉയർത്തിയേക്കാം. പറഞ്ഞുപറഞ്ഞ് വീട്ടമ്മയും സ്ത്രീവാദികളും എന്ന ഒരു ഘടനയിലേക്ക് അത്തരം സാധ്യതകൾക്ക് സൈദ്ധാന്തികപ്പടർച്ചയുമുണ്ടാകാം. പാചകത്തെക്കുറിച്ച് അതിലുൾപ്പെടുന്ന സ്ത്രീകൾക്ക് ഒരേ അഭിപ്രായമായിരിക്കില്ല. പ്രത്യേകിച്ചും സ്ത്രീകൾ എന്ന പ്രതിനിധാനം തന്നെ അനേകമനേകം വൈവിധ്യങ്ങൾക്കകത്തു പ്രതിപ്രവർത്തിക്കുന്ന ഒന്നാകയാൽ ഭക്ഷണസംബന്ധമായ സ്തൈണതയുടെ മൂല്യപരിഗണനകളും ഒന്നിനൊന്ന് വ്യത്യസ്തമാണ്.

**തീറ്റക്കാരി**

ഭക്ഷണത്തെ സംബന്ധിച്ച് ഭദ്രവും കൃത്യവുമായ ഒരു ലിംഗമാതൃക നമ്മുടെ പൊതുബോധത്തെ നയിക്കുന്നുണ്ട്. നന്നായി ഭക്ഷണം കഴിയ്ക്കുന്ന, ആസ്വദിക്കുന്ന പുരുഷനും നല്ല ഭക്ഷണം ഉണ്ടാക്കുന്ന എന്നാൽ ഭക്ഷണം ത്യജിച്ചും, കുറച്ചാഹരിച്ചും അതിൽ പരാതിപ്പെടാതെയുമുള്ള സ്ത്രീയുമാണ് മാതൃക. ഭക്ഷണാസ്വാദനത്തിന്റെ സാംസ്കാരികാഖ്യാനങ്ങളിൽ വളരെ നിറപ്പകിട്ടോടെ ആർഭാടപൂർവ്വമാണ് അവ വിവരിക്കപ്പെടുന്നത്. ചിട്ടയോടെ ഓരോന്നും അതാതിന്റെ സമയത്തും ക്രമാനുസൃതമായും സ്വാദറിഞ്ഞും ഭക്ഷിക്കുന്നത് ആണത്തവും ആഢ്യത്വവുമായി കണക്കാക്കപ്പെടുന്നു. വി.കെ.എൻ.ന്റെ 'നിലനില്പീയ'ത്തിൽ മരിച്ചടക്കാൻ കൊണ്ടുപോകുമ്പോൾ ശവമഞ്ചം ചുമക്കുന്നവരോടു പോലും പരലോകത്തും 'അവിടെയും പ്രാതലിന് ഇഡ്ഡലി തന്നെയല്ലേ' എന്നാശങ്കപ്പെടുന്ന പയ്യൻ, 'ലഞ്ചി'ലെയും 'ദോശ'യിലെയും തീറ്റപ്രിയം ഒക്കെ നിരൂപകരാൽ താലോലിക്കപ്പെടുന്നു. ഭക്ഷണത്തോടും ഒപ്പം ലഹരിപദാർത്ഥങ്ങളോടും തന്റെ പിതാവ് എം.പി. പോളിനുണ്ടായിരുന്ന പ്രതിപത്തിയെക്കുറിച്ച് റോസി തോമസ് എഴുതുന്നത് അത്ഭുതാദരങ്ങളോടെയാണ്. ഭക്ഷണപ്രിയനായിരുന്ന ചെറുകാടിനെ കുഞ്ഞുണ്ണിമാഷ് അനുസ്മരിക്കുന്നത് ചെറുകാടിന്റെ ഊണ് ടിക്കറ്റെടുത്തു കാണേണ്ടതാണെന്നാണ്. നേന്ത്രക്കായ വറുത്തുപ്പേരിയോടും കൊഴുത്ത ചായയോടും ഇടിച്ചു പിഴിഞ്ഞ പായസത്തോടുമുള്ള അദ്ദേഹത്തിന്റെ പ്രിയവും ആരാധകർക്കിടയിൽ പ്രസിദ്ധം. പഴപ്രഥമൻ കഴിച്ചിട്ട് വേനലിൽ കുറഞ്ഞുപോയ ഒരു നനയെക്കുറിച്ചൂഹിക്കുന്ന കാരണവരെയും നമുക്കറിയാം.

എന്നാൽ ഭക്ഷണം രസിച്ചു കഴിയ്ക്കുന്ന സ്ത്രീയെ എങ്ങനെയാണ് നാം ആവിഷ് കരിക്കാറുള്ളത്? 'തലയണമന്ത്ര'ത്തിലെ ഫിലോമിന അവതരിപ്പിക്കുന്ന കഥാപാത്രം, ആഹാരപ്രിയരായ കല്പനയുടെയും ബിന്ദുപ്പണിക്കരുടെ കഥാപാത്രങ്ങൾ, ഒക്കെ ഹാസ്യാത്മകമായാണ് ആഖ്യാനങ്ങളിൽ നിറയുന്നത്. 'കിലുക്ക'ത്തിൽ രേവതിയുടെ കഥാപാത്രത്തെക്കുറിച്ച് ആർത്തി മൂത്തു ഭ്രാന്തായതാണെന്നാണ് അവളെക്കാൾ ഭക്ഷണക്കൊതിയനായ ജഗതിയുടെ കഥാപാത്രം പറയുന്നത്. തികച്ചും അനഭിലഷണീയമായ സ് ത്രൈണത. വി.കെ.എൻ.ന്റെ പയ്യൻ രണ്ടു മധ്യവയസ്കകളുടെ ഉച്ചയൂണിനെ നോക്കിക്കാണുന്നു: "നാല്പതുപ്രായം, അഭിമുഖമായി കാലകത്തിയിരുന്ന് ഊണുകഴിക്കുകയാണ്, പിച്ചളയുടെ പെരുംകിണ്ണങ്ങളിൽനിന്നും ടും, ടും എന്നു ഉരുളകൾ തട്ടിവിടുന്നു... പെണ്ണുങ്ങൾ പൂപോലെയുള്ള ചോറിൽ മോരൊഴിച്ച് മോട്ടോർ വെച്ച് പമ്പുചെയ്തുതുടങ്ങി..." തുടർന്നുള്ള പയ്യന്റെ ആലോചനയാണ് ക്ലാസിക്! "ഇമ്മാതിരി ഭക്ഷിക്കുന്ന ഇവറ്റയെ അടക്കിനിർത്തണമെങ്കിൽ ഇവൾമാരുടെ ഭർത്താക്കന്മാർ എത്ര ഭക്ഷിക്കുന്നുണ്ടാവണം! അല്ലെങ്കിൽ ഭർത്താക്കന്മാരെയും ഭക്ഷിച്ചിരിക്കുമോ?"(ആതിഥ്യം) ഹോട്ടലിലും മറ്റും രണ്ടും മൂന്നും ചായ ഒറ്റയടിക്കു കുടിക്കുന്ന സ്ത്രീകളെ പെട്ടന്നു ലൈംഗികത്തൊഴിലാളികളെന്ന നിലയിൽ മുദ്രകുത്തുമെന്ന് കൊടുങ്ങല്ലൂരെ ഒരു സുഹൃത്തു പറഞ്ഞതോർക്കുന്നു. 'മോശം' സ്ത്രീയായി തെറ്റിദ്ധരിക്കപ്പെടാതിരിക്കാൻ ഭക്ഷണരീതിയിലും അളവുകളിലും പോലും പെണ്ണുങ്ങൾ ജാഗ്രത പുലർത്തണം!

എന്നാൽ ഭക്ഷണപ്രിയകളെക്കുറിച്ചുള്ള ആധുനികപൂർവാഖ്യാനങ്ങളിൽ ഇത്രമാത്രം അവജ്ഞ നാം കാണുന്നില്ല. പാതായിക്കരെ ഇല്ലത്തെ ഭക്ഷണപ്രിയരായ ജ്യേഷ്ഠാനുജന്മാരുടെയും ജ്യേഷ്ഠഭാര്യയുടെയും കഥ ഐതിഹ്യമാലയിലുണ്ട്. ജ്യേഷ്ഠനും അനുജനും പന്ത്രണ്ടേകാൽ ഇടങ്ങഴി അരിയുടെ ചോറു വീതവും കൂട്ടിത്തിന്നാൻ പന്ത്രണ്ടു പൊതിക്കാത്ത തേങ്ങയുടെ പാലുമാണ് പതിവ്. ഭക്ഷണസമയത്ത് പൊതിക്കാത്ത തേങ്ങ ഇലയ്ക്കരികിൽ വെച്ചിരിക്കും. തേങ്ങ ഇടതുകൈ കൊണ്ട് പിഴിഞ്ഞ് പാലെടുത്ത് അതു കൂട്ടിയാണവർ ഊണുകഴിക്കുന്നത്. ജ്യേഷ്ഠഭാര്യയ്ക്കാവട്ടെ മുന്നാഴിയരിയുടെ ചോറും ഒരു തേങ്ങയുടെ പാലും വേണം. ഒരിക്കൽ നമ്പൂതിരിമാർ അടുത്ത ഇല്ലത്ത് വിരുന്നു പോയതിനാൽ ഊണിനെത്തിയില്ല. വൈകുന്നേരമാകുമ്പോഴേക്കും ചോറുതണുത്തുപോകുമല്ലോ എന്നു കരുതി തയ്യാറാക്കിയ ചോറു മുഴുവൻ അന്തർജനം അനായാസം അകത്താക്കി. രാത്രിയിൽ ചൂടു ചോറു കണ്ടപ്പോൾ നമ്പൂതിരിമാർ ഉച്ചയ്ക്കു

തയ്യാറാക്കിയ ചോറ് എന്തു ചെയ്തെന്ന് ആരാഞ്ഞു. തണുത്തുപോകുമല്ലോ എന്നു കരുതി താനത് കഴിച്ചു തീർത്തെന്നായിരുന്നു മറുപടി. അന്തർജനത്തിന്റെ ഭക്ഷണശേഷിയെ തിരിച്ചറിഞ്ഞ നമ്പൂതിരിമാർ അടുത്ത ദിവസം മുതൽ എല്ലാവർക്കും പന്ത്രണ്ടേകാലിടങ്ങഴി വീതം വെയ്ക്കാൻ കൽപിച്ചുവത്രേ. നമ്പൂതിരിമാരെ പരീക്ഷിക്കാനായി കോഴിക്കോടുനിന്നു വന്ന നാലിടങ്ങഴിയുടെ ചോറുണ്ണുന്ന മറ്റൊരു നമ്പൂതിരിയുടെ കഥയും കൊട്ടാരത്തിൽ ശങ്കുണ്ണി പറയുന്നുണ്ട്. കോഴിക്കോട്ടുകാരൻ വന്നപ്പോൾ നമ്പൂതിരിമാർ സ്ഥലത്തില്ല. അന്തർജനത്തോട് തനിക്ക് ചോറുതരണമെന്നയാൾ അപേക്ഷിച്ചു. നാലിടങ്ങഴി ചോറിന്റെ കാര്യവും പറഞ്ഞു. എങ്കിൽ കുളിച്ചുവരാൻ പറഞ്ഞു അന്തർജ്ജനം. തിരിച്ചുവന്നപ്പോൾ ചോറും കൂട്ടിക്കഴിക്കാൻ നാലു പൊതിക്കാത്ത തേങ്ങയും വിളമ്പിക്കൊടുത്തു. കൂട്ടാനോ മോരോ കാണാത്തതുകൊണ്ട് കാര്യമന്വേഷിച്ചപ്പോൾ ഇവിടെ ഇതാണു പതിവെന്നായിരുന്നു മറുപടി. എങ്കിലും തേങ്ങ പിഴിയാതെങ്ങനെ പാലു കിട്ടുമെന്നായി അയാൾ. ഉടനെ അന്തർജ്ജനം വാതിൽ മറവിൽ നിന്നുകൊണ്ടുതന്നെ മാമ്പഴം പിഴിയുന്നപോലെ ഒറ്റക്കൈകൊണ്ട് തേങ്ങാ പിഴിഞ്ഞ് പാലെടുത്തുകൊടുത്തു. ഇതു കണ്ടു ഭയന്ന അതിഥി അന്നുരാത്രി തന്നെ സ്ഥലം വിട്ടുവത്രെ!

നമ്പൂതിരിസ്ത്രീകൾ രസിച്ചു ഭക്ഷണം കഴിയ്ക്കുന്നതിനെക്കുറിച്ചുള്ള മറ്റൊരു രസകരമായ വിവരണമിതാ: 'അന്തർജ്ജനങ്ങൾ കാലുകൾ ഒരു വശത്തേക്ക് മടക്കിവെച്ച് ഇടത്തേ കൈ താഴെക്കുത്തി, കുടവയർ നിലത്തു തൊട്ടുകൊണ്ട്, കുനിഞ്ഞൊരിരിപ്പുണ്ട്; ഒരു വലിയ തൂശനിലയുടെ പിന്നിൽ, ഒരു കുന്നു ചോറുണ്ടാവും. ഉപ്പ്, മാമ്പഴം പിഴിഞ്ഞത്, ചുട്ട മുളക് -ധാരാളമായി വിഭവം. ചുട്ട പപ്പടവും കുടമാങ്ങയും കൂടിയാൽ ബഹുവിശേഷായി. എന്റമ്മോ എന്നിട്ടൊരു ഊണുണ്ട്! കാണുന്നവർ അന്തംവിട്ടുപോകും. ഇലയുടെ അരികിൽ മാങ്ങാണ്ടി കുന്നുകൂടി വരും. വർത്തമാനം പറഞ്ഞും രസിച്ചും എത്രനേരം ഇരുന്ന് എത്ര ചോറാണ് അവർ ഉണ്ണുക! 50 വയസ്സിൽ താഴെയുള്ളവർ ഈ കാഴ്ച കണ്ടിരിക്കാൻ സാധ്യതയില്ല. പക്ഷേ, അത് കാണേണ്ട ഒരു കാഴ്ചതന്നെയായിരുന്നു ട്ടോ! ചിലപ്പോൾ ഒറ്റയടിക്ക് ഉണ്ടു മതിയാകാത്തവർ കയ്യിന്റെ ഒരറ്റം ഇലയിൽ തൊട്ടു കൊണ്ട് ഒരു ഉറക്കം പോലും പാസ്സാക്കും. എന്നിട്ട് വീണ്ടും ചെലുത്താവുന്നിടത്തോളം ചെലുത്തും' (എസ്. ശാരദാമ്മാൾ).

അന്തർജനങ്ങളുടെ ഊണിന്റെ മറ്റൊരു ചിത്രം കാണിപ്പയ്യൂരും നൽകുന്നു. അന്തർജനങ്ങൾ കൂട്ടം ചേർന്ന് രസിച്ചാണ് ഊണുകഴിക്കുക. വിളമ്പാനാരുമില്ലാത്തതിനാൽ എല്ലാം ഇലയിൽ വിളമ്പി വെച്ചാണ് ഒന്നിച്ചിരിക്കുക. ഇത്ര മുൻകരുതലെടുത്താലും കുട്ടികൾക്കോ മറ്റാർക്കെങ്കിലും വേണ്ടിയോ വിളമ്പാൻ ആരെങ്കിലുമൊരാൾ എഴുന്നേല്ക്കേണ്ടി വരും. അങ്ങനെ തന്റെ ഊണിനിടയിൽ വിളമ്പാൻ പോയി മടങ്ങിയെത്തിയ ഒരു അന്തർജനം മറ്റൊരാളുടെ എച്ചിലിലയിൽ വന്നിരുന്നുവത്രേ. ഭക്ഷണത്തിനിടയിലുള്ള ഇത്തരം വിഘ്നങ്ങൾ ആധുനികസ്ത്രീയുടെയും രസംകൊല്ലിയാണ്.

പുതിയ സ്ത്രൈണമൂല്യങ്ങളുടെ ഭാരം ആദ്യം പിടിമുറുക്കുക അവരുടെ കാമനകളിലാണ്. ഭക്ഷണത്യാഗം നവോത്ഥാന ആധുനികതയുടെ പല ഉള്ളടക്കങ്ങളിലും ലയിച്ചുചേർന്ന മൂല്യമായിരുന്നല്ലോ. അതിന്റെ തുടർച്ച തന്നെയായ പുരോഗമനാധുനികതയിലും സ്ത്രീയുടെ കഥ വ്യത്യസ്തമായിരുന്നില്ല. ആധുനികഗാർഹികതയുടെ നിർമിതി ഇത്തരത്തിൽ സ്ത്രീത്വത്തിന്റെ പുനർനിർമിതിയും സമർത്ഥനവും കൂടിയായിരുന്നു. ഭക്ഷണം തന്നെ സ്ത്രീയായി ഭാവന ചെയ്യുന്ന മലയാളിസാംസ്കാരികതയിൽ ഇത് അസ്വാഭാവികമല്ലതന്നെ. പുരുഷാർത്ഥക്കൂത്തിൽ ഭക്ഷപദാർത്ഥങ്ങളെ സ്ത്രീഅവയവങ്ങളോടാണ് ഉപമിക്കുന്നത്. വഴുതനങ്ങ വറുത്ത പോലെയുള്ള ചുണ്ടുകൾ, പായസം പോലുള്ള മുലകൾ, പുളിശ്ശേരിവയർ, എരുമത്തൈര് കടിതടം... ഇങ്ങനെ പോകുന്നു വിവരണം. വികെഎൻ കഥകളിൽ ഭക്ഷണക്കൊതിയിലെ അടവുനയങ്ങളും ഉന്മാദങ്ങളും ആണത്തപരം കൂടിയാണ്. ആണത്തത്തിന്റെ ഈ മതിവരായ്കയെകുറിച്ചുതന്നെയാണ് ഗോപികൃഷ്ണൻ 'രുചിപ്രഭാഷണ'ത്തിൽ എഴുതുന്നത്.

വെച്ചുവിളമ്പുന്നവളിൽ നിന്ന് ആസ്വദിച്ചു തിന്നുന്നവളിലേക്കുള്ള സാംസ്കാരികദൂരം കാമനകളിലേക്കുള്ള, പൗരത്വത്തിലേക്കുള്ള ദൂരം തന്നെയാണ്. സ്ത്രീയുടെ വെച്ചുവിളമ്പലിന്റെ വിവരണങ്ങൾ ഏറെയും ഭക്ഷണാസ്വാദനത്തിന്റേത് വളരെ കുറവുമാണല്ലോ. എങ്കിലും നമ്മുടെ സാഹിത്യത്തിൽ ഈ നിയന്ത്രണങ്ങൾ പൊട്ടിച്ചു പുറത്തുവന്ന നിരവധി ആഖ്യാനങ്ങൾ കാണാനാകും. ശാരദാമ്മാൾ തന്റെ കുട്ടിക്കാലത്തെ കഞ്ഞികുടിയുടെ രസം വിവരിക്കുന്നു: 'പിന്നെ പ്രാതൽ പായസക്കഞ്ഞിയാണ്. പായസമൊന്നും അല്ല കേട്ടോ. നല്ല ഒന്നാന്തരം കുത്തരിയുടെ (തോട്ടുവാപാടത്തെ എരുതക്കാരി നെല്ലിന്റെ ഒരു രുചി, ഹായ്!) പൊടിയരി(ഒറ്റപ്പുഴുക്കൻ) പടപടാന്ന് അങ്ങ് വേവിക്കും. അന്നന്ന് കലക്കിയെടുക്കുന്ന വെണ്ണ അതിലിട്ടിളക്കും. കുറച്ച് ഉപ്പും, പിന്നെ ഉപ്പുമാങ്ങ, ചുട്ടപപ്പടം, മാങ്ങാച്ചമ്മന്തി, എന്റീശ്വരാ, എന്തൊരു സ്വാദാണ്. വലിയൊരു ചരുവത്തിലാണ്

എന്നിട്ട് വടക്കേ ഇറയത്ത് ചെറിയ ഇലക്കഷണത്തിൽ വിളമ്പും, പറ്റുന്നിടത്തോളം കഴിക്കും(പുറം 40).

ഈ സ്മൃതിചിത്രങ്ങൾക്കൊപ്പം രുചികളുടെ സ്ത്രൈണമണ്ഡലം തെളിയുന്നുണ്ടെങ്കിലും ടോക് ഷോകളിലൂടെയും ടെലിവിഷൻ പാചകപരിപാടികളിലൂടെയും മറ്റും അവ നിർബ്ബാധം വെളിപ്പെടുന്നത് പുതിയ കാലത്താണ്. ആവശ്യങ്ങളിൽ നിന്ന് ആവശ്യപ്പെടലിലേക്കെത്തുമ്പോൾ സ്വത്വത്തിന്റെ കാമനകൾ സമർത്ഥിക്കപ്പെടുകയാണ്. (പി. പവിത്രൻ.) 'സുറിയാനി അടുക്കള'യുടെ ആമുഖത്തിൽ ലതികാ ജോർജ്ജ് സ്ത്രീയുടെ ഭക്ഷണകാമനകളെ തുറന്നിടുന്നു. നാട്ടിലെത്തുമ്പോൾ ചെറിയ ചായക്കടകൾ സന്ദർശിച്ചും നദീതീരങ്ങളിൽ ഉല്ലാസപൂർവ്വം ഉച്ചഭക്ഷണം കഴിച്ചും പുകപറ്റിയ നാടൻ അടുപ്പുകളിൽ പാകം ചെയ്ത പലഹാരങ്ങൾ ആസ്വദിച്ചും അവധിക്കാലം കഴിച്ചതും പിന്നീടൊരിക്കൽ നാടൻകള്ളുഷാപ്പിന്റെ യഥാർത്ഥ അനുഭവം കിട്ടാൻ വേണ്ടി ആലപ്പുഴയിലെ മുല്ലപ്പന്തൽ ഷാപ്പിൽ നിന്ന് കള്ളും ആമയിറച്ചിയും കാടയിറച്ചിയും കഴിച്ചതും അവർ ഓർക്കുന്നു. കറിവേപ്പിലയും വെളിച്ചണ്ണയും മസാലകളും ചേർന്നുമൊരിച്ചെടുത്ത ഇറച്ചിക്കറികളും കുടമ്പുളിയിട്ട എരിവുകൂടിയ മീൻകറിയുമൊക്കെ ഓരോ അണുവിലും സ്വാദറിഞ്ഞു കഴിയ്ക്കുന്നതിന്റെ വിവരണവുമാണത്.

ഫോർട്ടുകൊച്ചിയിലെ സീഫുഡ് റെസ്റ്റോറന്റിൽ കടൽവിഭവങ്ങൾ തീർത്ത രുചിമേളമിങ്ങനെ: 'ഭക്ഷണം വിവിധഘട്ടങ്ങളായി പുറത്തുവന്നു. തുടക്കത്തിൽ കണവയും കൊഞ്ചും ഒരു പച്ചക്കറി സാലഡുമെത്തി. ഞാൻ മുമ്പു കഴിച്ചിട്ടുള്ള കട്ടിയുള്ള കഷണങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു, നാവിലലിയുന്ന സുഗന്ധവ്യഞ്ജനങ്ങൾ ചേർത്ത കണവയുടെ വലയങ്ങൾ. മുളകും കുരുമുളകും അതിന്റെ തന്നെ ചാറുംകൊണ്ടു തിളങ്ങിയിരുന്ന കൊഞ്ച് രസപൂർണമായിരുന്നു. അടുത്തതായി എത്തിയത് നെയ്മീൻ വറുത്തതായിരുന്നു. സുഗന്ധവ്യഞ്ജനങ്ങൾ കൃത്യമായ ചേരുവയിൽ ചേർത്തു കുറ്റമറ്റ രീതിയിൽ വറുത്ത ആ കഷണങ്ങൾക്കു മുകളിൽ ഞങ്ങൾ നാരങ്ങ പിഴിഞ്ഞൊഴിച്ചു. ഒരു വലിയ ചീനച്ചട്ടിയിൽ മസാല ചതച്ചിട്ടു വേഗം ഉലർത്തിയെടുത്തതായിരുന്നു ചെമ്മീൻ. അവയിലടങ്ങിയ സ്വാദ് ഓരോ തവണ കടിക്കുമ്പോഴും ഞങ്ങളുടെ വായിനുള്ളിൽ പൊട്ടിത്തെറികൾ സൃഷ്ടിച്ചു(പേജ് 86).

ഈ ആസ്വാദനത്തിന്റെ സീൽക്കാരം അമ്മൂമ്മയിലും ലതിക നിരീക്ഷിക്കുന്നുണ്ട്: 1968 ലെ ഒരു ആലപ്പുഴ യാത്രയെ ഓർക്കുകയാണ്. "മുതിർന്നവർ ചെറുസ്റ്റൂളുകളിൽ ഇരിപ്പുറപ്പിച്ചപ്പോൾ ഞങ്ങൾ പുല്ലിലിരുന്നു. എന്റെ അമ്മയുടെ തുറിച്ചുനോട്ടങ്ങൾ ശ്രദ്ധാപൂർവ്വം അവഗണിച്ചുകൊണ്ട് ഡ്രൈവറുടെ പക്കൽ നിന്നും കൈക്കലാക്കിയ ബീഡിയും പുകച്ചുകൊണ്ട് അമ്മൂമ്മ ബോട്ടിനുള്ളിൽ തന്നെയിരുന്നു. ചായക്കടകളിൽ കള്ളും ലഭ്യമായിരുന്നതിനാൽ ചായ ഗ്ലാസുകൾക്കൊപ്പം മധുരക്കള്ളും ഗ്ലാസുകളിൽ കൊണ്ടുവന്നു. കള്ള് ഞാൻ ആദ്യമായി രുചിച്ചു. അതിന്റെ മധുരവും പുളിയും കലർന്ന സീൽക്കാരം എനിക്കിഷ്ടമായി.(പേജ്: 134)

ഗോതമ്പും തേങ്ങയും ജീരകവും ചേർത്ത് ചുട്ടെടുക്കുന്ന ഗോതമ്പ് അടയും മാങ്ങയിട്ടുവെച്ച മത്തിക്കറിയും ചേർന്ന കോമ്പിനേഷനെക്കുറിച്ചെഴുതിയ രേഖാരാജ് കുറിപ്പവസാനിപ്പിക്കുന്നത് 'മൂന്നു ദിവസം ഉന്മാദം ഉറപ്പ്' എന്നു പറഞ്ഞുകൊണ്ടാണ്.

ഈ ആഖ്യാനങ്ങളിലെല്ലാം തെളിയുന്നത് രുചിയുടെ സ്ത്രൈണമണ്ഡലമാണ്, ആസ്വാദനമാണ്. അതിൽ ഒളിവോ മറവോ ക്ഷമാപണങ്ങളോ പിൻവാങ്ങലോ ഇല്ല. മറിച്ച് ഭക്ഷണം ആസ്വദിക്കുന്ന സ്ത്രീയെ ഇകഴ്ത്തുന്ന 'വയറുതുറന്നവളെ'ന്ന മുദ്രയെ ഇവ വെല്ലുവിളിക്കുന്നു. ഭക്ഷണം വെച്ചുവിളമ്പുന്ന സ്ത്രീയും ആസ്വദിച്ചു കഴിക്കുന്ന പുരുഷനുമാണ് നമ്മുടെ ഗാർഹികമായ ലിംഗമാതൃകകൾ. ഈ ദ്വന്ദ്വത്തെ പൊളിക്കുന്ന അനുഭവമെഴുത്തുകൾ ഏറെയുണ്ടെന്നതാണ് സത്യം. എന്നാൽ സംസ്കാരത്തിന്റെ പോതുബോധനിർമിതിയിൽ തീറ്റക്കാരിയായ സ്ത്രീ ഒരു അപഭ്രംശമാണ്.

ഇഷ്ടഭക്ഷണം ഇഷ്ടപ്പെട്ട അന്തരീക്ഷത്തിൽ ഇഷ്ടപ്പെട്ടവരോടൊപ്പമോ തനിച്ചോ കഴിക്കുന്നത് സ്വയം മാനിക്കുന്നതിന്റെയും സ്നേഹിക്കുന്നതിന്റെയും അടയാളമാണ്. ഈ സെൽഫ്കെയർ അന്തസ്സുള്ള സാമൂഹികജീവിതത്തിന്റെയും പരസ്പരബഹുമാനത്തിന്റെയും തലങ്ങളെ പൂരിപ്പിക്കുന്നു. എങ്കിലും അതു നിരുപാധികമല്ല തന്നെ. വിഭവാധികാരത്തിന്റെയും സാമൂഹ്യാന്തസ്സിന്റെയും ഉപാധികൾക്കു കീഴ്പ്പെട്ടാണ് അത് നിലനിൽക്കുന്നത്.

പുരുഷന്മാരെയപേക്ഷിച്ച് മറ്റുള്ളവരുടെ ഭക്ഷണത്തോട് സ്ത്രീകൾക്കു ജിജ്ഞാസയും താല്പര്യവും ഏറും. പങ്കുവെയ്ക്കലിലും ജാഗ്രതകാട്ടുന്നു. പുതിയരുചികളോടുള്ള അവരുടെ സംവേദനത്വം പലപ്പോഴും തങ്ങളുടെ സ്വാതന്ത്ര്യത്തിൽ നിന്നുതന്നെ ആവണമെന്നില്ല. കീഴായ്മയിൽനിന്നുമാകാം. പന്തിഭോജനം എന്നകഥ പങ്കുവെയ്ക്കലിന്റെ വിവിധമാനങ്ങളെ, ഭക്ഷണത്തിലെ മേൽ/കീഴുകളെ തുറന്നു കാട്ടുന്നുണ്ട്.

കടനമായും ഭർത്താക്കന്മാരുടെ വയറിന്മേലുള്ള പരീക്ഷണമായുമൊക്കെ ചിത്രീകരിക്കപ്പെട്ടു. ഇത്തരം പരാമർശങ്ങളുള്ള നിരവധി സൃഷ്ടികൾ മലയാളത്തിൽ ഇടംപിടിച്ചിട്ടുണ്ട്. പുരോഗമനപക്ഷവും പാചകക്കുറിപ്പുകളെ സംശയത്തോടെയാണ് കണ്ടത്. അവ സ്ത്രീകളെ അടുക്കളയിലേക്ക് ഒതുക്കുന്നുവെന്ന് അവർ സംശയിച്ചു. ഇ. രുക്മിണിയമ്മ ഉയർത്തിയ അതേ വിമർശനങ്ങളുടെ ആവർത്തനങ്ങളായിരുന്നു അവയിൽ പലതും.

മിസിസ് കെ. എം. മാത്യുവിന്റെ തലമുറയിലുള്ള പാചകസാഹിത്യകാരികൾ പൊതുവായൊരു സാങ്കേതികവിദ്യയെന്ന നിലയിലാണ് പാചകത്തെ പരിചരിച്ചതെങ്കിൽ പുതിയ കാലത്തെ പാചകകൃതികളിൽ സവിശേഷ മേഖലകളിലുള്ള ഊന്നലുകൾ ദൃശ്യമാണ്. സുറിയാനി പാചകവും മലബാറി പാചകവും ബ്രാഹ്മിൺപാചകവും മുസ്ലിംപാചകവും നാടൻപാചകവും, റംസാൻ റസിപ്പീസ്, മറ്റുമായി അവ സ്വത്വാവിഷ്കാരത്തിന്റെ മാനങ്ങളും തേടുന്നു.

പുതിയ കാലത്ത് പാചകത്തോടുള്ള പാചകമെഴുത്തുകാരുടെ പ്രതികരണങ്ങളിലും വൈവിദ്ധ്യമുണ്ട്. പുരുഷ എഴുത്തുകാർ എൻ. വേലുപ്പിള്ളയെപ്പോലെ പാചകത്തിനെ ഒരു കലയായി മനസ്സിലാക്കുന്നു. പാചകം, സംഗീതം പോലെ ഒരു കലയാണെന്നാണ്, 'സ്വാദിഷ്ടവിഭവങ്ങളുടെ' മുഖവുരയിൽ പാചവിദഗ്ധനായ നൗഷാദ് എഴുതുന്നത്: "ഈ കലയോട് ഇഷ്ടം തോന്നി അതിനെ സ് നേഹിച്ചുകൊണ്ടു മാത്രമേ പാചകം ചെയ്യാവൂ. അപ്പോൾ പാട്ടുപാടുന്നതുപോലെയും ചിത്രം വരയ്ക്കുന്നതുപോലെയും ഇത് വളരെ എളുപ്പവും ലളിതവുമായ ഒരനുഭവമാകും". പാചകവിദഗ്ധയായ സഫിയ മജീദിന്റെ 'സോഫീസ് ഡെലീഷ്യ'യുടെ അവതാരികയിൽ നവാസ് പുനൂർ പാചകമെഴുത്തിനെ സാഹിത്യമെഴുത്തുമായി സമീകരിക്കുന്നു: 'പുരുഷന്റെ ഹൃദയത്തിലേക്കുള്ള വഴി അവന്റെ ആമാശയത്തിലൂടെയാണെന്ന് പണ്ടാരോ പറഞ്ഞിട്ടുണ്ട്. പാചകവൈദഗ്ധ്യം നേടിയ പുരുഷന്മാർ വർധിച്ചുവരുന്ന ഈ കാലത്ത് ഈ പ്രസ്താവന തിരുത്തപ്പെടേണ്ടതാകാം. പാചകവിദ്യയുടെ തറവാട്ടമ്മമാരായ മിസിസ് കെ എം മാത്യുവും ഉമ്മി അബ്ദുള്ളയുടെയും പോലുള്ളവർ പാചകപുസ്തകങ്ങൾ ഇറക്കും മുൻപ് മറ്റു സാഹിത്യപുസ്തകങ്ങൾ ഒരുക്കുമ്പോൾ ചെയ്യുന്ന പോലെ കഠിനമായ ദീർഘതപസ്സിൽ മുഴുകുമായിരുന്നു".

എന്നാൽ ചില സ്ത്രീഎഴുത്തുകാർ പാചകത്തിന്റെ കുടുംബപരിചരണമെന്ന വശത്തിലാണ് ഊന്നുന്നത്. 'ബ്രാഹ്മിൻസ്പാചക'ത്തിന്റെ ആമുഖത്തിൽ ഗ്രന്ഥകാരി ഭാനു രാജു പറയുന്നത്, പാചകം മക്കളെയും പുതുതലമുറയെയും സംരക്ഷിക്കുന്നതിന്റെ ഭാഗമാണെന്നാണ്. "കൃത്രിമക്കൂട്ടുകളോ, രാസവസ്തുക്കളോ ഒന്നും ചേരാതെ വളരെ പ്രകൃതിദത്തമായും പോഷകപ്രദവുമായ ആഹാരം രുചിയോടെ കഴിച്ച് ഉശിരോടെ തിമിർത്ത് കളിക്കാനും പഠിക്കാനും, കഴിഞ്ഞ തലമുറയ്ക്കായി. എന്നാൽ ഇന്നത്തെ കുട്ടികൾക്ക് ഈ സൗഭാഗ്യം ലഭിച്ചിട്ടുണ്ടോ?... തലമുറകളിൽ നിന്നു കിട്ടിയ അറിവ് പുതിയ തലമുറക്ക് പകരുന്നതിൽ കഴിഞ്ഞ തലമുറ വീഴ്ചവരുത്തി. മുത്തശ്ശിയുടെ കൈപുണ്യത്തിന് കാലോചിതമായ ചില മാറ്റങ്ങൾ വരുത്തി ഹൃദ്യവും രുചികരവും ഗുണസമ്പുഷ്ടവുമായ ചേരുവകൾ ചേർന്നൊരുക്കിയ ലളിതപാചകക്കുറിപ്പുകൾ ഞാൻ നമ്മുടെ കുട്ടികൾക്കായി സമർപ്പിക്കുന്നു".

എങ്കിലും പാചകം നൽകുന്ന രസാനുഭൂതിയിലും അഭിരുചികളിലുമാണ് പുതുതലമുറയുടെ മുഖ്യതാൽപ്പര്യം. പാചകത്തെ, ഭക്ഷണത്തെ, വിളമ്പൽരീതികളെ, കഴിക്കാൻ തിരഞ്ഞെടുക്കുന്ന ഇടങ്ങളെ വൈവിദ്ധ്യപൂർണവും കലാപരവുമാക്കുന്നതിൽ അവർ ശ്രദ്ധവെയ്ക്കുന്നു. ആസ്വാദനത്തിന്റെ മാനങ്ങളിലാണ് അവരുടെ ഊന്നൽ. കാമനകൾ സ്വത്വപ്രകാശനത്തിന്റെ ഇടങ്ങളാണെന്ന് അവർ തിരിച്ചറിയുന്നു. വേറിട്ടും ഇടകലർന്നും നിൽക്കുന്ന വിവിധ സാമൂഹികസാമുദായികവിഭാഗങ്ങളിലെ ഭക്ഷണാഭിരുചികൾ സമൂഹമാധ്യമങ്ങളിലൂടെയും സിനിമയിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും ധാരാളം പുറത്തുവരുന്നുണ്ട്. പുതിയ രാഷ്ട്രീയസാഹചര്യത്തിൽ ഭക്ഷണസ്വാതന്ത്ര്യത്തിനൊപ്പം നിരുപാധികമായ വൈയക്തികകാമനകളെയും അവ പ്രകാശിപ്പിക്കുന്നു. പൗരത്വം കാമനകൊണ്ടുകൂടിയാണല്ലോ പൂരിപ്പിക്കപ്പെടുന്നത്.


കടപ്പാട്:

*1. സുറിയാനി പാചകം, ലതികാ ജോർജ്ജ്, സുറിയാനിപാചകം, വിവ: പ്രിയ ജോസ് .കെ*

*2. അദ്ദേഹം പറയുന്നു ഞാനെഴുതുന്നു, ശാരദാമ്മാൾ,*

*3. അടുക്കളയിൽ നിന്ന് കിച്ചണിലേക്ക്, മേരിക്കുട്ടി സക്റിയ*

*4. കവി ആശാലതയുമായുള്ള സ്വകാര്യസംഭാഷണം*

*5. സാറാജോസഫിന്റെ കൃതികളിലെ രുചിവിചാരങ്ങൾ, എൻ. രജനി, രുചിയുടെ നാനാർത്ഥങ്ങൾ, എഡി: ഉണ്ണികൃഷ്ണൻ കെ.വി*

*6. ശാരദക്കുട്ടി, അടുക്കളയിൽ തിളച്ചുവേവുന്നത്*

*7. കാമന. പി പവിത്രൻ, താക്കോൽവാക്കുകൾ, എഡി. അജുനാരായണൻ*

*8. ലക്ഷ്മിഭായി, ശാരദ തുടങ്ങിയവയുടെ പഴയ ലക്കങ്ങൾ*



*(2017 ജൂൺ 26 ലെ മാതൃഭൂമി ആഴ്ച്ചപ്പതിപ്പിൽ വെച്ചുവിളമ്പിയവൾ! എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ചത്)*

ചർച്ചാവിഷയം

# ഭക്ഷണം പാകം ചെയ്യലും വില്പനയും ഞങ്ങളുടെ തൊഴിലാണ്

## സേവ ഭക്ഷണശാല അനുഭവം

സോണിയ ജോർജ്ജ്




**അസംഘടിത മേഖലയിലെ സ്ത്രീകളുടെ കേന്ദ്ര ട്രെയ്ഡ് യൂണിയനായ സേവയുടെ ജനറൽ സെക്രട്ടറിയാണ് സോണിയ**

വീടിനുള്ളിലെ ഭക്ഷണം പാകം ചെയ്യൽ എപ്പോഴും സ്ത്രീകളുമായി ബന്ധപ്പെടുത്തിയാണ് ഓർക്കാറുള്ളത്. സ്ത്രീകളില്ലാത്ത കുടുംബത്തിലെ പുരുഷന്റെ അവസ്ഥ ദയനീയമാണ് എന്നാണ് പൊതുവേയുള്ള വിവക്ഷ. ജോലിക്ക് പോകുന്ന സ്ത്രീകൾ മിക്കവരും തന്നെ അതിരാവിലെ എഴുന്നേറ്റ് ആഹാരം ഉണ്ടാക്കി വച്ചിട്ടു പോയില്ലെങ്കിൽ കുടുംബത്തിന്റെ താളം തന്നെ തെറ്റിപ്പോകും എന്ന പരുവപ്പെടുത്തൽ പുരുഷനെ ഒട്ടൊന്നുമല്ല സഹായിച്ചിട്ടുള്ളത്. അതേ ഭക്ഷണമോ അല്ലെങ്കിൽ കൂടുതൽ ആധുനികവത്കരിച്ചതോ ആയ ഭക്ഷണം പുരുഷനാൽ പാചകം ചെയ്ത് വില കൊടുത്ത് വാങ്ങി കഴിക്കുമ്പോൾ മേൽ സൂചിപ്പിച്ച ദയനീയാവസ്ഥയുടെ കപടതയാണ് പുറത്തു കൊണ്ടു വരുന്നത് എന്ന് നമ്മൾ ഓർത്തിട്ടുണ്ടാവുമോ. ഈ കാലത്തു പോലും ഹോട്ടലും അവയുടെ നിയന്ത്രണവുമെല്ലാം പുരുഷ കൈകളിലാണ്. അവരുണ്ടാക്കുന്ന സ്വാദിഷ്ടമായ ഭക്ഷണം അവർ ഇടുന്ന വിലയ്ക്കു വാങ്ങി രുചികരമായി നമ്മൾ കഴിക്കുമ്പോഴാണ് ഭക്ഷണത്തിന്റെ സ്ത്രീപക്ഷ രാഷ്ട്രീയം സ്ത്രീകളുടെ വീട്ടുത്തരവാദിത്വ അവസ്ഥയായി ചുരുക്കിയുള്ള വിശകലനങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടുള്ളത്. ഗാർഹിക അദ്ധ്വാനം (domestic labour) കടമയുടേയും കടപ്പാടിന്റേയും പേരിൽ സ്ത്രീയുടെ ബാദ്ധ്യസ്ഥത ആകുമ്പോൾ ഈ കാണാപ്പണിയുടെ പിന്നിലെ അദ്ധ്വാനത്തെയും സമയത്തെയും പരിഗണിക്കപ്പെടുന്ന സാമൂഹിക സാമ്പത്തിക ഉപാധികളെക്കുറിച്ച് ഇന്നും വ്യക്തതയില്ല. ഗാർഹിക അദ്ധ്വാനത്തിന്റെ മഹത്വവല്ക്കരണത്തെ പ്രശ്നവൽക്കരിച്ചു കൊണ്ടുള്ള സംവാദങ്ങൾ സ്ത്രീവാദ സൈദ്ധാന്തിക അടിത്തറയിൽ നിർണ്ണായകമായവയാണ്. വീടിനുള്ളിൽ സ്ത്രീകൾ ചെയ്യാനായി നിർബന്ധിക്കപ്പെടുന്ന തൊഴിൽ അതിന്റെ വൈകാരികതയെ അടർത്തിമാറ്റി വരുമാനദായക തൊഴിലായി മാറ്റപ്പെടുമ്പോൾ ആൺകോയ്മാ വ്യവസ്ഥിതിയോടുള്ള വെല്ലുവിളി ഏറ്റെടുക്കൽ തന്നെയായിരുന്നു അത്.

പരമ്പരാഗത തൊഴിലുകൾ നഷ്ടപ്പെടുന്ന സാഹചര്യത്തിൽ തങ്ങളുടെ ഉപജീവനത്തിന് ബദൽ തൊഴിലുകൾ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് സേവ (സ്വയം തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ സംഘടന-SEWA) അതിന്റെ കേരളത്തിലെ പ്രവർത്തനങ്ങൾക്ക് തുടക്കമിടുന്നത്. തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം ദൃശ്യവല്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ അസംഘടിത സ്ത്രീതൊഴിലാളികളുടെ അംഗീകാരമായിരുന്നു ഗുജറാത്ത് കേന്ദ്രീകരിച്ച് പ്രവർത്തിച്ചു തുടങ്ങിയ സേവ യൂണിയന്റെ പ്രധാന പ്രവർത്തനോദ്ദേശ്യം. അസംഘടിത തൊഴിൽ മേഖലയിലെ സ്ത്രീ തൊഴിലാളികൾ മാത്രമായിരുന്നു യൂണിയന്റെ അംഗങ്ങൾ. ഗുജറാത്തിലും മറ്റ് പല സംസ്ഥാനങ്ങളിലും പ്രവർത്തിച്ചു വരുന്ന യൂണിയന്റെ ചുവടു പിടിച്ചുകൊണ്ട് കേരളത്തിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ സ്ത്രീകളുടെ കുടുംബത്തിനുള്ളിലെ വൈദഗ്ദ്ധ്യങ്ങളെ നിലനിൽക്കുന്ന വാർപ്പു മാതൃകകൾക്ക് പുറത്ത് തൊഴിലും സാമൂഹ്യനീതിയുമായി ബന്ധപ്പെടുത്തുക എന്ന ലക്ഷ്യവുമുണ്ടായിരുന്നു.



ഈ സാഹചര്യങ്ങൾ തൊഴിലാക്കി മാറ്റുക എന്ന തന്ത്രപരമായ ഉദ്ദേശ്യം ഈ സംഘാടനത്തിന് പുറകിൽ ഉണ്ടായിരുന്നു. മത്സ്യം, ഈറ്റ, കൃഷി തുടങ്ങിയ മേഖലയിൽ പുരുഷന്മാർക്ക് പണി ലഭിക്കാതെ വന്നപ്പോൾ കുടുംബം നിലനിർത്തുന്നതിനായി മറ്റ് എന്ത് പണികൾ ചെയ്യാനും ഈ സ്ത്രീകൾ തയ്യാറായിരുന്നു. ആദ്യ ശ്രമമെന്ന രീതിയിൽ രോഗികളെ ശുശ്രൂഷിക്കുക, കുട്ടികളുടെ പരിചരണം, പ്രസവാനന്തര ശുശ്രൂഷകൾ, പ്രായമായവരുടെ പരിചരണം തുടങ്ങിയവയിൽ ഒരു കൂട്ടം സ്ത്രീകൾക്ക് പരിശീ ലനം നല്കി. 1983 ൽ ആരംഭിച്ച ഈ സംഘാടനം സ്വയം തൊഴിലുകളിലേക്ക് സ്ത്രീകളെ നയിച്ചു. 80 കളുടെ അവസാനമായപ്പോഴേക്കും പുതിയ തരം സാദ്ധ്യതകൾക്ക് വീണ്ടും ശ്രമിച്ചുകൊണ്ടിരുന്നു. ആ ആലോചനകൾ സ്ത്രീകളുടെ നേതൃത്വത്തിൽ ക്യാന്റീൻ എന്ന ആശയത്തിലേക്ക് എത്തി. ഒരു കൂട്ടം സ്ത്രീകൾക്ക് പാചകവും സ്ഥാപനം നടത്തുന്നതിന്റെ വിവിധ വശങ്ങളെക്കുറിച്ചുമുള്ള പരിശീലനങ്ങൾ നൽകി. അങ്ങനെ സേവയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ഒരു കെട്ടിടം വാടകയ്ക്ക് എടുത്തുകൊണ്ട് 1989-ൽ ഈ ക്യാന്റീൻ പ്രവർത്തനം ആരംഭിച്ചു. ആദ്യമായി അത്തരത്തിൽ സ്ത്രീകളുടെ മാത്രം ഉത്തരവാദിത്വത്തിൽ നടത്തിപ്പ് ഏറ്റെടുത്ത ഒരു തൊഴിൽ സംരംഭമായിരുന്നു അത്. ഇങ്ങനെയുള്ള ഒരു പരീക്ഷണം സ്ത്രീകളെ സംബന്ധിച്ചിടത്തോളം വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. പുറം ലോകവുമായി ബന്ധപ്പെട്ട് സാധനം വാങ്ങലും കയറ്റിറക്കും പണം കൈകാര്യം ചെയ്യലും തുടങ്ങി ലാഭം ഉണ്ടാക്കൽ വരെ പുരുഷന്റെ കുത്തക ആയിരുന്ന ഒരവസ്ഥയിൽ സ്ത്രീകൾ തന്നെ ഇതേറ്റെടുത്ത് നടത്തിയത് നിരവധി പ്രതിസന്ധികളെ തരണം ചെയ്തുകൊണ്ട് തന്നെയാണ്. പുരുഷന് മേൽക്കോയ്മയുള്ള ഒരു പൊതു ഇടത്തിലെ തൊഴിൽ മേഖലയിലേക്ക് സ്ത്രീകളുടെ കൂട്ടായ്മ പ്രവേശിച്ചപ്പോൾ ഉണ്ടായ ആദ്യകാല അനുഭവങ്ങൾ അതിശയോക്തി കലർന്നതല്ല. അവ യഥാർത്ഥ അനുഭവങ്ങൾ തന്നെയാണ്. അതിരാവിലെ കമ്പോളത്തിൽ പോയി പച്ചക്കറി, മത്സ്യം, മാംസം തുടങ്ങിയവ വിലപേശി വാങ്ങി, തോത് കൃത്യമായി മനസ്സിലാക്കി, ആവശ്യത്തിന് മാത്രം സാധനങ്ങൾ ഉപയോഗിച്ച് വൃത്തിയുള്ളതും രുചികരവുമായ ഭക്ഷണം നൽകുക എന്നത് ഭാരിച്ച ഉത്തരവാദിത്വം തന്നെയായിരുന്നു. പുലർച്ചേ എഴുന്നേറ്റു വീട്ടുപണികൾ എല്ലാം ചെയ്ത് തൊലിനെത്തേണ്ട സമയം, മുഴുവൻ പണിയും തീരുമ്പോഴേക്കും വീട്ടിൽ മടങ്ങിയെത്താൻ താമസിക്കുന്ന അവസ്ഥ തുടങ്ങിയവയെല്ലാം സ്ത്രീകൾക്ക് വെല്ലുവിളികൾ നിറഞ്ഞ സാഹചര്യങ്ങളായിരുന്നു. പല ഭർത്താക്കൻമാരും പ്രശ്നങ്ങൾ ഉണ്ടാക്കിയപ്പോൾ ഒരുമിച്ച് നിന്ന് അതിനെ നേരിടാൻ സ്ത്രീകൾക്കായി. തങ്ങളുടെ തൊഴിലിടങ്ങളിൽ നേരിട്ടു വന്നു അന്വേഷിച്ചു കൊള്ളൂ, അപ്പോൾ ഞങ്ങളുടെ തൊഴിലിനെപ്പറ്റി മനസ്സിലാകും എന്നാണവർ നൽകിയ മറുപടി. കൃത്യവും മെച്ചപ്പെട്ട വരുമാനമുള്ളതുമായ തൊഴിലായി ഇതു മാറിയപ്പോൾ കുടുംബാന്തരീക്ഷങ്ങളെ തങ്ങളുടെ വരുതിയിൽ ആക്കാൻ ഇവർക്ക് സാധിച്ചു. ഇത് കുടുംബത്തിനുള്ളിൽ തന്നെ അവരുടെ വിലപേശൽ ശേഷി വർദ്ധിക്കുന്നതിന് ഇടയാക്കി.

സ്ത്രീകൾ മാത്രമായി നടത്തുന്ന ഭക്ഷണശാല ആദ്യമൊക്കെ കൗതുകകരമായിരുന്നു. തിരുവനന്തപുരത്ത് കോടതിയുടെ അടുത്ത് പ്രവർത്തിച്ചിരുന്നതു കൊണ്ട് കൂടുതലും വക്കീലന്മാരും കേസിനെത്തുന്നവരുമായിരുന്നു അവിടത്തെ ദൈനംദിന സന്ദർശകർ. സ്ത്രീകൾ യൂണിഫോമിട്ട് പലതരത്തിലുള്ള കൃത്യങ്ങൾ നിർവഹിക്കുന്നത് പരിചിതമുള്ള കാഴ്ചയായിരുന്നില്ല. സ്ത്രീകളുടെ പാചകമായതു കൊണ്ട് 'ഹോംലി ഫുഡായിട്ടും' മായം കലരാത്ത ഭക്ഷണമായിട്ടും വ്യാഖ്യാനിക്കപ്പെട്ടു. ഹോട്ടൽ വ്യവസായം വലിയ ശൃംഖലകളായി വ്യവസായ ഭീമൻമാരുടെ കൈപ്പിടിയിലാകുമ്പോൾ നിലവിലെ വാർപ്പു മാതൃകകളിൽ നിന്നും ഈ മാതൃകയെ പുറത്തു കൊണ്ടു വരിക അത്ര എളുപ്പമായിരുന്നില്ല. സ്ത്രീകൾ തന്നെ മുഴുവൻ കാര്യങ്ങളും നിയന്ത്രിക്കുന്ന ഒരു തൊഴിൽ സംസ്ക്കാരം കേരളീയർക്ക് അത്ര എളുപ്പത്തിൽ ഉൾക്കൊള്ളാൻ

സാധിക്കുന്ന കാഴ്ചയായിരുന്നില്ല അക്കാലത്ത്. ഇതിനു ലഭിച്ച പ്രചരണം മറ്റു സ്ഥാപനങ്ങളിൽ ക്യാന്റീൻ ഏറ്റെടുത്ത് നടത്താനാകുമോ എന്ന തരത്തിലേക്കുള്ള അന്വേഷണങ്ങൾ വന്നു തുടങ്ങി. ആദ്യ പരീക്ഷണ വിജയത്തിന്റെ അനുഭവം കൂടുതൽ സ്ത്രീകളെ ഈ തൊഴിലിലേക്ക് ഇറങ്ങാൻ പ്രേരിപ്പിച്ചു, പരിശീലനം നേടാൻ തയ്യാറായി. 1990-ൽ cess സെസ്സ് (സെന്റർ ഫോർ എർത്ത് സയൻസ്) ക്യാന്റീനിന്റെ ചുമതല സേവ ഏറ്റെടുത്തു. ആദ്യ സ്ഥാപന സംവിധാനമെന്ന നിലയിൽ ഏറ്റെടുത്തപ്പോൾ അവരുടെ ആവശ്യങ്ങളും (കേന്ദ്ര സർക്കാർ സ്ഥാപനമായതിനാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരുമുണ്ടവിടെ) സേവയുടെ രീതികളും തമ്മിൽ പൊരുത്തപ്പെടുത്തി കൊണ്ടുപോകുന്നതിന് ഈ സ്ത്രീ കൂട്ടായ്മയ്ക്ക് സാധിച്ചു എന്നുള്ളതാണ് ഇതിന്റെ വിജയത്തിലേക്കുള്ള ആദ്യ ചവിട്ടുപടി. തുടർന്ന് CDS (സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്), RCC (റീജിയണൽ ക്യാൻസർ സെന്റർ) തുടങ്ങിയ സ്ഥാപനങ്ങളുടെ ക്യാന്റീനുകളും ഏറ്റെടുത്തു നടത്തി. ദീർഘ വർഷങ്ങൾ ഈ ക്യാന്റീനുകളുടെ ചുമതല സേവയ്ക്കായിരുന്നു. RCC വളരെ തിരക്കുള്ള സ്ഥലമായിരുന്നു എപ്പോഴും. 24 മണിക്കൂറും പ്രവർത്തിക്കുക എന്ന ഉത്തരവാദിത്വം ഇവിടെ എത്തിയപ്പോഴേയ്ക്കും സ്ത്രീകളുടെ കൈകളിൽ എത്തി. വീട്ടിൽ നിന്ന് രാത്രി മാറി നിൽക്കേണ്ട സാഹചര്യത്തിലേക്ക് വന്നപ്പോൾ സ്ത്രീകൾ അതിന് തയ്യാറായി എന്നുള്ളത് ഈ മേഖലയിൽ മുന്നേറുന്നതിന്റെ അടുത്ത പടി ആയിരുന്നു. വളരെ അധികം പ്രതിബന്ധങ്ങൾ തരണം ചെയ്താണ് സ്ത്രീകൾ ഈ ചുമതല ഏറ്റെടുത്തത്. ആ സാഹചര്യത്തിൽ രൂപപ്പെട്ട ആശയം ഒരാൾക്ക് 24 മണിക്കൂർ വിശ്രമത്തോടുകൂടിയ ജോലി സമയം എന്നതായിരുന്നു. ഒരു ദിവസം മുഴുവൻ നിന്ന് 2 ഷിഫ്റ്റ് തൊഴിലെടുത്തു പിറ്റേ ദിവസം മുഴുവൻ വീട്ടിൽ നിൽക്കാൻ പറ്റുന്ന രീതിയായിരുന്നു അത്. അതായത് 15 ദിവസം കൊണ്ട് 30 ദിവസത്തെ ജോലിയും ശമ്പളവും ആനുകൂല്യങ്ങളുമെല്ലാം ലഭിക്കുന്ന സമ്പ്രദായം. 15 ഓളം സ്ത്രീകൾ മാറി മാറി ഷിഫ്റ്റുകളിൽ ജോലി ചെയ്തു. സ്ത്രീകൾക്ക് കുറേ കൂടി സ്വീകാര്യമായ സമ്പ്രദായമായി ഇത് മാറി.

അങ്ങനെ രാവിലെ മുതൽ രാത്രി വരെ ഭക്ഷണം നൽകേണ്ട ചുമതലയുള്ള സ്ഥലങ്ങളിലേക്കും ഈ സംവിധാനം നിലവിൽ വന്നു. തുടർന്ന് SAT Bip]{Xn, JMG, KELTEC, RTTC, ആരോഗ്യഭവൻ, പവർ ഹൗസ് തുടങ്ങി നിരവധി സ്ഥാപനങ്ങളിൽ ഈ സ്ത്രീ കൂട്ടായ്മ തങ്ങളുടെ പൂർണ്ണ നിയന്ത്രണത്തിൽ മുന്നോട്ട് കൊണ്ടു പോകാൻ ശ്രമിക്കുകയും ചെയ്തു. ഇന്നും ത്രിവേണി ആയുർവേദ ആശുപത്രി, KAT (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ), CESS, Focal Image, അഭയ, ശ്രീ ചിത്തിര തിരുനാൾ ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങളിൽ ഈ കൂട്ടായ്മയുടെ നേതൃത്വത്തിൽ ഭക്ഷണശാലകൾ നടത്തുന്നു. വർഷങ്ങളോളം സ്ത്രീകൾ നടത്തിയയായതു കൊണ്ട് വിലകൾ കൂട്ടിത്തരാൻ മടിക്കുന്ന സ്ഥാപനങ്ങളുമുണ്ട്. പുരുഷ വിലപേശലിനെക്കാളും (bargaining) ദുർഘടമാണ് പലപ്പോഴും സ്ത്രീകൾക്ക് സ്ഥാപനങ്ങളുമായുള്ള വിലപേശൽ. കുറഞ്ഞ ക്വട്ടേഷനുകൾ സ്വീകരിച്ച് പരീക്ഷിച്ച് വീണ്ടും സേവ കൂട്ടായ്മ മതി എന്ന് ഉറപ്പിച്ചിട്ടുള്ള അനുഭവങ്ങളുമുണ്ട്. ഇതെല്ലാം ഈ മേഖലയിലെ സ്ത്രീകളുടെ കഴിവുകൾ തെളിയിക്കുന്ന അനുഭവങ്ങളാണ്. സേവയുടെ സ്വന്തം ഭകഷണശാലയും അന്നു മുതൽ ഇന്നുവരെ മുടങ്ങാതെ നടത്തിവരുന്നുണ്ട്. SMSS (സ്വാശ്രയ മഹിളാ സേവാ സംഘം) - അന്നം എന്ന പേരിൽ ഒരു കൂട്ടായ്മ രജിസ്ട്രർ ചെയ്ത് തൊഴിലാളികൾ തന്നെ ഭാരവാഹികൾ ആയ സ്ഥാപന സംവിധാനമാണ് ഇന്ന് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

എല്ലാ ആഴ്ചകളിലും അതതു സ്ഥലങ്ങളിൽ മീറ്റിംഗ് കൂടി പ്രവർത്തനങ്ങളെ വിലയിരുത്തുക, മെച്ചപ്പെട്ട നിർദ്ദേശങ്ങൾ സ്വീകരിക്കുക, കൂടുതൽ വൈവിദ്ധ്യമാർന്ന പാചക രീതികളിലുള്ള പരിശീലനം നേടുക തുടങ്ങിയവ ഈ സംവിധാനത്തിന്റെ പ്രത്യേകതകളാണ്. യൂണിഫോമും ഏപ്രണും ഇട്ട് ഒരു സ്ത്രീ സംഘടനയുടെ കുടക്കീഴിൽ നിൽക്കുന്നതിന്റെ അഭിമാനവും തൊഴിലാളിയാണെന്നുള്ള ബോദ്ധ്യവും ഈ സ്ത്രീകൾക്കെല്ലാം തന്നെ ലഭ്യമായിട്ടുണ്ട്. കൂട്ടായ തീരുമാനമെടുക്കൽ തന്നെ ഈ കൂട്ടായ്മ നിലനിൽക്കുന്നതിൽ ഏറെ പ്രാധാന്യം. കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ സ്ത്രീകളുടെ പ്രവർത്തന ക്ഷമതയെയും സ്ഥിരതയെയും ബാധിക്കാറുണ്ട്. എന്നാൽ ഇത്തരം അസന്നിഗ്ദ്ധ ഘട്ടങ്ങളിൽ ഒരു സംഘടന എന്ന നിലയിലുള്ള പ്രത്യേകതകൾ ഈ വെല്ലുവിളികളെ മറികടക്കുന്നതിന് സഹായകരമാവുന്നു. പിന്നീടുള്ള പ്രത്യേകത വരവു ചിലവുകളിലെ സുതാര്യതയാണ്. ഓരോ ദിവസത്തേയും കണക്കുകൾ സ്ത്രീകൾക്ക് മനസ്സിലാകുന്നതിനുള്ള സംവിധാനം സൂപ്പർവൈസറുമായി കണക്കുകളിൽ വ്യക്തത വരുത്താൻ ഇവരെ സഹായിക്കുന്നു. അതതു സ്ഥാപനങ്ങൾ തങ്ങളുടെ വരവു ചിലവുകൾ മനസ്സിലാക്കി ശമ്പളത്തിനും മറ്റ് ആവശ്യങ്ങൾക്കും ചിലവാക്കിയതിന് ശേഷം മൊത്തത്തിൽ ബാക്കി വരുന്ന തുക എങ്ങനെ ചെലവഴിക്കണമെന്നും ഒരുമിച്ച് തീരുമാനിക്കുന്നു. ലാഭവിഹിതം തുല്യമായി വീതിക്കുന്നതിനും അവരുടെ ക്ഷേമ പദ്ധതികൾക്കായി മാറ്റി വയ്ക്കുന്നതിനും അവർ താല്പര്യമെടുക്കുന്നു. യൂണിയന്റെ പ്രവർത്തനങ്ങൾക്കായി നല്ല വിഹിതം

ഈ തൊഴിൽ കൂട്ടായ്മ നല്കുന്നുണ്ട്. വർഷാവസാനം പൊതുയോഗത്തിൽ കണക്കുകൾ അവതരിപ്പിച്ച് അംഗങ്ങളെയെല്ലാം ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ ഭക്ഷണശാലകളുടെ പ്രവർത്തനവും ക്രോഡീകരണവും സ്ത്രീകളുടെ പൂർണ്ണ പങ്കാളിത്തത്തോടും കൂടി ആവുന്നതാണ് ഈ മാതൃക. അതു തന്നെയാണ് അതിന്റെ വിജയവും.

കഴിഞ്ഞ പത്തു വർഷത്തിലേറെയായി കുടുംബശ്രീയുടെ ഭാഗമായി ധാരാളം സ്ത്രീകൾ ഭക്ഷണ രംഗത്തേക്ക് എത്തി സ്ത്രീകളുടെ നേതൃത്വത്തിൽ 'കുടുംബശ്രീ കഫേ' കേരളീയർക്ക് പരിചിതമായ ഭക്ഷണശാലകളായി മാറിയിട്ടുണ്ട്. ഒരു സർക്കാർ സംവിധാനം എന്ന പിൻബലത്തിലുള്ള പിന്തുണാ സംവിധാനങ്ങൾ അവർക്ക് ലഭ്യമായി. മുഖ്യധാരയിൽ വലിയ ഹോട്ടൽ സംരംഭങ്ങൾക്കിടയിൽ പിടിച്ചു നിൽക്കാൻ അവർക്ക് ഈ പിന്തുണ സഹായിച്ചിട്ടുണ്ട്. പരസ്യങ്ങളും വാർത്തകളുമൊക്കെ ഈ സംരംഭത്തെ പൊതു സമൂഹത്തിലേക്ക് എത്തിച്ചിട്ടുണ്ട്. എങ്കിലും ആൺകോയ്മാ സാഹചര്യങ്ങൾ പലതരത്തിലുള്ള വെല്ലുവിളികളുമായി ഇവിടെയൊക്കെ തലപൊക്കിയിട്ടുള്ള സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. കൂട്ടായ്മയെ ചിതറിക്കാനുള്ള വർദ്ധിത വീര്യം സ്ത്രീകൾക്ക് മുമ്പിൽ ഭീഷണിയാകുമ്പോൾ ശക്തമായ സംഘടനാ സംവിധാനങ്ങൾ മാത്രമേ ഇവരെ പിടിച്ചു നിർത്തുകയുള്ളൂ. 25 വർഷം സേവനമുള്ള പാചകക്കാരും തൊഴിലാളികളുമൊക്കെ സേവയുടെ ഈ കരുത്തിന്റെ ഉദാഹരണങ്ങളാണ്. അസംഘടിതമേഖലയിലെ അസാധാരണ തൊഴിലാളി സംഘാടനത്തിലേക്കുള്ള സംഘടനയുടെ വളർച്ചയിൽ ആരംഭകാലത്ത് വാർപ്പു മാതൃകകളെ അതിജീവിച്ച് ഈ തൊഴിലെടുക്കാനായി തയ്യാറായ ഈ സ്ത്രീകളുടെ അതിജീവന പോരാട്ടങ്ങൾ എന്നും തൊഴിലിന്റെ വ്യത്യസ്ത മാതൃകകൾ തന്നെയായിരിക്കും എന്നതിന് സംശയമില്ല.

---

**കവിത**

# വിശപ്പ് കാടിറങ്ങുമ്പോൾ



**പുസ്തകങ്ങൾ: അക്ഷരക്കറ്റ, മറവു ചെയ്യാത്ത ശബ്ദങ്ങൾ, സീല് വെച്ച പറുദീസ, ഉടൽ രാഷ്ട്രീയം, എന്റെ പുരുഷൻ, പിയേത്താ – The Portrait of love, A Fire Touch**
**പുരസ്ക്കാരങ്ങൾ: പ്രവാസി ബുക്ക് ട്രസ്റ്റ് അവാർഡ്, യു.എ.ഇ ചിരന്തന സാഹിത്യ അവാർഡ്.**



**ഹണി ഭാസ്ക്കരൻ**

ശൈത്യകാലം പോലെ
തണുത്തുറഞ്ഞു കിടപ്പാണുള്ളിൽ
വിശപ്പിന്റെ*തടാകം
വരാലുകളുടെ വഴുവഴുപ്പ് പോലെ
തെന്നി മാറുന്നുണ്ട് കാഴ്ചകൾ

ഭയം അസ്തമയത്തിലേക്കു നീങ്ങുമ്പോൾ
ഉടുവസ്ത്രമില്ലാതെ ഇരുട്ട്
ഒറ്റ വരവാണ്
ഉള്ളിലെ വിപ്ലവമൊരു കിതപ്പായ്
എന്റെ ഉടലിനെ പൊതിയും
കാടിന്റെ ശബ്ദങ്ങളിലേക്ക്
ഞാനപ്പോൾ രുചികളെ
ഊതി പറത്തും

വിശപ്പ് വെയിലായ്
വിയർപ്പായ്
ഗന്ധങ്ങളായ് ഒലിച്ചിറങ്ങെ
വെയിൽ വിളഞ്ഞ മരങ്ങളിലേക്ക്
രുചികളെ പതിയെ ചാരും
ഞാവൽ പഴങ്ങളെ സ്വപ്നം കാണും
ഗോതമ്പ് പാടങ്ങളിലേക്ക്
നടക്കാനിറങ്ങുന്ന ഒരുവനിലേക്ക്
വിശപ്പിനെ ചേർത്തുട കെട്ടും.

പല്ലിവാലും ചുമന്ന്
ചോണനുറുമ്പുകളുടെനിരയപ്പോൾ
ഏതെങ്കിലും മരപ്പൊത്തിലേക്ക്
കയറിപ്പോയിട്ടുണ്ടാകും
രുചികളെ സ്വപ്നം കാൺകെ
മരിച്ചു പോയവരുടെ ശവപ്പെട്ടി മീതെ
വിശപ്പെന്നല്ലാതെ
മറ്റെന്താണ് എഴുതി വെയ്ക്കുക ?

ചര്‍ച്ചാവിഷയം




അനുപമ ആനമങ്ങാട്


# നിഷിദ്ധാഹാരങ്ങള്‍





**മലപ്പുറം ജില്ലയിലെ ആനമങ്ങാട് ജനനം. ചെന്നൈയില്‍ ഐടി ജോലി ചെയ്യുന്നു. ഓണ്‍ലൈന്‍-ഓഫ് ലൈന്‍ ആനുകാലികങ്ങളില്‍ ശാസ്ത്രസാമൂഹ്യവിഷയങ്ങളില്‍ എഴുതാറുണ്ട്.**


മനുഷ്യസംസ്കാരങ്ങളുടെയും വൈവിധ്യങ്ങളുടെയും പ്രധാനപ്പെട്ട അടയാളങ്ങളില്‍ ഒന്നാണ് ആഹാരശൈലി. മനുഷ്യജീവിതവും കലാരൂപങ്ങളും മറ്റു സാംസ്കാരിക അടയാളങ്ങളുമെല്ലാം എത്രത്തോളം വൈവിധ്യം നിറഞ്ഞതാണോ അത്രതന്നെ വൈവിധ്യം ആഹാരസംസ്കാരത്തിലും കാണാനാവും.

ഫുഡ് ടാബൂ എന്ന ഇംഗ്ലീഷ് വാക്കിനു തത്തുല്യ മലയാളപദം ഉണ്ടോ എന്നറിയില്ല. അര്‍ത്ഥം 'വിശ്വാസാധിഷ്ഠിതമായി നിലവില്‍ വന്ന വിലക്കുകള്‍' എന്നാണ്. പോളിനേഷ്യന്‍ ഭാഷകളില്‍ നിന്നാണ് ഈ വാക്കിന്റെ ഉത്ഭവം; മധ്യ ദക്ഷിണ പസഫിക്കിലെ ദ്വീപുകള്‍ക്കു പറയുന്ന പേരാണ് പോളിനേഷ്യ. ഈ ഭാഷകളില്‍ ഇതിന് 'പവിത്രം' (sacred), 'നിഷിദ്ധം' (forbidden) എന്നൊക്കെയാണര്‍ത്ഥം; ഈ വാക്കിന്റെ മതപരമായ സാംഗത്യം വളരെ പ്രത്യക്ഷമാണ്.

അത്തരം 'ടാബൂകള്‍' പലതും വളരെ കൌതുകകരമാണ്. ചിലതിനൊക്കെ ചരിത്രപരമായ കാരണങ്ങള്‍ പറയപ്പെടുന്നുണ്ട്; ചിലതിന്‍റെയൊന്നും ഉത്ഭവത്തെ കുറിച്ച് വിവരങ്ങള്‍ ലഭ്യമല്ല. മതങ്ങളും വിശ്വാസങ്ങളും എത്രത്തോളം മനുഷ്യജീവിതത്തെ സ്വാധീനിക്കുന്നുവോ അത്രത്തോളം തന്നെ ആഹാരരീതികളെയും സ്വാധീനിച്ചിട്ടുണ്ട്. രോഗഭയവും തെറ്റിപ്പോയ രോഗനിര്‍ണയവും വരെ ആഹാരശൈലിയെ സ്വാധീനിക്കാറുണ്ട്. കാലാവസ്ഥാവ്യതിയാനവും ഒരു പ്രധാനഘടകമാണ്. അങ്ങനെയങ്ങനെ പലപല സാംസ്കാരികകാരണങ്ങളാല്‍ പലകാലങ്ങളില്‍ പലയിടത്തായി ഉരുത്തിരിഞ്ഞു വന്നവയാണ് ഓരോ സമൂഹങ്ങളിലെയും ആഹാരനിയമങ്ങള്‍.

ആഹാരക്രമങ്ങളും വിശ്വാസങ്ങളും ബലികളും ഇന്നു നിലവിലുള്ള മതങ്ങള്‍ക്കെല്ലാം മുമ്പേ തന്നെ പ്രകൃതിയോടുള്ള ഭയം ദൈവവിശ്വാസത്തിന് വഴിവെച്ചിരുന്നു. അത്തരമൊരു ശക്തിയെ, ദൈവത്തെ, പ്രീതിപ്പെടുത്താനുള്ള ശ്രമങ്ങളും സ്വാഭാവികമായും ഉണ്ടായിരുന്നു. ഓരോ ഗോത്രത്തിലെയും മനുഷ്യരുടെ പ്രധാന ആഹാരം എന്തൊക്കെയായിരുന്നുവോ അതൊക്കെതന്നെയാണ് ദൈവങ്ങള്‍ക്കും ബലിയായി അര്‍പ്പിച്ചിരുന്നത്. വിശേഷപ്പെട്ട വിലകൂടിയ ആഹാരങ്ങള്‍ ദൈവപ്രീതിക്കായി ബലികൊടുത്തിരുന്നു. ഇവയില്‍ വേട്ടയാടി കൊണ്ട് വന്ന മൃഗങ്ങളും വളര്‍ത്തുമൃഗങ്ങളും കൃഷി ചെയ്തുണ്ടാക്കിയ വസ്തുക്കളും പാലുത്പന്നങ്ങളുമെല്ലാം അതതു ഗോത്രങ്ങളിലെ അതതു കാലത്തെ ആഹാരസംസ്കാരങ്ങള്‍ക്കനുസരിച്ച് ഉള്‍പ്പെട്ടിരുന്നു. ഓരോ പ്രദേശങ്ങളില്‍ ഓരോ ആഹാരസംസ്കാരം ഉള്ളതുപോലെ തന്നെ ചില ആഹാരവസ്തുക്കളുടെ മേലുള്ള വിലക്കുകളും ഓരോ പ്രദേശത്തും ഓരോ പോലെയാണ്. സംസ്കാരങ്ങള്‍ അങ്ങോട്ടുമിങ്ങോട്ടും ഒരുപാട് മിശ്രണം നടന്നിട്ടുള്ളതുകൊണ്ട് പലപ്പോഴും ഈ രീതികള്‍ തമ്മില്‍ കലരുന്നതും കാണാം.

**ചില രസകരമായ food taboos ആണ് താഴെ:**



### പാശ്ചാത്യ (Western) ലോകം

പട്ടിയിറച്ചി പൊതുവെ പാശ്ചാത്യരാജ്യങ്ങളില്‍ ടാബൂ ആയി കണക്കാക്കപ്പെടുന്ന ഒന്നാണ്. കൊറിയ, വിയറ്റ്നാം, ചൈന എന്നിടങ്ങളില്‍

പട്ടിയിറച്ചി ഉപയോഗിക്കുമെങ്കിലും അതൊരു കോമൺ ഡിഷ് അല്ല. പൂച്ചയിറച്ചിയും ഇതുപോലെ തന്നെ. രണ്ടിൻറെയും കാരണം അവ പെറ്റ് അനിമൽസ് ആയതുകൊണ്ടാവാം. കുതിരയിറച്ചിയും പൊതുവെ പാശ്ചാത്യർ ഭക്ഷിക്കില്ല. എന്നാൽ ഇറ്റലി, ഫ്രാൻസ്, ജപ്പാൻ തുടങ്ങിയ ഇടങ്ങളിൽ ചിലർ കുതിരയിറച്ചി കഴിക്കാറുണ്ട്.

എലികളുടേതും പൊതുവെ വൃത്തിയില്ലായ്മയുടെ പേരിൽ ഒഴിവാക്കപ്പെടുന്ന മാംസം ആണ്; എന്നാൽ ചില രാജ്യങ്ങളിൽ ഇതും കഴിക്കുന്നവരുണ്ട്. ഗിനിപ്പിഗ്ഗിന്റെ ഇറച്ചി തെക്കേ അമേരിക്കയിൽ സാധാരണമാണ്; എന്നാൽ മറ്റു പാശ്ചാത്യരാജ്യങ്ങളിൽ കാണാറില്ല.

ബ്രസീലുകാരുടെ പ്രധാനാഹാരമാണ് മത്സ്യവും മറ്റു കടൽവിഭവങ്ങളും. എന്നാൽ ഇവയിൽ തന്നെ ഭക്ഷിക്കാൻ പാടില്ലാത്തവയെന്നു തരം തിരിച്ചവയുമുണ്ട്. ഇരപിടിക്കുന്ന മത്സ്യങ്ങൾ (Predatory fish) പൊതുവേ രോഗികൾക്ക് നിഷിദ്ധമാണ്. കടലിന്റെ അടിത്തട്ടിൽ ജീവിക്കുന്ന തരം മത്സ്യങ്ങളും രോഗികൾ ഭക്ഷിച്ചുകൂടാ.

The Church of Jesus Christ of Latter-day Saints

ക്രിസ്ത്യാനിറ്റിയിൽ പഴയ നിയമത്തിൽ ധാരാളം ആഹാരനിയമങ്ങളുണ്ട്; അവയൊന്നും ഇക്കാലത്ത് പിന്തുടരാറില്ല പൊതുവെ. ഒട്ടകം, ഒട്ടകപ്പക്ഷി എന്നിവ ബാൻ ചെയ്യപ്പെട്ടിട്ടുണ്ടെന്നു കാണാം. The Church of Jesus Christ of Latter-day Saints ലെ അംഗങ്ങൾക്ക് ചായയും കാപ്പിയും നിഷിദ്ധമാണ്. മോർമോൺ ചർച്ചിലെ അംഗങ്ങളും ടല്ലിവേ ഉമ്യ അറ്ലിശേഭ സഭാംഗങ്ങളും കഫീൻ അടങ്ങിയ പാനീയങ്ങൾ ഒഴിവാക്കാറുണ്ട്.

## ആഫ്രിക്കൻ ലോകം

സോമാലിയയിലെ ചില ഗോത്രങ്ങളിൽ മത്സ്യം



കഴിക്കാൻ പാടില്ലെന്ന് നിയമമുണ്ട്. മത്സ്യം കഴിക്കുന്ന ഗോത്രങ്ങളുമായി ഇവർ വിവാഹം നടത്തുകയുമില്ല. ഇതിന്റെ കാരണം വ്യക്തമല്ല. മത്സ്യാഹാരം കഴിച്ച ശേഷം പണ്ടുകാലത്ത് എന്തെങ്കിലും അസുഖങ്ങൾ വരികയോ മറ്റോ സംഭവിച്ചിരിക്കാം എന്നൂഹിക്കാനേ കഴിയൂ.

മുട്ട കഴിക്കുന്ന കുട്ടികൾ കള്ളന്മാരാകുമെന്നാണ് നൈജീരിയയിലെ ചില ഗോത്രങ്ങൾ വിശ്വസിക്കുന്നത്. തേങ്ങാപ്പാൽ കഴിച്ചാൽ കുട്ടികളുടെ ബുദ്ധി നഷ്ടപ്പെടും, ഗർഭിണികൾ ചേന കഴിച്ചാൽ കുട്ടി വലിപ്പം വെച്ച് ഡെലിവറി ബുദ്ധിമുട്ടുള്ളതാകും എന്നിങ്ങനെയുമുണ്ട് വിശ്വാസങ്ങൾ.

ജമൈക്കയിൽ ചിലയിടങ്ങളിൽ, സംസാരിച്ചു തുടങ്ങാത്ത കുട്ടികൾ ചിക്കൻ കഴിച്ചാൽ അവർ പിന്നീട് ഒരിക്കലും സംസാരിക്കില്ല എന്നൊരു വിശ്വാസമുണ്ട്. പകുതി മുട്ട കഴിച്ചാൽ കുട്ടി കള്ളനാകും, ഫീഡിംഗ് ബോട്ടിലിൽ ഫീഡ് ചെയ്താൽ കുഞ്ഞ് കള്ള് കുടിയനാകും എന്നിവയാണ് മറ്റു ചിലവ.

## പാപ്പാ ന്യൂ ഗിനീ

പസിഫിക് സമുദ്രത്തിൽ തെക്കുപടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന ചില ദ്വീപുകൾ ഉൾപ്പെട്ടതാണ്



പാപ്പാ ന്യൂ ഗിനീ എന്ന രാജ്യം. ഇത്രയധികം സാംസ്കാരികവൈവിധ്യമുള്ള മറ്റൊരു നാടുണ്ടോ എന്ന് സംശയമാണ്. ഈനാട്ടിൽ ചില ഗോത്രങ്ങളിൽ ആർത്തവമുള്ള സ്ത്രീകൾ മാംസം, വാഴപ്പഴം, ചുവന്ന നിറമുള്ള പഴങ്ങൾ ഒന്നും ഭക്ഷിക്കാൻ പാടില്ല എന്ന് നിയമമുണ്ട്. കെണി വെച്ചു പിടിച്ച മൃഗത്തിന്റെ മാംസം ആർത്തവമുള്ള സ്ത്രീ തിന്നാൽ പിന്നീട് കെണിയിൽ മൃഗങ്ങൾ വീഴില്ല എന്നു വിശ്വസിക്കപ്പെടുന്നു. നായ്ക്കളെ വെച്ചാണ് ആ മൃഗത്തെ പിടിച്ചതെങ്കിൽ നായ്ക്കൾക്ക് മണം പിടിക്കാനുള്ള കഴിവ് നഷ്ടപ്പെടും. ആർത്തവമുള്ള സ്ത്രീ വാഴപ്പഴങ്ങളും ചുവന്ന പഴങ്ങളും തിന്നാൽ അവയുണ്ടായ മരങ്ങൾ പിന്നീട് കായ്ക്കില്ലെന്നുമുണ്ട് ഒരു വിശ്വാസം.

മുതിർന്ന സ്ത്രീകൾക്ക് മത്സ്യം അനുവദനീയമല്ല. ഗർഭകാലത്ത് മുട്ട അനുവദനീയമല്ല. അവിവാഹിതരായ ചെറുപ്പക്കാരായ പുരുഷന്മാർക്ക് ഇത്തരം നിയമങ്ങൾ കുറവാണ്. എന്നാൽ വിവാഹശേഷം

അവരും പുത്തൻമാംസം ഒഴിവാക്കി പുകയിൽ ഉണക്കിയ മാംസം കഴിക്കണം.

## പൗരസ്ത്യ (Eastern) ലോകം

കാശ്മീരിലെ ബ്രാഹ്മണർ 'കടുത്ത രുചിയുള്ള' ആഹാരങ്ങൾ ഒഴിവാക്കും. ഇവയിൽ ഉള്ളി, വെളുത്തുള്ളി, കുരുമുളക്, പച്ചമുളക് തുടങ്ങിയവ



പെടും. കഠിനമായ ഗന്ധമുള്ള ആഹാരവസ്തുക്കൾ അശുദ്ധമായ/ നീചമായ വികാരങ്ങളെ ഉണർത്തും എന്ന വിശ്വാസമാണ് ഇതിനു പുറകിൽ.

ചൈനയിലെ ബുദ്ധമതാനുയായികൾ വെളുത്തുള്ളി, ഉള്ളി, കായം മുതലായവ ഒഴിവാക്കാറുണ്ട്. പുതുവർഷം തുടങ്ങിയ ചില ആഘോഷങ്ങളോടനുബന്ധിച്ച് ചില ആഹാരപദാർത്ഥങ്ങൾ ചൈനക്കാർ പൊതുവെ ഒഴിവാക്കാറുണ്ട്. പോറിഡ്ജ് അത്തരമൊന്നാണ്; പുതുവർഷത്തിനിതു കഴിച്ചാൽ ദാരിദ്ര്യം വരുമെന്നൊരു വിശ്വാസമുണ്ട്.

## ജൈനാഹാരം

മാംസവും മത്സ്യവും ഒഴിവാക്കുന്നതിനു പുറമേ ജൈനാഹാരത്തിൽ കിഴങ്ങു വർഗങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ഉള്ളിയും വെളുത്തുള്ളിയും മറ്റു കിഴങ്ങ് വർഗങ്ങളും നിഷിദ്ധമാണ്.

സസ്യങ്ങൾക്ക് ജൈനമതത്തിൽ ഒരു ഹൈറാർക്കി കല്പിച്ചിട്ടുണ്ട്; അതുപ്രകാരം മൃഗങ്ങൾക്ക് ശേഷവും മറ്റു സസ്യങ്ങൾക്ക് മുമ്പുമായി ഇവക്ക് സ്ഥാനം കൽപിച്ചിട്ടുള്ളത് കൊണ്ടാണ് മാംസാഹാരം ഒഴിവാക്കുന്നതിനോടൊപ്പം ഇവയും ഒഴിവാക്കുന്നത്. ഹൈറാർക്കിയിൽ ഏറ്റവും താഴെയുള്ളവക്ക് ലിലെ കുറവാണെന്നാണ് വിശ്വാസം; അവയെ ഭക്ഷിക്കാൻ പ്രശ്നമില്ല.

## ഗോമാംസവും ഹിന്ദുത്വവും

ഹിന്ദുയിസത്തിന് ചരിത്രപരമായി നിലനില്പുള്ള ഒരു പ്രത്യേക ആഹാര സമ്പ്രദായം ഇല്ലെങ്കിലും, പണ്ടുകാലത്ത് ബുദ്ധിസത്തിനെതിരെയുള്ള ചെറുത്തുനില്പുകളിൽ ഉടലെടുത്ത്, പിന്നീട് ഹിന്ദുക്കളെ സംഘടിപ്പിക്കാനുള്ള നവരാഷ്ട്രീയമുന്നേറ്റങ്ങളുടെ ഭാഗമായി പത്തൊമ്പതാം നൂറ്റാണ്ടിൽ ശക്തി പ്രാപിച്ചു വന്നതാണ് ഗോമാതാസങ്കൽപവും ഗോമാംസവർജ്ജനവും . പശു പുണ്യമൃഗമാണെന്നും അതിന്റെ മാംസം ഹിന്ദുവിന് വിലക്കപ്പെട്ടതാണെന്നുമാണ് ഈ വിശ്വാസം. വേദപരമായോ ചരിത്രപരമായോ ഈ വാദത്തിനു നിലനില്പില്ല എന്നിരിക്കിലും, നവഹിന്ദുത്വരാഷ്ട്രീയത്തിന്റെ ഭാഗമായി ഈ ടാബൂ ഇക്കാലത്ത് ശക്തി പ്രാപിച്ചിട്ടുണ്ട്.

## സിംഗപ്പൂർ

ചിത്രത്തിൽ കാണുന്നത് സിംഗപ്പൂരിലെ ഒരു സൈൻ ബോർഡാണ്. ച്യൂയിംഗം അവിടെ ബാൻഡ് ആണ്. ഫുഡ് ടാബൂ എന്ന് വിളിക്കാനാവില്ലെങ്കിലും ഇതിന്റെ കഥ വളരെ രസകരമാണ്. കണ്ടിടത്തെല്ലാം ച്യൂയിംഗം ഒട്ടിച്ചു വെക്കുക എന്നൊരു ചീത്ത ശീലം സിംഗപ്പൂർകാർക്ക് പൊതുവെ ഉണ്ടായിരുന്നത്രേ. 1987 ൽ ങഞഠ എന്ന ട്രാൻസ്പോർട്ട് സിസ്റ്റം കൊണ്ട് വന്നപ്പോൾ, ട്രെയിനുകളുടെ ഡോറുകൾ ഓട്ടോമാറ്റിക് ആയി അടക്കാനും തുറക്കാനും സെൻസറുകൾ ഘടിപ്പിച്ചിരുന്നു. ഈ സെൻസറുകളിൽ യാത്രക്കാർ ച്യൂയിംഗം ഒട്ടിച്ചുവെച്ചതു കാരണം ഡോർ ശരിക്ക് പ്രവർത്തിക്കാതെയായി. ഇത് ട്രാൻസ്പോർട്ട് സമയക്രമത്തെ സാരമായി ബാധിച്ചതു കൊണ്ടാണ്ച്യൂയിംഗം നിരോധിച്ചത്.

## ഒരാംഗ് അസലി ഗോത്രം

പടിഞ്ഞാറേ മലേഷ്യയിലെ ഒരു ഗോത്രവിഭാഗം ആണ് ഒരാംഗ് അസലി. കൌതുകകരമായ ചില ആഹാരനിയമങ്ങൾ ഇവർക്കുണ്ട്.

ഒരെണ്ണം ഗർഭിണികൾക്ക് ഭക്ഷിക്കാവുന്ന ആഹാരത്തെ സംബന്ധിച്ചാണ്. ചെറിയ മൃഗങ്ങളുടെത് weak spirit ആയതു കൊണ്ട് അവയെ ഭക്ഷിക്കാം; അതായത് അണ്ണാൻ, തവള, ചെറിയ പക്ഷികൾ, മത്സ്യം എന്നിവയാവാം. മറ്റുള്ളവ പാടില്ല; ട്രൈീഴ ുശൃശ ഉള്ള വലിയ മൃഗങ്ങളുടെ മാംസം ഗർഭകാലത്ത് ശരീരം താങ്ങില്ല എന്നാണ് വിശ്വാസം. ഗർഭിണി മാത്രമല്ല ഭർത്താവും ഇതേ നിയമങ്ങൾ പിന്തുടരണം എന്നുമുണ്ട്. ഇതേ നിയമങ്ങൾ നാലുവയസ്സ് വരെ കുഞ്ഞുങ്ങൾക്കും ഉണ്ട്. എല്ലാ മൃഗങ്ങൾക്കും സ്പിരിറ്റ് ഉണ്ടെന്നും ചെറിയ മൃഗങ്ങളുടെത് കുഞ്ഞുങ്ങൾക്ക് താങ്ങാനാവുന്ന വിധം ചെറുതായിരിക്കും എന്നുമാണ് വിശ്വാസം. നാലുവയസ്സിനു ശേഷം പ്രായത്തിനനുസരിച്ച് അല്പം കൂടി വലിയ മൃഗങ്ങളെ ഭക്ഷിച്ചു തുടങ്ങാം.

## ഗർഭകാലവിലക്കുകൾ

മുമ്പേ പറഞ്ഞ ഗോത്രങ്ങളിൽ മാത്രമല്ല ഗർഭകാലത്ത് പാലിക്കേണ്ട ആഹാരനിയമങ്ങൾ നിലവിലുള്ളത്. ശാസ്ത്രീയമായ അടിത്തറയുള്ളവക്ക് പുറമേ പലയിടത്തും നാട്ടറിവ് എന്നാ പേരിൽ പലതരം ഫുഡ് ടാബൂസ് നിലനിൽക്കുന്നുണ്ട്.

ഇന്ത്യയിൽ പൊതുവെ ശരീരത്തിൽ ചൂട്

ഉത്പാദിപ്പിക്കുന്നു എന്ന് വിശ്വസിക്കപ്പെടുന്ന ആഹാരവസ്തുക്കളാണ് പൊതുവെ ഗർഭകാലത്ത് ടാബൂ. പപ്പായ, പൈനാപ്പിൾ, എള്ള് കൊണ്ടുണ്ടാക്കിയ പലഹാരങ്ങൾ എന്നിവ ഇതിൽ പെടും. ഗർഭം അലസിപ്പോകുമെന്ന് ഭയന്നാണിത്.

ചൈനയിലാകട്ടെ, നേരെ തിരിച്ചാണ്. ഐസ്ക്രീം, തണ്ണിമത്തൻ തുടങ്ങിയ തണുത്ത ആഹാരങ്ങളാണ് ഗർഭിണികൾ ഒഴിവാക്കേണ്ടത്; തണുത്ത ആഹാരപദാർത്ഥങ്ങൾ ഉണ്ടാക്കുന്നതിൽ നിന്നും ഗർഭിണികൾ വിട്ടുനിൽക്കണം. പഴയ കാലത്തെ വിശ്വാസമാണെങ്കിലും ഇപ്പോഴും ചിലർ പിന്തുടരുന്നു. പൈനാപ്പിൾ, മാങ്ങ തുടങ്ങിയ ചില 'ചൂടുള്ള' ഭക്ഷണങ്ങളും കുഞ്ഞിനു ചില സ്കിൻ പ്രശ്നങ്ങൾ വരാതിരിക്കാൻ ഒഴിവാക്കും. എരിവുള്ളതും എന്ന അധികമുള്ളതുമായ ആഹാരവും ഗർഭമലസിപ്പോവാൻ കാരണമാകുമെന്നാണ് വിശ്വാസം.

ഇന്തോനേഷ്യയിൽ ഗർഭിണികൾക്ക് കോഴിമുട്ട നിഷിദ്ധമാണ്. കഴിച്ചാൽ പ്രസവം നീണ്ടതാവുകയും അമ്മക്ക് ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുമെന്നാണ് വിശ്വാസം. എന്നാൽ നന്നായി പാകം ചെയ്ത മുട്ട കഴിക്കുന്നത് നല്ലതാണ് എന്നതാണ് യാഥാർഥ്യം. ഗർഭകാലത്ത് സത്യത്തിൽ ഒഴിവാക്കേണ്ടത് ആൽക്കഹോൾ, പുകവലി, കണ്ടാമിനേഷൻ സാധ്യതയുള്ള ആഹാരങ്ങൾ എന്നിവയാണ്; മറ്റൊന്നിനും ശാസ്ത്രീയ അടിസ്ഥാനമില്ല.

## കോഷർ ഫുഡ്

ജൂതായിസത്തിൽ ഒരുപാട് ഫുഡ് ടാബൂസ് നിലവിലുണ്ട്. കോഷർ എന്നാണ് ഇവ വിളിക്കപ്പെടുന്നത്.വെള്ളത്തിലും കരയിലും ജീവിക്കുന്ന, ആംഫീബിയൻ, ആയ എല്ലാ മൃഗങ്ങളും ജൂതർക്ക് നിഷിദ്ധമാണ്; തവള, മുതല, ആമ, പാമ്പ് തുടങ്ങിയവയെല്ലാം ഇതിൽ പെടും.

ചില തരം മത്സ്യങ്ങളും നിഷിദ്ധമാണ്; ഈൽ മത്സ്യം പോലുള്ളവ. വെള്ളത്തിൽ ജീവിക്കുന്ന എന്നാൽ ഉശിെ മിറ രെമഹലെ ഇല്ലാത്ത എല്ലാതരം ജീവികളും നിഷിദ്ധമാണ്; ഷെൽ ഫിഷ്, ലോബ്സ്റ്റർ, ചെമ്മീൻ, കൊഞ്ച് തുടങ്ങിയവ.

പ്രാണികൾ തീർത്തും നിഷിദ്ധമാണ്; ആഹാരത്തിൽ പ്രാണികൾ പെട്ടുപോയാൽ പോലും വലിയ പ്രശ്നമാണ്; അവ പിന്നെ കഴിച്ചൂട. ഒച്ച്, അണ്ണാൻ, വവ്വാൽ തുടങ്ങിയവയാണ് നിഷിദ്ധമായ മറ്റു ചിലത്.

## ഇസ്ളാമിൽ ഹറാമായ ആഹാരങ്ങൾ

ഇസ്ലാമിലെ ഹലാൽ/ ഹറാം ഭക്ഷണക്രമത്തെ പറ്റി പൊതുവെ പലർക്കും അറിവുണ്ടായിരിക്കും. പ്രത്യേകിച്ച് പന്നിയിറച്ചി നിഷിദ്ധമാണ് എന്നത്. എന്നാൽ പന്നി മാത്രമല്ല ഇസ്ലാമിൽ നിഷിദ്ധം. Predatory (മാംസാഹാരി) ആയ എല്ലാ കരമൃഗങ്ങളും ഇസ്ളാമിൽ നിഷിദ്ധമാണ്. സസ്യാഹാരം കഴിക്കുന്ന മൃഗങ്ങൾ മാത്രമേ ആഹാരയോഗ്യമായുള്ളൂ. ഈ ക്രമങ്ങൾ ഇക്കാലത്തും വളരെ നിശിതമായി പാലിക്കപ്പെട്ടുവരുന്നുണ്ട്. ഭക്ഷിക്കാനുള്ള മൃഗങ്ങളെ കൊള്ളുന്ന രീതിക്കും പ്രത്യേകതകളുണ്ട് (ഹലാൽ മാംസം); അത്തരത്തിൽ കശാപ്പു ചെയ്യപ്പെട്ട മൃഗങ്ങളെ മാത്രമേ ഭക്ഷിക്കാവൂ എന്നുണ്ട്.

## യാസീദികൾ

ഇറാഖിലെ കുർദ്ദുകളിൽ പെടുന്ന ഒരു മതന്യൂനപക്ഷമാണ് യാസീദികൾ. യാസീദികൾക്ക് ലെറ്റ്യൂസ് നിഷിദ്ധമാണ്. ഇതിനു പുറകിലൊരു കഥയുണ്ട്. മുസ്ലിങ്ങളും ക്രിസ്ത്യൻസും യാസീദികളെ വെട്ടയാടിയിരുന്നതുമായി ബന്ധപ്പെട്ടതാണത്. എമഹമവ ഒമമൈ ഖൗാമ എന്ന മുസ്ലിം മതാധ്യാപിക പറയുന്നതു പ്രകാരം പതിമൂന്നാം നൂറ്റാണ്ടിൽ ങീൗഹ ഭരിച്ചിരുന്ന ക്രൂരനായ ഒരു രാജാവ് ഒരു യാസീദി പുരോഹിതനെ എക്സിക്യൂട്ട് ചെയ്യുകയും കണ്ടു നില്ക്കുന്ന ജനം ഹലഃൗരല വലമറ കൊണ്ട് എറിയുകയും ചെയ്തിരുന്നുവത്രേ. ആ കഥ കാരണമാണ് ലെറ്റ്യൂസ് വെറുക്കപ്പെട്ട ഒന്നായത്.

## പൈതഗോറിയൻസ്

ഗ്രീക്ക് തത്വചിന്തകനും ഗണിതജ്ഞനായ പൈതഗോറസിന്റെ അനുയായികൾ സസ്യാഹാരികൾ ആയിരുന്നു. ഇവർക്ക് പയർവർഗ്ഗങ്ങൾ നിഷിദ്ധമായിരുന്നു. ഇതിന്റെ കാരണം അജ്ഞാതമാണ്; വയറിനു ഗ്യാസ് മുതലായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് കൊണ്ടാവാമെന്നും ഫാവിസം (ഏഹൗരീലെ6 ുവീുവമലേ റലവ്യറൃീഴലിമലെ റലളശരശലിര്യ) എന്ന ഒരു രോഗാവസ്ഥക്കു കാരണമാകുമെന്ന ഭയം കൊണ്ടാണെന്നും അതല്ല വിശ്വാസപരം തന്നെയായിരുന്നുവെന്നുമെല്ലാം അഭിപ്രായങ്ങളുണ്ട്.

ഇത്തരം വ്യത്യസ്ത നിഷിദ്ധാഹാരങ്ങൾ ലോകത്ത് പലയിടത്തും നിലനിൽക്കുന്നത് പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാണ്. ഒരിടത്ത് നിഷിദ്ധമായത് മറ്റിടങ്ങളിലല്ല; ഒരിടത്ത് പ്രിയമുള്ള ആഹാരം മറ്റിടങ്ങളിൽ അത്ര സ്വീകാര്യമല്ല. പലതും വിശ്വാസത്തിന്റെയോ സമ്പ്രദായത്തിന്റെയോ പേരിൽ പിന്തുടരുന്നു എന്നതല്ലാതെ യാതൊരു ശാസ്ത്രീയ അടിസ്ഥാനവുമില്ലാത്തവയാണ്. ഭയമാണ് പലപ്പോഴും ഇത്തരം സമ്പ്രദായങ്ങളെ മുന്നോട്ടു കൊണ്ടുപോകുന്നത്. ലോകത്തെ ആഹാരസംസ്കാരങ്ങളുടെ വൈവിധ്യത്തെ പറ്റി മനസ്സിലാക്കിയാൽ തീരാവുന്ന ഭയവുമാണത്. നിഷിദ്ധാഹാരങ്ങൾ.

References:

Food taboos: their origins and purposes - http://www.ncbi.nlm.nih.gov/pmc/articles/PMC2711054/

Pregancy food taboos - http://theplate.nationalgeographic.com/2015/03/19/eat-this-not-that-taboos-and-pregnancy/

Food Taboos around the world - http://www.foxnews.com/leisure/2014/03/05/food-taboos-around-world/

വഴിത്താരകൾ

# സുമംഗലയുടെ സംഗീതയാത്രകൾ



ജാനകി

ദില്ലിയിലെ അംബേദ്കർ സർവകലാശാലയിൽ സാമ്പത്തികശാസ്ത്രവിഭാഗത്തിൽ അധ്യാപികയായി പ്രവർത്തിക്കുന്ന മലയാളിയായ സുമംഗല ദാമോദരനെ സാംസ്കാരികലോകം കൂടുതൽ നന്നായി അറിയുന്നത് ഗായികയും, സംഗീതജ്ഞയും, സംഗീത ഗവേഷകയുമായിട്ടായിരിക്കും.സുമി എന്ന് ഞങ്ങൾ സുഹൃത്തുക്കൾ വിളിക്കുന്ന സുമംഗലയെ ഞാൻ ആദ്യം പരിചയപ്പെടുന്നത് എൺപതുകളുടെ മധ്യത്തിൽ ജവാഹർലാൽ നെഹ്‌റു സർവകലാശാലയിൽ ബിരുദാനന്തര വിദ്യാർത്ഥിനിയായിട്ടാണ്. കൃത്യമായി പറഞ്ഞാൽ ഞങ്ങൾ രണ്ടുപേരും താമസിച്ചിരുന്ന ഗംഗാ ഹോസ്റ്റലിൽ വെച്ച്. പഠിച്ചിരുന്ന വിഷയങ്ങൾ വ്യത്യസ്തമെങ്കിലും, സംഗീതത്തോടുള്ള പ്രത്യേക താത്പര്യവും രാഷ്ട്രീയ ചർച്ചകളും ഞങ്ങളെ കൂടുതൽ അടുപ്പിച്ചു. രാഷ്ട്രീയ വിഷയങ്ങളേക്കാൾ ഞങ്ങൾ സംസാരിച്ചത് സംഗീതമാണെന്നുള്ളത് ഇന്നൊരു പ്രസന്നമായ ഓർമ്മയാണ്. സുമിയുടെ ഗാനാലാപനങ്ങൾ ആവേശം പകർന്ന രാഷ്ട്രീയാന്തരീക്ഷമായിരുന്നു അന്നത്തെ JNU ക്യാമ്പസ്സിൽ ഉണ്ടായിരുന്നത്. ഞങ്ങളുടെ ഹോസ്റ്റൽ മുറികളിലെ ഒത്തുകൂടലുകൾക്കും സുമിയെക്കൊണ്ട് പാട്ടുപാടിക്കുക എന്ന സ്വാർത്ഥലക്ഷ്യം കൂടി ഉണ്ടായിരുന്നു. ജെ എൻ യു രാവുകളെ രാഗസാന്ദ്രമാക്കിയിരുന്ന ശബ്ദങ്ങളിൽ, വേറിട്ട മധുരം കിനിഞ്ഞ സ്വരമായിരുന്നു സുമിയുടേത്.

സാമ്പത്തിക ശാസ്ത്രത്തിൽ ഗവേഷണ ബിരുദം എടുത്തതിന് ശേഷം ദില്ലിയിൽ കോളേജ് അധ്യാപികയായി സുമി ജോലിക്കു ചേർന്നു എന്ന വാർത്തകളൊക്കെ എന്നിലേക്കെത്തുമ്പോഴും , തന്റെ ഉള്ളിൽ ഉറഞ്ഞു നിന്ന സംഗീതത്തെ സുമി എവിടെ കൊണ്ട് പോയി ഒളിപ്പിച്ചു എന്ന് ഞാൻ പലപ്പോഴും സ്വകാര്യമായി ഉത്കണ്ഠപ്പെടുമായിരുന്നു.സുമിയുടെ ഉള്ളിൽ സംഗീതം തീർത്ത അന്തർദാഹങ്ങൾക്കു ഇത്രയേറെ ആഴവും ഒഴുക്കുമുണ്ടെന്നു ഞാൻ അറിയുന്നത് ഒരു ദശകത്തിനു ശേഷം വളരെ യാദൃശ്ചികമായി കോഴിക്കോട് വെച്ച് കണ്ടുമുട്ടുമ്പോഴാണ്. തനിക്കുള്ളിലെ സംഗീതവാസനയും ഗവേഷണത്വരയും ഒത്തു ചേർന്ന് കിട്ടിയ പ്രചോദനത്തിൽ,പഴയ വിപ്ലവപ്രസ്ഥാനത്തിനു ആവേശം പകർന്ന ഗാനങ്ങളെ രചിച്ചവരെയും ആ പാട്ടുകൾ പാടിയവരെയും തേടിയുള്ള സുമിയുടെ അലച്ചിലിന്റെ ഒരു ഘട്ടത്തിലാണ് ഞങ്ങൾ വീണ്ടും കാണുന്നത്. സുമിക്കുള്ളിൽ ആളുന്ന സർഗാത്മകമായ അസ്വസ്ഥത അവ്യക്തമായാണെങ്കിലും




എനിക്കന്നു അനുഭവപ്പെടുകയും ചെയ്തു. JNUവിൽ വെച്ച് ഞാൻ കണ്ടിരുന്ന സുമിയല്ല ഇപ്പോൾ.അമൂല്യമായ എന്തിനെയോ അന്വേഷിക്കുന്ന ഒരാൾക്കുള്ള തിടുക്കം,അക്ഷമ അവരെ ആവേശിച്ച പോലെ. ക്യാംപസിലെ ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ സാംസ്കാരിക പരിപാടികളിലെ മുഖ്യ ഗായിക,തന്റെ തന്നെ ഗാനാലാപനങ്ങളിലൂടെ ബഹുമുഖാന്വേഷണങ്ങളിലൂടെ,ശുഭ മുദ്ഗൽ പോലെയുള്ള സമുന്നത സംഗീതജ്ഞരുടെ ശിക്ഷണത്തിലൂടെയെല്ലാം കടന്നു പോയി, Indian Ocean പോലെയുള്ള പ്രശസ്തമായ ബാൻഡുകളിലെ അംഗങ്ങളുമായി ചേർന്ന് സ്വന്തം ഗായികാ സ്വത്വത്തിന്റെ ചുഴികളിലേക്കു സാഹസികമായി ഊളിയിട്ട് , കണ്ണഞ്ചിപ്പിക്കുന്ന ഗാനശകലങ്ങളുമായി മുങ്ങിപ്പൊങ്ങുന്നതാണ് പിന്നീട് ഞങ്ങൾ കാണുന്നത്.ദില്ലി ദൂരദർശനിൽ പരൺജോയ് ഥാക്കൂർത്ത നടത്തിയ അഭിമുഖത്തിൽ നിന്നാണ് സുമിയുടെ സംഗീത ആൽബം സോങ്സ് ഓഫ് പ്രോട്ടെസ്റ്റിനെ കുറിച്ച് അറിയുന്നത്. മേദിനിടീച്ചർ എത്രയോ കാലം മുൻപ് പാടിയ പച്ചപ്പനംതത്തേ എന്നുതുടങ്ങുന്ന ഗാനം ആ പഴയ ശൈലിയിൽ തന്നെ സുമി പാടുന്നത്. അത്യന്തം ആഹ്ലാദത്തോടെയാണ് ഞങ്ങൾ എതിരേറ്റത്. പർചം, ജനനാട്യമഞ്ച് എന്നീ

കൂട്ടായ്മകൾക്കൊപ്പം നിന്നു പാടിത്തുടങ്ങിയ സുമി ആ പ്രയാണത്തിന്റെ തന്നെ മറ്റൊരു നിർണ്ണായകദി ശയിലെത്തി നിൽക്കുകയായിരുന്നു.ഈ കുറിപ്പെഴു തുന്നു എന്നറിയിച്ചപ്പോൾ സുമിയുടെ ഇമെയിൽ സന്ദേശം തന്റെ യാത്രയെ കുറിച്ചതിങ്ങനെ,"എന്റെ സ്കൂൾ ജീവിതത്തിന്റെ അവസാന വർഷങ്ങളിലാ ണ് ഞാൻ പ്രതിഷേധഗീതങ്ങൾ പാടിത്തുടങ്ങുന്ന ത്. പരമ്പരാഗതമായി സംഗീതാലാപന വേദികളാ യി കണക്കാക്കപ്പെടാത്ത വിഭിന്നങ്ങളായ സാഹച ര്യങ്ങളിൽ പാടാനും,ഒരു സംഘത്തിൽ പാടുമ്പോ ഴും എന്റെ ശബ്ദം ഉപയോഗിച്ച് സദസ്സിനെ ആകർ ഷിക്കാനും ഞാൻ അങ്ങിനെയാണ് പഠിക്കുന്നത്."

ഒരുതരത്തിൽ സുമിയുടെ തന്നെ ആത്മാന്വേ ഷണത്തിന്റെ ഭാഗമായി വളർന്നു വികസിച്ച ഈ പ്രോജെക്ട് ഇന്ന് തൂലിക ബുക്ക്സ് The Radical Impulse : Music in the Tradition of Indian People's Theatere Association എന്ന പേരിൽ പ്ര സിദ്ധീകരിച്ചിരിക്കുന്നു. സംഗീതത്തിന്റെ രാഷ്ട്രീയ സാംസ്കാരിക മാനങ്ങളെ പിന്തുടരുന്ന ഈ കൃ തി ഇന്ത്യൻ സംഗീതത്തിന്റെ ചരിത്രത്തിലേക്കും വി കാസത്തിലേക്കും പുതിയ ജാലകങ്ങൾ തുറന്നിടു കയാണ്.

നിരവധി സാംസ്കാരിക ഉദയങ്ങളുടെ സമന്വയ മായിരുന്നു ഭാരതത്തിന്റെ സ്വാതന്ത്ര്യസമരകാല ങ്ങൾ. രാഷ്ട്രീയ വിമോചനത്തിനൊപ്പം തന്നെ ഈ ജനത ഒരു പുതിയ കലാ സങ്കല്പത്തെ,ലാവണ്യ ബോധത്തെ ദൃശ്യതാള സൗന്ദര്യത്തെ വിഭാവനം ചെയ്തിരുന്നു. പടിഞ്ഞാറൻ സാംസ്കാരികമേൽ ക്കോയ്മക്കെതിരായും, ഈ മണ്ണിൽ തന്നെ നടമാ ടുന്ന കലാലോകത്തിലെ വരേണ്യതക്കെതിരായും ഉണർന്ന ബോധ്യങ്ങൾ തനതു താളങ്ങളെയും,നാ ടൻ ശീലുകളെയും വീണ്ടെടുക്കുവാൻ പ്രേരണക ളായി.ലോകമെമ്പാടുമുള്ള പ്രതിഷേധ ഉണർവുകളു ടെ അവിഭാജ്യഘടകമാണ് സംഗീതം.ആ സംഗീ തത്തിന്റെ രൂപഭാവങ്ങളെന്താണ്? പ്രതിഷേധത്തി ന്റെ അടയാളങ്ങളെ നമ്മൾ എവിടെയാണ് തിരയേ ണ്ടത്?ചടുലതാളത്തിലാണോ,സമരാവേശം ഉണർ ത്തുന്ന പദാവലികളിലാണോ സംഗീതത്തിന്റെ വ്യാകരണത്തിലാണോ?എങ്ങിനെയാണ് ക്ലാസ്സിക്കൽ സംഗീതത്തിന്റെ ഇടുങ്ങിയ മുറികളിൽ നിന്ന് ആർ ക്കും പാടാവുന്ന ഈണങ്ങൾ വിപ്ലവപ്രസ്ഥാനങ്ങൾ രൂപപ്പെടുത്തിയത്? മുദ്രാവാക്യ മുഴക്കങ്ങളെ ഓർ മ്മപ്പെടുത്തുന്ന താളമാണോ പ്രതിഷേധ സംഗീത ത്തിന്റേത്? അതൊരു യാന്ത്രികമായ നിർവചനത്തി നുള്ളിൽ കുടുങ്ങിപ്പോകുന്നില്ലേ?ആധുനിക ഇന്ത്യ യുടെ സാംസ്കാരികചരിത്രത്തിൽ പ്രമുഖ സ്വാധീ നമായി അംഗീകരിക്കപ്പെട്ട പുരോഗമന സാഹിത്യ പ്രസ്ഥാനവും, ഇപ്റ്റ എന്ന ചുരുക്കപ്പേരിൽ അറിയ പ്പെടുന്ന ഇന്ത്യൻ പീപ്പിൾസ് തീയറ്റർ അസോസി യേഷനും കലാ-സാഹിത്യ ആസ്വാദന നിയമങ്ങളെ ചോദ്യം ചെയ്യുകയും അവക്ക് ബദലുകൾ സൃഷ്ടി ക്കുവാൻ പ്രയത്നിക്കുകയും ചെയ്തു.എന്നാൽ സംഗീത പാരമ്പര്യങ്ങളുടെ പൂർണ്ണ നിരാസമോ, അ വഗണനയോ ആയിരുന്നില്ല അവർ സ്വീകരിച്ച പാത യെന്നു സുമംഗല നിരീക്ഷിക്കുന്നു.സമരത്തിനുള്ള ആഹ്വാനങ്ങൾ മാത്രമായിരുന്നില്ല ഈ ഗാനങ്ങൾ ആവിഷ്കരിച്ച വികാരഭൂമികൾ.മറിച്ച് വിരഹവും,മ രണവും,പ്രണയവും,വാത്സല്യവും,സാധാരണ ജീവി തങ്ങളുടെ ദൈനദിന അഭിലാഷങ്ങളും,വിവശതക ളും ,തൊഴിലിടങ്ങളിലെ പ്രതിസന്ധികളും ഈ ഗാനങ്ങൾക്ക് ആർദ്രതയും ഭാവസൗന്ദര്യവും പകർ ന്നു.ഇന്ത്യൻ ഭാവനാ ലോകത്തെ ഉദ്ദീപിപ്പിക്കുക യും സർഗോന്മുഖമാക്കുകയും ചെയ്ത നിരവധി ഗാനങ്ങൾ രചിക്കപ്പെട്ട രണ്ടു ദശകങ്ങളുടെ കഥയാ ണ് സരസമായി വിശകലനപാടവത്തോടെ ഈ കൃതി പറയുവാൻ ശ്രമിക്കുന്നത്. ആർദ്രഭാവങ്ങൾ കൊണ്ടും ജനപ്രീതികൊണ്ടും അനശ്വരങ്ങളായി മാ റിയ 'വോഹ് സുബഹ് കഭി തോ ആയേഗി" "ജാ നേവാലെ സിപാഹി സെ പൂഛോ" എന്നീ ഗാന ങ്ങളുടെ തുടക്കം പട്ടിണിയും യുദ്ധക്കെടുതികളും കൂടിചേർന്ന് അവശമാക്കിയ ഒരു ജനതയുടെ ക ണ്ണീരിൽ നിന്നാണെന്നു നമ്മൾ അറിയുന്നു.പ്രചാര ണ സ്വഭാവമില്ലാത്ത,സംഘഗാനത്തിന്റെ ചടുലത യും വേഗതയും ഇല്ലാത്ത,മൃദുവികാരവാഹിനികളാ യ വിലാപഗാനങ്ങളിലും പ്രതിഷേധസ്പന്ദനങ്ങൾ കാണുവാൻ കഴിയും എന്ന് ഇവിടെ സോദാഹര ണം വിശദമാക്കുന്നുണ്ട് .കേരളത്തിൽ തന്നെ പല സൗഹൃദസദസ്സുകളിലും "പൊന്നരിവാളമ്പിളിയും" "മാരിവില്ലിൽ തേന്മലരും" "ബലികുടീരങ്ങളും" ആ ലപിക്കുവാൻ നിങ്ങളൊരു കമ്മ്യൂണിസ്റ്റ് പോലുമാ കേണ്ട കാര്യമില്ല. രാഷ്ട്രീയ ചായ്വുകൾക്കുമപ്പുറം വിനിമയം ചെയ്യപ്പെടുന്ന ഒരു ഭാവുകത്വം ഈ പാ ട്ടുകളെ ആകർഷകമാക്കുന്നുണ്ട്. പ്രോലിറ്റേറിയൻ സംഗീതത്തിനായുള്ള തിരച്ചിലിൽ സംഗീതവും രാ ഷ്ട്രീയവും തമ്മിൽ നെയ്തെടുക്കപ്പെട്ട ഇഴയടുപ്പങ്ങ ളെ വിമർശനാത്മകമായി സമീപിക്കുന്നത് കൊണ്ടു ത്തന്നെ ഈ എഴുത്തു നിർണ്ണായകമായ ഇടപെട ലായി മാറുന്നത് .

രസകരങ്ങളായ അനുഭവകഥകൾ ഈ ആഖ്യാ നത്തിനു മാറ്റ് കൂട്ടുന്നു. 2009- ൽ ദക്ഷിണാഫ്രിക്ക യിലെ സംഗീതപര്യടനത്തിനിടയിൽ ജാലിയൻവാല കൂട്ടക്കൊലക്കുശേഷം അജ്ഞാതനായ ഒരു കവി എഴുതി പ്രീതി സർക്കാർ പണ്ട് പാടിയ 'ദിൻ ഖൂൻ കെ ' എന്നു തുടങ്ങുന്ന ഗാനം സുമി ആലപിച്ച പ്പോൾ ആ ദേശത്തെ പ്രിയപ്പെട്ട പ്രതിഷേധ ഗാന മായ 'പർണ ഝൻഡ'യുമായി അതിനുള്ള സമാന ത കണ്ടു ജനങ്ങൾ അത്ഭുതപെട്ടത് ,സംസ്കാര ങ്ങൾ തമ്മിൽ നടക്കുന്ന പലതരം കൊടുക്കൽ വാ ങ്ങലുകളെക്കുറിച്ച് നമ്മെ ചിന്തിപ്പിക്കുന്നു. അതി ലും പ്രസക്തമാണ് മറന്നുപോയ ഗായക/ഗായികാ ശബ്ദങ്ങളെ വീണ്ടെടുക്കുക എന്നത് .ഇപ്റ്റയുടെ ലക്ഷ്യങ്ങളുമായി ആന്ധ്രപ്രദേശിലും കേരളത്തി ലും, ബംഗാളിലും, ആസ്സാമിലുമെല്ലാം തുടങ്ങിയ കൂട്ടായ്മകളിലെ പെൺസാന്നിധ്യത്തിന് ,പങ്കാളിത്ത ത്തിനു സുമി ഏറെ പ്രാധാന്യം നൽകുന്നുണ്ട്.പല തരത്തിലുള്ള യാഥാസ്ഥിതിക മനോഭാവങ്ങളെ

വെല്ലുവിളിച്ചുകൊണ്ടാണ് രേഖ ജെയിനിനെപ്പോലുള്ളവർ തൊഴിലാളി പ്രസ്ഥാനത്തിന്റെ ഭാഗമായ സാംസ്കാരിക പ്രവർത്തനത്തിലേക്കിറങ്ങിയത്.വീട്ടിൽ നിന്നും പുറത്തിറങ്ങുന്നത് പോലും നിഷിദ്ധമായികാണപ്പെട്ട സാഹചര്യം. “അങ്ങിനെയൊരു പെൺകുട്ടി നൃത്തം പഠിക്കുന്നത് എത്ര വലിയ നാണക്കേടാണെന്ന് എനിയ്ക്കറിയാമായിരുന്നു... അതുകൊണ്ടു തന്നെ എനിക്ക് മടിയും ജാള്യതയും തോന്നിയിരുന്നു.എന്റെ മനസ്സ് നിറയെ കുറ്റബോധമായിരുന്നു.” പ്രതിരോധ സംഗീതത്തെക്കുറിച്ചുള്ള സാമ്പ്രദായിക ധാരണകളെ,വാർപ്പുമാതൃകകളെ പൊളിക്കുന്നതാണ് “പച്ചപ്പനന്തത്തെ” എന്ന ജനപ്രിയഗാനം എന്ന് സുമി നിരീക്ഷിക്കുന്നു. വാൾട്സ് സംഗീതത്തിന്റെ താളത്തിൽ ചിട്ടപ്പെടുത്തിയിട്ടുള്ളത് കൊണ്ടാണ് അതിന്റെ ആസ്വാദനാനുഭവം ഏറെ വ്യത്യസ്തമാകുന്നത്.

ജനകീയ സംഗീതത്തിന് വേണ്ടിയുള്ള അന്വേഷണം ഗാനരചയിതാക്കളെയും ഗായകരെയും രബീന്ദ്രസംഗീതവും,ഹീർ പോലുള്ള നാടോടിഗാനങ്ങളും,ക്ളാസിക്കൽ ചിട്ടകളും,എല്ലാം ചേർന്ന് സങ്കീർണ്ണമായ ഒരു സംഗീതപാരമ്പര്യത്തിന്റെ ബഹുത്വത്തിലേക്കു നയിക്കുന്നു.സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കെതിരായുള്ള പോരാട്ടങ്ങൾക്ക് സംഗീതം ഒരേ സമയം ഉപകരണവും വേദിയുമായിരുന്നു;സാംസ്കാരികസംഘർഷങ്ങളുടെ ഇടവുമായിരുന്നു. അന്തർദേശീയ തലത്തിൽത്തന്നെ ഇരുപതാംനൂറ്റാണ്ടിൽ ഉയർന്ന പലതരം ബദൽ സംഗീതപ്രയോഗങ്ങളുടെ വെളിച്ചത്തിലാണ് ഇപ്റ്റയുടെ പരീക്ഷണങ്ങളെ ഇവിടെ മനസ്സിലാക്കുവാൻ ശ്രമിക്കുന്നത്. ഇപ്റ്റയുടെ നാടക സംരംഭങ്ങൾക്ക് ഗൗരവമായ ശ്രദ്ധ കിട്ടിയിട്ടുണ്ടെങ്കിലും അതുണ്ടാക്കിയ സവിശേഷമായ സംഗീതസംസ്കാരങ്ങളെക്കുറിച്ച് കാര്യമായ പഠനങ്ങൾ നടന്നിട്ടില്ലെന്നും ആ പരിമിതിയെ ചെറുതായെങ്കിലും മറികടക്കാനുള്ള ശ്രമമാണ് ഈ രചനയെന്നും എഴുത്തുകാരി തന്റെ ആമുഖത്തിൽ വിനയപൂർവം സൂചിപ്പിക്കുന്നുമുണ്ട്.സമകാലിക ഇന്ത്യയിൽ ടി.എം കൃഷ്ണയെപ്പോലെ പ്രമുഖനായ കർണാടിക് സംഗീതജ്ഞൻ സംഗീതത്തിലൂടെ സാമൂഹ്യമാറ്റത്തിനായി നടത്തുന്ന ശ്രമങ്ങൾക്ക് മുൻഗാമികളുണ്ട്, ശക്തമായ പാരമ്പര്യങ്ങളുണ്ട് എന്നതിന് നിദർശനമാണ് സുമിയുടെ ഗവേഷണ ഉപഹാരം. സംഗീതകുതുകികളെയും ചരിത്രാന്വേഷകരെയും രാഷ്ട്രീയതത്പരരെയും ഒരുപോലെ അഭിസംബോധന ചെയ്യുന്ന ഈ പഠനം നവസാംസ്കാരിക പഠനങ്ങളിൽ ഒരുപാട് പുതുവഴികൾ തീർക്കും.സംഗീതത്തിലെ സമാന്തര അഭിരുചികളുടെ നിർമ്മിതിയെ പിന്തുടരുന്ന സുമിയുടെ സംഗീതാലാപനത്തിലും ഈ യാത്രയുടെ അടയാളങ്ങൾ പതിഞ്ഞിട്ടുണ്ടെന്നു സുമി പറയുന്നു: “ഒരുപക്ഷെ ഈ പ്രോജക്ടിന് മുൻപ് രാഷ്ട്രീയത്തിലെ സംഗീതത്തെയാണ് ഞാൻ കണ്ടത്, സംഗീതത്തെ തന്നെ രാഷ്ട്രീയമായി ഞാൻ കണ്ടിരുന്നില്ല”.ഈ തിരിച്ചറിവാണു സുമിയുടെ പുസ്തകത്തെ സാർത്ഥകമാക്കുന്നതും. തന്നോടുതന്നെ കലഹിച്ചു, സ്വയം അഴിച്ചുപണിയുന്ന പ്രക്രിയയായി ഈ യാത്ര മാറുന്നു.കൂടുതൽ സംഗീതയാത്രകൾ, സംഗീതത്തിലൂടെയുള്ള ആത്മസാക്ഷാത്കാരങ്ങൾ സുമിയിൽ നിന്ന് നമുക്ക് പ്രതീക്ഷിക്കാം.സ്വത്വരാഷ്ട്രീയങ്ങളുടെ ഉയിർപ്പിന്റെ കാലഘട്ടത്തിൽ, ഈ അന്വേഷണത്തിന് ഊർജ്ജസ്വലങ്ങളായ തുടർച്ചകൾ ഉണ്ടാകുമെന്നും പ്രത്യാശിക്കാം.

---

**കവിത**

# തീറ്റ





**ബെന്ന ഫാത്തിമ**

അണ്ടിയോടടുത്തപ്പോഴാണ് അറിഞ്ഞത്
തിന്നതത്രയും ഒരു പെണ്ണിനെ ആണെന്ന്.

ഒരിക്കലും പാകത്തിനൊത്തു വരാത്ത
അവളുടെ'അട'പ്പാദങ്ങൾ
കടക്കാരൻ അറിഞ്ഞു തന്ന
മൂത്ത ഇറച്ചികഷ്ണങ്ങൾ പോലെ കാലുകൾ
പിന്നെ ഓറഞ്ചല്ലികൾ...
മധുരത്തിന്റെ മഹാഗർത്തങ്ങളുടെ
'കായപ്പോള'യിടുപ്പ്
മൊരിഞ്ഞ അരികുകളില്ലാത്ത
നിലതെറ്റിയ 'പത്തിരി'പ്പള്ള
കത്തി കൊണ്ട് വരിഞ്ഞു കീറി
പൊരിച്ചെടുത്ത മുട്ടമുലകൾ...
പുട്ടുകഴുത്ത്...

പക്ഷേ,
ദഹിക്കില്ലെന്നറിഞ്ഞു കൊണ്ടുമാത്രം
അവൻ മാറ്റിവെച്ചിട്ടുണ്ട്
അവളുടെ തല'ച്ചോറു'ള്ള തല
ഒന്നു തൊട്ടു പോലും നോക്കാതെ...
അവന്റെ
ആദ്യത്തെ(അവസാനത്തെയും) ശർദ്ധിയിൽ
തിരിച്ചു വന്നിട്ടുമുണ്ട്
കയ്ക്കുന്ന കുറച്ചക്ഷരങ്ങൾ!

ശാസ്ത്രം

# ജോസ്‌ലിൻ ബെൽ നേട്ടത്തിന്റെ അരനൂറ്റാണ്ട്, വിവേചനത്തിന്റെയും



സീമ ശ്രീലയം

പൾസാറുകൾ എന്നറിയപ്പെടുന്ന ന്യൂട്രോൺ നക്ഷത്രങ്ങളുടെ കണ്ടുപിടിത്തത്തിന് അരനൂറ്റാണ്ട് തികയുകയാണ് ഈ വർഷം. ഈ കണ്ടുപിടിത്തത്തിന് കടുത്ത അവഗണനയുടെയും വിവേചനത്തിന്റെയും കയ്പു നിറഞ്ഞ ഒരു ചരിത്രം കൂടി പറയാനുണ്ട്. പൾസാറുകളുടെ കണ്ടുപിടിത്തത്തിൽ മുഖ്യ പങ്കു വഹിച്ചിട്ടും അർഹിക്കുന്ന അംഗീകാരം കിട്ടാതെ പോയ ഒരു ശാസ്ത്രജ്ഞയുടെ കഥയാണത്. ഈ കണ്ടുപിടിത്തത്തിന് തന്റെ ഗൈഡിനും സഹപ്രവർത്തകനും നൊബേൽ സമ്മാനം ലഭിച്ചപ്പോൾ തിരസ്കൃതയായ ആ ശാസ്ത്രജ്ഞ ജോസ്‌ലിൻ ബെൽ ബർണൽ ആണ്.

വടക്കൻ അയർലന്റിലെ ലുർഗാനിൽ 1943 ജൂലൈ 15 ന് ആർക്കിടെക്റ്റ് ആയ ഫിലിപ്പിന്റെയും അല്ലിസോണിന്റെയും മകളായാണ് ജോസ്‌ലിന്റെ ജനനം. ജ്യോതിശാസ്ത്രത്തിൽ അതീവതല്പരനായിരുന്ന ഫിലിപ്പ് അർമാഘിൽ ഒരു പ്ലാനറ്റോറിയം രൂപകല്പന ചെയ്തിരുന്നു. പിതാവിന്റെ കൈവശമുള്ള ജ്യോതിശാസ്ത്ര പുസ്തകങ്ങൾ കുഞ്ഞു റോസ്‌ലിനെയും വല്ലാതെ ആകർഷിച്ചു. അങ്ങനെ അവൾ ആകാശവിസ്മയങ്ങൾ കൈയെത്തിപ്പിടിക്കുന്നത് സ്വപ്നം കാണാൻ തുടങ്ങി. ലുർഗാനിലെ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ലുർഗാൻ കോളേജിൽ ചേർന്നു ശാസ്ത്രം പഠിക്കാൻ ആ പെൺകുട്ടി ആഗ്രഹിച്ചു. എന്നാൽ പെൺകുട്ടികൾക്ക് ശാസ്ത്രപഠനത്തിനു പ്രവേശനം നൽകാൻ ആവില്ലെന്നായിരുന്നു ആ സ്ഥാപനത്തിന്റെ നിലപാട്! പെൺകുട്ടികളുടെ പാഠ്യപദ്ധതിയിൽ പ്രമുഖ സ്ഥാനം പാചകത്തിനും തയ്യലിനുമൊക്കെയായിരുന്നു. ഈ വിവേചനത്തിനെതിരെ ജോസ്‌ലിന്റെ മാതാപിതാക്കൾ ശക്തമായി പ്രതിഷേധിക്കുകയും മകൾക്ക് പിന്തുണ നൽകുകയും ചെയ്തു. പതിനൊന്നാം ക്ലാസ് പരീക്ഷയിൽ പരാജയപ്പെട്ടെങ്കിലും പഠനം നിർത്താൻ ജോസ്‌ലിൻ തയ്യാറായില്ല. യോർക്കിലെ ക്വേക്കർ ബോർഡിങ് സ്ക്കൂളിൽ ചേർന്നതും അവിടെ ഫിസിക്സ് അധ്യാപകനായ ടില്ലോട്ടിന്റെ ശിഷ്യയായതും ആ പെൺകുട്ടിയുടെ ജീവിതത്തിൽ വഴിത്തിരിവായി.

ശാസ്ത്രം പഠിക്കാൻ നിശ്ചയിച്ച ജോസ്‌ലിൻ ശാസ്ത്രത്തിന്റെ വഴിയേ തന്നെ നടന്നു. പ്രതിബന്ധങ്ങളെയെല്ലാം മറികടന്നു. 1965 ൽ ഗ്ലാസ്സ്ഗോവ് സർവ്വകലാശാലയിൽ നിന്ന് ഊർജതന്ത്രത്തിൽ ബിരുദവും 1969 ൽ കേംബ്രിഡ്ജ് സർവ്വകലാശാലയിൽ നിന്ന് ഡോക്റ്ററേറ്റും നേടി. പ്രശസ്ത ജ്യോതിശാസ്ത്രജ്ഞനായ ആന്തണി ഹെവിഷ് ആയിരുന്നു ഗവേഷണത്തിൽ ജോസ്‌ലിന്റെ ഗൈഡ്. ക്വാസാറുകൾ എന്നറിയപ്പെടുന്ന നക്ഷത്രങ്ങളെക്കുറിച്ച് പഠിക്കാനായി ഹെവിഷും ജോസ്‌ലിനും മാർട്ടിൻ റൈലും സഹ ഗവേഷകരും ചേർന്ന് ഒരു റേഡിയോ ടെലിസ്കോപ്പ് നിർമ്മിച്ചു. ആ ടെലിസ്കോപ്പ് ഉപയോഗിച്ച് ഗവേഷണം നടത്തിയ ജോസ്‌ലിൻ ആകാശ വിസ്മയങ്ങളിലേക്ക് കൺതുറന്നിരുന്നു. 1967 ൽ റേഡിയോ ടെലിസ്കോപ്പിലെ സിഗ്നലുകൾ പരിശോധിക്കുന്നതിനിടയിൽ തികച്ചും യാദൃച്ഛികമായാണ് അതിവിദൂരതയിൽ നിന്ന് വന്ന ഒരു സവിശേഷ സിഗ്നൽ ആ ഗവേഷകയുടെ ശ്രദ്ധയിൽപ്പെട്ടത്. കൃത്യമായ ഇടവേളകളിൽ സ്പന്ദിക്കുന്ന ഒരു സിഗ്നൽ ! ലിറ്റിൽ ഗ്രീൻ മാൻ 1 എന്നാണ് ആ വിസ്മയ സിഗ്നലിനെ റോസ്‌ലിൻ ബെൽ വിശേഷിപ്പിച്ചത്. തുടർന്നുള്ള ഗവേഷണങ്ങളിൽ ഇത് സ്പന്ദിക്കുന്ന നക്ഷത്രങ്ങൾ എന്നു വിശേഷിപ്പിക്കപ്പെടുന്ന പൾസാറിൽ നിന്നുള്ളതാണെന്ന് വ്യക്തമായി. അതിവേഗം കറങ്ങുന്ന ഈ ന്യൂട്രോൺ നക്ഷത്രങ്ങളിൽ നിന്ന് വൈദ്യുതകാന്തിക തരംഗങ്ങൾ പുറത്തുവന്നുകൊണ്ടേയിരിക്കും. ഈ കണ്ടുപിടിത്തം നടത്തുമ്പോൾ വെറും ഇരുപത്തിമൂന്ന് വയസ്സു മാത്രമായിരുന്നു ജോസ്‌ലിന്റെ പ്രായം!

എന്നാൽ 1974 ൽ ഊർജതന്ത്ര നൊബേൽ സമ്മാനം പ്രഖ്യാപിച്ചപ്പോൾ ജോസ്‌ലിൻ പുരസ്ക്കാര പട്ടികയിൽ ഉണ്ടായിരുന്നില്ല. ജോസ്‌ലിന്റെ ഗൈഡ് ആയ ആന്തണി ഹെവിഷിനും സഹപ്രവർത്തകനായ മാർട്ടിൻ റൈൽ എന്ന ശാസ്ത്രജ്ഞനുമായിരുന്നു നൊബേൽ സമ്മാനം! ! ജോസ്‌ലിന്റെ ഗവേഷണ നേട്ടത്തെക്കുറിച്ച് അറിയാമായിരുന്ന പല ശാസ്ത്രജ്ഞരും ഇതിൽ അമർഷം പ്രകടിപ്പിച്ചു. നേച്ചർ ജേണലിൽ പ്രസിദ്ധീകരിച്ച ഗവേഷണ പ്രബന്ധത്തിൽ ജോസ്‌ലിന്റെയും പേരുണ്ടായിരുന്നു. എന്നാൽ പിന്നീട് ആന്തണി ഹെവിഷും മാർട്ടിൻ റൈലും പൾസാറുമായി ബന്ധപ്പെട്ട പല ചർച്ചകളിൽ നിന്നും ഈ വനിതയെ മന:പൂർവ്വം ഒഴിവാക്കുകയായിരുന്നു. ഒരു വനിത ,അതും ഇത്രയും ചെറിയ പ്രായത്തിൽ തങ്ങൾക്കൊപ്പം നൊബേൽ ജേതാവാ

കുന്നത് ആ ശാസ്ത്രജ്ഞർക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല! നൊബേൽ സമ്മാന പ്രഖ്യാപനത്തിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും ലിംഗ വിവേചനത്തിൽ ജോസ്‌ലിന് അമർഷമുണ്ടായിരുന്നെങ്കിലും ഗവേഷക സംഘത്തലവന് നൊബേൽ സമ്മാനം കിട്ടുന്നതിൽ അസ്വാഭാവികതയില്ല എന്നാണവർ പ്രതികരിച്ചത്.

. നൊബേൽ സമ്മാനം ലഭിച്ചില്ലെങ്കിലും ശാസ്ത്രലോകത്തിന് ജോസ്‌ലിന്റെ കണ്ടെത്തലുകൾ അംഗീകരിക്കാതിരിക്കാൻ കഴിയുമായിരുന്നില്ല. മൈക്കിൾസൺ മെഡൽ, ഓപ്പൻഹെയ്മർ മെമ്മോറിയൽ പ്രൈസ്, ഹെർഷൽ മെഡൽ, റോയൽ മെഡൽ, റോയൽ സൊസൈറ്റി ഫെല്ലോ തുടങ്ങി നിരവധി അംഗീകാരങ്ങൾ ഈ വനിതയെ തേടിയെത്തി. 2014 ൽ റോയൽ സൊസൈറ്റി ഓഫ് എഡിൻബർഗ്ഗിന്റെ പ്രസിഡന്റുമായി. സൗതാംപ്റ്റൺ സർവ്വകലാശാല, ലണ്ടനിലെ യൂണിവേഴ്സിറ്റി കോളജ് ,എഡിൻബർഗിലെ റോയൽ ഒബ്സർവേറ്ററി ,ഓപ്പൺ യൂണിവേഴ്സിറ്റി തുടങ്ങി നിരവധി സ്ഥാപനങ്ങളിൽ പ്രവർത്തിച്ച ജോസ്‌ലിൻ പല വിദേശ സർവ്വകലാശാലകളിലും വിസിറ്റിങ് പ്രഫസറുമായി. റോയൽ ആസ്ട്രോണമിക്കൽ സൊസൈറ്റിയുടെയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്സിന്റെയും പ്രസിഡന്റ് എന്ന സ്ഥാനവും വഹിച്ചു.1968 ൽ മാർട്ടിൻ ബർണലിനെ ജോസ്‌ലിൻ വിവാഹം കഴിച്ചു. 1993 ൽ വിവാഹമോചനം നേടി.ജോസ്‌ലിന്റെ മകനായ ഗാവിനും ഊർജതന്ത്രജ്ഞനാണ്. ഇപ്പോൾ ഓക്സ്ഫഡ് സർവ്വകലാശാലയിൽ ആസ്ട്രോഫിസിക്സ് വിഭാഗത്തിൽ വിസിറ്റിങ് പ്രഫസറാണ് ജോസ്‌ലിൻ ബെൽ.

# റിപ്പോർട്ട്



29.8.2017 ന് **വിവാദമാക്കപ്പെടുന്ന സ്ത്രീപക്ഷ നിയമങ്ങളെക്കുറിച്ച് അന്വേഷി സെമിനാർ നടത്തി.** പ്രസ്തുത സെമിനാറിൽ ഗാർഹിക അതിക്രമങ്ങളെ ആസ്പദമാക്കിയുള്ള ഇന്ത്യൻ ശിക്ഷാനിയമത്തിലെ 498 (A) വകുപ്പ് സ്ത്രീകൾ ദുരുപയോഗം ചെയ്യുന്നുവെന്ന വാദം കണക്കിലെടുത്ത് സുപ്രീംകോടതി ഈ വകുപ്പിന്റെ നടപടിക്രമങ്ങളിൽ സമൂലമാറ്റം വരുത്തികൊണ്ട് വിധി പുറപ്പെടുവിച്ച സാഹചര്യത്തിൽ ഇതിനെതിരെ സ്ത്രീപ്രവർത്തകർ ഉൾപ്പെടെയുള്ള പൊതുസമൂഹത്തിന്റെ ജാഗ്രതയും ചെറുത്തു നിൽപ്പും അത്യാവശ്യമാണ്. ഇതിന്റെ സാധ്യതകൾ ചർച്ച ചെയ്യുന്നതിനായാണ് സെമിനാർ സംഘടിപ്പിച്ചത്. വിവിധ സ്ത്രീസംഘടനകളും അഭിഭാഷകരും ഇതിൽ പങ്കെടുത്തു.

## കാർട്ടൂൺ




**അവർ ഇനിയും കഴിക്കാൻ ബാക്കിയായതല്ല.**
**ബാക്കിയാവുന്നതെല്ലാം അവർക്കുള്ളതല്ലേ!**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara




# സമ്പൂർണ്ണ ഹിമാലയപര്യടനം

## യാത്ര–തീർത്ഥാടനം–കാഴ്ച–അനുഭവം

- 3 വാല്യം • 3000 പേജ് • ഡിമൈ 1/8
- നൂറിൽപ്പരം ബഹുവർണ്ണചിത്രപ്പേജുകൾ

മുഖവില ~~3000~~ രൂപ.

**1999** രൂപ.

എഴുത്ത്: എം. കെ. രാമചന്ദ്രൻ, കെ. ബി. പ്രസന്നകുമാർ, ഷൗക്കത്ത്, വി. വിനയകുമാർ, പി. ജി. രാജേന്ദ്രൻ, അനിതാ തമ്പി തുടങ്ങിയവർ

DCB DC BOOKS

For online purchase, visit **onlinestore.dcbooks.com**

DC Books, DC Kizhakemuri Edam, Good Shepherd Street, Kottayam, Kerala

9947055000/ 0481-2563114

whatsapp: 9946109449

Email: customercare@dcbooks.com | Follow us on /dcbooks

# സ്ത്രീ, ഭക്ഷണം,

## നുപി ലാൻ കലാപം

'ഞങ്ങൾ അരിക്ക് വേണ്ടി യാചിച്ചപ്പോൾ പകരം തന്നത് ബയണട്ട് കൊണ്ടുള്ള മുറിവുകളും, തോക്കിന്റെ പാത്തി കൊണ്ടുള്ള ചതവുകളും ആണ്. ഒരു പിടി അരിക്ക് പകരമായി ഞങ്ങൾ രണ്ടു കൈക്കുമ്പിൾ രക്തമാണ് കൊടുത്തത് – നുപി ലാൻ കലാപകാരി റ്റാമ്പാ സിംഗ്, **(SI No. 10/s/0, Manipur State Durbar Criminal Case No. 4 of 1940., 13/03/1940.)**

1939 വിളവെടുപ്പ് കാലത്ത് കൃത്രിമമായി നിർമ്മിക്കപ്പെട്ട അരിക്ഷാമത്തിനെതിരെ മണിപ്പൂരിലെ സ്ത്രീകൾ നയിച്ച, ചരിത്ര താളുകൾ മറന്നു പോയ, വിപ്ലവമാണ് നുപി ലാൻ – സ്ത്രീകളുടെ യുദ്ധം. ഇതിനു മുൻപ് 1904ൽ ഇതേ പേരിൽ സ്ത്രീകൾ നിർബന്ധിത തൊഴിലെടുപ്പിനെതിരെ വിപ്ലവം നയിച്ചിരുന്നു. രണ്ടാം നുപി ലാൻ ആദ്യത്തതിനെക്കാളും ശക്തവും വീര്യമേറിയതുമായിരുന്നു. 1891ലെ ആംഗ്ലോ മണിപ്പൂരി യുദ്ധതോൽവിക്ക് ശേഷം ബ്രിട്ടീഷുകാർ നിയമിച്ച രാജാവ് നടപ്പിലാക്കിയ കയറ്റുമതി കരാർ ആണ് രണ്ടാം നുപി ലാനിന്റെ മൂലകാരണം എന്ന് ലഘുവായി പറയാം. മഴക്കെടുതി കാരണം അരിയുടെ ഉത്പാദനം കുറഞ്ഞത് വകവെക്കാതെ കുത്തക മുതലാളിമാരുടെ താത്പര്യങ്ങൾക്ക് മുൻഗണന കൊടുത്തു കൊണ്ട് കയറ്റുമതി ഇരട്ടിപ്പിക്കുകയും ഇത് കാരണം അരിയുടെ വില കുത്തനെ ഉയരുകയും ലഭ്യത കുറയുകയും ചെയ്തു. ഇത് സാധാരണക്കാരെയും പ്രത്യേകിച്ച് മാർക്കറ്റും കുടുംബവും ഭരിച്ചിരുന്ന മണിപ്പൂരി സ്ത്രീകളെയും ആണ് ബാധിച്ചത്. 1580ൽ നിലവിൽ വന്ന ഇമ കെയ്ത്തെൽ അഥവാ അമ്മയുടെ ചന്ത സ്ത്രീകൾക്ക് മാത്രമായി പ്രവർത്തിക്കുന്ന ലോകത്തെ തന്നെ ഏറ്റവും പഴക്കമേറിയതും ഇന്നും നിലവിലുമുള്ളതുമായ മാർക്കറ്റാണ്. ഇവിടെ നിന്ന് തന്നെയാണ് നുപി ലാൻ പൊട്ടിപ്പുറപ്പെടുന്നതും. 1939 ഡിസംബർ 12നു മാർക്കറ്റിലെത്തിയ സ്ത്രീകൾ കാണുന്നത് ഒഴിഞ്ഞു കിടക്കുന്ന മാർക്കറ്റ് ആണ് – വിൽക്കാനോ വാങ്ങാനോ അരിയില്ല. അവിടെയുണ്ടായിരുന്ന സ്ത്രീകൾ ഒന്നിക്കുകയും സംസ്ഥാന ദർബാർ ഓഫീസിലേക്ക് മാർച്ച് നടത്തുകയും ചെയ്തു. ഇത് പിന്നീട് വളരുകയും ബ്രിട്ടീഷുകാർ സൈന്യത്തെയും പോലീസിനെയും ഇറക്കേണ്ടി വരികയും ചെയ്തു. ഇമ കെയ്ത്തെൽ ബഹിഷ്കരിക്കപ്പെട്ടതോടെ , സംസ്ഥാനത്തെ സമ്പദ്ഘടനയെ അത് സാരമായി ബാധിച്ചു. സർക്കാർ സ്ത്രീകളെ എല്ലാ രീതിയിലും തിരിച്ചു ജോലിയിൽ പ്രവേശിക്കാൻ നിർബന്ധിച്ചെങ്കിലും തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാതെ അത് നടക്കില്ല എന്ന് അവർ തീർത്തു പറഞ്ഞു. അവരുടെ വനിതാ നേതാക്കളെ അറസ്റ്റു ചെയ്തു നീക്കുകയും, മാർക്കറ്റിലെ സ്റ്റാളുകൾ പുറമെയുള്ളവർക്ക് മറിച്ച് വിൽക്കാനും ശ്രമം നടത്തിയെങ്കിലും സർക്കാർ പരാജയപെട്ടു.



ഇവരുടെ ആവശ്യങ്ങൾ സർക്കാർ നിറവേറ്റിയില്ലെങ്കിലും മണിപ്പൂരിന്റെ ചരിത്രത്തിലും വിപ്ലവചരിത്രത്തിലും ഒരു പാട് മാറ്റങ്ങൾ കൊണ്ട് വരാൻ ഈ സമരത്തിന് കഴിഞ്ഞു.

## ഇന്ത്യാ നട്ട് ഫാക്ടറിയിലെ സമരം

1935ൽ കൊല്ലത്തെ ഇന്ത്യാ നട്ട് ഫാക്ടറി (കശുവണ്ടി ഫാക്ടറി)യിൽ നടന്ന ആദ്യസമരത്തിൽ പങ്കെടുത്ത തേയി എന്ന തൊഴിലാളിസ്ത്രീ ഓർക്കുന്നു; 'ഞാൻ ആ സമരം ഓർക്കുന്നു; അന്ന് യൂണിയനില്ലായിരുന്നു. അന്ന് അണ്ടി പൊളിച്ചു കഴിഞ്ഞിട്ടും മുതലാളി സ്വാമിനാഥനു നിർബന്ധം, പൊട്ടിയ അണ്ടിയെ മുഴുവനായ അണ്ടിയിൽനിന്ന് തെരഞ്ഞുപെറുക്കിക്കൊള്ളണമെന്ന്. നേരമപ്പോഴേക്കും ഇരുട്ടി; ഞങ്ങൾക്ക് വീട്ടിൽ പോകണമായിരുന്നു. ഫാക്ടറിയിലെ രീതി ഞങ്ങൾക്കൊക്കെ മടുത്തിരുന്നു. പെട്ടെന്ന് ഒരു സ്ത്രീ – ലക്ഷ്മിയാണെന്നു തോന്നുന്നു – അലറി: 'ഞങ്ങളെ ഇതിനു കിട്ടില്ല. ഞങ്ങൾ വീട്ടിൽ പോകുന്നു. കുറേക്കൂടി നന്നായി പെരുമാറിയാലേ തിരിച്ചിങ്ങോട്ടുള്ളൂ.' ആദ്യമായിയാണ് ഞങ്ങൾ മുതലാളിയോട് എതിർത്തു പറഞ്ഞത്. എല്ലാവരും വീട്ടിൽ പോയി. ഒത്തിരിനാൾ പോയുമില്ല. പിന്നെ മുതലാളി ആളെ വിട്ടപ്പോൾ ഞങ്ങൾ മടങ്ങി – ഞങ്ങളുടെ വീട്ടിൽ അരിയുണ്ടായിരുന്നില്ല... നേതാക്കളായി പല സ്ത്രീകളുണ്ടായിരുന്നു – ലക്ഷ്മി, ചെല്ലമ്മ, ഭാർഗ്ഗവി – അവരെല്ലാം മരിച്ചുപോയിരിക്കുന്നു. ഞങ്ങൾ സ്വാമിനാഥനെക്കണ്ട് ആവശ്യങ്ങൾ പറഞ്ഞു. ഞങ്ങളോട് മര്യാദയായി പെരുമാറണം; പ്രത്യേകിച്ച് ഞങ്ങളുടെ കുട്ടികളോട്, ഒരുതെറ്റും ചെയ്യാതെതന്നെ ഞങ്ങൾ അനുഭവിച്ചിരുന്ന കടുത്ത, അപമാനിക്കുന്ന വിധത്തിലുള്ള ശിക്ഷകൾ അരുത്; ചെയ്യുന്ന ജോലികൾക്കെല്ലാം കൂലി... ഞങ്ങളുടെ സമരം വൻവിജയമായിരുന്നുവെന്ന് പറയാൻ കഴിയില്ലായിരുന്നുവെങ്കിലും ഞങ്ങൾ അത്ഭുതപ്പെട്ടുപോയി, ഇങ്ങനെ ചെയ്യാൻ ഞങ്ങൾക്ക് ധൈര്യം വന്നല്ലോ എന്നോർത്തപ്പോൾ. കുറച്ചു ശക്തികൂടിയതുപോലെ. ഞങ്ങൾക്കും കുറച്ചധികാരമുണ്ടെന്ന് മനസ്സിലായി. അല്ലെങ്കിൽ ഞങ്ങളെ അയാൾ ആളയച്ചു വിളിപ്പിച്ചതെന്തിന്?'



(അന്നാ ലിന്റ്ബർഗിനു നൽകിയ അഭിമുഖത്തിൽ നിന്ന്, Anna Lindberg, Experience and Identity, Lund, 2001, പുറം 223–224)

# ചരിത്രം

ആദ്യ പാചക അവതാരക

## ഡയോൺ ലൂക്കാസ് (1909 1971)

കുലത്തൊഴിലായ ആഭരണ നിർമ്മാണവും, പിന്നീട് ചെല്ലോ വായനയിലും ട്രെയിനിങ് പൂർത്തിയാക്കിയതിനു ശേഷം പതിനാറാം വയസ്സിലാണ് ഡയോൺ പാചകം തന്റെ കലയായി തിരഞ്ഞെടുക്കുന്നത്. പാരിസിലെ വിശ്വവിഖ്യാത ലെ കൂഡോൺ ബ്ലെയിൽ ( Le Cordon Bleu) നിന്നും ബിരുദം നേടിയ ആദ്യ വനിതാ ഷെഫ് ആയി ഡയോൺ തന്റെ പാചക ജീവിതം ആരംഭിച്ചു. 1933ൽ ലണ്ടനിൽ ആദ്യത്തെ ലെ കൂഡോൺ ബ്ലെ ബ്രാഞ്ച് ഒരു ഒറ്റമുറി കെട്ടിടത്തിൽ ആരംഭിക്കുകയും 1935ൽ ഇത് വിപുലീകരിക്കുകയും ചെയ്തു. ഇതിനോട് ചേർന്ന് കോളേജിലെ വിദ്യാർത്ഥികളെ ജീവനക്കാരാക്കി ഒരു റെസ്റ്റോറന്റ് തുറന്നു. ഇതിന്റെ വിജയത്തിന് ശേഷം വീണ്ടും ഒരെണ്ണം കൂടി തുറക്കുകയും ചെയ്തു. രണ്ടാം ലോകമഹായുദ്ധം തുടങ്ങിയതോടെ തന്റെ കോളേജും ഹോട്ടലും അടച്ചു പൂട്ടി മക്കളും തന്റെ പാത്രങ്ങളും കൊണ്ട് പൂർണ്ണ ഗർഭിണിയായ ഇവർ 1942ൽ കാനഡയിലേക്ക് താമസം മാറി. ഇവരുടെ ഭർത്താവ് ലണ്ടനിൽ ത്തന്നെ യുദ്ധകാല ജോലികളുമായി തുടരുകയായിരുന്നു. ഇവിടെ അവർ വീണ്ടും ഹോട്ടലുകളിൽ സഹായിയായി ജോലിക്ക് ചേർന്ന് അമേരിക്കയിലെ തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ചു. ഇതേ കൊല്ലം അവസാനിക്കുന്നതിനു മുന്പ് അമേരിക്കയിലെ ആദ്യത്തെ ലെ കൂഡോൺ ബ്ലെ ബ്രാഞ്ച് ന്യൂ യോർക്കിൽ ഡയോൺ ആരംഭിക്കുകയും, യുദ്ധം അവസാനിക്കുന്നത് വരെ ലോകത്ത് കൂഡോൺ ബ്ലെ സർട്ടിഫിക്കേഷൻ നൽകുന്ന ഏക സ്ഥാപനം ആയി മാറുകയും ചെയ്തു. 1948ൽ ഡയോൺ "To the Queen's Taste" എന്ന പേരിൽ ഒരു ടീവി ഷോ തുടങ്ങുകയും ഒരു വർഷത്തിന് ശേഷം ഇത് "The Dione Lucas Cooking Show" എന്ന് പേരു മാറ്റുകയും ചെയ്തു. ടെലിവിഷൻ ചരിത്രത്തിൽ ആദ്യമായി ഒരു കുക്കറി ഷോ അവതരിപ്പിച്ച സ്ത്രീ ആയിരുന്നു ഇവർ. 1971ൽ മരിക്കുന്നതു മുമ്പായി എട്ടിൽ പരം പുസ്തകങ്ങൾ രചിക്കുകയും, അനവധി ഹോട്ടലുകളുമായി സഹകരിക്കുകയും, സ്വന്തമായ ഹോട്ടൽ ചെയിനുകൾ പ്രവർത്തിപ്പിക്കുകയും, തന്റെ ഡിസൈനിലും പേരിലും ഉള്ള കത്തികൾ വിപണനം ചെയ്യുകയും, ഒട്ടനവധി വിദ്യാർത്ഥികളെ വാർത്തെടുക്കുകയും ചെയ്തു.




## വെർസെയ്ൽസ് കലാപകാരികളുടെ മാർച്ച്

1798 ഒക്ടോബർ 4, 5 തീയതികളിൽ, പാരീസിലെ ഒരു കൂട്ടം സ്ത്രീകൾ ഭക്ഷണക്ഷാമം നിർത്തലാക്കുക, കരിഞ്ചന്ത നിർത്തലാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് സ്വന്തം കുടുംബങ്ങൾക്ക് റൊട്ടി എന്ന മുദ്രാവാക്യവുമായി വെർസെയ്ൽസിൽ സുഖവാസം നടത്തുകയായിരുന്ന ലൂയി പതിനാലാമന്റെ കൊട്ടാരത്തിലേക്ക് പ്രതിഷേധസമരം നയിച്ചു. പോകുന്ന വഴിക്ക് ഇവരുടെ കൂടെ ആയിരകണക്കിന് സ്ത്രീകളും ഒരു കൂട്ടം പുരുഷന്മാരും ചേർന്നു. ഇരുപത്തഞ്ചു കിലോമീറ്റർ താണ്ടി മഴയത്ത് നനഞ്ഞു കുതിർന്നു ഈ കലാപകാരികൾ കൊട്ടാരമുറ്റത്ത് നിന്ന് 'റൊട്ടിക്കാരനെയും, അയാളുടെ ഭാര്യയേയും മകനെയും' കാണണം എന്ന ആവശ്യം ഉന്നയിച്ചു. ഇവരുടെ കൂടെ ഫ്രഞ്ച് നാഷണൽ ഗാർഡ്സും കൂടിയപ്പോൾ ഗത്യന്തരമില്ലാതെ രാജാവ് മട്ടുപ്പാവിൽ വന്നു 'എന്റെ കൂട്ടരേ, ഞാനും എന്റെ ഭാര്യയും മകനും നിങ്ങളുടെ കൂടെ പാരീസിലേക്ക് വരികയും, നിങ്ങളുടെ ആവശ്യങ്ങൾ പൂർത്തിയാക്കുകയും ചെയ്യാം' എന്ന് ഉറപ്പു കൊടുക്കുകയും കൂടെ പോകുകയും ചെയ്തു. രാജകുടുംബം പിന്നീടൊരിക്കലും വെർസെയ്ൽസിലേക്ക് തിരിച്ചു വന്നിട്ടില്ല. 'അവർക്ക് റൊട്ടിയില്ലെങ്കിൽ അവര് കേക്ക് തിന്നട്ടെ' എന്ന് പറഞ്ഞതായി ആരോപിക്കപ്പെട്ട വിഖ്യാത മേരി അന്റോയ്നറ്റ് ആയിരുന്നു രാജ്ഞി.



WallpaperDisk.Com

# സുകൃതറാണിയും തമിഴ് ദളിത്സ്ത്രീ പോരാട്ടങ്ങളും



ദളിത് കവയിത്രിയും ആക്ടിവിസ്റ്റും ഫെമിനിസ്റ്റുമായ സുകൃതറാണിയോട് താൻ ഒരു താഴ്ന്ന ജാതിയിൽ പെട്ടവൾ ആണെന്ന് എപ്പോഴാണ് ബോധ്യം വന്നത് എന്ന ചോദ്യത്തിന് അവർ പറയുന്നു : 'ആദ്യമായി ഞാൻ അസമത്വം എന്ന വളരെ ഭാരമേറിയ വാക്ക് അനുഭവിക്കുന്നത് രണ്ടാം ക്ലാസിൽ പഠിക്കുമ്പോഴാണ്. എന്റെ ക്ലാസിലെ ഒരു പെൺകുട്ടി എനിക്ക് ഒരു തേങ്ങാ മിഠായി തന്നു. അവളെന്നോട് കാണിച്ച സ്നേഹം മടക്കാൻ, പിറ്റേന്ന് ഞാനും ഒരു മിഠായി കൊണ്ട് വന്നു കൊടുത്തു. പക്ഷെ അവൾ എന്റെ കൈ തട്ടിമാറ്റി കളഞ്ഞു. എനിക്ക് ഒന്നും മനസ്സിലായില്ല, സങ്കടം വന്നതൊഴിച്ച്. പിന്നീടാണ് എനിക്ക് മനസ്സിലായത് ആ കുട്ടി ഉയർന്ന ജാതിയിൽ പെട്ടവൾ ആയിരുന്നെന്ന്. അവരോട് 'ഞങ്ങളെ പോലെയുള്ളവരുടെ' കൂടെ കൂട്ട് കൂടുകയോ, പങ്കു വെക്കുകയോ, സംസാരിക്കുകയോ ചെയ്യരുത് എന്ന് പറയുമായിരുന്നു. തമിഴ് നാട്ടിൽ ഇന്നും വളരെ വ്യക്തമായി വരയ്ക്കപ്പെടുന്ന വരകളുണ്ട് ജാതികളുടെ ഇടയിൽ. പൊതു കിണറുകളിൽ നിന്നും വെള്ളം കോരാനോ, അടുത്തടുത്തു ഭക്ഷണം പാകം ചെയ്യാനോ, ഇന്നും നിലവിലുള്ള ഇരട്ടൈ കുവലയ് മുറൈ എന്ന് തമിഴർ വിളിക്കുന്ന ചായക്കടകളിൽ ഉള്ള ഇരട്ട പിഞ്ഞാണ സമ്പ്രദായങ്ങളും ചോദ്യം ചെയ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു. ഇതിൽ പുളിയാംപ്പെട്ടി എന്ന സേലത്തിനടുത്തുള്ള ഗ്രാമത്തിൽ ശാന്തി എന്ന ദളിത് സ്ത്രീ 1987ൽ തുടങ്ങിയ തമിഴ് നാട് ദളിത് വിമൻ ഫെഡറേഷൻ എന്ന എൻ ജി യോ ഇത്തരം സാമൂഹ്യഭിന്നതകൾക്കെതിരെ ശക്തമായ സമരങ്ങൾ സംഘടിപ്പിക്കുകയും വിജയം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പുറം ലോകം അറിയാത്ത ഇത്തരം ഒരു പാട് സമരങ്ങൾ നമുക്ക് ചുറ്റും നടക്കുന്നുണ്ട്.

## മയിലമ്മയും പ്ലാച്ചിമട സമരം



'ജീവിക്കാൻ വെള്ളം വേണം. ഒന്നാലോചിച്ചാൽ ജീവിക്കാതിരിക്കാനും വെള്ളം വേണം. ഈ വെള്ളം എല്ലാവരുടേതുമാണ്. ഇതുപയോഗിക്കാൻ കഴിയതെവന്നാൽ..? പറയുന്ന പോലെയല്ല അനുഭവത്തിൽ വന്നാൽ. ഞങ്ങളുടെ വെള്ളത്തിൽ ഒന്നും വേവില്ല. കുടിച്ചാൽ ഒരുതരം തളർച്ച.ഒന്നാലോചിച്ചു നോക്കു. നല്ല ജീവനുള്ള പച്ചവെള്ളം കുടിച്ച് വളർന്നവരാ ഞങ്ങൾ. നിങ്ങൾക്കാണിങ്ങനെ വന്നതെങ്കിലോ..?' അരി വേവാത്തത് കണ്ട് സമരത്തിനിറങ്ങിയ മയിലമ്മ എന്ന ആദിവാസി സ്ത്രീ വെള്ളം കുടിപ്പിച്ചത്, ലോകത്തിനു തന്നെ കുപ്പിയിൽ വെള്ളം കൊടുക്കുന്ന കൊക്ക കോളാകമ്പനിയെ ആയിരുന്നു. പിന്നീടങ്ങോട്ട് പ്ലാച്ചിമടയിലെ സ്ത്രീകൾ ആയിരുന്നു ഈ വമ്പൻ സ്രാവിനെ പിടിച്ച് കെട്ടിയത്. കേരള ചരിത്രത്തിലെ തന്നെ ഏറ്റവും നീണ്ട സമരങ്ങളിൽ ഒന്നായി തീർന്നു ഇത്. മയിലമ്മയുടെ മരണത്തോട് കൂടിയും എൻ ജി യോകളുടെയും രാഷ്ട്രീയ പാർട്ടികളുടെയും വരവോടും കൂടിയും സമരം ഭിന്നിച്ച് പോയെങ്കിലും ഈ സ്ത്രീകൾ അതിനു നൽകിയ വേരുകൾ തന്നെയാണ് അതിന്റെ പുഷ്ടിയും ശക്തിയുമായത്.